പ്രവാസി
# രിസാല
JUNE 2020
P R A V A S I R I S A L A



## ഓൺലൈൻ പഠിപ്പ് പകരമാകില്ല

## പ്രസവാനന്തരം പെണ്ണുടലും മനസും

## ലോക്ഡൗണിലെ കുടുംബിനികൾ പറയുന്നത്

## മുസ്‌ലിം വിരുദ്ധ വൈറസുകൾ

## നിങ്ങൾ സംതൃപ്തരാണോ

## എന്തിനാണീ എംബസികൾ

LuLu
Where the world comes to shop.

# Shop online we deliver




luluhypermarket.com

Download on the App Store
GET IT ON Google Play

Download "LuLu Online Shopping App" Now

Contents

# ഉള്ളടക്കം


## 28
കവർസ്റ്റോറി

എംബസികൾകൊണ്ട്
എന്തു പ്രയോജനം

സ്വാദിഖ് മൻസൂർ ഓടക്കൽ
വിദേശത്ത് താമസിക്കുന്നവരുടെ അഭയകേന്ദ്രമാണ് എംബസികൾ. ഇന്ന് അവ പ്രവർത്തിക്കുന്ന രീതിയും സമീപനവും

07 ആനുകാലികം
രിതിക ജൈൻ
കൊറോണക്കൊപ്പം പടർത്തിയ മുസ്‌ലിം വിരുദ്ധ വൈറസുകൾ

77 ലേഖനം
ഇ എം എ ആരിഫ് ബുഖാരി
നമ്മുടെ മുമ്പിലെ പാഠമുദ്രകൾ

46 കവർസ്റ്റോറി
അഹ്മദ് ഷെറീൻ
നിങ്ങൾ സംതൃപ്തരാണോ?

87 പഠനം
സലീം ദേളി
മലയാളസാഹിത്യം സമുദായ ഇടപെടലുകൾ

60 സംവാദം
റഹീം പൊന്നാട്
ഓൺലൈനാക്കാൻ കഴിയാത്ത ക്ലാസുകൾ

105 ലേഖനം
സഫ്‌വാൻ ബി.എം
ഖുർആൻ പഠനത്തിന്റെ രീതിശാസ്ത്രം

70 ലേഖനം
കാതറിൻ ബുള്ളോക്
നിഖാബ്, മാസ്ക് മുഖമറയുടെ രാഷ്ട്രീയം

114 ലേഖനം
ജാബിർ കാരേപറമ്പ്
നിർമാണ കലയിലെ മുസ്‌ലിം മുദ്രകൾ

# Contents
## ഉള്ളടക്കം


**123** ലേഖനം
സുഹ്റ ഹസ്സൻ
**മാതൃത്വത്തിന്റെ ആദ്യാനുഭവങ്ങൾ**

**142** വീടകം
മുംതാസ് ഹമീദ് പള്ളപ്പാടി
**ഓർത്തില്ലാതാവുന്ന ദൂരങ്ങൾ**

**131** വീടകം
റുബീന സിറാജ് റിയാദ്
**ചോരാതെ കരുതാം**

**148** ഓർമ
അശ്റഫ് മന്ന
**മാട്ടൂൽ തങ്ങൾ: ശ്രേഷ്ഠ ഗുരു**

**137** വീടകം
സൈനബ് അബ്ദുറഹിമാൻ റിയാദ്
**ഒഴുക്കു നിന്ന കാഴ്ചകൾ**

**160** നാഗരികം
ഹാഫിസ് മുബഷിർ ചാലിയം
**പന്തലായനിയും പാറപ്പള്ളിയും**

**05** മുഖവുര
**145** വാക്ക്
**151** ജൈവകം
**156** ബോർഡിംഗ്പാസ്
**166** ചരിത്രം
**175** കലാലയം
**180** ആർ എസ് സി
**184** എഴുത്തുകൾ



133 പ്രവാസി രിസാല
www.pravasirisala.com fb.com/pravasirisala
പുസ്തകം 10 ജൂൺ 2020 ശവ്വാൽ 1441

printed and published by pk abdul saleem on behalf of risala books llc sharjah media city | printed at al ghurair printing and publishing company dubai | nmc license no. 6027972 | editor: m sulaiman saquafi | contact: pravasi@risalaonline.com, +971 561133944. distributors: uae-thouseel distributions. saudi-the new national .publishers al khobar.bahrain-al ayam press publishing and distributing
Price AED 4, SAR 4, KWD 0.320, OMR 0.400, BHD 0.400

രചനകൾ mattertopravasi@gmail.com എന്ന ഇ മെയിലിലേക്ക് അയക്കുക.
പ്രസിദ്ധീകരണ യോഗ്യമെങ്കിൽ ഒരു മാസത്തിനകം വിവരം അറിയിക്കും.
രചനകൾ സംബന്ധിച്ച വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതല്ല.

# നയതന്ത്രം

കരുതലോടെ നിർവഹിക്കേണ്ടതാണ് നയതന്ത്രം. പാളിയാൽ ആഘാതം വലുതായിരിക്കും. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദവും സമ്പർക്കവും കൊടുക്കൽ വാങ്ങലുകളുമൊക്കെ നയതന്ത്രത്തിന്റെ സൂക്ഷ്മപ്രയോഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഇന്ത്യപോലെ അനേകം പൗരൻമാരെ വിദേശരാജ്യങ്ങളിൽ ജോലിക്കും കച്ചവടത്തിനും പറഞ്ഞയക്കുന്ന രാജ്യത്തിന് ആതിഥേയ രാജ്യത്തോട് പുലർത്തേണ്ട നയതന്ത്രം അതീവപ്രധാനമാണ്. ഒപ്പം പൗരൻമാരുടെ ക്ഷേമവും സുരക്ഷയും ശ്രദ്ധിക്കേണ്ട നയതന്ത്ര കാര്യാലയങ്ങൾ പുലർത്തുന്ന നിലപാടുകൾ മനുഷ്യരെ പരിഗണിക്കാതിരിക്കുകയും നയതന്ത്രത്തിന്റെ തിയറികൾകൊണ്ട് അവരെ മറച്ചുപിടിക്കുകയും ചെയ്യാറുണ്ട്. മഹാമാരിക്കാലത്ത് അധികപേരും ഉറ്റുനോക്കിയ എംബസികൾ യഥാർഥത്തിൽ എന്താണ് എന്നു പരിശോധിക്കുന്നു ഈ ലക്കം.

ജീവിതത്തെ നയതന്ത്രപരമായി സമീപിക്കുന്നവർക്ക് എളുപ്പത്തിൽ അനുഭവിക്കാവുന്നതാണ് സംതൃപ്തി. അളവുകോലുകൾ നിശ്ചയിക്കുന്നതിലും യാഥാർഥ്യങ്ങൾ മനസിലാക്കുന്നതിലും വിജയിക്കുമ്പോഴാണ് ഏതു അസംതൃപ്ത ഘട്ടത്തിലും സംതൃപ്തി ജീവിതരസമായി മാറുക. കൊറോണക്കാലത്ത് രാഷ്ട്രീയവും മതവും മനുഷ്യരും സ്ത്രീത്വവും പഠിപ്പുമെല്ലാം അനതിസാധാരണത്വത്തിലൂടെ കടന്നുപോവുകയാണ്. ഏതവസ്ഥകളെയും നയതന്ത്രങ്ങൾകൊണ്ട് മറികടക്കാൻ പഠിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനു മുന്നിൽ സാങ്കേതികവിദ്യ തണലായി കൂട്ടിനുണ്ട്. തള്ളിമറിക്കലുകളുടെയും ട്രോൾ പ്രവാഹങ്ങളുടെയും നടുവിലൂടെ നീങ്ങുന്ന ജീവിതാവസ്ഥകളെ പലമാതിരി പകർത്തിവെക്കുന്നു ഈ ലക്കം.

**പത്രാധിപർ**

PRAVASI RISALA مجلة براواسي رسالة

www.pravasirisala.com facebook.com/pravasirisala

Publisher
Abdul Salim P.K
Managing Director
Shameem K
Business Manager
Noufal CC

Chief Editor
Sulaiman Saqafi Maliyekkal
Managing Editor
S Sharafudheen
Executive Editor
Ali Akbar

Deputy Editor
Jabirali T
Content Editors
NB Sidheeq Bukhari
Luqman Vilathur
Cover & Layout
Zainudheen PP

# കൊറോണക്കൊപ്പം പടർത്തിയ മുസ്‌ലിം വിരുദ്ധ വൈറസുകൾ

**ഇന്ത്യ എങ്ങനെയാണ് ഇസ്‌ലാമോ ഫോബിയയുടെ വിളഭൂമി ഒരുക്കിയതെന്ന് പുതിയ സാഹചര്യങ്ങൾ അടിസ്ഥാനപ്പെടുത്തി നിരീക്ഷിക്കുന്നു.**

**രിതിക ജൈൻ**
വിവർത്തനം: എ.എം ലുഖ്മാൻ എടപ്പാൾ



ഏപ്രിൽ ആദ്യവാരത്തിൽ, ദക്ഷിണ ദൽഹിയിലെ റിട്ടയർ ചെയ്ത സുരക്ഷാ ഭടന്മാർക്കായി പണികഴിപ്പിച്ച സമൃദ്ധമായ ഡിഫൻസ് കോളനിയിലെ ഒരു കുടുംബത്തിൽ മൂന്ന് അംഗങ്ങൾക്ക് കൊറോണ വൈറസ് സ്ഥിരീകരിച്ചു. അവർ അതിന്

Contents

തങ്ങളുടെ മുസ്‌ലിം സെക്യൂരിറ്റി ജീവനക്കാരനെ കുറ്റപ്പെടുത്തുകയും ചെയ്തു.

രണ്ടുദിവസം കഴിഞ്ഞ് ഏപ്രിൽ എട്ടിന്, ആ കുടുംബം തങ്ങളുടെ സുരക്ഷാ ഉദ്യോഗസ്ഥൻ 3.5 കിലോ മീറ്റർ മാത്രം അകലെയുള്ള ഹോട്ട്സ്പോട്ട് ആയ നിസാമുദ്ദീനിൽ തബ്‌ലീഗ് ജമാഅത്ത് പരിപാടിയിൽ പങ്കെടുത്തതായി പോലീസിനോട് പരാതി നൽകി.

അതേ ദിവസം തന്നെ അവിടത്തെ താമസക്കാരിലേക്ക് മുസ്തഖീം എന്നുമാത്രം അറിയപ്പെട്ട ആ കാവൽക്കാരൻ ഒളിവിൽ പോയതായി സംശയം പ്രകടിപ്പിച്ച് പ്രാദേശിക പോലീസ് സ്റ്റേഷനിൽ നിന്ന് വാട്സാപ്പ് സന്ദേശം അയച്ചു. സ്റ്റേഷൻ ഓഫീസറുടെ ഫോണിൽ നിന്ന് ലഭിച്ച സന്ദേശത്തിൽ 'അതുകൊണ്ട് എല്ലാവരും അല്പം കൂടെ ജാഗ്രതയോടെ മാത്രമേ നിങ്ങളുടെ വേലക്കാരുമായും ഡ്രൈവർമാരുമായും പാറാവുകാരുമായും ഇടപഴകാവൂ' എന്ന് അറിയിച്ചു.

ഈ വാട്സാപ്പ് സന്ദേശത്തിന് ഒരാഴ്ച മുമ്പ്, അതായത് ഏപ്രിൽ ഒന്നിന്, വിദഗ്ധരുടെ അഭിപ്രായപ്രകാരം രാജ്യത്ത് ആവശ്യത്തിന് ടെസ്റ്റുകൾ പോലും നടത്താതെ, കേവല ധാരണകളുടെ പുറത്ത് തബ്‌ലീഗ് സമ്മേളനം രാജ്യത്തെ പ്രധാന കോവിഡ് 19 വ്യാപന കേന്ദ്രമാണെന്ന വാദഗതിയുമായി ഗവൺമെന്റ് മുന്നോട്ടുവന്നു.

പോസിറ്റീവ് കേസുകളുള്ള തബ്‌ലീഗ് കാരുടെ എണ്ണം വളരെ ഉയർന്നതായിരുന്നു. കാരണം അവിടെ പങ്കെടുത്ത 9000 ആളുകളെ പിന്തുടർന്ന് ക്വാറന്റൈനിൽ പ്രവേശിപ്പിച്ചു. പക്ഷേ ഇതേ രീതി ശേഷം നടന്ന മറ്റു സാമൂഹിക ഒത്തുചേരൽ പരമ്പ

രകളിൽ കണ്ടില്ല. രാജ്യവ്യാപകമായി മാർച്ച് 9നും 19നും ഇടയിൽ ആയിരങ്ങൾ പങ്കെടുത്ത ചുരുങ്ങിയത് എട്ട് ക്ഷേത്ര ഉത്സവങ്ങൾ നടന്നു. അവസാനമായി ലോക്ക് ഡൗൺ ലംഘിച്ച് ഇത്തരത്തിലുള്ള ഉത്സവം നടന്നത് ഏപ്രിൽ 16 ന് കർണാടകയിലെ കൽബുർഗി ജില്ലയിലാണ്. അവിടെയായിരുന്നു മാർച്ച് 10ന് ഇന്ത്യയിലെ ആദ്യത്തെ കൊറോണ മരണം സ്ഥിരീകരിക്കുന്നതും ഇപ്പോൾ ഹോട്ട്സ്പോട്ട് ആയി തുടരുന്നതും.

ഒറ്റദിവസംകൊണ്ട് ഏറ്റവുമധികം കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്ത മാർച്ച് 31ന് 12 മണിക്കൂറിനിടയിൽ 17% ഉയർച്ച രേഖപ്പെടുത്തി (24 മണിക്കൂറിനിടെ 227 കേസുകൾ). ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം തമിഴ്നാട്ടിലെയും ന്യൂദൽഹിയിലെയും 17, 24 മായി പുതിയ കേസുകൾ ഒറ്റദിവസംകൊണ്ട് വന്നപ്പോൾ മൊത്തം 1251 ആയി. ഏപ്രിൽ 20ന് തബ്‌ലീഗ് കാരുടെ ടെസ്റ്റിന്റെ കണക്കുകൾകൂടെ ഉൾക്കൊള്ളിച്ചപ്പോൾ 14,175 ആക്ടീവ് കേസുകൾ രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടു.

ഏപ്രിൽ എട്ടിന്, ഗവൺമെന്റ് വൈറസ് വ്യാപനത്തെ തബ്‌ലീഗുമായി ബന്ധപ്പെടുത്തി ഏഴു ദിവസത്തിനുശേഷം, ലോകാരോഗ്യസംഘടനയുടെ എമർജൻസി പ്രോഗ്രാം ഡയറക്ടർ മൈക് റയാൻ സംഘടനയുടെ അതൃപ്തി രേഖപ്പെടുത്തി 'ഇത് ശരിയായ രീതിയല്ല. കോവിഡ് 19 ആരുടെയും തെറ്റുകൊണ്ട് സംഭവിക്കുന്നതല്ല. ഓരോ കേസും ഓരോ വിക്റ്റിമാണ് അതുകൊണ്ട് മത, സാമുദായിക, വംശീയ തലങ്ങളിലൂടെ കേസുകളെ പ്രൊഫൈൽ ചെയ്യാതിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്.'

പക്ഷേ പ്രൊഫൈലിങ് നടന്നു, പിന്നീട് വ്യാജ വാർത്തകളുടെ കുത്തൊഴുക്കായിരുന്നു. ഗവൺമെന്റിന്റെ മതാടിസ്ഥാനത്തിലുള്ള പ്രൊഫൈലിങ് ആരംഭിച്ചതിനുശേഷം ഗവൺമെന്റ് അനുകൂല ടെലിവിഷൻ ചാനലുകളും സോഷ്യൽ മീഡിയയും ആ സമ്മേളനത്തിൽ പങ്കെടുത്ത വരെയും മുസ്‌ലിം സമുദായത്തെ പൊതുവെയും മനഃപൂർവം അസുഖം പടർത്തുന്നു എന്ന് കുറ്റപ്പെടുത്തി. **മാർച്ച് 30 മുതൽ ഇരുപത്തി രണ്ട് ദിവസത്തിനകം ഗവൺമെന്റ് മതമാനദണ്ഡത്തിൽ ഉള്ള പ്രൊഫൈലിങ് എങ്ങനെ മുസ്‌ലിം ആരോഗ്യ പ്രവർത്തകരും രോഗികളുമടക്കം മുസ്‌ലിംകൾക്കെതിരെ ആക്ഷേപങ്ങൾ ഉയർത്തി എന്നും അവരുടെ കച്ചവട സ്ഥാപനങ്ങളെ ഉപരോധിക്കുന്നു എന്നും ആർട്ടിക്കിൾ 14 ന്റെ ഫോറൻസിക് പഠനം വ്യക്തമാക്കുന്നുണ്ട്.**

മീഡിയ സ്കാനർ എന്ന വാർത്തകളുടെ സത്യാവസ്ഥ അന്വേഷിക്കുന്ന പ്ലാറ്റ്ഫോം ചുരുങ്ങിയത് മുസ്‌ലിംകൾക്കെതിരെയുള്ള 69 വ്യാജ വീഡിയോകളും ഓൺലൈൻ ആക്ഷേപങ്ങളുടെ പിൻബലത്തിൽ അരങ്ങേറിയ ഇരുപത്തെട്ട് ആക്രമണങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. മാർച്ച് മൂന്നാമത്തെ ആഴ്ചക്ക് ശേഷം തെറ്റായ സന്ദേശങ്ങൾ കൂടുതൽ തുറന്നുകാട്ടപ്പെട്ടു എന്ന് മിഷിഗൺ യൂനിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസർ ജൊയോജീത് പാലും സംഘവും പറഞ്ഞു.

മാർച്ച് 14 മുതൽ ഏപ്രിൽ 12 വരെയുള്ള നിർണായകമായ ലോക്ക് ഡൗണിലേക്കുള്ള 30 ദിവസത്തെ കാലയളവിൽ പ്രധാനമായും ലോക്ക്ഡൗൺ സാധ്യതകളെ പറ്റിയും അണുബാധയെ പറ്റിയുമായിരുന്നു ചർച്ചകൾ കേന്ദ്രീകരിച്ചിരുന്നത്. പിന്നീട്

എങ്ങനെ ക്രമേണ മുസ്‌ലിംകളിലേക്കും മതത്തിലേക്കുമത് പുരോഗമിച്ചുവെന്ന് പാലിന്റെ പഠനം വ്യക്തമാക്കുന്നുണ്ട്.

തബ്‌ലീഗ് ജമാഅത്തുമായി ബന്ധപ്പെട്ട ഈ സംഭവങ്ങൾ ഇപ്പോഴും ടോക്ക് പോയിന്റുകളായി രൂപപ്പെടുത്തുന്നുവെന്ന് ആൾട്ട് ന്യൂസ് എന്ന വെബ്സൈറ്റിന്റെ സഹസ്ഥാപകൻ പ്രതീക് സിൻഹ പറയുന്നു. 'ഒരു മഹാമാരിയിൽ അതിന്റെ വ്യാപനത്തിനുള്ള മൂലകാരണം മനസിലാക്കൽ പ്രധാനപ്പെട്ടതാണ്. തബ്‌ലീഗ് സംഭവം ഒരു ഹോട്ട്സ്പോട്ട് ആയിരുന്നെങ്കിലും ഒരു സംഭവത്തെ വിശകലനം ചെയ്യുമ്പോൾ ഒരു പ്രത്യേക സമുദായത്തെ അധിക്ഷേപിക്കുന്നത് ആശങ്കാജനകമാണ്.

ഏപ്രിൽ 19ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യമായി ഈ വിഷയത്തിൽ സംസാരിച്ചു. അദ്ദേഹം ട്വീറ്റ് ചെയ്തു 'കോവിഡ് ബാധിക്കുന്നത് മതവും വർഗവും വർണവും ഭാഷയും ജാതിയുമൊന്നും നോക്കിയിട്ടല്ല. അതുകൊണ്ട് നമ്മുടെ പ്രതികരണങ്ങളിൽ സാഹോദര്യവും ഏകതയും മേളിക്കണം. നമ്മൾ ഒരുമിച്ചാണിതിനെ നേരിടുന്നത്.

**നിർദാക്ഷിണ്യം ഇന്ത്യൻ മുസ്‌ലിംകളെ കോവിഡ് പരത്തുന്നവരായി അധിക്ഷേപിച്ചും മാധ്യമങ്ങളിലൂടെ അവരെ തെറ്റായി ചിത്രീകരിച്ചും നടത്തുന്ന ഇസ്‌ലാംഭീതിയുടെ ക്യാംപയിനുകൾക്കെതിരെ ഇന്ത്യയുടെ തന്നെ തന്ത്രപ്രധാന സഹകാരികൾ ആയ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് നേഷൻസ് എന്ന സംഘത്തിന്റെ വിമർശനം വന്ന ഉടനെയാണ് ഈ ട്വീറ്റ് പ്രത്യക്ഷപ്പെട്ടത്.**

മോദി ഗവൺമെന്റും തൽപരകക്ഷികളും ചേർന്ന് തബ്‌ലീഗുകാരിലേക്ക് വിരൽചൂണ്ടി ഇസ്‌ലാമോഫോബിയ പ്രചരിപ്പിക്കുന്നതിന്റെ 22 ദിവസത്തെ നമുക്ക് പരിശോധിക്കാം.

മാർച്ച് 29, അതിഥി തൊഴിലാളികളിൽനിന്ന് ഉയർന്നുവന്ന കേസുകളിലേക്ക് ഫോക്കസ് മാറ്റുന്നു. മാർച്ച് 21 ഓടെ വിദേശത്തുനിന്ന് വന്ന മുഴുവൻ തബ് ലീഗ് പ്രവർത്തകരെയും തിരിച്ചറിഞ്ഞ് ക്വാറന്റൈനിൽ പ്രവേശിപ്പിക്കണമെന്ന് മുഴുവൻ സംസ്ഥാനങ്ങളിലേക്കും കേന്ദ്ര ഭരണപ്രദേശങ്ങളിലേക്കും അഭ്യന്തരമന്ത്രി സന്ദേശമയച്ചു. എയർപോർട്ടുകളിൽ കൃത്യമായ സ്ക്രീനിങ് നടത്താതെയാണ് ഇവർ ഇന്ത്യയിൽ എത്തിയത് എന്ന് ഏപ്രിൽ 14ന് പ്രധാനമന്ത്രി പറഞ്ഞെങ്കിലും യഥാർഥത്തിൽ അധികൃതരുടെ കൃത്യമായ അറിവോടുകൂടിയാണ് ഇവർ രാജ്യത്ത് എത്തിയത്.

പെട്ടെന്നുള്ള 21 ദിവസത്തെ ലോക്ക്ഡൗൺ പ്രഖ്യാപനത്തെ തുടർന്ന് ജോലിയും വീടും ഇല്ലാത്ത അതിഥി തൊഴിലാളികൾ സ്കൂട്ടറിലും സൈക്കിളിലും കാൽനടയുമായി എങ്ങനെ സ്വന്തം വീടണയാം എന്ന ഭീതിയിൽ രാജ്യത്തിന്റെ പ്രധാന നഗരങ്ങളിലൂടെ ഒഴുകുന്നതായിരുന്നു മാർച്ച് 29 വരെ മാധ്യമങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പക്ഷേ, അന്ന് വൈകുന്നേരത്തോടെ കോവിഡ് ബാധിച്ചവരുടെ സംഖ്യ ഉയർന്നതായി വാർത്തകൾ വന്നു.

മാർച്ച് 30, ആദ്യത്തെ വ്യാജവാർത്ത പ്രചരിക്കുന്നു. നിസാമുദ്ദീൻ ഘടകത്തെ ആദ്യമേ കുറ്റപ്പെടുത്തിയില്ല. ഇതിന് പിന്നിലെ കുറ്റം കണ്ടെത്തുന്നത്

വിലക്കിയ കേന്ദ്രം ഈ ഉയർച്ചക്കുള്ള യഥാർഥ കാരണം കൃത്യസമയത്ത് ഉത്തരവാദിത്വപ്പെട്ടവരോട് വിവരങ്ങൾ കൈമാറുന്നതിലുള്ള വീഴ്ചയും പൊതുജനങ്ങളുടെ പിന്തുണ ഇല്ലായ്മയുമായിരുന്നു എന്ന് പറഞ്ഞു.

എന്നാൽ മുഴുവൻ ഇന്ത്യൻ മുസ്‌ലിംകളെയും പ്രതിക്കൂട്ടിലാക്കി അവർ മനഃപൂർവം കൊറോണ വൈറസ് പരത്തുന്നു എന്ന രൂപത്തിൽ പാത്രങ്ങൾ നക്കുന്ന വ്യാജ വീഡിയോകൾ കാണിച്ച് രാഷ്ട്രീയക്കാരും മാധ്യമ ഔട്ട്‌ലെറ്റുകളും ഒരുപാട് മുന്നോട്ട് പോയി.

അന്ന് വൈകുന്നേരം രണ്ട് ബിജെപി നേതാക്കൾ കോവിഡ് വ്യാപനത്തെ നിസാമുദ്ദീൻ മർകസുമായി ബന്ധപ്പെടുത്തി. രാത്രി 9:20 ആകുമ്പോഴേക്കും ഗൗതം ഗംഭീർ എന്ന കിഴക്കൻ ഡൽഹി മണ്ഡലത്തിലെ പാർലമെന്റ് അംഗം നിസാമുദ്ദീനിൽ ഒരുമിച്ചു കൂടിയ ജനങ്ങൾ എന്താണ് ആലോചിക്കുന്നതെന്ന് ചോദിച്ചു. ഒരു മണിക്കൂറിന്ശേഷം ബി. എൽ സന്തോഷ് എന്ന ബിജെപിയുടെ ദേശീയ ജനറൽ സെക്രട്ടറി നിസാമുദ്ദീൻ മർകസ് പുതിയ ഹോട്ട്സ്പോട്ട് ആയി പ്രഖ്യാപിച്ചു.

പിന്നീട് മുഹമ്മദ് സഅദ് എന്ന ദൽഹി മർകസ് നേതാവിന്റെ സ്ഥിരീകരിക്കാത്ത 'സാമൂഹിക അകലം പാലിക്കേണ്ട യാതൊരു ആവശ്യവുമില്ല, അത് ഞങ്ങളുടെ മതത്തിൽ എവിടെയും പറഞ്ഞിട്ടുമില്ല' എന്ന ഒരു ശബ്ദ സന്ദേശം മുഴുവൻ വാർത്താ മാധ്യമങ്ങളിലൂടെയും പ്രചരിച്ചുകൊണ്ടിരുന്നു.

സഅദ് പറയാനുദ്ദേശിച്ചത് ആ സന്ദേശം സാധൂകരിക്കുന്നില്ല എന്ന് വയർ ഏജൻസി റിപ്പോർട്ട്

ചെയ്തു. ഇന്ത്യ ടി വി ആ സന്ദേശം റിപ്പോർട്ട് ചെയ്തെങ്കിലും അതിന്റെ ആധികാരികത മറച്ചുവെച്ചു.

മാർച്ച് 31, കൊറോണ ജിഹാദ് ഹാഷ്ടാഗ്, കൊറോണ ബോംബ് തുടങ്ങിയ പ്രയോഗങ്ങൾ ഏറ്റവും ഉയർന്ന നിരക്ക് ഉണ്ടായതിന് പിറ്റേന്ന് മുഴുവൻ ജമാഅത്തുകാരെയും അധിക്ഷേപിച്ച് ഒരുപാട് അപസ്വരങ്ങൾ ഉയർന്നു. എന്നാൽ അന്ന് അർധരാത്രി 12:34ന് സീനിയർ ജേണലിസ്റ്റ് അഭിജിത് മജുംദാർ 'കൊറോണ ജിഹാദിന്റെ യാഥാർഥ്യം എന്തെന്ന് ഇന്ത്യൻ ഏജൻസികൾ ഗൗരവത്തിൽ അന്വേഷിക്കണമെന്ന്' അഭ്യർഥിച്ച് ട്വീറ്റ് ചെയ്തു.

സോഷ്യൽമീഡിയയിലും പുറത്തും ഏറ്റവുമധികം ട്രെൻഡിംഗ് പ്രയോഗമായി കൊറോണ ജിഹാദ് മാറി. ഇക്വാലിറ്റി ലാബിനെ ഉദ്ധരിച്ച് ടൈം മാഗസിൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം 'കൊറോണ ജിഹാദ്' എന്ന ഹാഷ് ടാഗോടെ മാർച്ച് 28 മുതൽ മൂന്നു ലക്ഷത്തിനടുത്ത് ട്വീറ്റുകൾ ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ടു, ഇത് 165 മില്യൻ ജനങ്ങൾ കണ്ടിട്ടുണ്ടാകും'.

**ഗവൺമെന്റ് അനുകൂല മീഡിയ ഒന്നടങ്കം കൊറോണ ബോംബ്, സൂപ്പർ സ്പ്രഡർ മൗലാന, തീവ്രവാദി തുടങ്ങിയ പ്രയോഗങ്ങൾ ഉദാരമായി ഉപയോഗിച്ചു. അവതാരകർ ജമാഅത്തുകാർ മനഃപൂർവ്വം വൈറസ് പരത്തുന്നു എന്ന് പെരുമ്പറയടിച്ചു.**

മർകസ് അധികൃതർ ഗവൺമെന്റിന്റെ ആസൂത്രണത്തിലെ പാളിച്ചകൾ ചൂണ്ടിക്കാട്ടുമ്പോൾ ബിജെപി ദേശീയ വക്താവ് സംബിത്ത് പാത്ര ഇത് കുറ്റകരമായ അവഗണനയാണെന്നും ആം ആദ്മി പാർട്ടിയുടെ ആതിഷ് മർലേന ഭരണകർത്താക്കൾ

ക്കെതിരെ ശക്തമായ നടപടികള്‍ സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

ഡല്‍ഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാള്‍ ഈ സംഗമം മതിയായ നിരുത്തരവാദിത്വപരമായെന്നും സാമൂഹിക അകലം പാലിക്കേണ്ട ഉത്തരവ് മനഃപൂര്‍വം അവഗണിച്ച മൗലാന സഅദിനെതിരെ പോലീസ് എപ്പിഡമിക് ഡിസീസ് ആക്ട് 1897 പ്രകാരം എഫ്‌ഐആര്‍ ഫയല്‍ ചെയ്യണം ആവശ്യപ്പെട്ടു.

രണ്ടുദിവസം കഴിഞ്ഞ് ഏപ്രില്‍ ഒന്നിന്, ഗവണ്‍മെന്റ് വക്താവ് തബ്‌ലീഗ് ജമാഅത്ത് പരിപാടിയാണ് ഇന്ത്യയിലെ കോവിഡ് കേസുകളുടെ എണ്ണം വര്‍ധിപ്പിച്ചത് എന്ന് തുറന്നു പറഞ്ഞു.

അന്ന് രാവിലെ അമിത് മാളവ്യ എന്ന ബിജെപി ഐടി സെല്‍ മേധാവി തബ്‌ലീഗ് സമ്മേളനം ഒരു ഇസ്‌ലാമിക ലഹളയായി കുറ്റപ്പെടുത്തി, കഴിഞ്ഞ ഡിസംബറില്‍ ഗവണ്‍മെന്റ് പാസാക്കിയ പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന സാമുദായിക പ്രശ്‌നങ്ങളോട് ഈ മഹാമാരിയെ ബന്ധപ്പെടുത്തി ട്വീറ്റ് ചെയ്തു.

കൊറോണ ജിഹാദ്, കോവിഡ് 786, നിസാമുദ്ദീന്‍ ഇഡിയറ്റ്‌സ് തുടങ്ങിയ ഇസ്‌ലാംവിരുദ്ധ ഹാഷ്ടാഗുകള്‍ സോഷ്യല്‍ മീഡിയയില്‍ തരംഗം സൃഷ്ടിച്ചുകൊണ്ടിരുന്നു. അന്‍കിത സാക്ഷന ഒരു സൂഫി അനുഷ്ഠാന കര്‍മം എടുത്ത് കാണിച്ച് തുമ്മി കൊണ്ട് അണുബാധപരത്തുകയാണിവരെന്ന് ഫേസ്ബുക്കിലൂടെ പ്രചരിപ്പിച്ചു. ഇത് ഇരുപത്തിനാലായിരത്തിലധികം പേര്‍ കാണുകയും ആയിരങ്ങള്‍ ഷെയര്‍ ചെയ്യുകയും ചെയ്തു. ഫാക്ട് ചെക്കേഴ്‌സ്

ഇത് വ്യാജ വാർത്തയാണ് എന്ന് പറഞ്ഞു. ട്വിറ്റർ ചുരുങ്ങിയത് രണ്ടു പേരുടെ പോസ്റ്റുകൾ പിൻവലിക്കുകയും ഒരു എക്കൗണ്ട് പ്രവർത്തനക്ഷമം അല്ലാതാക്കുകയും ചെയ്തു.

തന്റെ മോശമായ പ്രസ്താവനകളിലൂടെ കഴിഞ്ഞ ഫെബ്രുവരിയിൽ മുസ്‌ലിം വിരുദ്ധ കലാപത്തിലേക്ക് വഴിതെളിച്ച കപിൽ മിശ്ര എന്ന ബിജെപി നേതാവ് ജമാഅത്തിൽ പങ്കെടുത്ത അംഗങ്ങളെ തീവ്രവാദികളെപ്പോലെ പരിഗണിക്കണമെന്നും ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുക്താർ അബ്ബാസ് നഖ്‌വി തബ്‌ലീഗ് കാർ ചെയ്ത ഒരു താലിബാനി കുറ്റമാണിതെന്നും പറഞ്ഞു.

മാർച്ച് 25നും ഏപ്രിൽ രണ്ടിനുമിടയിൽ റാം നവമി ആഘോഷങ്ങൾ നടത്താൻ യുപി ഗവൺമെന്റ് ശാഠ്യം പിടിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്ത ദി വയർ എഡിറ്റർ സിദ്ധാർത്ഥ് വരദരാജനെ സാമുദായിക സ്പർധ പരത്തുന്നു എന്ന് പറഞ്ഞ് യു പി പോലീസ് കുറ്റംചുമത്തി.

ഏപ്രിൽ 2, പഴയ വീഡിയോകൾ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങി. വ്യാജവാർത്തകൾ സോഷ്യൽ മീഡിയയിൽ കൂടുതൽ വിനാശകര മാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. വിചാരണ നേരിട്ടുകൊണ്ടിരിക്കുന്ന ഒരാൾ കഴിഞ്ഞ ഫെബ്രുവരിയിൽ പോലീസുകാർക്ക് നേരെ തുപ്പുന്നത് മുംബൈ മിററിൽ ആദ്യമായി പ്രത്യക്ഷപ്പെടുകയും അയാൾ ജമാഅത്തിൽ പങ്കെടുത്തു എന്ന് പറയുകയും ചെയ്തപ്പോൾ അത് വൈറൽ ആയി.

മുസ്‌ലിംകൾ ലോക്ക് ഡൗൺ ലംഘിക്കുന്നവരും ആരോഗ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദേശങ്ങ

ളെ മാനിക്കാത്തവരുമാണെന്ന് കാണിക്കാൻ നൂറു കണക്കിന് വീഡിയോകൾ ടിക്ടോക് വഴി പ്രചരിപ്പിക്കുന്നു എന്ന് മുപ്പതിനായിരം വീഡിയോകൾ നിരീക്ഷിച്ചുകൊണ്ട് വോയേജർ ഇൻഫോ സെക് എന്ന ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ ലാബ് കണ്ടെത്തി. മതവികാരങ്ങളെ വ്രണപ്പെടുത്തി കൊറോണ വൈറസിനെതിരെ വ്യാജ പ്രചാരണം നടത്താനുള്ള ശ്രമമായിരുന്നു ഇതെന്ന് ആഭ്യന്തരമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ഏപ്രിൽ 3, കൊറോണ വൈറസ് പടർത്താനാണെന്ന വ്യാജേന സൂറത്തിലെ ഒരു മുസ്‌ലിം പഴക്കച്ചവടക്കാരൻ തന്റെ ഉന്തുവണ്ടിയിലെ പഴങ്ങൾ അടുക്കി വെക്കുമ്പോൾ തള്ളവിരൽ നക്കുന്നതായ വീഡിയോ വൈറലായി. ഇത് 82,000 ആളുകൾ കണ്ടു. ഒരു ഹിന്ദുവിനെ കൊറോണ ജിഹാദ് എന്ന് പറഞ്ഞ് തള്ളിയിടുന്ന വീഡിയോ 2000 പേർ പങ്കുവെച്ചു.

**ഇന്ത്യ എഗൈൻസ്റ്റ് അർബൻ നക്സൽ എന്ന പേജിൽ നിന്ന് എടുത്ത 2019 മെയ്‌ലെ മലേഷ്യൻ വീഡിയോ കാണിച്ച് നവീൻ ബീൽവാൽ എന്ന വ്യക്തി റസ്റ്റോറന്റുകളിലെ മുസ്‌ലിം ജോലിക്കാർ ഭക്ഷണം വിളമ്പുമ്പോൾ അതിൽ തുപ്പുന്നതായി പങ്കുവെച്ചു. 4,26812 വ്യൂവേഴ്സ് ലഭിച്ച വീഡിയോ ഫൈക്ക് ആണെന്ന് ഫേസ്ബുക്ക് താക്കീത് ചെയ്തിട്ടും അത് എടുത്തു കളഞ്ഞില്ല.**

വായ് മൂടികെട്ടാതെ മാസ്ക് ധരിക്കുന്നതിനെതിരെ മുസലിംകൾ ചുമച്ച് പരിഹസിക്കുന്ന എയർടെൽ ടെലികോം കമ്പനി ഓപ്പറേറ്ററായ രാഹുൽ ഗദാരിയ തന്റെ ഫേസ്ബുക്ക് പേജിൽ പങ്കുവെച്ച

വ്യത്യസ്തവീഡിയോകൾക്ക് 1.1മില്ല്യൻവ്യൂവേഴ്സ് ലഭിക്കുകയും ചെയ്തു .

ഏപ്രിൽ 4, 'നികൃഷ്ടരായ തബ്‌ലീഗ്കാരെ വെടി വെച്ചു കൊല്ലണം. എന്തിനാണ് അവർക്ക് ശുശ്രൂഷ നൽകുന്നത്? പ്രത്യേക സെക്ഷൻ നിർമിക്കുകയും അവരുടെ ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്യണമെന്ന് മഹാരാഷ്ട്ര നവനിർമാൺ സേനയുടെ നേതാവ് രാജ് താക്കറെ പ്രസ്താവിച്ചു. യുപിയിലെ ഗാസിയബാദ് ഗ്രാമത്തിലെ ആശുപത്രിയിലെത്തിയ ചില തബ്‌ലീഗ്കാർ ഒരു വനിതാ സ്റ്റാഫിനോട് അപമര്യാദയായി പെരുമാറുകയും ലൈംഗികമായി അപമാനിക്കുകയും ചെയ്തു എന്ന വാർത്ത വന്നതിനെ തുടർന്നായിരുന്നു താക്കറെയുടെ ഈ പ്രസ്താവന. സാധാരണ തീവ്രവാദികൾക്കെതിരെ പ്രയോഗിക്കറുള്ള നാഷനൽ സെക്യൂരിറ്റി ആക്ട് പ്രകാരം ആറുപേർക്കെതിരെ യു.പി ഗവൺമെന്റ് കേസെടുത്തു.

മൂന്ന് ദിവസത്തിനു ശേഷം, താക്കറെയുടെ വാദങ്ങളെ പിന്തുണച്ച് അവരെ വെടിവെച്ചാലും കുഴപ്പമില്ല എന്ന് പറഞ്ഞ് മുഖ്യമന്ത്രിയുടെ രാഷ്ട്രീയ കാര്യ സെക്രട്ടറി കൂടിയായ കർണാടക ബിജെപി എംഎൽഎ, എം.പി രേണുകാചാരിയ മുന്നോട്ടു വന്നു. ഹിന്ദി പത്രം അമർ ഉജാല തബ്‌ലീഗ് ജമാഅത്ത് കാരെ പടിഞ്ഞാറൻ യു.പിയിലെ സഹാറൻപൂർ പട്ടണത്തിൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അവർ നോൺ വെജിറ്റേറിയൻ ഭക്ഷണം ആവശ്യപ്പെടുകയും ആശുപത്രിയിലെ പൊതു ഇടത്തിൽ മലമൂത്രവിസർജനം നടത്തുന്നതായും റിപ്പോർട്ട് ചെയ്തു.

എന്നാൽ സഹാറൻപൂർ പോലീസ് ട്വീറ്റ് ചെയ്തത് അത്തരത്തിലുള്ള യാതൊരു സംഭവവും നടന്നിട്ടില്ല എന്നാണ്. അമർ ഉജാല മീഡിയയുടെ വാദം കളവാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു. ഇസ്‌ലാമോഫോബിയ പരത്തുന്ന വീഡിയോകളുടെ വ്യാപനത്തെ തുടർന്ന് വ്യാജമായ പല വാർത്തകളും പ്രാദേശിക മാധ്യമങ്ങളിൽ ഇടം പിടിച്ചു. സംസ്ഥാന പോലീസ് പല വാദങ്ങളെയും നിരാകരിച്ചു, ഗുജറാത്തിൽ ഇവ പ്രചരിപ്പിച്ച പലരെയും അറസ്റ്റ് ചെയ്തു.

ഏപ്രിൽ 5, കേന്ദ്രം ആരോപണം തുടരുന്നു. മുസ്‌ലിംകൾക്കെതിരായ ആക്രമണങ്ങൾ ആരംഭിക്കുന്നു. തബ്‌ലീഗ് മീറ്റിങ്ങിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കപെട്ടതിനു നാല് ദിവസത്തിനു ശേഷം മുസ്‌ലിംകൾക്കെതിരായ ആക്രമണവും ആരോപണങ്ങളും വർധിച്ചു കൊണ്ടിരിക്കുമ്പോഴും കൊറോണ വ്യാപനത്തിന്റെ പേരിൽ കേന്ദ്രം അവരെ കുറ്റപ്പെടുത്തൽ തുടരുകയായിരുന്നു.

ഇന്ത്യയിൽ 4 ദിവസത്തിനകമാണ് ഇരട്ടി അണുബാധ രേഖപ്പെടുത്തുന്നത്. ആരോഗ്യ മന്ത്രാലയത്തിന്റെ ലാവ് അഗർവാൾ തന്റെ മീഡിയ ബ്രീഫിങ്ങിൽ പറഞ്ഞത്, നിസാമുദ്ദീൻ പരിപാടിയും മറ്റു കേസുകളും ഉണ്ടായിരുന്നില്ലെങ്കിലും 7 ദിവസത്തിനകം ഇതെ സ്ഥിതിയിൽ എത്തുമായിരുന്നു എന്നാണ്.

മുസ്‌ലിംകൾക്കെതിരായ ഓൺലൈൻ ദുരുപയോഗം യഥാർഥ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. ഹിമാചൽപ്രദേശിലെ ഇറച്ചി വില്പനക്കാരനായ ദിൽഷാദ് കോവിഡ് ടെസ്റ്റ് ഫലം

നെഗറ്റീവ് ആയിട്ടും ക്വാറന്റൈൻ കഴിഞ്ഞ് സ്വന്തം ഗ്രാമത്തിൽ എത്തിയപ്പോൾ അയൽവാസികളുടെ ശക്തമായ ഉപദ്രവത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്തു.

പഞ്ചാബിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന എൺപതോളം പേരെ അവരുടെ ഗ്രാമത്തിൽ നിന്ന് പുറത്താക്കി. അതേ പ്രദേശത്തെതന്നെ പാൽവില്പനക്കാർക്ക് അയൽ പ്രദേശമായ ഹിമാചലിലേക്കുള്ള പ്രവേശം നിഷേധിക്കുകയും ചെയ്തു.

ഏപ്രിൽ 6, പകർച്ചവ്യാധിയിലുള്ള മത വർഗീകരണത്തെ നിർത്തലാക്കാൻ വേണ്ടി മുസ്‌ലിം സംഘടനകൾ ആവശ്യപ്പെടുന്നു. തബ്‌ലീഗ് സംഭവത്തെ വർഗീയ ചുവയോടെ കണ്ട് 'കൊറോണ ജിഹാദ്' 'കൊറോണ തീവ്രവാദം' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്ന മാധ്യമങ്ങൾക്കെതിരെ മുസ്‌ലിം സംഘടനയായ ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് സുപ്രീംകോടതിയിൽ പരാതി നൽകി.

ഗവൺമെന്റിന്റെ കണക്കുകളിൽനിന്നും വ്യക്തമാകുന്നത് കോവിഡിന്റെ വ്യാപനം ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നായിരുന്നു. ഇത് സൂചിപ്പികുന്നത് തബ്‌ലീഗ് സംഭവത്തെ ഉൾക്കൊള്ളാൻ ഇന്ത്യ ശ്രമിച്ചുവെന്നതാണ്.

മാർച്ച് 29നു വർധിച്ച കൊറോണ വൈറസ് വളർച്ചാ നിരക്ക് 2020 ഏപ്രിൽ ആറോടെ മെച്ചപ്പെട്ടുവെന്ന് ബ്രൂക്കിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ ഫെലോയും പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയിലെ മുൻ അംഗവുമായ ശമിക രവി അഭിപ്രായപ്പെട്ടു. കഴിഞ്ഞ അഞ്ചു ദിവസത്തിനുള്ളിൽ ആക്റ്റീവായ കേസുകളുടെ വളർച്ച 6.6 ശതമാനം

ആണ്. ഓരോ 11 ദിവസത്തിലും ഇത് ഇരട്ടിയാകുന്നു.' അവര്‍ ട്വീറ്റ് ചെയ്തു. ഔദ്യോഗികമോ അനധികൃതമോ ആയ ഇസ്‌ലാമോഫോബിയയുടെ വേലിയേറ്റത്തെ ഇത് മന്ദഗതിയിലാക്കിയില്ല.

ഏപ്രില്‍ 7, മുംബൈയിലെ തബ്‌ലീഗ് ജമാഅത്ത് അംഗങ്ങള്‍ക്കെതിരെ എഫ്‌ഐആര്‍. ജമാഅത്ത് സംഗമത്തില്‍ പങ്കെടുത്തവര്‍ക്കെതിരെ നടപടിയെടുക്കാനുള്ള ഡല്‍ഹി പോലീസിനോടുള്ള കെജ്‌രിവാളിന്റെ ആഹ്വാനത്തിനു ശേഷം ഒരാഴ്ച കഴിഞ്ഞ് മുംബൈ പോലീസ് ഇതേ മാര്‍ഗം സ്വീകരിച്ചു. സെക്ഷന്‍ 269, 271 ഇന്ത്യന്‍ പീനല്‍ കോഡിന്റെ പ്രസക്തമായ മറ്റു ഭാഗങ്ങളും ചേര്‍ത്ത് 150 പേര്‍ക്കെതിരെ എഫ്‌ഐആര്‍ ഫയല്‍ ചെയ്തു.

ഉത്തരാഖണ്ഡിലെ ഹല്‍ദ്വാനിയില്‍ ഹിന്ദു കച്ചവടക്കാര്‍ക്ക് കടകള്‍ തുറക്കാന്‍ അനുവാദം നല്‍കുകയും മുസ്‌ലിം പഴക്കച്ചവടക്കാരെ കടകള്‍ അടക്കാന്‍ നിര്‍ബന്ധിക്കുകയും ചെയ്യുന്ന ഗുണ്ടകളുടെ വീഡിയോ ഒരു ട്വിറ്റര്‍ ഉപയോക്താവ് പോസ്റ്റ് ചെയ്തിരുന്നു.

കൊറോണാ വ്യാപനത്തിന്റെ പേരില്‍ കര്‍ണാടകയില്‍ രണ്ടു മുസ്‌ലിം പുരുഷന്മാരെ തല്ലുകയും മുട്ടുകുത്തി കോറോണ പരത്തുന്നതിന് ക്ഷമ ചോദിക്കാനും ആവശ്യപ്പെട്ട അതേ ദിവസം തന്നെ അന്വേഷണ ഏജന്‍സിയായ ഇക്വാലിറ്റി ലാബ്സ് കോവിഡിന്റെ പേരിലുള്ള ഇസ്‌ലാമോഫോബിക് വിദ്വേഷ പ്രചരണങ്ങളും വ്യാജ വിവരണങ്ങളും അതിവേഗം പ്രചരിപ്പിക്കുന്നത് തടയാനായി ഇന്ത്യന്‍ പ്രധാനമന്ത്രി നരേന്ദ്രമോദി, ഫെയ്സ്ബുക്ക് സിഇഒ മാര്‍ക്ക് സുക്കര്‍ബര്‍ഗ്, ട്വിറ്റര്‍ സിഇഒ ജാ

ക്ക് ഡോർസി, ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ഡെഡ്റോസ് അതാനോം ഗബ്രിയേസസ് എന്നിവർക്ക് ഒരു തുറന്ന കത്ത് എഴുതിയിരുന്നു.

**ഏപ്രിൽ 8, അധിക്ഷേപം വർധിച്ചപ്പോൾ കേന്ദ്രം പിന്നോട്ട് വലിയുന്നു. മുസ്ലിംകൾക്കെതിരായ ആക്രമണങ്ങൾ വർധിച്ചതോടെ രാജ്യവ്യാപകമായി സംസ്ഥാന പോലീസുകൾ ചില വ്യാജ വാർത്തകളെ കുറിച്ച് മുന്നറിയിപ്പ് നൽകി. ഏപ്രിൽ എട്ടിന് യുപിയിലെ നോയിഡയിലെ ഡെപ്യൂട്ടി പോലീസ് കമ്മീഷനർ അവിടെ കാറന്റൈനിൽ കഴിയുന്നവർ തബ്‌ലീഗ് ബന്ധമുള്ളവരാണന്ന വാർത്ത പ്രചരിപ്പിച്ചതിന് വയർ എജൻസി യുപി ബ്യൂറോ എഎൻ ഐ ക്ക് താക്കീത് നൽകി. ഈ ഉദ്ധരണി പിന്നീട് എടുത്തുമാറ്റി.**

ഇന്ത്യയിലെ ഇസ്ലാമോഫോബിയ ഉയർച്ചയും മുസ്ലിംകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങളിലെ വർധനവും അന്താരാഷ്ട്ര വാർത്താ ഏജൻസികളും മനുഷ്യാവകാശ പ്രവർത്തകരും ഉയർത്തിക്കാട്ടിയിരുന്നു. ഓൺലൈനിലും ഓഫ്‌ലൈനിലും ആയി ഇസ്ലാംവിരുദ്ധ വികാരങ്ങൾ കുത്തി നിറച്ചുകൊണ്ട് നിസാമുദ്ദീൻ ഘടകത്തെ കുറ്റപ്പെടുത്തിയത് ഒരാഴ്ചയ്ക്കുശേഷം അത്തരം ആരോപണങ്ങളിൽ നിന്ന് കേന്ദ്രം പിന്മാറി. ചില പ്രദേശങ്ങളെയും വിഭാഗങ്ങളെയും തെറ്റായ ധാരണകളുടെ പുറത്ത് സോഷ്യൽമീഡിയയിലും അല്ലാത്ത ഇടങ്ങളിലും കുറ്റപ്പെടുത്തുന്ന സാഹചര്യത്തിൽ ഇത്തരം മുൻവിധികളെ തടയാനും നിയന്ത്രിക്കാനും വേണ്ടി ആരോഗ്യമന്ത്രാലയം ഒരു ഉപദേശക സമിതിയെ നിയോഗിച്ചു.

തബ്‌ലീഗ് സംഭവത്തെ തുടർന്നുള്ള കേസുക

ളെ 'മർകസ് മസ്ജിദ്' കേസുകൾ എന്ന് വിശേഷിപ്പിച്ചതിനുപുറമേ മഹാമാരി കാലത്ത് ചില 'സാമൂഹ്യവിരുദ്ധ ഘടകങ്ങൾ' സാമൂഹിക ധ്രുവീകരണം സൃഷ്ടിക്കുന്നുവെന്നും ദൽഹി ഗവൺമെന്റ് ശക്തമായി ആരോപിച്ചിരുന്നു.

ഏപ്രിൽ 10, സാംപ്ലിംഗിലെ പക്ഷപാതിത്വവും മദ്റസ ഹോട്ട്സ്പോട്ടുകളും തബ്ലീഗ് അംഗങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചതോടെ ഇന്ത്യയിലെ കൊറോണ വ്യാപനത്തിന് ഉത്തരവാദികൾ അവരാണ് എന്ന ധാരണ ശക്തമായി വളർന്നു. കൊറോണ കേസുകളിലെ പക്ഷപാതിത്തപരമായ സാംപ്ലിംഗ് നടപടികൾ എങ്ങനെ വൈകാരിക റിപ്പോർടിംഗിൽ കലാശിക്കുന്നുവെന്ന് സ്ക്രോൾലെ ഷൊഹൈബ് ഡാനിയേൽ വിശദീകരിച്ചിരുന്നു. കഴിഞ്ഞ ദിവസത്തെ കേന്ദ്രസർക്കാരിന്റെ നിർദേശം അവഗണിച്ച് ഏപ്രിൽ 10ന് ഇന്ത്യാടുഡേയിലെ രാഹുൽ കൻവാൾ 'മദ്റസ ഹോട്ട്സ്പോട്ടുകൾ' എന്ന പേരിൽ അന്വേഷണം നടത്തിയിരുന്നു. സാമൂഹിക അകലം പാലിക്കൽ കോവിഡ് പ്രതിരോധത്തിനുള്ള ഏകപോംവഴിയായി കരുതപ്പെട്ട സാഹചര്യത്തിൽ മദ്റസകൾ ഒരുപാട് വിദ്യാർഥികളെഒളിപ്പിച്ചുതാമസിപ്പിക്കുന്നുഎന്നആരോപണമാണ് അവർ ഇതിൽ ഉന്നയിച്ചത്. നാലുമണിക്കൂർ നേരത്തെയുള്ള നോട്ടീസിലൂടെ നടപ്പിലാക്കിയ ലോക്ക്സൗൺ കാരണം മറ്റു ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് തിരിച്ചു വീട്ടിലെത്താൻ വഴിയുണ്ടായിരുന്നില്ല. 8 ദിവസത്തിനു ശേഷം ലക്നോവിൽ നിന്ന് 600 കിലോമീറ്റർ അകലെയുള്ള രാ

ജസ്ഥാനിലെ കോട്ടയിലേക്ക് അവിടെ കുടുങ്ങിയ 7500 അധികം വിദ്യാർഥികളെ ഒഴിപ്പിക്കാൻ യുപി സർക്കാർ 250 ബസുകൾ അയച്ചു.

ഏപ്രിൽ 11, ഹിമാചൽപ്രദേശിലെ മണ്ഡ ജില്ലയിൽ 9 കാശ്മീരി മുസ്‌ലിം തൊഴിലാളികളെ ക്രിക്കറ്റ് ബാറ്റ് കൊണ്ട് നാലുപേർ ആക്രമിച്ചിരുന്നു, ചിലരുടെ എല്ലുകൾ ഒടിയുകയും ചെയ്തു. മുസ്‌ലിങ്ങൾക്കെതിരെയുള്ള ഈ മനോവിഭ്രാന്തിയെക്കുറിച്ച് ഗ്രാമത്തലവനായ (സർപഞ്ച്)രഞ്ജന ദേവി ഇതെല്ലാം ടിവി, വാട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയവ മുഖേനയുള്ള പ്രചാരമാണെന്ന് the Quint നോട് അഭിപ്രായപ്പെട്ടിരുന്നു.' '2019 നവംബർ മുതൽ കാശ്മീരികൾ ഇവിടെ താമസിക്കുകയും ജോലി ചെയ്യുന്നുമുണ്ട്. അവർ വൈറസ് വാഹകരാവാൻ തരമില്ല. ഇങ്ങനെ ഒരു സാഹചര്യം ഉണ്ടായിരിക്കെ ഇവരെ പോയി അടിക്കാനും ആക്രമിക്കാനുമുള്ള കാരണം എനിക്ക് മനസിലാവുന്നില്ല'അവർ കൂട്ടിച്ചേർത്തു.

ഗുജറാത്തിലെ അഹമ്മദാബാദിലുള്ള ഒരു ആശുപത്രിയിൽ രോഗികളെ ഹിന്ദു-മുസ്‌ലിം അടിസ്ഥാനത്തിൽ 'ഇരു സമുദായത്തിന്റെയും സ്വസ്ഥത'ക്ക് വേണ്ടി വേർതിരിച്ചാണ് പരിശോധിച്ചത്. എന്തിനുവേണ്ടിയാണ് ഈ വിഭജനം എന്ന് ദി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ടർ ചോദിച്ചപ്പോൾ 'ഗവൺമെന്റിനോട് ചോദിക്കുക' എന്നായിരുന്നു ഡോക്ടറുടെ മറുപടി. അതേ ദിവസം തന്നെ, യുഎസ് ഫെഡറൽ ബോഡി(യുഎസിഐആർഎഫ്) ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന മുസ്‌ലിം വിദ്വേഷ പ്രചരണത്തിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

ഏപ്രിൽ 18, 30 ശതമാനം കൊറോണ കേസുകളുടെയും ഉത്തരവാദികൾ തബ്‌ലീഗ് ജമാഅത്ത്. ഏപ്രിൽ ആറോടു കൂടി തബ്‌ലീഗുമായി ബന്ധപ്പെടുത്തിയുള്ള കോവിഡ് കേസുകളുടെ വ്യാപനപ്രചരണം ആപേക്ഷികമായി കുറഞ്ഞിരുന്നു. അതോടൊപ്പം തന്നെ രോഗികളോടുള്ള മതാടിസ്ഥാനത്തിലുള്ള വർഗീകരണ ശ്രമങ്ങൾ പാടില്ലെന്നും ഗവൺമെന്റ് താക്കീത് ചെയ്തിരുന്നു. എന്നാൽ പത്ത് ദിവസങ്ങൾക്ക് ശേഷം കേന്ദ്ര ആരോഗ്യ മന്ത്രാലയം തന്നെ ഇന്ത്യയിലെ 29.8 ശതമാനം കേസുകളുടെയും ഉറവിടം തബ്‌ലീഗ് ജമാഅത്താണെന്ന് പുറത്തുവിട്ടു.

ഇതിനകംതന്നെ അതിയായി വിമർശിക്കപ്പെട്ട ഒരു സമൂഹത്തെ വീണ്ടും അപമാനിക്കാനുള്ള പുതിയ തലവാചകങ്ങൾ തരംഗമാവാൻ തുടങ്ങിരുന്നു. 'ഇന്ത്യയിലെ കൊറോണ വ്യാപനത്തിന് 30% ഉത്തരവാദി തബ്‌ലീഗ്: ആരോഗ്യ മന്ത്രാലയം' എബിപി ന്യൂസ് റിപ്പോർട്ട് ചെയ്തതാണിത്.

ബിജെപിയുടെ പഴയ ശത്രുക്കളായ മ്യാന്മറിൽ നിന്നുള്ള റോഹിങ്ക്യൻ അഭയാർഥികൾ തബ്‌ലീഗുമായി ബന്ധപ്പെട്ടവരാണ്, തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരുമായി ബന്ധപ്പെടാൻ സാധ്യതയുള്ളതിനാൽ സംസ്ഥാനങ്ങളോട് റോഹിങ്ക്യകളെ കരുതണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു.

നാലാഴ്ചയായി രാജ്യം പൂർണമായും ലോക്ഡൗണിലാണ്, അടുത്തിടെ ബിജെപി അധികാരത്തിലേറിയ മധ്യപ്രദേശ് രോഗബാധിതരെ കൊണ്ട് ഏറെ പൊറുതിമുട്ടുന്ന ഒരു സംസ്ഥാനമാണ്.

'നിലവിലവിടെ ഒരു ആരോഗ്യമന്ത്രി പോലുമില്ല. ഇത്തരം വിഷയങ്ങളാണ് മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ടത്, എന്നിട്ടും ഈ വിഷയം ആരെയും പ്രകോപിതരാക്കുന്നില്ലല്ലോ' എന്ന് കോളമിസ്റ്റും ചലച്ചിത്ര നിർമാതാവുമായ നതാഷ ബദ്ധ്വാർ ആശ്ചര്യപ്പെടുന്നു.

ഏപ്രിൽ 19, ശക്തമായ ആഗോള പ്രതിഷേധത്തെത്തുടർന്ന് മോദി പ്രതികരിക്കുന്നു. 21 ദിവസത്തെ നീണ്ട മുസ്‌ലിം വിദ്വേഷ പ്രചരണത്തിന് ശേഷം മോദി സമാധാനത്തിനായി ആഹ്വാനം നടത്തി. ഹ്യൂമൺ റൈറ്റ്സ് വാച്ച് ഡയറക്ടർ കെന്നത് റോത് ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് ഓപറേഷൻ ഇൻഡിപെൻഡൻസ്, ഹ്യൂമൻ റൈറ്റ് കമ്മീഷൻ ഉൾപ്പെടെയുള്ളവരുടെ ഇസ്‌ലാം ഭീതിയുടെനിന്ദ്യമായഇന്ത്യനവസ്ഥകളെവിമർശിച്ചുള്ള പ്രസ്താവനകൾ വന്ന് മണിക്കൂറുകൾക്കുശേഷം മോദിയുടെ ട്വീറ്റ് വന്നത്.

ഏപ്രിൽ 16, നാം തുടക്കത്തിൽ സൂചിപ്പിച്ച മുസ്തഖീം എന്ന സുരക്ഷാ ഉദ്യോഗസ്ഥന്റ ടെസ്റ്റ് നെഗറ്റീവ് ആയി. പിറ്റേന്ന് അദ്ദേഹത്തിന് ജോലി നൽകിയിരുന്ന കുടുംബത്തിലെ 80 വയസുള്ള ഒരാൾ കൊറോണാ വൈറസിന്റെ സങ്കീർണതക്ക് മുന്നിൽ കീഴടങ്ങുകയും ചെയ്തു.

ആ സമയത്ത് നിസാമുദ്ദീനിലെ ഒരു പള്ളിയിൽ അദ്ദേഹം പോയിരുന്നു എന്ന് സമ്മതിച്ചത് കൊണ്ട് അദ്ദേഹത്തെ ആ സംഭവവുമായി ബന്ധിപ്പിക്കാൻ ഇടയുണ്ടെങ്കിലും, അവരുടെ കുടുംബക്കാരൻ കൂടിയായ രോഹിത് അഗർവാൾ അവരുടെ പ്രവർത്ത

നങ്ങളെ പ്രതിരോധിച്ചു കൊണ്ട് സംസാരിച്ചത് 'കാര്യങ്ങളെല്ലാം സംഭവിച്ചതിനു ശേഷം നമുക്ക് എന്ത് സാധ്യതകളെക്കുറിച്ചും സംസാരിക്കാം' എന്നായിരുന്നു.

അണുബാധ ഏറ്റ കുടുംബം നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ എഫ്ഐആർ രേഖപ്പെടുത്തിയത് എന്ന് പറഞ്ഞ് ഡെപ്യൂട്ടി പോലീസ് കമ്മീഷനർ അതുൽ താക്കൂർ തടിയെടുത്തു. 'അദ്ദേഹത്തിന്റെ ടെസ്റ്റ് ഇപ്പോൾ നെഗറ്റീവ് ആണോ പോസിറ്റീവ് ആണോ എന്നതിനെക്കുറിച്ച് ഞങ്ങളുടെ പക്കൽ യാതൊരു വിവരവുമില്ല. അയാളിപ്പോൾ തന്റെ കുടുംബത്തോടൊപ്പം ക്വാറന്റൈനിൽ കഴിയുകയാണ്. അദ്ദേഹത്തിനെതിരെ കർശനമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല.'

'ദൗർഭാഗ്യകരമായ രീതിയിലാണ് കാര്യങ്ങൾ നടന്നതെന്ന്' ഡിഫൻസ് കോളനി റസിഡന്റ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റായ മേജർ രഞ്ജിത്ത് സിംഗ്(റിട്ടയർഡ്) പറഞ്ഞു. 'അണുബാധയുടെ മൂലകാരണം ആരാണെന്നോ എന്താണെന്നോ വിധിയെഴുതാൻ ഞങ്ങൾ ആളല്ല.'

തങ്ങളുടെ പ്രവർത്തനങ്ങൾ നാണിപ്പിക്കുന്നതായിരുന്നു എന്ന് മേജർ തുറന്നുപറഞ്ഞു. 'എടുത്തുചാടി ഓരോ നിഗമനങ്ങളിൽ എത്തുന്നതിനുമുമ്പ് പോലീസിനും ഹോസ്പിറ്റൽ അധികൃതർക്കും കാര്യങ്ങൾ വിട്ടുകൊടുക്കേണ്ടിയിരുന്നു. അദ്ദേഹത്തെ താറടിച്ച നാമോരോരുത്തരും അദ്ദേഹത്തോട് നിർബന്ധമായും മാപ്പ് ചോദിക്കണം.' ●

Contents

# എംബസികൾകൊണ്ട്<br>എന്തു പ്രയോജനം

**കൊറോണ ഭീതി വിതച്ചപ്പോൾ പ്രവാസികൾ ഉറ്റുനോക്കിയത് അതതു രാജ്യത്തെ തങ്ങളുടെ എംബസികളിലേക്കാണ്. പക്ഷേ ആ കവാടങ്ങൾ പ്രതീക്ഷ നൽകിയില്ല. അപ്പോൾ ഉയർന്ന ചോദ്യമാണ് എന്താണീ എംബസികൾ**

**സ്വാദിഖ് മൻസൂർ ഓടക്കൽ**
sadiquemansoorok@gmail.com



വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ നയതന്ത്ര കാര്യാലയങ്ങളുടെയും അടിസ്ഥാന ധർമം തങ്ങളുടെ പൗരൻമാരുടെ പ്രതിനിധിക ളായി നിലകൊള്ളുകയാണ്. തൊഴിൽ ഉൾപ്പെടെ യുള്ള ആവശ്യങ്ങൾക്കായി ആ രാജ്യത്തു വന്നു വസിക്കുന്ന പൗരൻമാർക്ക് ധൈര്യസമേതം കയറി ച്ചെല്ലാവുന്നതും ആവശ്യങ്ങളും ആവലാതികളും ബോധിപ്പിക്കുകകയും ചെയ്യേണ്ട തങ്ങളുടെ രാജ്യ ത്തിന്റെ പ്രതിനിധി കാര്യാലയം. പൗരൻമാരുടെ ക്ഷേമം മുൻനിർത്തി വിവിധ സേവനങ്ങളും പദ്ധതി കളും നടപ്പിലാക്കുന്നു എംബസികളും കോൺ സുലേറ്റുകളും. പ്രത്യേക സഹായ ഫണ്ടിനു പുറ മേ കാരുണ്യ പ്രവർത്തനങ്ങൾ, നിയമസഹായം, കലാസാംസ്കാരികം, കായികം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടിയും നയതന്ത്ര കാര്യാലയങ്ങൾക്കു കീഴിൽ വിവിധ ഉപസമിതിക ളും സംവിധാനങ്ങളും പ്രവർത്തിക്കുന്നു. പാസ് പോർട്ട്, വിസ, അറ്റസ്റ്റേഷൻ തുടങ്ങിയ കോൺസു ലാർ സേവനങ്ങളും നയതന്ത്ര കാര്യാലങ്ങളാണ് നൽകുക. പൗരൻമാർക്ക് ജീവഹാനി സംഭവിച്ചാൽ മൃതദേഹം സ്വദേശത്തേക്ക് അയക്കുക / ഇവിടെ തന്നെ മറവു ചെയ്യുക പോലുള്ളവയുടെ നേതൃത്വ വും കാര്യാലയങ്ങളാണ് നിർവഹിക്കേണ്ടത്.

രേഖകളില്ലാതെയും നിയമക്കുരുക്കിൽപെട്ടും അപകടങ്ങളിൽ കുടുങ്ങിയും കഷ്ടപ്പെടുന്നവർ ക്കും കുറ്റകൃത്യങ്ങളിലകപ്പെട്ട് തടവിൽ കഴിയു ന്നവർക്കുൾപ്പെടെ സഹായവും സാന്ത്വനവും ആകേണ്ട കേന്ദ്രങ്ങളാണിവ. പൗരൻമാർ വലിയ പ്രതിസന്ധികൾ അഭിമുഖീകരിക്കുകയും കൂട്ടക്കു

ഴപ്പത്തിലാവുകയും ചെയ്യുന്ന ഘട്ടങ്ങളിലെല്ലാം നയതന്ത്ര കാര്യാലയങ്ങളുടെയും മേധാവികളുടെയും ഉത്തരവാദിത്വം വർധിക്കുന്നു. മാനുഷിക, രാഷ്ട്രീയബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ കൂടെനിർത്തി ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. അംബാസിഡർമാരും കോൺസുൽ ജനറൽമാരുമായി പ്രവർത്തിക്കുന്നവരുടെ മികവും മിടുക്കുമാണ് പലപ്പോഴും പൗരൻമാർക്ക് ആശ്വാസമാകുന്നത്. റിസ്ക് എടുക്കാൻ തയാറല്ലാത്ത സേഫ് സോൺ ഉദ്യോഗസ്ഥർ പൗരൻമാർക്ക് സമ്മാനിക്കുക ദുരനുഭവങ്ങളായിരിക്കും. ആത്യന്തികമായി മാതൃരാജ്യത്തിന്റെ വിദേശകാര്യമന്ത്രാലയങ്ങളുടെ നിലപാടുകൾക്കനുസരിച്ചാണ് നയതന്ത്ര കാര്യാലയങ്ങൾ പ്രവർത്തിക്കുക എന്നതിനാൽ കേന്ദ്രത്തിലെ രാഷ്ട്രീയ സിഗ്നലുകളാണ് എംബസി/കോൺസുലേറ്റുകളുടെ പ്രവർത്തന സ്വഭാവവും നിലപാടുകളും നിശ്ചയിക്കുക.

## നയതന്ത്രം

'ഡിപ്ലോമസി' അഥവാ നയതന്ത്രമെന്നത് ആഴവും പരപ്പുമുള്ള സംജ്ഞയെ കുറിക്കുന്നതാണ്. സൂക്ഷ്മനിരീക്ഷണവും ശ്രദ്ധാപൂർവമായ ഇടപെടലുകളും ചുവടുകളുമാണ് ഇവിടെ പ്രധാനം. അതിലൂടെയാണ് വിദേശരാജ്യങ്ങളുമായുള്ള ഇഴയടുപ്പത്തിന് പ്രായോഗികത ലഭിക്കുന്നത്. **വാക്കുകൾ ആറ്റിക്കുറുക്കി പ്രയോഗിക്കുന്നിടത്താണ് ഡിപ്ലോമാറ്റുകളുടെ വിജയമെന്ന് പറയാറുണ്ട്. പലപ്പോഴും മൗനത്തിനാകും മികച്ച രാഷ്ട്രീയ അർഥം ലഭിക്കുക. ചുവടൊന്നു പിഴച്ചാൽ ചിലപ്പോൾ രണ്ടു ജനതകൾ തമ്മിലെ നിതാന്ത കാ**

**ലുഷ്യങ്ങളിലേക്ക് വഴുതിവീഴാനുള്ള സാധ്യത ഏറെയുള്ള മേഖലയാണ്. ഇന്ത്യൻ വിദേശകാര്യ സർവീസ് പകർന്നു നൽകുന്ന പ്രധാന പാഠങ്ങളിലൊന്നാണിത്. രാജ്യത്തിന്റെ പ്രതിനിധികൾ തമ്മിൽ ചർച്ചകൾ നടത്തുന്ന കലയും പ്രയോഗവുമാണ് നയതന്ത്രം.** രാജ്യങ്ങളുടെ വിദേശനയങ്ങളും അന്താരാഷ്ട്രബന്ധങ്ങളും നിർണയിക്കുന്നതും രൂപപ്പെടുത്തുന്നതും ഇത്തരം നയതന്ത്രചർച്ചകളിലൂടെയും ഇടപെടലുകളിലൂടെയുമാണ്. പുരാതന കാലഘട്ടം മുതൽതന്നെ നയതന്ത്രബന്ധങ്ങളുടെ ചരിത്രമുണ്ട്. രാജഭരണത്തിലും ജനാധിപത്യത്തിലുമെല്ലാം അതു പ്രയോഗിക്കപ്പെട്ടു. രാജ്യത്തലവൻമാരുടെയും പ്രൊഫഷനൽ നയതന്ത്രജ്ഞരുടെയും മധ്യസ്ഥതയിലൂടെ അന്തർദേശീയ ബന്ധങ്ങളുടെ പെരുമാറ്റത്തെ നിർണയിക്കുന്ന ഇടപെടലുകളെയെല്ലാം നയതന്ത്രബന്ധമായി വിശേഷിപ്പിക്കാം. വിദേശനയത്തിന്റെ പ്രധാന ഉപകരണമാണ് നയതന്ത്രം. അന്താരാഷ്ട്ര ഉടമ്പടികൾ, കരാറുകൾ തുടങ്ങി ബഹുമുഖ ഇടപെടലുകളിലൂടെ രാജ്യങ്ങൾ തമ്മിൽ നയതന്ത്രബന്ധങ്ങൾ ശക്തിപ്പെടുത്തുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ നയതന്ത്രം കൂടുതൽ പ്രൊഫഷനലൈസ് ചെയ്യപ്പെടുകയും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പിന്തുണയോടെ വിവിധ രാജ്യങ്ങൾ മറ്റുരാജ്യങ്ങളിൽ നയതന്ത്രകാര്യാലയങ്ങൾ തുറക്കുകയും ചെയ്തു. നയതന്ത്രദൗത്യ നിർവഹണങ്ങൾക്കായി നിരവധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ പ്രധാനമാണ് എംബസി, ഹൈ കമ്മീഷൻ, കോൺ

സുലേറ്റ് തുടങ്ങിയവ. രാജ്യത്തിന്റെ വിദേശകാര്യ മന്ത്രാലയങ്ങളാണ് ഇവ കൈകാര്യം ചെയ്യുന്നത്.

## എംബസി / കോൺസുലേറ്റ്

ഒരു രാജ്യത്തിന്റെ ഡിപ്ലോമാറ്റിക് കാര്യാലയമായി മറ്റൊരു രാജ്യത്ത് പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാണ് എംബസികൾ. തലസ്ഥാനനഗരങ്ങളിലാണ് എംബസികൾ പ്രവർത്തിക്കുന്നത്. എംബസികളുടെ പ്രതിനിധി ഓഫീസ് എന്ന നിലയിൽ അതേ രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ പ്രവർത്തിക്കുന്നതാണ് കോൺസുലേറ്റുകൾ. ഒരു രാജ്യത്ത് മറ്റൊരു രാജ്യത്തിന്റെ ഒരു എംബസി മാത്രമേ പ്രവർത്തിക്കൂ. കോൺസുലേറ്റുകൾ വ്യത്യസ്ത നഗരങ്ങളിലായി ഒന്നിലധികം പ്രവർത്തിക്കും. ഐക്യരാഷ്ട്രസഭയുടെ ചാർട്ടർ അനുസരിച്ച് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന എംബസികളും കോൺസുലേറ്റുകളുമൊക്കെ ഒരേ സേവനം തന്നെയാണ് നിർവഹിക്കുന്നത്. നയതന്ത്രകാര്യങ്ങൾ, അന്താരാഷ്ട്രബന്ധങ്ങൾ, വിദേശകാര്യ നയങ്ങൾ എന്നിവയുടെ ഏകോപനത്തിനും നിർവഹണത്തിനും നേതൃത്വം നൽകുന്നതിനു പുറമേ അതത് രാജ്യങ്ങളിൽ തൊഴിൽ, കച്ചവടം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി വന്നെത്തിയ സ്വരാജ്യത്തെ പൗരൻമാർക്കാവശ്യമായ ക്ഷേമ, നിയമ, തർക്ക പരിഹാര കാര്യങ്ങളിൽ ഇടപെടുകയും പൗരൻമാരെ സഹായിക്കുകയും ചെയ്യുക നയതന്ത്രകാര്യാലയങ്ങളുടെ ഉത്തരവാദിത്തമാണ്. ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും ഇന്ത്യക്ക് എംബസികളും കോൺലുസേറ്റുകളുമുണ്ട്.

**കോമൺവെൽത്ത് രാജ്യങ്ങൾ അഥവാ ബ്രിട്ടന്റെ കോളനികളായിരുന്ന രാജ്യങ്ങളുടെ എംബസി തലവൻമാരെ അംബാസിഡറെന്നും കോമൺവെൽത്തല്ലാത്ത രാജ്യങ്ങളുടെ എംബസി തലവൻമാരെ ഹൈകമ്മീഷനർ എന്നുമാണ് വിളിക്കുന്നത്. എംബസി പ്രവർത്തിക്കുന്ന രാജ്യത്തെ ആതിഥേയ രാജ്യമെന്നും ഏത് രാജ്യത്തിന്റെ എംബസിയാണോ പ്രവർത്തിക്കുന്നത് ആ രാജ്യത്തെ അതിഥി രാജ്യമെന്നുമാണ് വിളിക്കപ്പെടുന്നത്. മൂന്ന് കൊല്ലമാണ് സാധാരണ ഒരു രാജ്യത്ത് നയതന്ത്ര ഉദ്യോഗസ്ഥന്റെ കാലാവധി.**

## പാസ്പോർട്ട് / വിസ

പാസ്പോർട്ടുകൾ പുതുക്കൽ, പുതിയ പാസ്പോർട്ടിന് അപേക്ഷിക്കൽ, ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ടിന് അപേക്ഷിക്കൽ തുടങ്ങി പാസ്പോർട്ട് സംബന്ധമായ സേവനങ്ങളെല്ലാം എംബസിയുടെ മേൽനോട്ടത്തിലാണ് നിർവഹിക്കുന്നത്. വിവിധ ഗൾഫ് രാഷ്ട്രങ്ങൾക്കനുസൃതമായി പാസ്പോർട്ട് സേവനങ്ങളിൽ വിത്യാസമുണ്ട്. ചില രാജ്യങ്ങളിൽ എംബസി മുഖേനെയും ചിലയിടങ്ങളിൽ ബി.എൽ.എസ്, വി.എഫ്.എസ് തുടങ്ങിയ ഔട്ട്സോഴ്സ് മുഖേനെയാണ് സേവനം ലഭ്യമാക്കുന്നത്. https://embssay.passportindia.gov.in/ എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കുകയും തുടർ നടപടികൾക്കായി ഈ കേന്ദ്രങ്ങളിലെത്തുകയുമാണ് വേണ്ടത്. ഇന്ത്യ സന്ദർശിക്കാനായി വിദേശികൾക്കുള്ള വിസ സേവനങ്ങളും എംബസി മുഖേനെയാണ് ലഭ്യമാക്കുന്നത്. മിക്ക രാജ്യങ്ങളിലെയും വിസ, പാസ്പോർട്ട്, അറ്റസ്റ്റേഷൻ സേവനങ്ങൾ

എംബസി കാര്യാലയങ്ങളിൽ നേരിട്ടെത്തി ചെയ്യുന്നതിനു പകരം സ്വകാര്യ സേവനദാതാക്കൾക്ക് ഔട്ട്സോഴ്സ് ചെയ്തിരിക്കുകയാണ്. ഈ ഏജൻസികൾ വഴിയാണ് സേവനങ്ങൾ തേടേണ്ടത്.

## അറ്റസ്റ്റേഷൻ

വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, ജനന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ശമ്പള/പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, കോടതി രേഖകൾ, വിവിധ കരാറുകൾ തുടങ്ങിയ വിവിധ രേഖകൾ ഇന്ത്യൻ എംബസിയും കോൺസുലേറ്റും മുഖേനെ സാക്ഷ്യപ്പെടുത്താവുന്നതാണ്. ചില രാജ്യങ്ങളിൽ ഇത് ഐവിഎസ് ഗ്ലോബൽ എന്ന ഏജൻസി മുഖേനെയാണ് നടപ്പിലാക്കുന്നത്. എല്ലാ സാക്ഷ്യപ്പെടുത്തൽ സേവനങ്ങൾക്കും കാലാവധിയുള്ള ഒറിജിനൽ പാസ്പോർട്ട് വേണം. കോൺസുലർ ഓഫീസറുടെ സാന്നിധ്യത്തിൽ അപേക്ഷകൻ ഒപ്പിടുകയും വേണം.

## മരണം

**ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യക്കാർ മരണപ്പെട്ടാലുള്ള നടപടിക്രമങ്ങളിൽ എംബസികൾക്ക് കാര്യമായ പങ്കുണ്ട്. മരണം സ്ഥിരീകരിച്ചാൽ അതത് രാജ്യങ്ങളിലെ പോലീസുമായാണ് ആദ്യം ബന്ധപ്പെടുക. പോലീസ് നിർദേശങ്ങൾക്കും മെഡിക്കൽ പരിശോധനകൾക്കും ശേഷം മരണ സർട്ടിഫിക്കറ്റ് ലഭ്യമായ ശേഷമാണ് എംബസിയുമായോ കോൺസുലേറ്റുമായോ ബന്ധപ്പെടേണ്ടത്.** വിസയും സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അതത് കാര്യാലയങ്ങൾ മുഖേനെ

പൂർത്തിയാക്കണം. എംബസിയിൽനിന്ന് മരണപ്പെട്ടയാളുടെ പാസ്പോർട്ട് റദ്ദാക്കുകയും നാട്ടിലേക്ക് കൊണ്ടുപോകാനാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുകയും വേണം. നടപടിക്രമങ്ങളിൽ അതതു രാജ്യത്തിന്റെ നിയമത്തിനനുസരിച്ച് വ്യത്യാസങ്ങളുണ്ടാകും.

## വെൽഫെയർ ഫണ്ട്

പ്രവാസികളുടടെ സഹായത്തിനായി ഇന്ത്യൻ എംബസികളിൽ ഇന്ത്യൻ കമ്യൂണിറ്റി വെൽഫയർ ഫണ്ട് (ഐസിഡബ്ല്യുഎഫ്) രൂപവത്കരിച്ചിട്ടുണ്ട്. കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയത്തിന്റെ നിർദേശ പ്രകാരമാണിത്. പ്രവാസി ഇന്ത്യക്കാർക്ക് പ്രത്യേകിച്ച് ദുരിതത്തിലായവർക്ക് അടിയന്തര ചെലവുകൾ വഹിക്കുന്നതിനാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. അടിയന്തിര വൈദ്യസഹായം, കുടുങ്ങിക്കിടക്കുന്ന പ്രവാസികളെ അടിയന്തരമായി നാട്ടിലെത്തിക്കൽ, അവശ്യഘട്ടത്തിൽ അവിദഗ്ധ/ഗാർഹിക തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് താമസ സൗകര്യമൊരുക്കൽ, വിമാന ടിക്കറ്റ് തുടങ്ങി പ്രവാസി ഇന്ത്യക്കാരുടെ പ്രശ്ന പരിഹാരങ്ങൾക്കും ക്ഷേമത്തിനുമായി ചെലവഴിക്കാനാണ് ഇന്ത്യൻ കമ്യൂണിറ്റി വെൽഫയർ ഫണ്ട്. എന്നാൽ കൊറോണ മഹാമാരിക്കിടയിൽ ദുരുതത്തിലായവർക്ക് ഈ ഫണ്ട് ഉപയോഗിച്ച് സഹായം നൽകണമെന്ന മുറവിളികൾക്ക് പരിഹാരമായിട്ടില്ല. സാങ്കേതികതയിൽ കുടുങ്ങി കോടികൾ ആവശ്യത്തിന് ഉപയോഗിക്കാതെ കെട്ടിക്കിടക്കുകയാണെന്നാണ് പരാതി. ഈ വിഷയം കോടതി കയറുകയും ചെയ്തു.

## കോവിഡ് കാലവും ഇന്ത്യൻ എംബസികളും

കോവിഡിനെ തുടർന്ന് രാജ്യം ലോക്ക് ഡൗണാകുകയും അന്താരാഷ്ട്ര സർവീസുകൾ നിർത്തലാക്കുകയും ചെയ്തപ്പോൾ മറുനാടുകളിൽ കുടുങ്ങിക്കിടക്കുന്ന പ്രവാസികളായ ഇന്ത്യക്കാരുടെ ദയനീയാവസ്ഥ ഏറെ ചർചകൾക്ക് വഴിവെച്ചിരുന്നു. പിന്നീട് വന്ദേഭാരത് മിഷനിലൂടെ പ്രവാസികളെ കൊണ്ടുവരുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകി. പക്ഷേ യാത്രാചെലവ് മുഴുവൻ പ്രവാസികൾ മുടക്കി വരുന്നത് ഏറെ വിവാദങ്ങളാണുണ്ടാക്കിയത്. എംബസി മുഖേനെ രജിസ്റ്റർ നടപടികൾ പൂർത്തിയാക്കിയവരെയാണ് ഇതു വഴി നാട്ടിലെത്തിക്കുന്നത്. എന്നാൽ എംബസി തയാറാക്കിയ മുൻഗണന പട്ടികയിലും ഏറെ അപര്യാപ്തതകൾ ഉണ്ടായിരുന്നു. ജോലി നഷ്ടപ്പെട്ടവർ, വിസിറ്റി വിസയിലെത്തി കുടുങ്ങിയവർ, ഗർഭിണികൾ, പ്രായമായവർ, ചികിത്സക്കായി നാട്ടിലെത്തേണ്ടവർ തുടങ്ങിയ അത്യാവശ്യക്കാർക്ക് പകരം അർഹരല്ലാത്ത പലരും നാട്ടിലെത്തിയത് എംബസിയുടെ പോരായ്മയായി വിലയിരുത്തപ്പെടുന്നുണ്ട്.

കൊറോണ മഹാമാരിയുടെ കെടുതിയിൽ മറുനാട്ടിൽ അകപ്പെട്ടവരുടെ ഹൃദയത്തിലിപ്പോൾ ജൻമനാട്ടിലെത്തുകയെന്ന മോഹമാണ് ഏറെയുള്ളത്. ജോലി നഷ്ടപ്പെട്ടവരും വിസിറ്റിൽ ജോലി തേടിയെത്തി ജോലി ലഭിക്കാത്തവരും ഗർഭിണികളും തുടങ്ങി അനേകം പേർ എങ്ങനെയെങ്കിലും നാടണയണമെന്ന ആശയോടെ നാട്ടിലെത്താൻ രജിസ്റ്റർ ചെയതവർ ലക്ഷക്കണക്കിനാണ്. ഇനിയും പലർക്കും എംബസിയിൽ നിന്ന് ഒരു വിളി പോലും വന്നിട്ടില്ല. അതു കൊണ്ടു തന്നെ ഹൃദയഭേദകമായ കാഴ്

ചകൾക്കാണ് പ്രവാസലോകം സാക്ഷിയാകുന്നത്. നയതന്ത്ര കാര്യാലയം തയാറാക്കിയ മുൻഗണനാ പട്ടികയിൽ പേരില്ലെങ്കിലും അവസാന നിമിഷം വിമാനത്തിൽ കയറിക്കൂടാൻ പറ്റുമോ എന്ന് നോക്കി നിരവധി പേരാണ് ഇവിടെ എത്തുന്നത്. ഇന്ത്യാ ഗവൺമെന്റും എംബസികളും ഇടപെട്ട് ഈ ദുരിതത്തിന് അറുതി വരുത്താൻ മുന്നിട്ടിറങ്ങണമെന്ന ആവശ്യമാണിപ്പോൾ പ്രവാസലോകത്ത് നിന്നുയരുന്നത്.

## ഗൾഫ് രാഷ്ട്രങ്ങളിൽ

ഗൾഫ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്ത്യക്കാരുടെ തൊഴിൽ കുടിയേറ്റത്തിനും മുമ്പ് തുടങ്ങിയതാണ് ഇന്ത്യയും ഗൾഫ് രാജ്യങ്ങളുമായുള്ള ബന്ധം. കച്ചവടത്തിനായി കേരളത്തിന്റെ തീരങ്ങളിൽ വന്നണഞ്ഞ അറബികൾ കച്ചവടത്തോടൊപ്പം സ്നേഹവും ഈടുറ്റ സാംസ്കാരിക പാരമ്പര്യവുമൊക്കെ കൈമാറുകയും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കാലങ്ങളായി പരസ്പര വ്യാപാര ബന്ധമുള്ള ഇന്ത്യയും ഗൾഫ് രാജ്യങ്ങളും പിന്നീട് തൊഴിൽപരമായ കുടിയേറ്റത്തിലും ഈ ബന്ധം കാത്തുസൂക്ഷിച്ചു. തൊഴിൽ, വ്യാപാരം തുടങ്ങിയ കാര്യങ്ങൾക്കായി നിലവിൽ 85 ലക്ഷത്തിലധികം ഇന്ത്യൻ പൗരൻമാർ വിവിധ ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തികാഭിവൃദ്ധിയുടെ ചാലകശക്തിയായി വർത്തിക്കുന്ന ഈ പ്രവാസി ഇന്ത്യക്കാരുടെ പ്രാതിനിധ്യകേന്ദ്രമായി പ്രവർത്തിക്കുന്നകേന്ദ്രങ്ങളാണ്ഇന്ത്യൻഎംബസി

കൾ. കാലങ്ങളായി ഇന്ത്യയുമായി ഈടുറ്റ ബന്ധം കാത്തുസൂക്ഷിക്കുന്ന ഗൾഫ് രാജ്യങ്ങളുമായുള്ള നയതന്ത്ര ബന്ധങ്ങളെ സുഖകരമാക്കുന്നതിനു പുറമെ, ഇന്ത്യൻ പ്രവാസികളുടെ പ്രശ്നപരിഹാരങ്ങൾക്കും അവർക്കാവിശ്യമായ സേവനങ്ങൾക്കുമായി എംബസികൾ പ്രവർത്തിക്കുന്നു.

## യു എ ഇ

യുഎഇയിൽ 25 ലക്ഷത്തോളം ഇന്ത്യക്കാരുണ്ടെന്നാണ് കണക്ക്. യുഎഇയുടെ മൊത്തം ജനസംഖ്യയുടെ മുപ്പത് ശതമാനത്തോളം ഇന്ത്യക്കാരാണ്. അതിൽ തന്നെ പകുതിയിലധികവും മലയാളികൾ. ഇന്ത്യക്കാരിൽ 15 മുതൽ 20 ശതമാനം വരെ പ്രഫഷനൽ യോഗ്യതയുള്ളവരും ബിസിനസുകാരും 20 ശതമാനത്തോളം ഇടത്തരക്കാരായ വൈറ്റ് കോളർ തൊഴിലാളികളുമാണ്.

എന്നാൽ **ഭൂരിഭാഗം വരുന്ന 60 ശതമാനത്തോളം പേർ സാധാരണക്കാരായ പ്രവാസിതൊഴിലാളികളാണ്. ഇവരുടെ ക്ഷേമങ്ങൾക്കാവശ്യമായ പ്രവർത്തനങ്ങൾക്കാണ് എംബസിയും മറ്റു ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളും മുൻഗണന നൽകുന്നത്. പൂർണമായും വിജയിക്കാൻ കഴിഞ്ഞില്ലെങ്കിലും മിനിമംവേതനം നിശ്ചയിക്കൽ, റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ ഇല്ലാതാക്കൽ, വീട്ടുജോലിക്കെത്തുന്ന സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സുപ്രധാനമായ ഇടപെടലുകൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.** ഇന്ത്യൻ പ്രവാസികൾക്ക് പ്രത്യേകിച്ച് തൊഴിലാളികൾക്ക് നിയമ, സാമ്പത്തിക, മെഡിക്കൽ കൗൺസിലിംഗ് നടത്താനായി



രൂപം നൽകിയ ഇന്ത്യൻ വർക്കേഴ്സ് റിസോഴ്സ് സെന്റർ (ഐഡബ്ല്യുആർസി), പ്രവാസി തൊഴിലാളികളുടെ പ്രശ്നപരിഹാരങ്ങൾക്കായുള്ള ഇന്ത്യൻ കമ്യൂണിറ്റി വെൽഫയർ ഫണ്ട് (ഐസിഡബ്ല്യുഎഫ്), ദുബൈ കോൺസിലേറ്റിന്റെ സഹായത്തോടെ പ്രവാസി ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്യൂണിറ്റി വെൽഫയർ കമ്മിറ്റി (ഐസിഡബ്ല്യുസി) തുടങ്ങിയവയെല്ലാം പ്രവാസി ഇന്ത്യക്കാരുടെ ക്ഷേമകാര്യങ്ങൾ നടപ്പിലാക്കാനായി എംബസികൾക്കു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളാണ്.

യുഎഇയുടെ തലസ്ഥാന നഗരിയായ അബൂ

ദാബിയിലാണ് ഇന്ത്യൻ എംബസി പ്രവർത്തിക്കുന്നത്. പവൻ കപൂറാണ് നിലവിൽ യുഎഇയിലെ ഇന്ത്യൻ അംബാസിഡർ. എംബസിക്കു പുറമെ ദുബൈയിൽ ഇന്ത്യൻ കോൺസുലേറ്റും പ്രവർത്തിക്കുന്നു.

## ഖത്വർ

ആറു ലക്ഷത്തിലധികം പ്രവാസി ഇന്ത്യക്കാർ തൊഴിലെടുക്കുകയും ജീവിക്കുകയും ചെയ്യുന്ന ഗൾഫ് രാജ്യമാണ് ഖത്വർ. വാണിജ്യ, വ്യാപാര രംഗങ്ങളിലും നയതന്ത്രതലത്തിലും ഇന്ത്യയും ഖത്വറും തമ്മിൽ മികച്ച ബന്ധമാണുള്ളത്. നിർണായകമായ കരാറുകളും നയതന്ത്ര ഇടപെടലുകളും ഇരു രാജ്യങ്ങളും തമ്മിലുണ്ടായിട്ടുണ്ട്. ദോഹയിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ എംബസി 1971ലാണ് സ്ഥാപിതമായത്. ഖത്വറുമായുള്ള നയതന്ത്രബന്ധം ശക്തിപ്പെടുത്തുന്നതിനും ഖത്വറിലെ പ്രവാസി ഇന്ത്യക്കാരുടെ ക്ഷേമത്തിനുമായി വിവിധ പദ്ധതികൾ എംബസിവഴി നടപ്പിലാക്കുന്നുണ്ട്.

ദോഹ എംബസിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്യൂണിറ്റി ബെനവലന്റ് ഫോറം (ഐസിബിഎഫ്) എംബസിയുടെ കീഴിലുള്ള പ്രധാനമായ സംവിധാനമാണ്. ഇന്ത്യൻ പ്രവാസികളുടെ പരാതികൾ പരിഹരിക്കാനായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്, കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കായി മെഡിക്കൽ ക്യാംപുകൾ, ദോഹക്ക് പുറത്തുള്ള നഗരങ്ങളിൽ സംഘടിപ്പിക്കുന്ന കോൺസുലാർ ക്യാംപുകൾ തുടങ്ങിയവയൊക്കെ ഐസിബിഎഫിനു കീഴിലെ പ്രവർത്ത

നങ്ങളാണ്. എല്ലാ മാസവും അവസാന വ്യാഴാഴ്ച പ്രതിമാസ ഓപൺ ഹൗസ് സംഘടിപ്പിക്കുന്നു. ഇതിലൂടെ പരാതികളുള്ള ഏതൊരു ഇന്ത്യൻ പൗരനും അംബാസഡറെയും ഉദ്യോഗസ്ഥരെയും നേരിട്ടു കാണാനാകും.

കായിക പ്രവർത്തനങ്ങൾക്കായി ഇന്ത്യൻ സ്പോർട്സ് സെന്റർ (ഐഎസ്സി) ഇന്ത്യൻ സമൂഹത്തിന്റെ പൊതുസംഘടനയായി പ്രവർത്തിക്കുന്നു. വിവിധ ദേശീയ അന്തർദേശീയ കായിക മത്സരങ്ങൾക്ക് സ്ഥിരമായി ആതിഥേയത്വം വഹിക്കുന്നതിന് ഖത്വറിനെ പിന്തുണക്കാനും ഐഎസ്സി ലക്ഷ്യമിടുന്നു. സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങളുടെ പുരോഗതിക്കായി ഇന്ത്യൻ എംബസിയുടെ രക്ഷാകർതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കൾചറൽ സെന്റർ (ഐഎസ്സി) പ്രവാസി സമൂഹത്തിന്റെ സ്ഥാപനമാണ്. ഇന്ത്യക്കാരുടെ താത്പര്യങ്ങൾ പരിഗണിക്കുകയും പരിഹരിക്കുകയയും ചെയ്യുന്നതിനുള്ള വേദികൂടിയാണ് ഐസിസി. സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന കമ്പനികളുടെ തൊഴിലാളികളുടെ ശമ്പള കുടിശിക തീർക്കുക, ദോഹയിൽ ഇന്റർനാഷനൽ ലേബർ ഓർഗനൈസേഷൻ ഓഫീസ് സ്ഥാപിക്കുക, വിവിധ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്ന ഒരു സംവിധാനം ഏർപ്പെടുത്തുക, ഗാർഹികമേഖലയിലെ തൊഴിലാളികളെ മറ്റ് തൊഴിലാളികളെപ്പോലെ നിയമപരമായ ചട്ടക്കൂടിൽ കൊണ്ടുവരിക തുടങ്ങി പ്രവാസി ഇന്ത്യക്കാരുടെ തൊഴിൽപരമായ പ്രശ്നങ്ങൾ ക്രിയാത്മകമായി പരിഹരിക്കാനുള്ള ഖത്വർ ഗവൺമെന്റുമായി ചേർന്ന് വിവിധി പദ്ധതികൾ എംബസി വഴി നടപ്പിലാ

ക്കുന്നുണ്ട്. പി കുമാരനാണ് ഖത്തറിലെ ഇന്ത്യൻ അംബാസിഡർ

**ഒമാൻ**

ചരിത്രത്തിലാദ്യമായി ഇന്ത്യ ഒരു വിദേശരാജ്യവുമായി കൈകോർത്ത് സംയുക്ത നിക്ഷേപനിധിക്ക് രൂപം നൽകിയത് സുൽത്താനേറ്റ് ഓഫ് ഒമാൻ എന്ന ഗൾഫ് രാജ്യവുമായിട്ടായിരുന്നു. **60 കൊല്ലം പിന്നിടുന്ന ഇന്ത്യ-ഒമാൻ നയതന്ത്രബന്ധത്തിന്റെയും നൂറ്റാണ്ടുകൾ പഴക്കമുള്ള സൗഹൃദത്തിന്റെയും നാഴികകല്ലുകൾ വളരെ വലുതാണ്. ഒമാൻ തൊഴിൽ മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം ആറ് ലക്ഷത്തോളം ഇന്ത്യക്കാർ ഒമാനിൽ ജീവിക്കുന്നുണ്ട്. ഒമാനിലെ ഏറ്റവും വലിയ പ്രവാസി സമൂഹവും ഇന്ത്യക്കാരാണ്. മികച്ച നയതന്ത്രബന്ധം കാത്തുസൂക്ഷിക്കുന്ന ഒമാനും ഇന്ത്യയും നിരവധി വാണിജ്യ, പ്രതിരോധ, തൊഴിൽ കരാറുകൾ നടപ്പിലാക്കിയിട്ടുണ്ട്.**

ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ മസ്കത്തിലെ ഇന്ത്യൻ എംബസി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈനുണ്ട്. ഇന്ത്യൻ കമ്യൂണിറ്റി വെൽഫയർ ഫണ്ടിലൂടെയും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇന്ത്യൻ പൗരൻമാർക്ക് അവരുടെ പരാതികൾ ബോധ്യപ്പെടുത്താനായി എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും ഓപൺ ഹൗസും ആഴ്ചയിൽ രണ്ടു തവണ ലീഗൽ കൗൺസിലിങ്ങും നടത്തുന്നുണ്ട്. മുനു മഹാവിരാണ് ഒമാനിലെ ഇന്ത്യൻ അംബാസിഡർ.

## കുവൈത്ത്

ഇന്ത്യയും കുവൈത്തും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഏറെ കാലങ്ങൾക്കു മുമ്പ് തന്നെ ഇന്ത്യയുമായി കുവൈത്തിന് വ്യാപാര കരാറുകളുണ്ടായിരുന്നു. തൊഴിൽ-കുടിയേറ്റ ബന്ധങ്ങളുടെ പുരോഗതിക്കായി ഇരുരാജ്യങ്ങളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എട്ടു ലക്ഷത്തിലധികം കുവൈത്തിലെ ഇന്ത്യൻ ജനതക്കാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കുവൈത്ത് സിറ്റിയിൽ ഇന്ത്യൻ എംബസി പ്രവർത്തിക്കുന്നു. കെ ജീവ സാഗറാണ് കുവൈത്തിലെ ഇന്ത്യൻ അംബാസിഡർ. 1961 ജൂണിൽ കുവൈത്തിന്റെ സ്വാതന്ത്ര്യത്തെത്തുടർന്ന്, ഇന്ത്യാ സർക്കാർ കുവൈത്തിൽ ഒരു ട്രേഡ് കമ്മീഷണറും അതിനുശേഷം ഒരു കോൺസൽ ജനറലും സ്ഥാപിച്ചു. പിന്നീട് 1962ലാണ് ഇത് എംബസിയായി ഉയർത്തിയത്. ഇന്ത്യക്കാരുടെ ക്ഷേമത്തിനും സാമൂഹിക വികസനത്തിനുമായി എംബസിക്കു കീഴിൽ വിവിധ പദ്ധതികളുണ്ട്. രാജ്യത്തു പ്രവർത്തിക്കുന്ന വിവിധ ഇന്ത്യൻ സംഘടനകളെ എംബസിക്കു കീഴിൽ ഒരുമിച്ചു ചേർക്കുന്നതിന് അഫിലിയേഷൻ സംവിധാനമുണ്ട്. 72 സംഘടനകളാണ് എംബസിയിൽ രജിസ്റ്റർ ചെയ്ത് കുവൈത്തിൽ പ്രവർത്തിക്കുന്നത്.

## സഊദി അറേബ്യ

നൂറ്റാണ്ടുകളുടെ ആദാനപ്രദാനമുള്ള രാജ്യമാണ് സഊദി അറേബ്യയും ഇന്ത്യയും. 1932ൽ ഔദ്യോഗികമായി രൂപം കൊണ്ട ആധുനിക സഊദി അറേബ്യയുമായി ഇടുറ്റ നയതന്ത്രബന്ധം കാത്തു

സൂക്ഷിക്കാൻ ഇന്ത്യ എപ്പോഴും ഔത്സുക്യം കാണിച്ചിരുന്നു. എഴുപതുകളുടെ രണ്ടാം പാദത്തോടെയാണ് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്ന് സഊദിയിലേക്ക് തൊഴിലാളികൾ ഒഴുകാൻ തുടങ്ങിയത്.

ഹജ്ജിനായി സഊദി അറേബ്യയിലെത്തിയ ഇന്ത്യൻ തീർഥാടകരുടെ കാര്യങ്ങൾക്കായി ജിദ്ദയിലെ ബ്രിട്ടീഷ് എംബസിയിൽ ഇന്ത്യയുടെ വൈസ് കോൺസൽഉണ്ടായിരുന്നു.ഇന്ത്യസ്വാതന്ത്ര്യമാകുന്നതിനുമുമ്പുള്ള കാലഘട്ടത്തിലാണ് ഇത് സ്ഥാപിതമാകുന്നത്. സഊദി അറേബ്യയിലെ ഇന്ത്യയുടെ നയതന്ത്ര സാന്നിധ്യത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് സ്വതന്ത്ര ഇന്ത്യയുടെ നയതന്ത്ര ദൗത്യം 1948 ൽ ജിദ്ദയിൽ ആരംഭിച്ചു, തുടക്കത്തിൽ കോൺസുലേറ്റായും പിന്നീട് കോൺസുലേറ്റ് ജനറലായും 1957ൽ ഒരു സമ്പൂർണ എംബസിയായും ഇന്ത്യയുടെ നയതന്ത്രകാര്യാലയം പ്രവർത്തനമാരംഭിച്ചു. അക്കാലത്ത്, നയതന്ത്ര ദൗത്യങ്ങൾ വിദേശകാര്യ ഓഫീസ് സ്ഥിതിചെയ്യുന്ന ജിദ്ദയിൽ മാത്രമായി ഒതുങ്ങിയിരുന്നു. പിന്നീട് ഇന്ത്യൻ എംബസി 1985ൽ റിയാദിലേക്ക് മാറി. അതിനുശേഷം മറ്റൊരു കോൺസുലേറ്റ് ജനറൽ ജിദ്ദയിൽ പ്രവർത്തനം ആരംഭിച്ചു. **ഹജ്ജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും ഏകോപിപ്പിക്കുന്നതും ജിദ്ദ കോൺസുലേറ്റാണ്. ഹജ്ജ് ചുമതലയുള്ള ഒരു കോൺസുൽ തന്നെ ഇവിടെയുണ്ട്. ഡോ. ഔസാഫ് സഈദ് സഊദിയിലെ ഇന്ത്യൻ അംബാസിഡർ. ഭൂവിസ്തൃതിയിൽ പരന്നു കിടക്കുന്ന സഊദിയുടെ പല ഭാഗങ്ങളിലും കോൺസുലേറ്റ് സൗകര്യമില്ലാത്തത് ഇന്ത്യക്കാരെ പ്രയാ**

സത്തിലാക്കുന്നു. ചില ഭാഗങ്ങളിൽ എംബസി പ്രതിനിധികൾ പ്രവർത്തിക്കുന്നുണ്ട്.

## ബഹ്റൈൻ

നാല് ലക്ഷത്തിലധികം വരുന്ന ഇന്ത്യൻ പ്രവാസിസമൂഹത്തിന്റെ ക്ഷേമകാര്യങ്ങൾക്കും പ്രശ്ന പരിഹാരങ്ങൾക്കുമായി എംബസി മുഖേനെ നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്. 1973 ജനുവരിയിലാണ് ബഹ്റൈനിൽ ഇന്ത്യൻ എംബസി ആരംഭിച്ചത്. ഇന്ത്യയും ബഹ്റൈൻ രാജ്യവും തമ്മിലുള്ള സൗഹൃദവും സൗഹൃദപരവുമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക, ഇരു രാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രീയ, സാമ്പത്തിക, വാണിജ്യ, സാമൂഹിക, സാംസ്കാരിക ബന്ധങ്ങൾ കൂടുതൽ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഇന്ത്യൻ സർക്കാരും ബഹ്റൈൻ രാജ്യവും തമ്മിലുള്ള ഒരു പ്രധാന പാലമായി വർത്തിക്കുക. കോൺസുലർ, പാസ്പോർട്ട്, വിസ സേവനങ്ങൾ നൽകുക, തൊഴിൽ തർക്കം പരിഹരിക്കുന്നതിന് സഹായം നൽകുക, മാസം തോറും നടത്തുന്ന ഓപ്പൺ ഹൗസുകൾ മുഖേനെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക,തുടങ്ങിയ പ്രവർത്തനങ്ങൾ എംബസി നടപ്പിലാക്കുന്നു. ബഹ്റൈൻ ഭരണകൂടവുമായി സഹകരിച്ച് നടപ്പിലാക്കിയ ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുടെ (എൽഎംആർഎ) തൊഴിൽ വിപണി പരിഷ്കാരങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. നിലവിൽ ബഹ്റൈൻ ഇന്ത്യൻ എംബസിയിൽ അംബാസിഡറില്ല ●

Contents

# നിങ്ങൾ സംതൃപ്തരാണോ ?

**സംതൃപ്തിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ. ഇല്ലാതാകുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതയാണ് സംതൃപ്തിയുടെ അനുഭവം ബോധ്യപ്പെടുത്തുക. കൂടുതൽ സംതൃപ്തരാകാനായി തയാറെടുക്കാം.**

അഹ്മദ് ഷെറീൻ



Contents

ഒരു അറേബ്യൻ ഗുണപാഠ കഥയുണ്ട്. ലോകത്തിന്റെ ആഗ്രഹങ്ങളിൽ നിന്നകന്ന് വിശുദ്ധിയുടെ പാതകൾ താണ്ടാൻ സഹായിക്കുന്ന ഒരു ആത്മീയ ഗുരുവിനെത്തേടി നടന്ന യുവാവിന്റെ കഥ. വർഷങ്ങൾ നീണ്ട അലച്ചിലിനൊടുവിൽ യുവാവ് ഒരാളെ കണ്ടെത്തി. മലയുടെ മുകളിലെ പർണശാലയിൽ സുസ്മേരവദനനായി കിടക്കുന്ന ഒരു സാത്വികൻ. തലയിൽ കൈവെച്ച് മലർന്ന് കിടന്ന് ഉറങ്ങുന്നു. ശാന്തമായ മുഖഭാവം. നീണ്ട വെളുത്ത താടിയും ശരീരം മറക്കാൻ മാത്രമുള്ള വസ്ത്രവും. തലഭാഗത്ത് വെള്ളം നിറച്ച ഒരുകൂജ വെച്ചിരിക്കുന്നു. ആളിതുതന്നെ, യുവാവ് ഉറപ്പിച്ചു. ഗുരുവിന്റെ ഉറക്കം ഉണരുന്നതും കാത്തിരിപ്പായി. അൽപസമയത്തിനകം ഗുരു ഉണർന്നു. ആവശ്യം അവതരിപ്പിച്ചു. ശിഷ്യപ്പെടണം. ഭൗതിക താത്പര്യങ്ങളിൽ നിന്നകന്ന് സമ്പൂർണ സംതൃപ്തിയുടെ പാതയിൽ പ്രവേശിക്കണം. ഗുരു മന്ദസ്മിതത്തോടെ മൊഴിഞ്ഞു; ഞാൻ തയാറാണ് പക്ഷേ എന്റെ ഗുരുവിന്റെ അനുവാദം വേണം. അദ്ദേഹം ഇന്ന സ്ഥലത്തുകാണും. നിങ്ങൾ പോയി അതു വാങ്ങിവരൂ. യുവാവ് യാത്രയായി പ്രതീക്ഷയോടെ.

യാത്രക്കൊടുവിൽ വന്ദ്യഗുരുവിനെ കണ്ടെത്തി, വിഷയം അവതരിപ്പിച്ചു. അദ്ദേഹം മറുപടി കൊടുത്തു: ആദ്യം എന്റെ ശിഷ്യനോട് പറയണം, ലോകത്തിനോടുള്ള ആഗ്രഹങ്ങൾ അവസാനിപ്പിക്കാൻ, ശേഷം ശിഷ്യൻമാരെ സ്വീകരിക്കാൻ. സന്ദേശവും ഏറ്റുവാങ്ങി യുവാവ് തിരിച്ചെത്തി ഗുരുവിനോട് അവതരിപ്പിച്ചു. ഗുരു സന്ദേശം കേട്ടയുടനെ പൊട്ടിക്കരഞ്ഞു. ഇന്നലെ ഉറങ്ങാൻ കിടന്നപ്പോൾ ഈ

കൂജ ആരെങ്കിലും കട്ടുകൊണ്ടു പോകുമോ എന്ന് ഞാൻ പേടിച്ചിരുന്നു. അതുകൂടി ദാനം ചെയ്തശേഷം ശിഷ്യനെ സ്വീകരിക്കാൻ തയാറായി. ഭൗതികതയുടെ അവസാന കണ്ണിയും അറ്റതോടുകൂടി സംതൃപ്തിയുടെ ശൃംഗം കയറാൻ സാത്വികൻ പ്രാപ്തനായി എന്നതാണ് കഥാസാരം.

ജീവിത വ്യവഹാരങ്ങളിൽ നാം പലതരത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. 'മനുഷ്യൻ തന്റെ ജീവിതനാടകത്തിൽ സമയാനുസരണം രംഗത്ത് വരുന്നു' എന്ന ഷേക്സ്പിയർ സൂചിപ്പിച്ച വിവിധ വേഷങ്ങൾ നാം ഓരോരുത്തരും കെട്ടിയാടുന്നുണ്ട്. കുടുംബകങ്ങളിൽ ഒരു ഭർത്താവായും പിതാവായും മകനായും. തൊഴിലിടങ്ങളിൽ സഹപ്രവർത്തകനും കീഴ്ജീവനക്കാരനും മേലധികാരിയും തൊഴിലുടമയായും. സഹപ്രവർത്തകനും സഹകാരിയുമായി പൊതു ഇടങ്ങളിലും നാം ഇടപെടുന്നു. അതിനാൽ ഈ സ്ഥലങ്ങളിലൊക്കെ ഉണ്ടാകുന്ന സംതൃപ്തി ജീവിത സംതൃപ്തിയുടെ ഭാഗമാകുന്നുണ്ട്. ഒരു സ്ഥലത്തെ അസംതൃപ്തി അടുത്ത സ്ഥലത്ത് സന്തോഷത്തെയും പ്രകടനത്തെയും ബാധിക്കുമെന്നതു കൂടി പരിശോധിച്ച് പരിഹരിക്കേണ്ടിവരുന്ന സാഹചര്യങ്ങളും നമുക്കുണ്ടാകാറുണ്ട്.

## സന്തോഷം അല്ല സംതൃപ്തി

സംതൃപ്തി ഒരു വികാരമല്ല, ഒരു അവസ്ഥയാണ്. സന്തോഷം ഒരു വികാരവും. **കഴിഞ്ഞുപോയ ജീവിതയാത്രയെ നോക്കിക്കാണുകയും നിലനിൽക്കുന്ന സാഹചര്യത്തോടുള്ള നമ്മുടെ പ്രതികര**

**ണവും കൂടി ഉൾപ്പെടുന്നതാണ് സംതൃപ്തി എന്ന് ഡച്ച്സാമൂഹിക ശാസ്ത്രജ്ഞനായ റൂട്ട് വാൺ ഹവൻ വിശദീകരിക്കുന്നുണ്ട്. നാം ഉദ്ദേശിച്ചതോ പ്രതീക്ഷിച്ചതോ അല്ലെങ്കിൽ അതിലും മികച്ചതോ നമുക്ക് കൈവരുമ്പോൾ ഉണ്ടാകുന്ന മാനസികമായ വികാരമാണ് സന്തോഷം.** ഒരുദാഹരണത്തിലൂടെ വിശദീകരിച്ചാൽ, നമുക്ക് ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്ന വികാരത്തെ സന്തോഷം എന്നും അതുകഴിഞ്ഞാൽ അതോർത്തുണ്ടാകുന്ന മാനസിക നിറവിനെ സംതൃപ്തി എന്നും ഉദാഹരിക്കാം. രണ്ടും ഒന്നല്ലെങ്കിലും പരസ്പര ബന്ധിതമാണ്. ഒരാളെ താത്കാലികമായി സന്തോഷിപ്പിക്കുക താരതമ്യേനെഎളുപ്പവും സംതൃപ്തിപ്പെടുത്തുക കുറച്ച് കടുപ്പവുമാണ് .

സംതൃപ്തി നേടിയെടുക്കുന്നതിൽ അടിസ്ഥാനപ്പെടുത്തുന്ന നിലവാരങ്ങളിൽ കേവല സന്തോഷത്തിനപ്പുറത്തേക്ക് ജീവിതത്തിൽ ഇതുവരെ നേടിയെടുത്ത കാര്യങ്ങൾ, പോസിറ്റിവ് മനോഭാവത്തിന്റെ സ്വാധീനം, വിശ്വാസ്യതയുള്ള സ്നേഹ ബന്ധങ്ങൾ, സുരക്ഷിതമായ ജീവിത സാഹചര്യങ്ങൾ തുടങ്ങിയവകൂടി ഉൾപ്പെടുന്നുണ്ട്. ആത്മീയമായ തലത്തിൽ പൂർണമായി ഇലാഹി സമർപ്പണത്തിലധിഷ്ഠിതമായി ഭൗതികേച്ഛയെ ജീവിതത്തിൽനിന്ന് ഒഴിവാക്കുന്നതിലൂടെയും സംതൃപ്തി കരസ്ഥമാക്കാമെന്ന് പണ്ഡിതൻമാർ പഠിപ്പിച്ചിട്ടുണ്ട്. സ്വർഗവാസികളെക്കുറിച്ച് പരാമർശിക്കുന്നിടത്ത് (മാഇദ 119) നാഥന്റെ അടുത്ത് സ്വീകാര്യമായ അടിമകളുടെ മേലുള്ള പരീക്ഷണങ്ങൾ നാഥൻ അവരോട് തൃപ്തിപ്പെടുകയും അവർ

നാഥന്റെ വിഷയത്തിൽ തൃപ്തിപ്പെടുകയും ചെയ്യുന്നതാണ് എന്നു കാണാം. ഇത്തരം പ്രയോഗങ്ങൾ നമുക്ക് പരിശുദ്ധ ഖുർആനിൽ പലയിടങ്ങളിലായി കാണാം.

മനഃശാസ്ത്ര പഠനങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതത്തിൽ സംതൃപ്തിയുള്ള വ്യക്തികൾ കൂടുതൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ആരോഗ്യകരമായ സാമൂഹിക ജീവിതത്തിനു തയാറാവുകയും ചെയ്യുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ പുരോഗതിക്കാവശ്യമായ ഇടപെടലുകളിൽ ഇവർ മികച്ചു നിൽക്കുന്നു. ഉയർന്ന ആരോഗ്യ നിലവാരവും ആയുർദൈർഘ്യവും കുറഞ്ഞ രോഗാതുരതയും സംതൃപ്ത സമൂഹത്തിന്റെ അടയാളങ്ങളാണ്. സംതൃപ്തമായ ഒരു സമൂഹം ഏതൊരു രാജ്യവും ആഗ്രഹിക്കുന്ന ഒരു സ്വപ്നമാണ്. അതുകൊണ്ടുതന്നെ വ്യക്തികളുടെയും സമൂഹത്തിന്റെയും സംതൃപ്തി ഒരു രാഷ്ട്രീയ സംഹിത കൂടിയാണ്.

## ലോക സന്തോഷ സൂചിക

ജീവിതനിലവാരം അളക്കുന്നതിനിന് ഹാപ്പിനസ് ഇൻഡക്സ് (സന്തോഷ സൂചിക) നടപ്പിലാക്കിയ രാജ്യങ്ങളുണ്ട്. ഫിൻലാൻഡാണ് ഒന്നാം സ്ഥാനത്ത്. ഡൻമാർക്ക്, നോർവെ എന്നിവരാണ് രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്. ഇന്ത്യയുടെ സ്ഥാനം 140. **ലോകത്ത് സന്തോഷസൂചിക ആദ്യമായി കൊണ്ടുവന്നത് താരതമ്യേന പിന്നാക്കവും ഇന്ത്യയുടെ അയൽ രാജ്യവുമായ ഭൂട്ടാനാണ്. 1980ൽ തന്നെ രാജ്യത്തെ സമ്പത്തിനു**

**പകരം രാജ്യത്തെ ജനങ്ങളുടെ സന്തോഷമാണ് പ്രധാനമെന്നും ഭൂട്ടാൻ ലോകത്തോട് വിളിച്ചു പറഞ്ഞിരുന്നു. അഥവാ ആഭ്യന്തര ഉത്പാദന സൂചിക അടിസ്ഥാനമാക്കി രാജ്യങ്ങളെ വംശീകരിക്കുന്നതിന് പകരം ഹാപ്പിനസ് അടിസ്ഥാനമാക്കിയായിരിക്കണം വികസിത രാജ്യങ്ങളുടെ വർഗീകരണം എന്ന് ഭൂട്ടാൻ രാജാവ് പറഞ്ഞുവെച്ചു.** മുപ്പത് വർഷങ്ങൾക്ക് ശേഷം 2012ലാണ് ലോകത്ത് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ഈ കണക്കെടുപ്പ് നടത്താനാരംഭിച്ചത്. ആറുകാര്യങ്ങളാണ് ഐക്യരാഷ്ട്രസഭ ഈ കണക്കിന് അടിസ്ഥാനപ്പെടുത്തുന്നത്. 2019ലെ സന്തോഷ സൂചികയിൽ ഏറ്റവും താഴെയുള്ള രാജ്യങ്ങൾ സൗത്ത് സുഡാൻ, അഫ്ഗാനിസ്ഥാൻ, റുവാണ്ട തുടങ്ങിയവയാണ്. യു എ ഇ യിൽ 2016മുതൽജനങ്ങളുടെ സന്തോഷ നിലവാരം വർധിപ്പിക്കാൻ പ്രത്യേക വകുപ്പു രൂപവത്കരിക്കുകയും അതിനു ചുമതലക്കാരെയും നിയോഗിച്ചിട്ടുണ്ട്.

സന്തോഷ സൂചിക കണ്ടെത്തുന്നതിന് അടിസ്ഥാനപ്പെടുത്തുന്ന മേഖലകൾ താഴെ പറയുന്നവയാണ് .

1. ശരാശരി വരുമാനം, 2. ശരാശരി ആയുർദൈർഘ്യം, 3. താങ്കൾക്ക് ആവശ്യമാണെങ്കിൽ സഹായം ലഭ്യമാണോ? 4. ജീവിതത്തിൽ മറ്റുള്ളവർക്ക്സഹായങ്ങൾ നൽകാൻ സാധിക്കുന്നുണ്ടോ? 5. ഔദ്യോഗിക, സ്വകാര്യ സംവിധാനങ്ങൾ അഴിമതി രഹിതമാണോ?

## സന്തോഷത്തിന്റെ ബയോളജി

ശാരീരികവും മാനസികവുമായി സംഘർഷ രഹിത ജീവിതം പുലർത്തുന്നതിന് ശരീരത്തിന് പൊടിക്കൈകളുണ്ട്. ഹാപ്പിനസ് ഹോർമോണുകൾ എന്ന് പൊതുവെ പറയാം. ഡോപ്പൊമിൻ, മൈലോണിൻ, ഓക്സിറ്റോസിൻ, എന്റോർഫിൻ എന്നിവയാണ് പ്രധാനമായും ഇവ. ശരിയായ അളവിൽ ശരീരത്തിൽ സാന്നിധ്യമുണ്ടാകുന്നത് സന്തോഷവും ആനന്ദവും ഉണ്ടാകാൻ സാധിക്കും. ഇവയുടെ സാന്നിധ്യം ശാരീരികമായ മികവുകളും നൽകും. ഉദാഹരണത്തിന്, വേദന ലഘൂകരിക്കുക, ഹൃദയാരോഗ്യം വർധിപ്പിക്കാനായി ധമനികളുടെ പ്രവർത്തനക്ഷമത കൂട്ടുക. രക്തസമ്മർദം കുറക്കുക തുടങ്ങിയ അതിപ്രധാനമായ ആരോഗ്യസഹായക പ്രവർത്തനങ്ങൾ ഇവയിൽ നിന്ന് ലഭിക്കുന്നതാണ്.

റെസ്പ്രോയ്ക്കൽ ഹോർമോണുകളാണ് ഇവ. അതായത് സന്തോഷം തോന്നുമ്പോൾ ഈ ഹോർമോണുകൾ ഉത്പാതിപ്പിക്കപ്പെടുകയും ഇവയുടെ സാന്നിധ്യം ശരീരത്തിന്റെ സാനിധ്യം സന്തോഷത്തെ ഉണ്ടാക്കുകയും ശരീരത്തെ ഉത്തേജിപ്പിക്കുകയും ചെയ്യും. ഹോർമോണുകൾ ഉണ്ടാകുന്നതിനും ഉയർന്ന അളവിൽ നില നിർത്തുന്നതിനുമായ ചില ശീലങ്ങൾ ശാസ്ത്രജ്ഞൻമാർ നിർദേശിക്കാറുണ്ട്.

1. പ്രകൃതിയെ ആസ്വദിച്ചുള്ള നടത്തം, കടലും മരങ്ങളും ഇതര പ്രകൃതിഭംഗികളും ആസ്വദിച്ച് ഇളംവെയിലിൽ നടക്കുക എന്നിവ. ശരീരത്തിനാവശ്യമായ ഹോർമോണുകൾ ഉത്പാദിപ്പിക്കപ്പെടും.

2. ഇഷ്ടമുള്ള ഭക്ഷണം കൂടിയിരുന്ന് കഴിക്കുക. മനസിന് താത്പര്യമുള്ള സ്നേഹ ജനങ്ങളുടെ കൂടെ കൂടുതൽ സമയം ചെലവഴിക്കുന്നതും ഭക്ഷണം ആസ്വദിച്ചുകഴിക്കുന്നതും മാനസിക ഉല്ലാസത്തെ കൂടുതൽ ഉണർത്തുന്നു.

3. ശരീരത്തിന് ആവശ്യമായ ഉറക്കവും സന്തോഷം നിലനിർത്താൻ ആവശ്യമാണ്. ഉറക്കത്തിന്റെ ഇടയിൽ വെളിച്ചം, ശബ്ദം തുടങ്ങിയ തടസങ്ങളിൽ നിന്ന് ഒഴിവായി ഗാഢമായ നിദ്ര ലഭിക്കുന്നത് ശരീരത്തിന്റെയും മനസിന്റെയും ആരോഗ്യത്തെ സഹായിക്കുന്നു.

4. മനംനിറഞ്ഞ പ്രാർഥന. സർവവും സംരക്ഷകനായ സ്രഷ്ടാവിലേക്ക് തിരിച്ച് പ്രാർഥിക്കുന്നതും ധ്യാനങ്ങൾപോലെയുള്ള പ്രവർത്തനങ്ങളും മനോനിലവാരത്തെ ഉയർത്തും. പ്രവാചകർ മുനാജാത്ത് (അഭിമുഖ സംഭാഷണം) എന്ന് തന്നെയാണ് നിസ്കാരത്തിന് പേര് നൽകിയത്.

## നേട്ടങ്ങളിൽ സംതൃപ്തി

ഭൗതികമായ നേട്ടങ്ങൾ സന്തോഷം നൽകും. ഈ ബോധ്യത്തിൽ അധ്വാനിക്കുകയും നേട്ടങ്ങളിലൂടെ സംതൃപ്തി കണ്ടെത്താൻ പരിശ്രമിക്കുകയുംചെയ്യുന്നവരാണ് നമ്മിൽ അധികവും. ഭൗതികനേട്ടങ്ങൾ സന്തോഷങ്ങൾ നൽകും എന്നത് യാഥാർഥ്യമാണ്, പക്ഷേ അവയുടെ കാലയളവ് തുലോം ശുഷ്കിച്ചതാവാം, അവിടെയാണ് ഖനാഅത്തിന്റെ പ്രസക്തി പ്രകടമാകേണ്ടത്.

ഇതൊരു രാജാവിന്റെ കഥയാണ്; ഒരു നാട്ടുരാജ്യത്തെ യുവരാജാവായിരുന്നു അദ്ദേഹം. ഒരു വലിയ പ്രദേശത്ത് പർവത നിരയുടെ താഴ്വാര

ത്തുള്ള ഒരുപാട് നാട്ടുരാജ്യങ്ങളിൽ ഒന്ന്. ആ രാജ്യങ്ങളെയൊക്കെ പിടിച്ചടക്കി ചക്രവർത്തിയാവുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. വർഷങ്ങൾ നീണ്ട പരിശ്രമത്തിനൊടുവിൽ താഴ്‌വാരത്തെ മുഴുവൻ രാജകുടുംബങ്ങളെയും കീഴടക്കി അദ്ദേഹം ആ നാടിന്റെ ചക്രവർത്തിയായി മാറി. വിജയങ്ങൾ പൂർത്തീകരിച്ച ദിവസം ആ മലയുടെ ഉന്നതിയിൽനിന്ന് അദ്ദേഹം സംതൃപ്തിയോടെ താഴെയുള്ള കാഴ്ചകൾ കണ്ടു. തനിക്ക് വഴങ്ങി നിൽക്കുന്ന എന്റെ അധികാര പരിധിയിൽപെട്ട മുഴുവൻ രാജ്യങ്ങളിലെയും വെളിച്ചം കണ്ട് അദ്ദേഹം സന്തോഷത്തോടെ കിടന്നുറങ്ങി. പിറ്റേന്നു രാവിലെ സൂര്യനുദിച്ചപ്പോൾ അദ്ദേഹം കണ്ട കാഴ്ച ആ മലയുടെ ഉച്ചിയിൽനിന്ന് പുറകിലേക്ക് നോക്കിയാൽ കാണുന്ന വലിയൊരു ലോകവും അതിന്റെ അവസാനമായി നിൽക്കുന്ന ചക്രവാളവുമാണ്. ആ സാമ്രാജ്യങ്ങളിലൊന്നിലും എന്റെ അധികാരപരിധിയിൽ ഇല്ല എന്നറിയുന്നതോടുകൂടി ആ രാജാവിന്റെ സംതൃപ്തി വീണ്ടും നഷ്ടപ്പെടുന്നു.

## കുടുംബത്തിൽ

കൂടുമ്പോൾ ഇമ്പമുള്ളതാണ് എന്നാണ് കുടുംബം എന്ന് നാം പറയാറുണ്ട്. **പരസ്പരം സ്നേഹസൗമ്യമായ പെരുമാറ്റങ്ങൾ നിലനിർത്തുകയും പരസ്പര ബഹുമാനം മുൻനിർത്തിക്കൊണ്ട് ഇടപെടലുകളും ഉണ്ടാക്കുക എന്നുള്ളതാണ് കുടുംബ ജീവിതത്തിലെ സംതൃപ്തിയുടെ വഴി. തനിച്ചല്ല എന്ന തോന്നലാണ് കുടുംബ സൃഷ്ടിപ്പിന്റെ ആധാരം.** തളർച്ചയിലും ക്ഷീണത്തിലും ചാ

യാൻ ചുമലുകൾ ഉറപ്പുതരുന്ന വ്യവസ്ഥിതിയെ കുടുംബം സൃഷ്ടിക്കുന്ന കൊറോണക്കാലത്തെ സ്വയംപര്യാപ്തതയുടെ ഏറ്റവും ചെറിയ യൂനിറ്റായി മാറിയതും ഈ കുടുംബ സങ്കൽപങ്ങളാണ്. കുടുംബത്തിന്റെ അടിസ്ഥാന ഘടകമാണ് ഭാര്യഭർതൃബന്ധം.പരസ്പരംഉടുവസ്ത്രമാണെന്ന്ഖുർആൻ വിശദീകരിച്ച ഇണകളാണവർ. സ്നേഹവും ഇഴയടുപ്പവും നിലനിർത്താനുള്ള രീതികൾ നിർബന്ധപൂർവം കൊണ്ടുവരേണ്ടതുണ്ട്. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതും വിശേഷ ദിവസങ്ങളിൽ മധുരം പങ്കിടുന്നതും തുറന്നുള്ള സംസാരങ്ങളും തമാശകൾ പറയുന്നതും ആസ്വദിക്കുന്നതുമൊക്കെ വീടകങ്ങളിൽ സന്തോഷം നിലനിർത്താൻ കാരണമാകും.കുടുംബംഎന്നരീതിയിലുള്ളസംവേദനങ്ങൾ പലപ്പോഴും സംഭവിക്കുന്ന ഒരു അബദ്ധം അതിനെ നിർവചനത്തിൽ ഭാര്യയും ഭർത്താവും കുട്ടികളും മാത്രം ഉൾപ്പെടുന്ന, ന്യൂക്ലിയർ ഫാമിലിയിലേക്ക് ചുരുങ്ങുന്നു എന്നതാണ്. യഥാർഥത്തിൽ നാം മകനും ഭാര്യയുമാകുന്നതു പോലെ തന്നെ മരുമകനും അമ്മാവനും നാത്തൂനും പേരക്കുട്ടിയും ഒക്കകൂടിയാണ്. വിശാലമായ ഈ കുടുംബവ്യവസ്ഥയിലെ സന്തോഷ നിമിഷങ്ങളും, കൂടി പിരിയലുകളുമൊക്കെ ആത്മസംതൃപ്തിക്ക് നിറം നൽകുന്നുണ്ട്. ആധുനിക കാലത്ത് തറവാട്ടിലെ താമസവും തറവാട്ടിലെ നേർച്ചയും ഇല്ലാതാവുകയും പകരം തറവാട് ഗ്രൂപ്പുകളും കുടുംബ സംഗമങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കുന്നത് മനുഷ്യന്റെ ഈ പരസ്പര തണൽ തേടലിലുള്ള അഭിവാഞ്ഛയാണ്.

## കിടപ്പറകളിൽ

മനുഷ്യജീവിതത്തിലെ സംതൃപ്തിയുടെ ഒരു സൂത്രവിദ്യയാണ് ഇണകൾ തമ്മിലുള്ള ആകർഷണം. കുടുംബത്തിലും ദാമ്പത്യത്തിലുമെല്ലാം ഇത് നിർണായകമാകുന്നു. പരസ്പരം തൃപ്തിപ്പെടുകയും പെടുത്തുകയും ചെയ്യുന്നത് ലോകം നിലനിൽക്കാൻ തന്നെ കാരണമായിത്തീരുന്നു. കുടുംബജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും സന്തോഷം നിർണയിക്കുന്നതിൽ കിടപ്പറകൾക്കും അവിടെ ഇണചേരുന്നതിനും സംതൃപ്തിയടയുന്നതിനും വലിയ പങ്കുണ്ട്. കിടപ്പറകളിലെ അസംതൃപ്തി കുടുംബകം അസ്വസ്ഥമാക്കുന്നതു മാത്രമല്ല, സ്ത്രീയുടെയും പുരുഷന്റെയും ജീവതം കുത്തഴിയുകയും പലപ്പോഴും അപഥസഞ്ചാരങ്ങൾക്കിടയാക്കുകയും ചെയ്യും. ഇവിടെ സ്വയം സംതൃപ്തിയടയുകയും അനുഭവിക്കുകയും മാത്രമല്ല, ഇണയുടെ സംതൃപ്തികൂടി പരിഗണിക്കുകുയം അനുഭവിപ്പിക്കുകയും വേണ്ടതുണ്ട്. എങ്കിൽ മാത്രമേ കിടപ്പറ സൗഹൃദപൂർണമാകൂ.

## തൊഴിലിൽ

മനുഷ്യൻ ഭൂമിയിൽ കൃഷി ചെയ്ത് അതിൽ നിന്ന് ലഭിക്കുന്ന വിളവുകളുപയോഗിച്ച് ജീവൻ നിലനിർത്തിയിരുന്ന കാലത്തുനിന്ന് നാം ഒരുപാട് മുന്നോട്ട് പോയി. ആധുനിക ശാസ്ത്ര സാങ്കേതിക വളർച്ച തൊഴിലിടങ്ങൾ കൂടുതൽ സങ്കീർണമാകാൻ കാരണമായി. തൊഴിൽ സംതൃപ്തിയുടെ ഏറ്റവും നല്ലവഴി, നമുക്ക് ചെയ്യാൻ ഇഷ്ടമുള്ളത് ജോലിയായി സ്വീകരിക്കുക എന്നതാണ്. ആസ്വാദനം നിറഞ്ഞ ജീവിത തൊഴിൽ തുലനങ്ങൾ(Work

life balance)ഇതിലൂടെ സാധ്യമാകും. പക്ഷേ അപൂർവം ചില ആളുകൾക്ക് മാത്രം സാധിക്കുന്ന ഒന്നാണിത്. കാരണങ്ങൾ പലതാവാം.

അടുത്ത ഓപ്ഷൻ, ചെയ്യുന്ന ജോലിയെ സ്നേഹിക്കുക എന്നാണ്. If you cannot get the job you love, start loving the job you do എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. മാനുഷികമായ ഇടപെടലുകൾ അസംതൃപ്തി സൃഷ്ടിക്കുന്ന മേഖല കൂടിയാണ്. സംഘർഷം നൽകുന്ന മേലധികാരിയും അസൂയയും കുശുമ്പും നിറഞ്ഞ സഹപ്രവർത്തകരും പരസ്പരം ഏറ്റുമുട്ടുന്ന തൊഴിലാളികളും ഉണ്ടാവുന്ന ഒരു സാഹചര്യം സംതൃപ്തിക്ക് വലിയ വെല്ലുവിളിയാണ്. തൊഴിൽ എട്ടു മണിക്കൂർ മാത്രമായി കണക്കാക്കുന്നതിനപ്പുറത്തേക്ക് ആ സംഘർഷങ്ങൾ നമ്മുടെ കുടുംബ ജീവിതത്തിന്റെയും വ്യക്തി ജീവിതത്തിന്റെയും ഭാഗമായി മാറുന്നതിനുള്ള സാധ്യതകൾ കൂടുതലാണ്.സൗകര്യങ്ങൾ കുറഞ്ഞവരോട് താരതമ്യം ചെയ്തും മനസിന്റെയുള്ളിൽ തൊഴിലിടവും കുടുംബകവും തമ്മിൽ മതിലുകൾ കെട്ടി വേർതിരിച്ചുമായിരിക്കണം ഇതിനെ നേരിടേണ്ടത്. സംതൃപ്തരായ ഉപഭോക്താക്കൾക്കൊപ്പം സംതൃപ്തരായ തൊഴിലാളികളും കൂടി സ്ഥാപനത്തിന്റെ നിലനിൽപ്പിനാവശ്യമാണെന്ന് സ്ഥാപന മേധാവികൾ ഉൾകൊള്ളേണ്ടതുമുണ്ട്.

## വിലക്കെടുക്കാവുന്നവ

ജീവിത സംപ്തൃപ്തിയുടെ അളവുകൾ ഭൗതിക സൗകര്യങ്ങളുമായി ബന്ധമുണ്ട്. നല്ല വാഹനവും നല്ല ഭക്ഷണവു നല്ല സൗകര്യങ്ങളും സംതൃപ്തി

ഉണ്ടാക്കും എന്നാണ് പൊതുധാരണ. പലപ്പോഴും ഇതിനപ്പുറത്തേക്കാണ് സംതൃപ്തിയുടെ രഹസ്യം. ഓരോന്നു ലഭിക്കുമ്പോഴും അതിനുമേലെയുള്ളത് സ്വന്തമാക്കാൻ മനസ് ആഗ്രഹിച്ചുകൊണ്ടിരിക്കും എന്നത് സംതൃപ്തിയുടെ പരിധിരാഹിത്യം ബോധ്യപ്പെടുത്തുന്നു. **താത്പര്യവും സന്തോഷവും നൽകുന്ന സാഹചര്യങ്ങൾ 100% ഉണ്ടാകാൻ ഒരിക്കലും സാധിക്കുകയില്ല. അതുകൊണ്ടു തന്നെ ഒരാളുടെ ജീവിതത്തിലെ എല്ലാ ആഗ്രഹങ്ങളുംകൂടി സാധിച്ച് സംതൃപ്തി കൈവരിക്കുക എന്നത് അപ്രാപ്യമാണ്. ഏതൊക്കെയാണ് സാധ്യമാവുന്നത് എന്ന് തിരിച്ചറിയുകയും അതിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുകയും ചെയ്യുകയാണ് സംതൃപ്തി വളർത്താനുള്ള വഴി.**

## അംഗീകാരങ്ങൾ

അംഗീകാരവും പ്രശസ്തിയും ആഗ്രഹിക്കുന്നവരാണ് മനുഷ്യൻ. ആൾക്കൂട്ടത്തിൽ ഒരാളാകുന്നതിനപ്പുറത്തേക്ക് വ്യതിരിക്തമാവുകയും അംഗീകരിക്കപ്പെടുകയും തിരിച്ചറിയപ്പെടുകയും ചെയ്യുന്നത് നാം ഇഷ്ടപ്പെടുന്നു. കല്യാണ ആൽബങ്ങളിൽ നാം നമ്മെ തന്നെ തിരയുന്നത് അതുകൊണ്ടാണ്. സാമൂഹിക ഇടങ്ങളിലോ, രാഷ്ട്രീയ, സംഘടന സംവിധാനങ്ങളിലോ, ആത്മീയ രംഗത്തോ അംഗീകാരവും പരിഗണനകളും കിട്ടുന്നത് സംതൃപ്തി നൽകുന്ന കാര്യങ്ങളാണ്. ജനങ്ങൾക്ക് അവർ അർഹിക്കുന്ന സ്ഥാനങ്ങൾ നൽകാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു എന്ന പ്രവാചക വചനം ഈ പരിഗണനയുടെ ഗൗരവം ബോധ്യപെടുത്താ

നുതകുന്നതാണ്. അതേസമയം ഈ ഫെയിമു കൾ ഉണ്ടാക്കുന്ന ഉത്തരവാദിത്വങ്ങൾ നന്നായി മനസിലാക്കുകയും കണക്കിലെടുക്കുകയും ചെയ്യണം. ചിലപ്പോഴെങ്കിലും എല്ലാ അലങ്കാരങ്ങളും ചമയങ്ങളും അഴിച്ചുവച്ച് സ്വന്തത്തിലേക്ക് നോക്കിയിരിക്കാനുള്ള സമയങ്ങളും തിരിച്ചറിവുകളും കണ്ടെത്തണം. അതാണ് ആത്മജ്ഞാനികളുടേയും അഗ്രേസരരായ മഹത്തുക്കളുടെയുംവഴി. ഉയരത്തിൽനിന്നുള്ള വീഴ്ചകൾക്ക് ആഘാതം കൂടും എന്ന തിരിച്ചറിവ് അനിവാര്യമാണ്.

## ഖനാഅത്ത്

പരിശുദ്ധ ഇസ്‌ലാം സംതൃപ്തിയുടെ വഴിയിലേക്ക് തുറന്ന ഏറ്റവും വലിയ വാതിൽ ഖനാഅത്താണ്. ഭൗതികമായ വിഭവങ്ങളിൽ നമുക്ക് ലഭിച്ചത് കൊണ്ട് തൃപ്തിപ്പെടുകയും അത് കൊണ്ട് മതിയാവുകയും ചെയ്യുക എന്നതാണ് ഇതിന്റെ ആശയം, സംതൃപ്തരുടെ രാജപാതയായാണ് ഖാനാഅത്തിന്റെ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ലഭിച്ച അനുഗ്രഹങ്ങളെ നമ്മുടെ താഴേക്കിടയിലുള്ളവരിലേക്ക് തട്ടിച്ചു നോക്കി സന്തോഷം കണ്ടെത്തുകയും ലഭിച്ചതിനു നന്ദി ചെയ്യാനായി രക്ഷിതാവിലേക്ക് കൈകൾഉയർത്തുകയുംചെയുന്നഒരുഅടിമ,അവനോളം സന്തോഷം കണ്ടെത്തുന്ന ആരും ഉണ്ടാവില്ല എന്നതാണ് വാസ്തവം. അതിമോഹങ്ങളെയും അത്യാഗ്രഹങ്ങളെയും എതിർത്തു തോൽപിക്കാനും അതിലൂടെ അസംതൃപ്തിയെ പടിക്ക് പുറത്തു നിർത്താനും സാധിക്കണം ●

Contents

# ഓൺലൈനാക്കാൻ കഴിയാത്ത ക്ലാസുകൾ

**ഓൺലൈൻ ക്ലാസുകളിലേക്ക് മാറുന്നതോടെ വിദ്യാർഥികൾക്ക് അന്യമാകുന്ന സാമൂഹ്യാനുഭവങ്ങള സംബന്ധിച്ച്**

റഹീം പൊന്നാട്
raheemponnad@gmail.com



ലോകം കൊറോണക്ക് മുമ്പ്, ശേഷം എന്നിങ്ങനെ രണ്ടായി തിരിയുകയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ കുഞ്ഞൻ വൈറസ് അടിമുടി മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. കുടുംബം, തൊഴിൽ, യാത്ര, ബിസിനസ്, കച്ചവടം, മതം, രാഷ്ട്രീയം, ഭരണം, ആരോഗ്യം തുടങ്ങി എല്ലാ രംഗങ്ങളിലും കോവിഡ് വളരെ വലിയ മാറ്റങ്ങൾ

Contents

ഉണ്ടാക്കിക്കഴിഞ്ഞു. ഏതു പ്രതിസന്ധിക്കും പരിഹാരമേകുന്ന തരത്തിലേക്ക് സാങ്കേതികവിദ്യകൾ വളർന്നതുകൊണ്ട് മാത്രം ഈ മഹാമാരിക്കാലത്തും മനുഷ്യസമൂഹം പിടിച്ചുനിൽക്കുന്നു എന്നതാണ് വസ്തുത. ഇന്റർനെറ്റും ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സുമൊക്കെ ഇനി നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറും.

മറ്റെല്ലാ രംഗത്തുമെന്നപോലെ പോലെ വിദ്യാഭ്യാസരംഗത്തും കോവിഡ് വലിയ ചലനങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായത് ഓൺലൈൻ ക്ലാസുകളിലേക്കുള്ള മാറ്റമാണ്. ലോക്ഡൗണാവുകയും പൊതു ഗതാഗതം നിലക്കുകയും ചെയ്തതോടെ രാജ്യത്തെമ്പാടും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാർച്ച് അവസാനത്തോടെ പൂർണമായും അടഞ്ഞു. ഉന്നത വിദ്യഭ്യാസ രംഗത്തെ  മുൻനിര സ്ഥാപനങ്ങളൊക്കെ അന്നു മുതൽ തന്നെ ഓൺലൈൻ ക്ലാസുകളുടെ സാധ്യത ഉപയോഗപ്പെടുത്തിത്തുടങ്ങി. ലോക്ഡൗൺ നീണ്ടതോടെ മറ്റു സ്ഥാപനങ്ങളും ആ വഴി ചിന്തിച്ചു. അടുത്തൊന്നും സാധാരണ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാനാവില്ല എന്ന സ്ഥിതി വന്നതോടെ ഇപ്പോൾ സ്കൂളുകളടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓൺലൈൻ ക്ലാസുകൾക്ക് പുറകെയാണ്. സർക്കാരും സർവകലാശാലകളും യുജിസി പോലുള്ള സ്ഥാപനങ്ങളും ഓൺലൈൻ വിദ്യാഭ്യാസം ഒരു നയമായി ഏറ്റെടുത്ത് നടപ്പാക്കാൻ നിർദേശിക്കുകയും ചെയ്യുന്നു.

## ഓൺലൈൻ ക്ലാസുകൾ

വർക്ക് ഫ്രം ഹോം എന്ന് പറയുന്നതുപോലെ സ്റ്റഡി ഫ്രം ഹോം എന്നതാണ് ഓൺലൈൻ ക്ലാസുകളുടെ രീതി. വീട്ടിൽ തന്നെയാവണമെന്നില്ല, ഒരു സ്മാർട്ട് ഡിവൈസും കണക്ടിവിറ്റിയുമുണ്ടെങ്കിൽ ആർക്കും എവിടെ നിന്നും പഠിക്കാം എന്നതാണ് ഇതിന്റെ മേന്മയും സൗകര്യവും. നേരത്തെ തന്നെ വിദ്യാഭ്യാസ രംഗത്ത് ടെക്നോളജി വലിയ രൂപത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. സ്മാർട്ട് ക്ലാസുകളും ഡിജിറ്റൽ ലൈബ്രറികളുമൊക്കെ നമ്മുടെ നാട്ടിലും വ്യാപകമാണ്. പക്ഷേ ഇതിലേറെയും വിദ്യാർഥികളും അധ്യാപകരും ഒരു ക്ലാസ്റൂമിലോ ഹാളിലോ ചേർന്നിരുന്നുകൊണ്ടുള്ള പഠനരീതിയായിരുന്നു. സാങ്കേതികവിദ്യ അവിടെയൊരു സഹായകം മാത്രമായിരുന്നു. എന്നാൽ അധ്യാപകരും വിദ്യാർഥികളും ഒരേ ഫിസിക്കൽ സ്പെയ്സിൽ ഉണ്ടാവണമെന്നില്ല എന്നതാണ് ഓൺലൈൻ ക്ലാസുകൾ കൊണ്ടുവന്ന വിപ്ലവകരമായ മാറ്റം. സമയത്തിന്റെയും സ്ഥലത്തിന്റെയും പരിമിതികളില്ലാതെ ഉപയോഗിക്കാമെന്നതും ഇതിന്റെ മേന്മയാണ്. വാട്സാപ്പിലെയോ ഇതര സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിലേയോ ഗ്രൂപ്പുകൾ മുതൽ Zoom, Google Class Room, Google Meet, Microsoft Team, Webix തുടങ്ങിയ ഓൺലൈൻ ക്ലാസുകൾക്ക് മാത്രമായുള്ള ഉള്ള പ്ലാറ്റ്ഫോമുകൾ വരെ ഇതിനായി ഉപയോഗിക്കുന്നുണ്ട്.

വിവിധ ഇടങ്ങളിൽ ഉള്ള അധ്യാപകർക്കും കുട്ടികൾക്കും പരസ്പരം കാണാനും കേൾക്കാനും സംശയങ്ങൾ ദൂരീകരിക്കാനും ഒക്കെ സൗകര്യമുള്ളതാണ് പുതിയ ഓൺലൈൻ ക്ലാസ് പ്ലാറ്റ്ഫോമു

കൾ. ക്ലാസുകൾ റെക്കോർഡ് ചെയ്തു അതു പിന്നീട് കേൾക്കാനും സൗകര്യമുണ്ട്. മൾട്ടിമീഡിയയുടെ സൗകര്യങ്ങൾ, ലബോറട്ടറി പരീക്ഷണങ്ങളും മറ്റും അനുകരിക്കാനുള്ള (Simulation) സൗകര്യം, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും വേർചൽ റിയാലിറ്റിയുടെയും ഓഗ്മെന്റഡ് റിയാലിറ്റിയുടെയും സാധ്യതകൾ ഉപയോഗപ്പെടുത്താം എന്നു തുടങ്ങി അനേകം മേന്മകളുണ്ട് ഓൺലൈൻ ക്ലാസുകൾക്ക്. ക്ലാസുകൾ കൂടുതൽ ആകർഷകമാക്കാനും വിദ്യാർഥികളുടെ പങ്കാളിത്തമുറപ്പാക്കാനുമൊക്കെ ഓൺലൈൻ ക്ലാസുകളിൽ എളുപ്പമാണ്. ക്ലാസുകൾ മോണിറ്റർ ചെയ്യാനും പരീക്ഷകൾ നടത്താനുമൊക്കെ എളുപ്പമാണെന്നതും ഓൺലൈൻ ക്ലാസുകളുടെ സ്വീകാര്യത വർധിപ്പിക്കുന്നു.

## ക്ലാസുകൾക്ക് പകരമാകുമോ ഓൺലൈൻ ക്ലാസുകൾ

കൊറോണയുടെ പേര് പറഞ്ഞു ക്ലാസുകൾ എല്ലാം ഓൺലൈനിലേക്ക് മാറ്റാനുള്ള ശ്രമങ്ങളിൽ വലിയ അപകടങ്ങളുണ്ട്. വിദ്യാലയങ്ങളെ/കാംപസുകളെ ഒരിക്കലും സാങ്കേതികവിദ്യ കൊണ്ട് പകരം വെക്കാനാകില്ല. **സ്കൂൾ/കോളേജ് എന്നത് സിലബസിലുള്ള കാര്യങ്ങൾ പഠിക്കാനും പരീക്ഷയെഴുതി ജയിക്കാനുമുള്ള ഒരിടം മാത്രമല്ല. കുടുംബം കഴിഞ്ഞാൽ സാമൂഹീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയാണ് വിദ്യാലയം. ഇന്നത്തെ കുട്ടികളിൽ പലരും രക്ഷിതാക്കളോടും വീട്ടുകാരോടും ഇടപഴകുന്നതിനേക്കാളേറെ സ്കൂളിനോടും സഹപാഠികളോടും ഇടപഴകുന്നവരായിരിക്കും.** അതുകൊണ്ടുതന്നെ

കുട്ടികളുടെ വ്യക്തിത്വം വളർത്തുന്നതിലും മൂല്യ ബോധം രൂപപ്പെടുത്തുന്നതിലും വിദ്യാലയങ്ങൾ വലിയ പങ്കുവഹിക്കുന്നു.

അറിവുകളെക്കാൾ അനുഭവങ്ങളുടെ ഒരിടം കൂടിയാണ് വിദ്യാലയങ്ങൾ. അധ്യാപകർ, സഹപാഠികൾ, ഇതര ക്ലാസിലെ കുട്ടികൾ, അനധ്യാപകർ തുടങ്ങി അനേകംപേരോട് സ്കൂളിനകത്തും, ബസ് ഡ്രൈവർ, സഹയാത്രികർ, മിഠായിക്കച്ചവടക്കാർ, ബുക്സ്റ്റാളുകാർ തുടങ്ങി പലരോടും സ്കൂളിന് പുറത്തും ഇടപെടുന്നതിലൂടെ കുട്ടികൾ വലിയ പാഠങ്ങളാണ് പഠിക്കുന്നത്. അധ്യാപകരുടെ സ്നേഹവും തലോടലും വഴക്കും ശാസനയും ശിക്ഷയുമൊക്കെ ആ അനുഭവങ്ങളുടെ ഭാഗമാണ്. അടിയും വഴക്കും കളിയും കബഡിയുമൊക്കെ വിദ്യാഭ്യാസത്തിലൂടെ കിട്ടുന്ന പരിശീലനങ്ങളാണ്. തുണ്ടെഴുതുന്നതും ബോർഡിൽ ചിത്രങ്ങൾ വരക്കുന്നതും ഡെസ്കിൽ കവിത കോറിയിടുന്നതുമൊക്കെ വിദ്യാഭ്യാസത്തിന്റെ ഭാഗം തന്നെയാണ്. ഓട്ടവും ചാട്ടവും, പാട്ടും നൃത്തവും, വരയും എഴുത്തും സാമൂഹികസേവനവും സന്നദ്ധ പ്രവർത്തനവുമൊക്കെ പാഠ്യപദ്ധതിയുടെ ഭാഗമാണ്. ക്ലബ്ബുകളും എൻഎസ്എസ്, എൻസിസി തുടങ്ങിയവയൊക്കെയായി സ്കൂളിന്റെ മതിൽക്കെട്ടിനു പുറത്തേക്ക് കൂടി വ്യാപിക്കുന്നതാണ് വിദ്യാഭ്യാസം. അതുകൊണ്ട് തന്നെയാണ് നമ്മളൊക്കെ സ്കൂളിൽ പഠിച്ച കണക്കിനെക്കാളും ബയോളജിയെക്കാളുമൊക്കെ അത്തരം കാര്യങ്ങൾ ഇന്നും ഓർത്തിരിക്കുന്നത്.

ഈ അനുഭവങ്ങളൊന്നും ലഭിക്കില്ല എന്നതാണ് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ

പരിമിതി. അതുകൊണ്ടുതന്നെ അതിന് കുറേ മസ്തിഷ്കങ്ങളെ മാത്രമേ സൃഷ്ടിക്കാനാവൂ, മനുഷ്യരെ ഉണ്ടാക്കാൻ കഴിയില്ല. അറിവു മാത്രമല്ല, അച്ചടക്കവും പെരുമാറ്റരീതികളും മൂല്യങ്ങളുമൊക്കെ പഠിച്ചെടുക്കേണ്ട ഇടം കൂടിയാണ് വിദ്യാലയങ്ങൾ. നേരത്തെ എണീക്കുക, പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുക, യൂണിഫോം ഇടുക, ബസ്സിൽ കയറുക, ബെല്ലടിക്കുന്നതിനു മുന്നേ സ്കൂളിലെത്തുക, അച്ചടക്കം പാലിക്കുക, മാന്യമായ ഭാഷ ഉപയോഗിക്കുക, സ്കൂളിന്റെ നിയമങ്ങൾ മാനിക്കുക, പരീക്ഷ എഴുതുക, കോപ്പിയടിക്കാതിരിക്കുക എന്നുതുടങ്ങി ചിട്ടകളുടെയും അച്ചടക്കത്തിന്റെയും മൂല്യങ്ങളുടെയും വലിയൊരു ലോകം കൂടി സ്കൂളിൽ പഠിക്കുന്നുണ്ട്. സ്കൂളിന്റെ മതിലിനു പുറത്തേക്ക് മുഴുവൻ ജീവിതത്തിലേക്കുമുള്ള പരിശീലനങ്ങളാണവ. സമത്വത്തിന്റെയും തുല്യപരിഗണനയുടെയുമൊക്കെ പാഠങ്ങളും വിദ്യാലയത്തിൽ നിന്ന് പഠിക്കുന്നുണ്ട്. **പലസംസ്കാരത്തിൽപെട്ടവരും ജാതിയിലും മതത്തിലും സാമൂഹിക സാമ്പത്തിക സ്ഥിതിയിലും പെട്ടവരും ഒന്നിച്ച് ഇടപഴകുന്ന ഇടമാണ് വിദ്യാലയങ്ങൾ. ഇതര സംസ്കാരങ്ങളെ മനസിലാക്കാനും ഉൾക്കൊള്ളാനും, ആണിനെയും പെണ്ണിനെയും മനസിലാക്കാനും, പരസ്പരം ബഹുമാനിക്കാനുമൊക്കെ പഠിക്കുന്നതും വിദ്യാലയങ്ങളിൽ നിന്നാണ്.** മിടുക്കരോടും പഠനവൈകല്യങ്ങളുള്ളവരോടും ഭിന്നശേഷിക്കാരോടുമൊക്കെ ഇടപെടുക വഴി ഉൾക്കൊള്ളലിന്റെയും സമത്വത്തിന്റെയും വലിയ പാഠങ്ങൾ കൂടിയാണ് കുട്ടികൾ പഠിക്കുന്നത്.

കരുതലിന്റെയും പങ്കുവെക്കലിന്റെയും സഹജീവിസ്നേഹത്തിന്റേയുമൊക്കെ പാഠങ്ങളും വിദ്യാലയങ്ങൾ പകർന്നുനൽകുന്നുണ്ട്. തങ്ങളെക്കാൾ ഇളയവരെ കൈപിടിച്ചും ബസ്സിൽ കയറാനും റോഡ് മുറിച്ചുകടക്കാനുമൊക്കെ സഹായിച്ചും കുട്ടികൾ കരുതലിന്റെ പാഠങ്ങൾ പഠിക്കുന്നു. പേനയും പെൻസിലും പുസ്തകവുമൊക്കകൈമാറിയും, ഉച്ച ഭക്ഷണം പങ്കുവച്ചും അവർ ഒരുമയുടെയും പങ്കുവെക്കലിന്റെയും പാഠങ്ങൾ പഠിക്കുന്നു. കൂട്ടത്തിലെ ദുർബലർക്ക് കൈത്താങ്ങായും പ്രത്യേക പരിഗണന വേണ്ടവരെ കൈപിടിച്ചും അവർ മാനവികതയുടെയും സഹജീവിസ്നേഹത്തിന്റെയും പാഠങ്ങൾ പഠിക്കുന്നു.

വിദ്യാലയങ്ങൾ സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പാണ്. ജീവിതത്തിൽ ഒരു മനുഷ്യൻ നേരിടാൻ പോകുന്ന ഒട്ടുമിക്ക കാര്യങ്ങൾക്കുമുള്ള പരിശീലനം അവിടെ ലഭിക്കുന്നുണ്ട്. മത്സരങ്ങളുടെയും അതീവനത്തിന്റെയും പരിശീലനം അവിടെ കിട്ടുന്നു. രാഷ്ട്രീയവും സമരവും തിരഞ്ഞെടുപ്പുകളും ഒക്കെ കുട്ടികളിലെ പ്രതികരണശേഷിയും ജനാധിപത്യബോധവും വളർത്തുന്നു. പ്രണയവും വേർപാടുകളും തോൽവികളുമൊക്കെ അവരെ ജീവിതത്തിന്റെ യാഥാർഥ്യങ്ങളോട് പൊരുത്തപ്പെടാൻ പ്രാപ്തരാക്കുന്നു. പിയർ ഗ്രൂപ്പുകൾ അവരെ സാഹസങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ പ്രാപ്തരാക്കുന്നു. അടിപിടികളും വഴക്കുകളുമൊക്കെ അവരെ ഒരുമയുടെയും പ്രതിരോധത്തിന്റെയും പാഠങ്ങൾ പിടിപ്പിക്കുന്നു. ഗ്യാങ്ങുകളും കൂട്ടായ്മകളും അവരിൽ സംഘബോധം വളർത്തുന്നു.

ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങുന്നതല്ല വിദ്യാഭ്യാസം. ലൈബ്രറിയും വായനശാലകളുമൊക്കെ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാണ്. കാന്റീനും ക്യാംപസിലെ മരച്ചുവടുകളുമൊക്കെ വലിയ പാഠപുസ്തകങ്ങളാണ്. പഠനത്തോടൊപ്പം വിനോദ കേന്ദ്രങ്ങൾ കൂടിയാണ് വിദ്യാലയങ്ങൾ. സ്പോർട്സും ആർട്സും ഗെയിമുകളുമൊക്കെ കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നു. മേളകളും ആഘോഷങ്ങളും ഒക്കെ അവർക്ക് ആനന്ദം നൽകുന്നതോടൊപ്പം കുട്ടികളിലെ നാനാവിധ കഴിവുകളെ പുറത്തെടുക്കാനുള്ള അവസരങ്ങൾ കൂടിയാണ്. സൗഹൃദങ്ങളുടെ കടലിലലിയുമ്പോൾ അവർ തങ്ങളുടെ മാനസിക വിഷമങ്ങൾ മറക്കുന്നു. തകർന്ന കുടുംബാന്തരീക്ഷത്തിൽ നിന്ന് വരുന്ന കുട്ടികൾക്ക് വിദ്യാലയം ഒരുവലിയ ആശ്വാസ കേന്ദ്രം കൂടിയാണ്. സമൂഹത്തിലെ അരികുവത്കരിക്കപ്പെട്ട വലിയൊരു വിഭാഗത്തിന് ഉൾച്ചേരലിനുള്ള ഇടങ്ങൾ കൂടിയാണ് വിദ്യാലയങ്ങൾ.

## ഓൺലൈൻ ക്ലാസുകൾ പകരമല്ല, പൂരകമാണ്

വിദ്യാഭ്യാസമെന്നത് പാഠപുസ്തകങ്ങളുമായി മാത്രം ബന്ധപ്പെട്ട ഒന്നല്ല എന്നാണ് മുകളിൽ പറഞ്ഞു വച്ചത്. അത് വളരെ വിശാലമായ അനുഭവങ്ങളുടെ ഒരു ലോകം കൂടിയാണ്. അതുകൊണ്ടുതന്നെ അതിനെ ഒരിക്കലും ഓൺലൈനിലേക്ക് പറിച്ചു നടാനാവില്ല. പഠനം എന്ന പ്രക്രിയ കൂടുതൽ രസകരമായും ഫലപ്രദമായും ഓൺലൈനിലേക്ക് മാറ്റാമെങ്കിലും പഠനത്തോടൊപ്പം

വിദ്യാലയങ്ങളും വിദ്യാഭ്യാസവും നൽകുന്ന ഇതര അനുഭവങ്ങളൊന്നും ഓൺലൈനിൽ ലഭ്യമാക്കാനാവില്ല. അതുകൊണ്ടുതന്നെ ഓൺലൈൻ ക്ലാസുകൾ ഒരിക്കലും ക്ലാസുകൾക്ക് പകരമാകുന്നില്ല. അത് പരമ്പരാഗത ക്ലാസുകൾക്കൊപ്പം അതിന് പൂരകമായി മാത്രം നടക്കേണ്ടുന്ന ഒന്നാണ്.

കൊറോണയുടെ പശ്ചാത്തലത്തിൽ ക്ലാസുകൾ പൂർണമായും ഓൺലൈനിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ എതിർക്കപ്പെടേണ്ടതാണ്. ഇപ്പോൾത്തന്നെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓൺലൈൻ പഠന രീതികൾ അവരുടെ മേന്മയായി എടുത്തുകാണിക്കുന്നുണ്ട്. കോർപറേറ്റ് മാനേജ്മെന്റുകൾക്കും, പരീക്ഷകൾ പാസാകുന്നത് മാത്രമാണ് വിദ്യാഭ്യാസമെന്ന് കരുതിയിരിക്കുന്ന രക്ഷിതാക്കൾക്കും ഓൺലൈൻ ക്ലാസുകൾ ഏറെ സ്വീകാര്യവും സൗകര്യപ്രദമായിരിക്കും.

**സർക്കാരും സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ ഏജൻസികളുമൊക്കെ ഓൺലൈനിലേക്കുള്ള മാറ്റത്തെ അതിരറ്റ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പരമ്പരാഗത വിദ്യാഭ്യാസത്തിൽ നിന്ന് ഇന്ന് ഓൺലൈൻ വിദ്യാഭ്യാസത്തിലേക്കുള്ള ചുവടുമാറ്റമാണ് സർക്കാർ ലക്ഷ്യം വെക്കുന്നതെങ്കിൽ അത് ഒരു തലമുറയോട് ചെയ്യുന്ന കടുത്ത അപരാധമായിരിക്കും.**

ഓൺലൈൻ ക്ലാസുകൾക്ക് പിന്നിലെ നവലിബറൽ, കോർപറേറ്റ് താത്പര്യങ്ങളും അതുയർത്തുന്ന സുരക്ഷാഭീഷണിയുമൊക്കെ ഇതിനകം ഏറെ ചർച്ചയായിക്കഴിഞ്ഞു. അതിനെക്കാൾ പ്രധാനം അതുണ്ടാക്കാൻ പോകുന്ന അസമത്വങ്ങളാണ്. നിലവിൽ തന്നെ വലിയ സാങ്കേതിക വിടവ് (Digital

Divide) നിലനിൽക്കുന്ന സമൂഹമാണ് നമ്മുടേത്. രാജ്യത്തെ മൂന്നിൽ രണ്ട് ജനസംഖ്യക്കും ഇപ്പോഴും അതിവേഗ ഇന്റർനെറ്റ് അപ്രാപ്യമാണെന്നാണ് കണക്കുകൾ. സ്മാർട്ട് ഫോണുകളും കംപ്യൂട്ടറുകളുമൊക്കെ നല്ലൊരു വിഭാഗത്തിന് അചിന്തനീയവും. കേരളത്തിൽ ഈയടുത്ത് വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു സർവ്വേ പ്രകാരം 2.6 ലക്ഷം വിദ്യാർഥികൾക്ക് ഓൺലൈന് സൗകര്യങ്ങൾ ലഭ്യമല്ല എന്നാണ് കണ്ടെത്തിയത്. രണ്ടോ മൂന്നോ കുട്ടികൾ ഒരേ സമയം ഓൺലൈൻ ക്ലാസുകൾ അറ്റൻഡ് ചെയ്യേണ്ടിവരുന്ന ഒരു കുടുംബത്തിന് ഒരു സ്മാർട്ട്ഫോൺ ഉണ്ടായതുകൊണ്ട് കാര്യം നടക്കുകയുമില്ല. മൊബൈൽ നെറ്റ്വർക്കുകൾ ഇപ്പോഴും കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങൾ രാജ്യത്ത് ഇപ്പോഴും ധാരാളമുണ്ട്. സാങ്കേതികവിദ്യകളെക്കുറിച്ച് തീർത്തും നിരക്ഷരരായ വലിയൊരു ജനവിഭാഗവും നമുക്കിടയിൽ ജീവിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഓൺലൈൻ ക്ലാസുകൾ വലിയ തോതിലുള്ള സാമൂഹിക വികസനത്തിലേക്ക് നയിക്കും എന്നുറപ്പാണ്. കള്ളന്മാർക്കും വിരുതന്മാർക്കും വളഞ്ഞ വഴികളിലൂടെ രക്ഷപ്പെടാനുള്ള അവസരങ്ങളും സാങ്കേതികവിദ്യ തുറന്നുവെക്കും ●

*(തവനൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രഫസറാണ് ലേഖകൻ)*


Contents


www.sajidhagroup.com
SINCE : 1979
ساجدة
SAJIDHA GROUP
www.sajidhagroup.com
مجموعة ساجدة
SAJIDHA GROUP
HYPERMARKETS
SUPERMARKETS
DEPARTMENT STORES
Corporate Office: Sheikh Khalid Road, Khorfakkan, Sharjah - United Arab Emirates 09 2386425 09 2383814
info@sajidhagroup.com

# നിഖാബ്, മാസ്ക്
# മുഖമറയുടെ രാഷ്ട്രീയം

**കാലങ്ങളായി മുസ്‌ലിം സ്ത്രീയുടെ മുഖാവരണം പ്രശ്നവൽകരിച്ചവർ മുഖംമൂടി ധരിക്കുമ്പോൾ നിങ്ങളെന്ത് പറയും?**

കാതറിൻ ബുള്ളോക്
വിവർത്തനം: മുജ്തബ സി ടി കുമരംപുത്തൂർ



യു എസ് ടെലിവിഷനുകളിലെ ദീർഘകാലം ജനശ്രദ്ധയാകർഷിച്ച മെഡിക്കൽ ഡ്രാമയാണ് ‘ഗ്രെയ്സ് അനാട്ടമി’. ഇതിൽ ഫെയ്സ് മാസ്ക്കുകൾ, സർജിക്കൽ ക്യാപു കൾ, ആശുപത്രി സ്ക്രബുകൾ തുടങ്ങിയ സർവ സജ്ജീകരണങ്ങളോടെയും സദാസമയവും ഓപ്പറേഷൻ ടേബിളിനു ചുറ്റും ഒരുങ്ങി നിൽക്കുന്ന സർജൻമാരുടെയും നഴ്സുമാരുടെയും ദൃശ്യം. അവർ പരസ്പരം ചിരിക്കുകയും സംസാരിക്കുകയും മെഡിക്കൽ സംബന്ധമായ അഭിപ്രായങ്ങൾ പങ്കെടുക്കുന്നതിനും ദൃശ്യങ്ങളിൽ അഭിനേതാക്കളുടെ സൂക്ഷ്മതയും അതീവ ശ്രദ്ധയും അവരുടെ വൈകാരികതയുമെല്ലാം അവരുടെ കണ്ണുകൾ വഹിക്കുന്നുണ്ട്.

മുഖം മറക്കുന്നതിരെയുള്ള പൊതുവായ വാദങ്ങളിലൊന്ന് അവ ആശയവിനിമയത്തിന് തടസമാകുന്നു എന്നതാണ്. എന്നാൽ ഇത്തരം സീനുകൾ ഈ ആരോപണത്തോട് പരസ്പര വിരുദ്ധമാണ്.

കോവിഡ് 19ന്റെ വ്യാപനത്തിന് എതിരെയുള്ള പോരാട്ടത്തെ സഹായിക്കാൻ ഇപ്പോൾ ഫേസ് മാസ്കുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. നിഖാബിനെതിരെയുള്ള പൊതുവായ വിവേചനങ്ങൾക്കെതിരെ പുതിയ രൂപത്തിൽ നോക്കിക്കാണുന്നതിന് ഇത് കാരണമായിട്ടുണ്ട്. കോവിഡ് കാരണം ഇപ്പോൾ നിലവിലുള്ള ഈ സംസ്കാരം ഫ്രാൻസിൽ 2011ലും ക്യുബെകിൽ 2017ലും പ്രാബല്യത്തിൽ വന്ന മുഖം മറക്കൽ നിരോധന നിയമത്തെക്കുറിച്ചു എന്നെ വളരെ ആശ്ചര്യപെടുത്തിയിട്ടുണ്ട്.

**കനേഡിയക്കാർക്കും അമേരിക്കക്കാർക്കും യുറോപ്യർക്കും സർവവ്യാപിയായ മാസ്കുകൾ ഉപയോഗിക്കാനാവുമെങ്കിൽ അവർക്ക് നിഖാബുകളും ഉപയോഗിക്കാനാവുമോ? ഇത് ധരിക്കുന്ന ചുരുക്കം ചില സ്ത്രീകളോടുള്ള പാശ്ചാത്യരാജ്യങ്ങളിലെ വിവേചനം അവസാനിക്കുമോ?**

## ഫെയ്സ് പൊളിറ്റിക്സ്

'കനേഡിയൻ മുസ്‌ലിം വുമൺ ആൻഡ് വെയിൽ' എന്ന ഗ്രന്ഥത്തിനുള്ള അന്വേഷണത്തിൽ ഞാൻ പഠിച്ചതനുസരിച്ച് മുഖം മൂടിയോടുള്ള യൂറോപ്യൻ വെറുപ്പിന് ഒരു നീണ്ട കാലത്തെ ചരിത്രം തന്നെയുണ്ട്. സാമൂഹിക ഭീഷണിയുടെയും മുസ്‌ലിം സ്ത്രീയെ നിശബ്ദമാക്കുന്നതിന്റെയും പ്രതീകമായിട്ടാണ് നിഖാബ് കാണപ്പെടുന്നത്.

മേജ കാഫ് തന്റെ Western Representations of Muslim Women എന്ന ഗ്രന്ഥത്തിൽ വെസ്റ്റേൺ ഫിക്ഷനുകളിലെ മൂടുപടത്തെക്കുറിച്ചുള്ള ആദ്യഘട്ട ചർച്ചകളിൽ ഡോൺ കിക്സോട്ട് എന്ന പഴയ നോവലിനെ നിരീക്ഷിക്കുന്നുണ്ട്. നോവലിലെ ഒരു കഥാപാത്രമായ 'ഡൊറോത്തിയ' സത്രത്തിലേക്ക് പോകുന്ന ഒരു മുഖംമൂടിധാരിയായ സ്ത്രീയെക്കുറിച്ച് ചോദിക്കുന്നു: ഈ സ്ത്രീ ക്രിസ്ത്യാനി ആണോ അതോ മൂർ ആണോ? മറുപടി: 'അവളുടെ രൂപവും വസ്ത്രധാരണവും മൗനവും എല്ലാം കാണുമ്പോൾ അവൾ എന്താവരുതെന്ന് നാം ആശിക്കുന്നുവോ അത് തന്നെയാകുന്നു.'

ക്രമേണ, വ്യക്തികേന്ദ്രീകൃതമായ ലിബറലിസത്തിന്റെ വളർച്ചയും മുതലാളിത്തവും കൺസ്യൂമറി

സവും ഒരു പുതിയ 'ഫെയ്സ് പൊളിറ്റിക്സ്' ലേക്ക് നയിച്ചു. മാഞ്ചസ്റ്റർ സർവകലാശാലയിലെ ജെന്നി എഡ്കിൻസ്, മുഖത്തിന് ഈ പുതിയ അർഥകേന്ദ്രീകൃതമാക്കിയുള്ള രാഷ്ട്രീയ വളർച്ചയെക്കുറിച്ച് പഠിക്കുന്നുണ്ട്. മറ്റുള്ളവരുടെ അറിവിൽ നിന്ന് ചിലത് മറച്ചു പിടിക്കുന്ന ഒരു ദുരൂഹമായ സാഹചര്യം ഈ പുതിയ ഫെയ്സ്- പൊളിറ്റിക്സിൽ ഒളിഞ്ഞു കിടപ്പുണ്ട്.

അതേ സമയം, നാം വളർന്നുവരുന്നത് തന്നെ മുഖത്തെ പറ്റിയുള്ള വിഭിന്നമായ ധാരണകളും പേറിയാണ്. അഭിനേതാക്കൾ പ്രേക്ഷകരെ ആനന്ദിപ്പിക്കാൻ മുഖം മിനുക്കും പോലെ തങ്ങളും മുഖത്തെ കാക്കണമെന്ന ധാരണകൾ സഹജമായി നമ്മിൽ കുടിയേറുന്നുണ്ട്. മേക്കപ്പിട്ട് മുഖത്തിന് മേനി കൂട്ടാനും വിദ്യാഭ്യാസവും മനോദാർഢ്യവും സ്ഫുരിക്കുന്ന മുഖങ്ങളുമായി ലോകത്തെ നോക്കി കാണാനും നമ്മൾ പഠിക്കുന്നു. മാത്രമല്ല അവസരത്തിനൊത്ത് നമ്മുടെ യഥാർഥ വികാരങ്ങളെ മൂടിവെച്ച് മുഖത്ത് മറ്റുപലതും വാരിത്തേക്കാൻ ശ്രമിക്കുന്നവരാണ് നമ്മൾ. ഇത്തരം കളങ്കപൂർണമായ മുഖം കൊണ്ടാണ് രക്ഷിതാക്കളെയും മറ്റു ആളുകളെയും പലപ്പോഴും നാം കൈയിലെടുക്കാറുള്ളത്.

## നിഖാബ് വിരുദ്ധ മനോഭാവങ്ങൾ

പ്രത്യേക ജനസമൂഹത്തിന്റെ ഭാഗമായതിനാൽ അവരെ ലാക്കാക്കി കൊണ്ടുള്ള കുറ്റകൃത്യങ്ങൾ (ഹെയ്റ്റ് ക്രൈം) കാനഡയിൽ ഇപ്പോഴും വർധിച്ചു കൊണ്ടിരിക്കുകയാണ്. ഓൻടാറിയോ, ക്യൂബെ

ക്ക് മേഖലകളാണ് ഇതിന്റെ മുഖ്യ കേന്ദ്രങ്ങൾ. ഓൻടാറിയോയിൽ മുസ്‌ലിം, ജൂത, കറുത്തവിഭാഗങ്ങൾക്കെതിരെയാണ് ഈ അതിക്രമം കൂടുതൽ അരങ്ങേറുന്നതെങ്കിൽ ക്യൂബെക്കിലെ ഇരകൾ മുസ്‌ലിംകൾ മാത്രമാണ്.

നിഖാബ് വിരുദ്ധ മനോഭാവത്തെ പ്രോത്സാഹിപ്പിക്കുന്ന നിരവധി പൊതു നേതാക്കളുടെ അഭിപ്രായങ്ങൾ ഇത്തരം വിദ്വേഷ കുറ്റകൃത്യങ്ങളിൽ ശക്തമായി പ്രതിഫലിച്ചിട്ടുണ്ട്. കാനഡയിലെ മുൻ പൗരത്വ, കുടിയേറ്റ മന്ത്രി ജേസർ കെന്നി പൗരത്വ ചടങ്ങുകളിൽ നിഖാബ് നിരോധനത്തിന് ശ്രമിച്ചിരുന്നുവെങ്കിലും പരാജയപ്പെട്ടു. 2015ൽ അദ്ദേഹം നിഖാബ് ഒരു ഗോത്ര സാംസ്കാരിക സമ്പ്രദായമായിട്ടാണ് വിശേഷിപ്പിച്ചത്. അവിടങ്ങളിൽ സ്ത്രീകളെ മനുഷ്യരായി അല്ല മറിച്ച് ഒരു സ്വത്ത് സൂക്ഷിക്കുന്നത് പോലെയാണ് അവർ കാണുന്നത് എന്നും അദ്ദേഹം ആക്രോഷിച്ചിരുന്നു. അതേ വർഷം തന്നെ, മുൻ പ്രധാനമന്ത്രി സ്റ്റീഫൻ ഹാർപ്പൻ നിഖാബ് സ്ത്രീവിരുദ്ധ സംസ്കാരത്തിൽ വേരൂന്നിയ വസ്ത്രം ആണെന്നും അവരുടെ വ്യക്തിത്വം മറച്ചു വെക്കുന്ന കുറ്റമാണെന്നും പ്രസ്താവിച്ചിരുന്നു.

2018ലെ ആംഗ്സ് റീഡ് വോട്ടെടുപ്പിൽ ഭൂരിഭാഗം കനേഡിയൻമാരും പൊതു ജീവനക്കാർക്ക് നിഖാബ് നിരോധിക്കുന്നതിന് പിന്തുണക്കുമെന്ന് കണ്ടെത്തിയിരുന്നു.

## മെഡിക്കൽ മുഖാവരണങ്ങൾ

സമീപകാലത്ത് ടൊറന്റോ സ്റ്റാറിന്റെ ഒപേഡിൽ

വിൻഡ്സർ യൂനിവേഴ്സിറ്റിയിലെ നിയമ വിദ്യാർ ഥിയായ താഷ സ്ട്രാൻബെറി മോൺട്രിയൽ ആശുപത്രികളിൽ ജനങ്ങളോട് സർജിക്കൽ മാസ്ക്കുകൾ ധരിക്കാൻ ആവശ്യപ്പെട്ടിരുന്നതായി ചൂണ്ടിക്കാട്ടിയിരുന്നു. സുരക്ഷാ ആവശ്യങ്ങൾക്കായി തങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്താനും അവരുടെ മാസ്ക് മാറ്റിവെക്കാൻ ആവശ്യപ്പെടുകയോ ചെയ്യാതെ അവർ മെഡിക്കൽ സ്റ്റാഫുകളും ആയി ഇടപഴകുകയും സംസാരിക്കുകയും ചെയ്തിരുന്നു.

എന്നാൽ, അതെ ആശുപത്രിയിലേക്ക് തന്നെ നിഖാബ് കാരിയായ ഒരു സ്ത്രീയുടെ പ്രവേശനം നിയമപ്രകാരം വിരുദ്ധവും അത് നീക്കാൻ നിർബന്ധിതരാക്കുന്നതുമാവുന്നു.

ഒരു പതിറ്റാണ്ടു മുമ്പ്, യുഎസിലെ ഫിലോസഫി പ്രൊഫസറായ മാർത്ത നബസം ന്യൂയോർക്ക് ടൈംസുമായുള്ള ഒരു അഭിമുഖത്തിൽ മുഖംമൂടി നിരോധനത്തിന്റെ കാപട്യത്തെക്കുറിച്ച് അതിശയകരമായി തുറന്നുകാട്ടിയിരുന്നു.

**സുരക്ഷയാണ് പ്രശ്നമെങ്കിൽ തണുപ്പിനെ അതിജീവിക്കാൻ മുഖം മൂടി കെട്ടി പൊതുഇടങ്ങളിൽ ഇറങ്ങാൻ നമുക്കെന്തു കൊണ്ട് സാധിക്കുന്നു? ലിബറൽ ജനാധിപത്യ രാജ്യങ്ങളിലെ പൗരന്മാർ തമ്മിലുള്ള പാരസ്പര്യത്തിനും ആശയവിനിമയത്തിനും അവരുടെ വൂളി സ്കാർഫുകൾ തടസം സൃഷ്ടിക്കുന്നതായി എന്തുകൊണ്ടാണ് കണക്കാകുന്നില്ല,** അവർ ചോദിക്കുന്നു. 'ഇതിനെല്ലാം പുറമേ, ഡോക്ടർമാർ, സർജൻസ്, ദന്ത വിദഗ്ധർ ഫുട്ബോൾ കളിക്കാർ, സ്കൈറ്റേർസ് തുടങ്ങി ഒരുപാട് വിശ്വസ്തരായ പ്രൊഫഷന

ലുകൾ എല്ലാ കാലാവസ്ഥയിലും അവരുടെ മുഖം മറക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഒന്നും അവരുടെ ആശങ്കയും ഭീതിയും ഉണ്ടാവാറില്ല. മറിച്ച്, ഒരു മുസ്‌ലിം ധരിക്കുമ്പോൾ മാത്രമാണ് അത് വലിയ പ്രശ്നമായി തീരുന്നത്.' അവർ പറഞ്ഞു.

കൊറോണ തടയാന് ഉപയോഗിക്കുന്ന ഒരു മാസ്കും നിഖാബും തമ്മിൽ എന്ത് വ്യത്യാസമാണ് ഉള്ളത്? രണ്ടും ഒരു നിർദിഷ്ഠ ആവശ്യാർഥം ഒരു നിശ്ചിത സ്ഥലത്തു നിശ്ചിത സമയത്തേക്ക് മാത്രം ധരിക്കുന്ന വസ്ത്രങ്ങളാണ്. മുഴുസമയം ഒരിക്കലുമത് ഉപയോഗിക്കുന്നുമില്ല. ആവശ്യം നിർവഹിച്ചാൽ മാസ്കും നിഖാബും അഴിച്ച് വെക്കുന്നു.

ചില വിശുദ്ധാഹ്വാനങ്ങൾ ചിലരെ നിഖാബ് ധരിക്കാൻ പ്രേരിപ്പിക്കുന്നു, ശക്തമായ ഒരു പകർച്ചവ്യാധി പലരെയും മാസ്കുകൾ ധരിക്കാനും പ്രേരിപ്പിക്കുന്നു. നാമെല്ലാവരും മാസ്ക് ധരിക്കാൻ തുടങ്ങിയാൽ അതിനർഥം നാം ഒരുതരം അടിച്ചമർത്തലിന് ഇരകളാക്കപ്പെട്ടു വെന്നാണോ? നാം ചിലർക്ക് വിധേയപ്പെട്ടുവെന്നാണോ? നമുക്കു പരസ്പരം ആശയ വിനിമയം നടത്താനാവില്ലെന്നാണോ? നാം ക്യൂബെക്കിൽ ആണെങ്കിൽ ഒരു ഡേകെയറിൽ നമുക്കു ജോലി നഷ്ടപ്പെടുമോ? സർക്കാർ ജോലി നിരസിക്കപ്പെടുമോ? ബസ്സിൽ നമുക്ക് യാത്ര ചെയ്യൽ അനുവദനീയമാവില്ലേ? ●

*(ടൊറൊന്റോ സർവകലാശാലയിലെ ഇസ്‌ലാമിക് പൊളിറ്റിക്സ് ലക്ചററാണ് ലേഖിക)*

Contents

# നമ്മുടെ മുന്നിലെ പാഠമുദ്രകൾ

**മനുഷ്യൻ, ജീവിതം, ലക്ഷ്യം തുടങ്ങിയ പ്രമേയങ്ങളെ/ പ്രശ്നങ്ങളെ ഖുർആൻ വെളിച്ചത്തിൽ വായിക്കുന്നു**

ഇ എം എ ആരിഫ് ബുഖാരി



പ്രപഞ്ചത്തിൽ ആരാണ് മനുഷ്യൻ? ഇവിടെ അവന്റെ ഇടം എന്താണ്? പ്രപഞ്ചത്തിനും അനേകമനേകം പ്രതിഭാസങ്ങൾക്കും നേരെ മനുഷ്യന്റെ

Contents

നിലപാട് എന്തായിരിക്കണം? ജീവിതത്തിന്റെ അർ ഥം അഥവാ ലക്ഷ്യം എന്താണ്? ഇതുവരെ വളർത്തി യെടുത്ത നാഗരികതയുടെ സാംസ്കാരിക മൂല്യം എത്രയുണ്ട്? ഇത്യാദി ചോദ്യങ്ങളെ അഭിമുഖീകരി ക്കാതെ നമുക്ക് ഇനി മുന്നോട്ടു പോകാൻ കഴിയില്ല. ഖുർആന്റെ വെളിച്ചത്തിൽ ഇത്തരം ചോദ്യങ്ങളെ വിലയിരുത്താനുള്ള ഒരു ശ്രമമാണ് ഈ കുറിപ്പ്.

ഈ പ്രപഞ്ചമാസകലം ഒരൊറ്റ സ്രഷ്ടാവിന്റെ സൃഷ്ടികളാണ്, അതായത് എല്ലാത്തിനും മുകളിൽ ഒരു സ്രഷ്ടാവുണ്ട് എന്നതാണ് ഖുർആൻ ബോധി പ്പിക്കുന്നത്. ഈയൊരു സത്യത്തെ ശാസനയിൽ ഒതുക്കി നിർത്തുകയല്ല മറിച്ച് തെളിവുകളുടെ വെളിച്ചത്തിൽ സ്ഥാപിക്കുകയാണ് ഖുർആൻ. ബാഹ്യപ്രപഞ്ചത്തെയും മനുഷ്യശരീരത്തെയും ദൃഷ്ടാന്തങ്ങളുടെയും തെളിവുകളുടെയും അതി വിശാലമായ ഉറവിടമായിട്ടാണ് ഖുർആൻ കാണു ന്നത്. ആ പ്രകൃതി നിയമങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ട് അതിന്റെ സന്ദേശങ്ങളിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. അതായത് ഖുർആൻ മാനവരാശി യെ ക്ഷണിക്കുന്ന ആത്യന്തിക യാഥാർഥ്യം, പ്രപ ഞ്ചത്തിലെ നിരവധിയനവധി പ്രതിഭാസങ്ങളും മനുഷ്യപ്രകൃതിയും ഏതൊരു പരമസത്യത്തെ അനാവരണം ചെയ്യുന്നുവോ അതുതന്നെയാണ്. ഖുർആനിക ദർശനങ്ങളുടെയും പ്രപഞ്ചവ്യവ സ്ഥയുടെയും ഐകഭാവത്തിൽ ഊന്നിനിന്നുകൊ ണ്ടുള്ള ഒരു സമീപനമാണിത്.

'അവർക്കു മീതെ ആകാശത്തിലേക്ക് അവർ നോക്കുന്നില്ലേ? നാം അതിനെ എങ്ങനെ നിർമിക്കു കയും അലങ്കരിക്കുകയും ചെയ്തുവെന്ന്? അതിൽ

യാതൊരു ന്യൂനതയുമില്ല ഭൂമിയെ നാം വിശാലമാക്കുകയും മലകളെ ഉറപ്പിച്ചു നിറുത്തുകയും വിസ്മയകരമായ എല്ലാതരം സസ്യങ്ങളെയും മുളപ്പിക്കുകയും ചെയ്തു. അല്ലാഹുവിലേക്ക് മടങ്ങുന്ന എല്ലാ ദാസൻമാർക്കും ഉൽബോധനവും ഉൾക്കാഴ്ചയും കിട്ടുന്നതിന് വേണ്ടി. (ഖാഫ് 6, 7)

ഈ ഉൾക്കാഴ്ചയും ഉൽബോധനവുമാണ് പ്രാഥമിക പരിഗണനയർഹിക്കുന്നതെന്ന് ഖുർആൻ മറ്റൊരിടത്ത് സൂചിപ്പിക്കുന്നു. 'നിങ്ങൾ കത്തിക്കുന്ന തീയെപ്പറ്റി ചിന്തിക്കുന്നില്ലേ? അതിനു വേണ്ട മരം മുളപ്പിച്ചത് നിങ്ങളാണോ അതല്ല നാം ആണോ? അതിനെ നാം ഒരു ഉൽബോധനമാക്കിയിരിക്കുന്നു: ഒരു ജീവിതവിഭവവും' (അൽവാഖിഅ: 71 – 73) ജീവിതവിഭവം എന്നതിനേക്കാൾ മുൻഗണന ഉൽബോധനത്തിന് നൽകിയത് തീർച്ചയായും ചിന്തയർഹിക്കുന്നുണ്ട്.

**പ്രപഞ്ചവസ്തുക്കളിൽ നിന്നും ആത്മീയ – വിശ്വാസ കാര്യങ്ങളിലേക്ക് ഈ വിധം വഴിവെട്ടുന്നത് ആധുനികയുക്തിക്ക് ഒരുപക്ഷേ അത്രക്കങ്ങ് ദഹിച്ചോളണമെന്നില്ല. ലോകത്തെയും വസ്തുക്കളെയും ഭൗതികമായ ചട്ടക്കൂടിനകത്ത് മാത്രം നോക്കിക്കാണുമ്പോൾ അതിനപ്പുറത്തേക്ക് കടക്കാൻ കഴിയുന്നതെങ്ങനെ? ആധുനിക പ്രബുദ്ധത ജ്ഞാനമാർഗമായി സ്വീകരിച്ചത് ശാസ്ത്രത്തെയാണ്.ശാസ്ത്രം മനുഷ്യന്റെ അന്വേഷണത്തെ വളർത്തുകയും വികസിപ്പിക്കുകയും ചെയ്തു. എന്നാൽ അതേ സമയം അത് നമ്മുടെ അന്വേഷണകൗതുകങ്ങൾക്ക് മതിൽ കെട്ടുകയും ചെയ്തിട്ടുണ്ട്.** സൂക്ഷ്മവസ്തു ലോകത്ത് ഏറ്റവും ചെറിയ പാർട്ടിക്ളുകൾ, കണമാണോ

തരംഗമാണോ എന്ന് ഒരുറപ്പും നമുക്ക് ഇപ്പോഴില്ല. പ്രപഞ്ചത്തിന്റെ രൂപത്തെ പറ്റിയോ അതിനപ്പുറം എന്താണെന്നോ നിശ്ചയമില്ല. പ്രകൃതി, പ്രകൃതി നിയമം, പ്രത്യക്ഷപ്പെട്ടു, പരിണമിച്ചു, വികസിച്ചു, പ്രകൃതി നിർദ്ധരിച്ചു ഇങ്ങനെ പോകുന്ന സയൻസ് ഡിക്ഷ്ണറിയിലെ വാക്കുകൾ നോക്കൂ. പദാർഥ ലോകത്തിന്റെ അപ്പുറത്തേക്ക് പ്രവേശനം അനുവദിക്കാത്ത വിധം അതിവിദഗ്ധമായി ഈ വാക്കുകൾ മനുഷ്യചിന്തയെ പിടിച്ചുകെട്ടുന്നുണ്ട്. വളർന്നുവികസിക്കുന്ന എല്ലാ ശാഖകൾക്കും ശാസ്ത്രത്തിന്റെ ഔദ്യോഗിക പദവി അനുവദിക്കാറില്ല. വ്യാജശാസ്ത്രമായി മാറ്റിനിറുത്തുകയും ചെയ്യുന്നു. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതും മനുഷ്യചിന്തയെ പൊതിഞ്ഞു സൂക്ഷിക്കാനുള്ള വ്യഗ്രതയാണ്. ഭൗതിക വ്യവസ്ഥക്കിണങ്ങും വിധം തയാർ ചെയ്യപ്പെടുന്ന ഫ്രെയിമുകൾക്കകത്ത് ഒതുങ്ങേണ്ടി വരുന്നതിന്റെ പരിമിതിയാണത്. അറിവിനെ ഒരധികാരമായി മാറ്റിയെടുത്ത കാലത്തിന്റെയും പരിമിതിയാണിത്.

കാരണങ്ങളിൽ നമ്മുടെ ചിന്ത ഒടുങ്ങുന്നതിനെപ്പറ്റി റമദാൻ ബൂത്വി നിരീക്ഷിച്ചത് ഇവിടെ പരാമർശമർഹിക്കുന്നുണ്ട്. കൂട്ടിലിട്ട നായക്ക് കൃത്യമായ ഇടവേളകളിൽ ഇറച്ചി കൊടുത്ത ആ കഥയാണ് അദ്ദേഹം പറയുന്നത്. പാവ്‌ലോവിന്റെ പരീക്ഷണം. ഇറച്ചി കൊടുക്കുമ്പോഴൊക്കെയും ഒരു ബെൽ മുഴക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നെപ്പിന്നെ ബെൽശബ്ദം കേൾക്കുമ്പോൾ തന്നെ നായയുടെ വായിൽ വെള്ളമൂറാൻ തുടങ്ങി. ബെല്ലടിക്കുമ്പോൾ ഇറച്ചി കിട്ടും എന്നു നായ മന

സിലാക്കിയാലോ? എന്നത് പോലെയാണ് പ്രകൃതി യെക്കുറിച്ചുള്ള സമകാലികാവബോധം. ഓരോന്നി ന്റെയും പുറകിൽ ഓരോന്ന് കാണുന്നത് കൊണ്ട് അത് കാരണമാണെന്നു പറയുകയും അതിനപ്പുറ ത്തേക്ക് പോവാതിരിക്കുകയും ചെയ്യുന്നു. ഇല ഇള കിയതിന്റെ കാരണം കാറ്റാണ്. മഴ പെയ്തതിന്റെ കാരണം ബാഷ്പീകരണമാണ്. കാറ്റടിച്ചതിന്റെ കാരണം വായുവിലെ താപീകരണമാണ്. ഭൂഗോളം ഇങ്ങനെ നിലനിൽക്കുന്നതിന്റെ കാരണം ഗ്രാവിറ്റി യാണ്. ഇപ്പറഞ്ഞ കാരണങ്ങൾക്കൊക്കെയും വേ ണല്ലോ മറ്റുകാരണങ്ങൾ? കാറ്റടിച്ചതെങ്ങനെ? ബാഷ്പീകരണം നടന്നതെങ്ങനെ? വായു തപിച്ച തെങ്ങനെ? ഗ്രാവിറ്റി ഉണ്ടായതെങ്ങനെ? അതിന്റെ കാരണവും നാം ഈ പ്രകൃതിയിൽ കണ്ടെത്തും. അങ്ങനെ എല്ലാം തികഞ്ഞ ഒരു പരിധി - എന്റിറ്റി- യാണ് പ്രകൃതി! യഥാർഥത്തിൽ കാര്യങ്ങൾ ഒന്നി നു പിറകെ ഒന്ന് സംഭവിക്കുന്നത് കാണുന്ന നമ്മൾ ഓരോന്നിന്റെയും കാരണം മറ്റേതാണെന്ന് കരുതു ന്നു. പ്രത്യക്ഷാർഥത്തിൽ പ്രകൃതി ഈ വിധത്തിൽ കാര്യകാരണബന്ധത്തിനകത്താണ് പ്രവർത്തി ക്കുന്നത്. എന്നാൽ അതു കൊണ്ടു മാത്രം പ്രകൃതി സ്വയംപര്യാപ്തമാകുന്നില്ല എന്നതാണ് നേര്. ഈ കാണുന്ന പ്രപഞ്ചം ഈ വിധത്തിൽ ക്രമാനുഗതമാ യി വികസിക്കുകയും നിലനിൽക്കുകയും ചെയ്യാ നാവശ്യമായ ഒരു ബുദ്ധിയും ചിന്തയും പ്രകൃതിവ സ്തുക്കളിൽ ഒന്നിൽപോലും നിലനിൽക്കുന്നില്ല. പുറത്തു നിന്നുള്ള ഒരു നിയന്ത്രണം പ്രപഞ്ചത്തിന് ആവശ്യമാണ്. പ്രകൃതിവസ്തുക്കളിൽ നിന്ന് ദൈ വികാസ്തിത്വത്തിന് ന്യായം കണ്ടെത്തുന്ന ഖുർ

ആനിക സമീപനത്തെ കൃത്യമായി ഗ്രഹിക്കാൻ ഈ രീതിയിലുള്ള ചിന്തയുണ്ടായേ മതിയാവൂ.

നമുക്ക് വിഷയത്തിലേക്ക് പോകാം. അത് ഇതാണ്: നമ്മുടെ മുമ്പിൽ വിരിഞ്ഞു നിൽക്കുന്ന ഈ പ്രപഞ്ചവും നമ്മൾ തന്നെയും അതിരറ്റ ഉൽബോധനപാഠങ്ങളാകുന്നു. **വിശുദ്ധ ഖുർആനിലെ ഒരു വചനത്തിന് ആയത്ത് എന്നാണ് പറയുന്നത്. അഥവാ പാഠമുദ്ര എന്നർഥം. അതേ പദം തന്നെയാണ് പ്രപഞ്ചവസ്തുക്കൾക്കും ഖുർആൻ നൽകിയത്. ഖുർആനും പ്രാപഞ്ചിക പ്രതിഭാസങ്ങളും ഒരൊറ്റ സത്യത്തിലേക്കുള്ള ക്ഷണമായതുകൊണ്ടാണ് ഈ ചേർച്ചയെന്ന് നാം ഗ്രഹിക്കേണ്ടതാണ്. ഖുർആനിൽ ഉള്ളതിനോട് വിയോജിക്കുന്ന ഒരു പ്രപഞ്ചമല്ല നമ്മുടേത് എന്നർഥം!**

'നബിയേ, പറയുക: നോക്കൂ, ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണ്?' (ഖുർആൻ 10:101)

'ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിൽ, രാപ്പകലുകളുടെ ഇടവിട്ട മാറ്റങ്ങളിൽ , ജനങ്ങൾക്ക് ഉപകരിക്കുന്നവയുമായി കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിൽ, ആകാശത്ത് നിന്ന് അല്ലാഹു ഇറക്കുന്ന മഴയിൽ - അങ്ങനെ ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക്ശേഷംഅവൻഅതുമൂലംജീവിപ്പിച്ചു. എന്നിട്ട് അതിൽ എല്ലാ ഇനം ജന്തുക്കളെയും വിതറുകയും ചെയ്തു - കാറ്റിന്റെ ദിശാവ്യതിയാനത്തിൽ, ആകാശത്തിനും ഭൂമിക്കുമിടയിൽ തളച്ചിട്ട മേഘങ്ങളിൽ എല്ലാം ബുദ്ധിയുള്ള ജനങ്ങൾക്ക് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്' (ഖുർആൻ 2:164) പ്രകൃതി വസ്തുക്കളെ വസ്തുക്കൾ എന്ന നിലയിലോ അവയുടെ പ്രയോജനത്തിലോ അല്ല ഇവിടെ ഊന്നൽ എന്നത് ശ്രദ്ധേയമാണ്. മറിച്ച്



വസ്തുക്കളുടെ സൃഷ്ടി വൈഭവവും അതിന്റെ നിർമാണത്തിലെ യുക്തിഭദ്രതയും ശക്തിപ്രഭാവവും ആണ് ഉന്തിനിൽക്കുന്നത്. അത് പോലെ അവയിൽ അടങ്ങിയിരിക്കുന്ന ഔദാര്യം, കാരുണ്യം, പരിലാളനയോടെയും സ്നേഹവായ്പോടെയുമുള്ള സംരക്ഷണം, പരിപാലനം എന്നിവയുമാണ് മുൻഗണനയിലെത്തുന്നത്.

'ഭൂമിയെ അവൻ സൃഷ്ടിജാലങ്ങൾക്കായി സംവിധാനിച്ചു. അതിൽ ധാരാളം പഴവർഗങ്ങളും പോളകമുള്ള ഈത്തപ്പനകളും ഉമിയുള്ള ധാന്യവും സുഗന്ധച്ചെടികളുമുണ്ട്' (ഖുർആൻ 55:10 –12)

'മനുഷ്യാ, നിന്നെ സൃഷ്ടിക്കുകയും ചൊവ്വാക്കു

കയും ക്രമപ്പെടുത്തുകയും ചെയ്തത - അവനിഷ്ടി ക്കും വിധം നിന്നെ രൂപപ്പെടുത്തിയ - മാന്യനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ എന്താണ് നിന്നെ വഞ്ചിച്ചത്?' (ഖുർആൻ 82:6-8)

'നിങ്ങൾക്ക് കരുണയേകിയവന്റെ സൃഷ്ടിയിൽ പിഴവുകൾ കണ്ടെത്താനാവുകയില്ല.' നിങ്ങൾ കണ്ണുകളയക്കൂ. പിഴവ് നിങ്ങൾക്ക് കണ്ടെത്താനാകുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണയക്കും. ക്ഷീണിച്ചും നിരാശപ്പെട്ടും നിങ്ങളുടെ കണ്ണുകൾ നിങ്ങളിലേക്ക് തിരിച്ചു വരും' (ഖുർആൻ 67:4, 5)

കാര്യകാരണബന്ധങ്ങളെ നിരാകരിച്ചു കൊണ്ടല്ല അല്ലാഹു ഈ പ്രപഞ്ചത്തെക്കുറിച്ച് സംസാരിക്കുന്നത്. മറിച്ച് അതിനെ ചൂണ്ടിക്കാണിച്ചു കൊണ്ടാണ്. 'അല്ലാഹു ആകാശത്ത് നിന്ന് മഴ വർഷിച്ചു നിർജീവമായിക്കിടന്ന ഭൂമിയെ അതുവഴി സജീവമാക്കി. നിശ്ചയം കേട്ടു മനസിലാകുന്ന ജനങ്ങൾക്കതിൽ പാഠങ്ങളുണ്ട്. മൃഗങ്ങളിലും നിങ്ങൾക്ക് പാഠമുണ്ട്. അവയുടെ ഉദരഭാഗങ്ങളിലുള്ള ചാണകത്തിനും രക്തത്തിനുമിടയിൽ നിന്ന് പാനം ചെയ്യുന്നവർക്ക് സുഖപ്രദവും ശുദ്ധവുമായ പാൽ നാം കുടിപ്പിക്കുന്നു. ഈന്തപ്പനയുടെയും മുന്തിരിയുടെയും ഫലങ്ങളിൽ നിന്ന് ലഹരി പദാർഥവും ഭോജ്യവും നിങ്ങൾ ഉണ്ടാക്കുന്നു. നിശ്ചയം, ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പാഠങ്ങളുണ്ട്. (ഖുർആൻ 16:65-67) മഴവർഷിക്കുന്നതും തന്നിമിത്തം ഭൂമി സജീവമാകുന്നതും ഭൂമിയിലെ വെള്ളവും ചെടിയും തിന്നും കുടിച്ചും ജീവജാലങ്ങൾ സമൃദ്ധമാക്കുന്നതുമെല്ലാം അല്ലാഹു നിശ്ചയിച്ചുവെച്ച വ്യവസ്ഥയാകുന്നു എന്നാണ് ഇത് കാണിക്കുന്നത്.

കാര്യകാരണബന്ധങ്ങളിലൂടെ നിലനിൽക്കുന്ന ഈ പ്രപഞ്ച സംവിധാനം സ്വയം അടഞ്ഞ ഒന്നല്ല എന്നു നാം ഗ്രഹിക്കേണ്ടതുണ്ട്. മറിച്ചു ഇതിനു പിന്നിലെ യുക്തിഭദ്രനായ ഒരു സ്രഷ്ടാവിനെ അറിയിച്ചുതരുന്ന ഏറ്റവും ശക്തമായ തെളിവുകളാകുന്നു.

**ദൈവത്തിനു എന്തുകൊണ്ട് സ്വയം വെളിപ്പെട്ടു കൂടാ എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്. കാരണം മനുഷ്യന്റെ ചിന്താപരമായ ഔന്നത്യവും ധൈഷണിക ഉയർച്ചയും മാനിക്കാത്ത ഒരു ചോദ്യമാണത്. നാം ഈ ലോകത്ത് കാര്യങ്ങൾ ഗ്രഹിക്കുന്നതും മനസിലാക്കുന്നതും തെളിവുകളിലൂടെയാണ്. ഭാഷയും ഭാവനയും വിവേചനശക്തിയും ബുദ്ധിയും കൊണ്ട് എന്തെല്ലാം വായിച്ചെടുക്കാൻ നമുക്ക് കഴിയുന്നുണ്ട്?** സാഹിത്യമെടുത്തു നോക്കൂ. അതിലെ ഭാവനകൾ, സിംബലുകൾ ഇവയെ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും നമുക്ക് കഴിയുന്നുണ്ടല്ലോ. വലിയ വൈദഗ്ധ്യം ആവശ്യമായ ശാസ്ത്രീയ ഗവേഷണങ്ങളുടെയും കഥ ഇതു തന്നെയല്ലേ? അവശിഷ്ടങ്ങളിൽ നിന്നും കാലടികളിൽ നിന്നും വസ്തുതകൾ മനസിലാക്കിയെടുക്കാൻ ഋജുവായ ഒരു മനസ് മതി. ഏതു സാധാരണക്കാരനും അതു ചെയ്യാൻ കഴിയും. അതുകൊണ്ട് ദൈവം പ്രപഞ്ചത്തെയും അതിലെ അനേകമനേകം കാര്യകാരണബന്ധങ്ങളെയും സ്വന്തം അസ്തിത്വവും ഗുണവിശേഷങ്ങളും പ്രകടിപ്പിക്കാനുള്ള പാഠമുദ്രകളായും കുറിമാനങ്ങളായും നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്, നമ്മുടെത്തന്നെ ധൈഷണിക വ്യാപാരത്തിന്റെയും വിചാരശീലത്തിന്റെയും പ്രകൃതത്തിന്

ഇണങ്ങുന്ന വിധത്തിലാണെന്നാണ് നാം ഗ്രഹിക്കേണ്ടത്. ശിൽപി ശില്പമുണ്ടാക്കി സ്വയം വെളിപ്പെടുത്തും പോലെ, സാഹിത്യകൃതികളെഴുതി ഒരെഴുത്തുകാരൻ തന്നെ വെളിപ്പെടുത്തും പോലെ സർജ്ജനപ്രക്രിയയുടെ മഹിമയിലൂടെ ദൈവവും തന്നെ വെളിപ്പെടുത്തിയിരിക്കുന്നു! ഈ തെളിവുകളിലൂടെ തന്നിലേക്ക് വരാനാണ് ഖുർആനിൽ അല്ലാഹു ക്ഷണിക്കുന്നത്.

നമുക്ക് മുകളിൽ എല്ലാം നിയന്ത്രിക്കുന്ന ഒരുവനുണ്ടെന്ന ഈ പ്രകൃതി പാഠം ഏറ്റവും നന്നായി ഗ്രഹിക്കാൻ പറ്റിയ അവസരമാണിത്. 'അല്ലാഹു നിനക്ക് വല്ല ക്ലേശവും വരുത്തുകയാണെങ്കിൽ, അതിനെ ദൂരീകരിക്കാൻ മറ്റൊരുവനുമില്ല. അവൻ വല്ല നൻമയും വരുത്തുകയാണെങ്കിലോ – അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു.' (ഖുർആൻ 7:17)

'തീർച്ചയായും ആറുനാൾ കൊണ്ട് ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ തന്നെയാണ് നിങ്ങളുടെ നാഥൻ! രാത്രിയെ പകലിനാൽ പുതപ്പിക്കുന്നവൻ. ക്ഷണവേഗം രാത്രി പകലിനെയും പകൽ രാത്രിയെയും പിന്തുടരുന്നു. സൂര്യൻ, ചന്ദ്രൻ, താരകങ്ങൾ ഇവയെല്ലാം അവന്റെ ആജ്ഞാനുസരിക്കുന്നവയാകുന്നു. അവന്റെയാണ് സൃഷ്ടി; അവന്റെയാണ് ശാസനയും.' (ഖുർആൻ 7:54) എല്ലാ ഭൗതികപുളകങ്ങളുടെയും ഒത്ത നടുക്കിരുന്ന് ആലോചനയുള്ളവന്റെ ഉള്ളിൽ തെളിയുന്നത് ഈ സത്യമാകാനേ തരമുള്ളൂ. മറ്റെന്തെങ്കിലും സംഭവിക്കുന്നുണ്ടെങ്കിൽ അത് മറ്റു കാഴ്ചപ്പാടുകളുടെ ആന്ധ്യം നമ്മെ ബാധിക്കുന്നത് കൊണ്ടായിരിക്കും! ●

Contents

# മലയാളസാഹിത്യം
# സമുദായ ഇടപെടലുകൾ
# വിമർശന വായന

**മലയാള സാഹിത്യ ദർശനങ്ങളിലും ആഖ്യാനങ്ങളിലും ഇസ്‌ലാം/മുസ്‌ലിം വ്യവഹരിക്കപ്പെട്ടതും പെടാത്തതും.**

**സലീം ദേളി**
seleemshafi@gmail.com



സമന്വയ വിദ്യാഭ്യാസത്തിന്റെ മേന്മ പറച്ചിലിലാണ് കാലങ്ങളായി സമുദായ സ്നേഹികൾ നിലയിലുറപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ വിദ്യാഭാസ സമ്പ്രദായം മലയാള സാംസ്കാര നിർമിതിയിൽ (ലിറ്ററേച്ചറിൽ) എന്തുതരം ഇടപെടലുകൾ നടത്തി

Contents

യിട്ടുണ്ട് എന്നതിനെക്കുറിച്ച് പുനരാലോചിക്കേണ്ട ഘട്ടമാണിത്. 1921ന് ശേഷം രൂപംപ്രാപിച്ച ചരിത്ര ഘട്ടത്തിന് നൂറു വർഷം തികയുമ്പോൾ ലിറ്ററേച്ചറിൽ മാപ്പിള എവിടെയാണ് നിൽക്കുന്നത്?

## സ്കൂൾ ഓഫ് ലിറ്ററേച്ചർ

1920ന് ശേഷമുള്ള മലയാളം ലിറ്ററേച്ചറിൽ കടന്നുവന്നിട്ടുള്ള മാറ്റങ്ങളാണ് മലയാള സാംസ്കാരിക നിർമിതിയുടെ പ്രധാനഘടകം. പിന്നീട് ലിറ്ററേച്ചറിനെ നിയന്ത്രിക്കുന്നത് കർതൃത്വം, ദേശീയത, സംസ്കാരം എന്നിവയെക്കുറിച്ചുള്ള പഠനങ്ങളാണ്. ഓരോ കാലത്തും രചനകളെ ബ്രൈകോളാഷ് (കൈയിൽ കിട്ടുന്ന വസ്തു ഉപയോഗിച്ച് ചിത്രങ്ങളോ ശിൽപമോ ഉണ്ടാക്കുന്ന മിത്തുകളുടെ സ്വഭാവം വിവരിക്കുന്നത്) ചെയ്യുന്ന ബൃഹദ്, സവർണ, വരേണ്യ ഘടനകളെ അപനിർമിക്കുകയും അനന്തര പഠന മാതൃകകളെ നിർമിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ രൂപപ്പെട്ടുവന്ന പഠന മാതൃകകളിൽ വ്യത്യസ്ത നിലയിലായിരുന്നു ന്യൂനപക്ഷ മുസ്ലിം സമുദായ പ്രതിനിധാനങ്ങളുടെ പ്രതികരണങ്ങൾ. വികേന്ദ്രീകരിക്കപ്പെട്ട വിചാര മാതൃകകൾ ഒരു തരത്തിൽ മലയാള സാംസ്കാരിക നിർമിതിയെ ഒറ്റ ഫ്രെയിമിൽ പ്രതിഷ്ഠിപ്പിക്കാൻ കാരണമായിട്ടുണ്ട്. ഇത്തരം നിർമിതികളുടെ നിയന്ത്രണവും പ്രശ്നത്തിന്റെ കാരണങ്ങളും തേടിയുള്ള ആലോചനകളെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്.

## ആഖ്യാനം

സാംസ്കാരിക ഹെജിമണിയുടെ സ്വഭാവമാണ് രചനകളുടെ നിർവഹണവും പ്രകടനപരതയും.

ആഖ്യാനങ്ങൾ എപ്പോഴും നിലയുറപ്പിച്ചത് അധികാരത്തിന്റെ ശിലകളിലാണ്. പാരമ്പര്യ വിചാരങ്ങളെ എതിർക്കുക എന്നത് പുരോഗമന ചിന്തയുടെ അടിസ്ഥാനമായി കരുതിയത് കൊളോണിയൽ ആധിപത്യത്തിന്റെ സ്വാധീനത്താലാണ്. ഇത് മലയാളപൊതുബോധ നിർമിതിയിൽ പങ്കുവഹിച്ചു.

മലയാളസാഹിത്യത്തിന്റെ ആദ്യകാല ചരിത്രങ്ങളുടെ ഗതി നിർണയിക്കുന്നത് ബ്രാഹ്മണിക്കൽ അധികാരപരിധിയിലുണ്ടായ എഴുത്ത്, വായന എന്നിവയിലെ പാണ്ഡിത്യത്തിലാണ്. പുരാണ ഇതിഹാസ ബന്ധങ്ങളിൽ കിടന്നു പിടയുകയായിരുന്ന സാഹിത്യം മനുഷ്യ കേന്ദ്രീകൃതമായ സംവാദ മണ്ഡലത്തിലേക്ക് എത്തിയതോടെയാണ് മിത്തുകളുടെ അധികാരത്തിൽനിന്ന് അത് മാറിനടക്കാൻ തുടങ്ങിയത്. ബ്രാഹ്മണ അധികാരത്തിലെ തന്നെ പരിഗണനീയ വിഷയങ്ങളായ ജാതി, പുരുഷാധികാരം, ദേശീയത തുടങ്ങിയവക്ക് ഊന്നൽ നൽകുന്ന രചനകളിലേക്കായിരുന്നു മലയാള ലിറ്ററേച്ചറിന്റെ പിന്നീടുള്ള ഗമനം. മോഡേണിറ്റിയുടെ കടന്നുവരവോടെ, ഉന്നതകുല വൃത്തത്തിനു പുറത്തുള്ളവരുടെ സാമൂഹിക സാംസ്കാരിക ജീവിതാവിഷ്കാരങ്ങൾ മുഖ്യധാരയിലേക്കെത്തി. ഘടനാവാദാനന്തര സമീപനങ്ങൾ പ്രാതിനിധ്യമില്ലാത്തവരുടെ ഇടത്തെക്കുറിച്ച് ഗൗരവമായ ചർച്ചകളിലേക്ക് പ്രവേശിക്കുന്ന സമയമാണ് ആ കാലം. ഇതുവരെയുള്ള രചനകളുടെ അപര നിർമാണ, തിരുത്തൽ പ്രക്രിയകളിൽ ഏർപ്പെടുകയായിരുന്നു ആ കാലത്തെ ബോധം. സാമുദായിക സാമൂഹികവ്യവസ്ഥയുടെ പ്രശ്നങ്ങളെ ഇടതു

ലിബറൽ ആഖ്യാനനിർമിതിയിലൊതുക്കിയാണ് പ്രശ്നങ്ങളെ ഉത്പാദിപ്പിച്ചു (അവതരിപ്പിക്കുക) കൊണ്ടിരുന്നത്. ബഷീറിന്റെ കൃതികൾ മലയാള സാഹിത്യത്തിന് അകത്തേക്ക് കടത്തി വിട്ട സാമുദായിക ഇടത്തെയും ജീവിത രൂപങ്ങളെയും കാണാതയല്ല ഈ വിമർശമുയർത്തുന്നത്. 'പ്യൂരിറ്റിക്' ആദർശമാനമുള്ള പുനരുദ്ധാരണ സ്വഭാവമുള്ള ഇടപെടലുകളായിരുന്നു അത്. പക്ഷേ സാമുദായത്തിനെതിരെയുള്ള ബോധപൂർവവും ആസൂത്രിതവുമായ വിമർശനങ്ങളെ അപകേന്ദ്രീകരിക്കുകയായിരുന്നില്ല. (മുസ്ലിം നവോത്ഥാനത്തെ നിർവചിച്ച ഇടതു ലിബറൽ ആഖ്യാനങ്ങളെ പിന്തുടരുകയും നായകന്മാരുടെ ബിംബവത്കരണത്തെ സ്വീകരിക്കുകയും ചെയ്തു.)

**പോസ്റ്റ് ബാബരി കാലമാണ് സമുദായം നേരിടുന്ന സാംസ്കാരിക പ്രതിസന്ധിയുടെ ആഴം തിരിച്ചറിഞ്ഞത്. 1960-2000 കാലത്തിനിടയിൽ സമുദായം വിദ്യാഭ്യാസ ഉത്പാദന പ്രക്രിയയിൽ സജീവമായിരുന്നു. ഏകമാന സ്വഭാവമുള്ള വിദ്യാഭ്യാസ പദ്ധതികൾക്ക് മലയാള സാംസ്കാരിക രചനകളിലെ സാമുദായിക പാരമ്പര്യത്തെ പിന്തുടരാനോ പങ്കുചേരാനോ സാധിച്ചിട്ടില്ല. പഠന പ്രക്രിയകളുടെ (സിലബസുകൾ) പുതുമയില്ലായ്മ അതിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്. ഇന്ത്യൻ/കേരള ചരിത്ര, സാഹിത്യ, സാംസ്കാരികപശ്ചാത്തലരചനകളെഉൾപ്പെടുത്താത്ത, അക്കാദമിക് പഠനങ്ങളെ പ്രോത്സാഹിപ്പിക്കാത്തതാണ് സാംസ്കാരിക നിർമിതിക്കകത്തെ സമുദായ വിസിബിലിറ്റിയെ ഇല്ലാതാക്കുന്നതിന്റെ ഹേതുകളിലൊന്ന്.**

## കൺസ്ട്രക്റ്റീവ് ലിറ്ററേച്ചർ

ആധുനിക യുഗത്തിന് തൊട്ടുമുമ്പും ശേഷവും ലിറ്ററേച്ചർ രൂപപ്പെടുത്തിയ മുസ്‌ലിമിന്റെ രൂപത്തിനും ഭാവത്തിനും അപരിഷ്കൃതരുടെ പതിപ്പായിരുന്നല്ലോ. പിന്തിരിപ്പന്മാരായും അപരിഷ്കൃത രൂപത്തിന്റെ പ്രതിനിധികളായും മുസ്‌ലിംരൂപത്തെ പ്രദർശിപ്പിച്ചത് കൊളോണിയൽ കാലഘട്ടത്തിലെ ദേശീയതാ പരിശോധനയിലൂടെയാണ്. 'മാപ്പിള പ്രക്ഷോഭം' സാഹിത്യ പാഠത്തെ നിർമിച്ചു. ദേശരാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നമായി ഉയർത്തിക്കാട്ടിയ മുസ്‌ലിം പ്രശ്നം ഇവിടെയും യഥാസ്ഥിക ബോധത്തോടെ ഉപയോഗിക്കുകയാണുണ്ടായത്. (ദുരവസ്ഥ 1922, ഉമ്മാച്ചു 1957, 1921നു മുമ്പുള്ള ഗോവിന്ദൻ നായർ സുലൈമാനായ കഥാപാത്രം). മുൻധാരണകളെ നിലനിർത്തുന്ന, നിയന്ത്രിക്കുന്ന ഒരുപാട് രചനകൾ പിന്നീടും ഉണ്ടായിട്ടുണ്ട്. സാഹിത്യത്തിന്റെ പാഠത്തെ നിർമിക്കുന്നത് സാംസ്കാരിക രംഗത്തെ അധീശത്വ മേൽക്കോയ്മകളാണ് (ഗ്രാംഷി).

**ഇതിഹാസ പുരാണ മാതൃകകളെ ഇതിവൃത്തമായും ആഖ്യാനശൈലിയായും പാഠമായും സാഹിത്യത്തിന്റെ ഘടകമായി നിലനിർത്തിയ മേൽക്കോയ്മാധികാരത്തെ ഉത്തരാധുനിക കാലത്ത് റദ്ദ് ചെയ്ത് അപകേന്ദ്രീകരണം നടത്തുന്ന കൃതിയാണ് ശംസുദ്ധീൻ മുബാറകിന്റെ 'മരണപര്യന്തം, റൂഹിന്റെ നാൾമൊഴികൾ'. മലയാള സാഹിത്യത്തിൽ മരണാനന്തര ജീവിതം പ്രമേയമാകുന്ന നോവൽ വിരളമാണ്.** വ്യത്യസ്തമായ ഫിക്ഷനും റിയലിസ്റ്റിക്സും അടങ്ങിയ കഥകൾ ചുരുക്കം മാത്രം.ലോകത്തെ ചലനങ്ങളെ ആവാഹിച്ചെടുക്കുന്ന

ദൃഷ്ടിചാതുര്യ രചനകളാണ് മലയാളിക്ക് കൂടുതൽ സുപരിചിതം. അഭൗതികമായ കാര്യങ്ങളെ നിർവഹിക്കുന്നതിൽ, പരിചയപ്പെടുന്നതിൽ മലയാള സാഹിത്യം അൽപം പുറകോട്ട് പോയിട്ടുണ്ട്. എന്നാൽ തീർത്തും ഫിക്ഷനായി തോന്നുന്ന റിയലിസ്റ്റിക് രചനാരീതിയാണ് മുബാറകിന്റേത്. ഈ നോവൽ പൂർണമായും ഇസ്‌ലാമിക പശ്ചാത്തലങ്ങളിലാണ് നിലനിൽക്കുന്നത്. പുരാതന ബ്രാഹ്മണ കഥകളെ അവതരിപ്പിച്ച് സൃഷ്ടിക്കുന്ന സാഹിത്യകൃതികൾ മലയാളത്തിൽ എമ്പാടുമുള്ളപ്പോൾ ഇസ്‌ലാമിക പ്രമാണങ്ങളിലെ രചനകൾ പരിമിതമാണ്. ലിബറൽ ചിന്തയിലും പൊതുധാരയിലും ഇസ്‌ലാംഭീതി ഏറെ സ്വാധീനിച്ചിട്ടുണ്ട്. നിരൂപകർ പോലും എഴുത്തിൽ ഇസ്‌ലാമിക വിരുദ്ധത സൗന്ദര്യാത്മകമായി ജീവിപ്പിക്കുമ്പോൾ മുസ്‌ലിംപക്ഷ വായനയെ അരികുവത്കരിക്കുന്നതിന് കാരണമാകുന്നു. മുസ്‌ലിം ജീവിതത്തിന്റെ ആത്മീയ മണ്ഡലം എത്രത്തോളം ചിന്തോദ്ദീപകമാണെന്ന് ഇത്തരം നോവലുകൾ വിവരണം ചെയ്യുന്നത് മതത്തിലെ മറ്റു ബോധത്തിൽ നിന്നുള്ള അപകർഷതയെ പ്രതിരോധിക്കുന്നു. മതപരമായ എന്തും ആധുനികതക്കു പുറത്താണെന്ന വിചാരബോധത്തെ അത് ചോദ്യം ചെയ്യുന്നു.

സാഹിത്യ ചരിത്രങ്ങളിലെ ഗണവത്കരണങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ച് ഡേവിഡ് പെർക്കിൻസൺ തന്റെ പഠനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. പ്രത്യയശാസ്ത്രപരമായ ചോദ്യങ്ങൾ കൊണ്ടാണ് ഗ്രന്ഥകാരൻ പ്രശ്നത്തെ ഉന്നയിക്കുന്നത്. 'മാപ്പിളസാഹിത്യം', 'അറബിമലയാളസാഹിത്യം' ഇങ്ങനെയുള്ള ഗണങ്ങൾ നൽകിയാണ് മലയാള

സാഹിത്യ ചരിത്രത്തിൽ നിന്ന് അറബി മലയാള സാഹിത്യങ്ങളെ പുറത്തുനിർത്തിയത്. മലയാള സാഹിത്യചരിത്ര ഗ്രന്ഥങ്ങൾക്ക് അറബി മലയാള സാഹിത്യ കൃതികളെ ഉൾക്കൊള്ളാനാവുന്നില്ല. എന്തിനെയാണോ മാറ്റിനിർത്തുന്നത് അത് അപരമായിത്തീരുന്നു.

## മലയാള സാഹിത്യചരിത്രത്തിലെ പ്രാതിനിധ്യത്തിന്റെ രാഷ്ട്രീയം

വിമർശന സമീപനങ്ങൾ സൈദ്ധാന്തിക സമീപനങ്ങളായി രൂപപ്പെടുന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. അങ്ങനെ സാഹിത്യ സിദ്ധാന്തങ്ങളും വിമർശന സമീപനങ്ങളും അക്കാദമിക പഠനത്തിന്റെ ഭാഗമായിത്തീർന്നു. ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യ വിമർശനത്തിൽ രൂപംകൊണ്ട പൊതു പ്രവണതകൾ നവീന വിമർശനം, മാർക്സിസ്റ്റ് വിമർശനം, മനോവിശകലന വിമർശനം, റഷ്യൻ ഫോർമലിസം, ഘടനാവാദം, ലക്കാനിയൻ മനോവിശകലന സിദ്ധാന്തം, അപനിർമാണം, ഫെമിനിസം, വായനക്കാരുടെ പ്രതികരണ സിദ്ധാന്തം, നവചരിത്രവാദം എന്നിവയാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം കടന്നുവന്ന വിമർശന പദ്ധതിയാണ് ഘടനാവാദം. ചരിത്രത്തെ പുറത്തുനിർത്തി പാഠത്തെ അപഗ്രഥിക്കുകയായിരുന്നു ഘടനാവാദം. 1980കളിൽ ഘടനാവാദത്തെ ചോദ്യം ചെയ്ത് ദെറിദയെപ്പോലുള്ളവർ രംഗത്തെത്തി. നിരവധി വിമർശന പദ്ധതികൾ ഈ കാലയളവിൽ കടന്നുവന്നിട്ടുണ്ട്. അപനിർമാണത്തിൽ പെട്ട ശാഖയാണ് നവചരിത്രവാദം.

ചരിത്രം അധികാര ഘടനയാണ്. ലിപികളിലാണ് അവ എഴുതുന്നത്. ലിപി പഠിക്കാത്തവർക്ക് ചരിത്രം രേഖപ്പെടുത്താനാവില്ല. അതുകൊണ്ട് ചരിത്രം അധികാരബന്ധിതമാണ്. ഘടനാവാദം വിട്ടുകളഞ്ഞ ചരിത്രത്തെ തിരിച്ചെടുക്കുകയാണ് നവചരിത്രവാദം. അഥവാ ചരിത്രത്തിലേക്കുള്ള പുനഃസന്ദർശനം. ചരിത്രത്തെ നിർമിതിയായിട്ടാണ് നവീനചരിത്രവാദം സമീപിക്കുന്നത്. പല വിമർശന പദ്ധതികളെയും ഉൾക്കൊള്ളുന്ന അന്തർവിജ്ഞാനീയമാണ് ന്യൂ ഹിസ്റ്റോറിസിസം.

ആധുനിക ചരിത്രരചനാ ശാസ്ത്രത്തിന്റെ പരിമിതികൾ മറികടക്കാൻ അന്തർവൈജ്ഞാനികമായ ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുത്തേ പറ്റൂ. രീതിശാസ്ത്രത്തെയും സങ്കൽപങ്ങളെയും പ്രശ്നവത്കരിച്ചുകൊണ്ട് നവചരിത്രവാദം ചില വിമർശനങ്ങൾ മുന്നോട്ടുവെക്കുന്നു. ചരിത്രത്തിനു സത്യം കണ്ടെത്താൻ കഴിയും എന്ന വാദത്തെ ഇത് നിരാകരിച്ചു. ആഖ്യാനത്തെ കേവലമായ കഥ പറച്ചിലുകളായാണ് കരുതുന്നത്. യുക്തിയെ ഇത് ചോദ്യം ചെയ്യുന്നു.

നവീനചരിത്രവാദം ഒരു വിമർശന പദ്ധതിയാണ്. വ്യവഹാരമല്ല. മെത്തഡോളജി മുന്നോട്ടുവെക്കുന്നില്ല. അത് സമീപനമാണ്. സിദ്ധാന്തമല്ല. അതുകൊണ്ടുതന്നെ അധികാരവും ചരിത്രവും തമ്മിലുള്ള ബന്ധത്തെ പ്രശ്നവത്കരിക്കാനാണ് നവചരിത്രവാദം ശ്രമിക്കുന്നത്.

സാഹിത്യ ചരിത്രമെഴുതുമ്പോൾ ആദ്യത്തെ പ്രശ്നം സാഹിത്യം ഏതാണ്, ഏതല്ല എന്നതിലാ

ണ്. **സംസ്കൃത സംബന്ധിയായ എഴുത്തുകളും ഗ്രന്ഥങ്ങളുമാണ് മലയാള സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽ പ്രധാന ഇടം നേടിയിട്ടുള്ളത്. മോയിൻകുട്ടി വൈദ്യരുടെ ഹുസ്നുൽ ജമാലിൽ ആധുനിക റൊമാന്റിക് കവിതയുടെ പല ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. ഉണ്ണിയാടിചരിതവും ഉണ്ണിയച്ചീചരിതവുമൊക്കെ മഹാ സാഹിത്യത്തിനകത്താണ്. പക്ഷേ കേവലം അങ്ങാടി ഓർമകളാണത്. ധ്വനിയുള്ളതാണ് സാഹിത്യം എന്ന പരിഗണന വരുമ്പോഴാണ് എല്ലാ വിഭാഗത്തിലെയും സാഹിത്യം ഉൾക്കൊള്ളുന്നത്.** ഇവിടെ നവചരിത്രവാദം സാഹിത്യത്തിന്റെ നിർവചനത്തെ തന്നെ പുനർനിർമിക്കാൻ ശ്രമിക്കുന്നു. പരമ്പരാഗതമായ ചരിത്രരചനാ ശാസ്ത്രത്തിന്റെ അതിരുകളെയും സാഹിത്യ നിരൂപണത്തിന്റെ അതിരുകളെയും ഭേദിക്കുക, പുനർവായനക്ക് വിധേയമാക്കുക എന്നതാണത്.

സാഹിത്യചരിത്രമുണ്ടാകുന്നതും നിലനിൽക്കുന്നതും ചരിത്രമെന്ന ഘടകത്തിലും വിമർശന ഘടകത്തിലുമാണ്. അതിനാൽതന്നെ തൽസ്ഥാനത്തെ ഘടകങ്ങളെ പുനഃപരിശോധനക്ക് വിധേയമാക്കിക്കൊണ്ടാണ് നവചരിത്രവാദം ആലോചന തുടങ്ങുന്നത്. സാഹിത്യചരിത്രരചനാ പദ്ധതി നിർണയിക്കുന്നതിൽ ചരിത്രബോധത്തിനും സാഹിത്യ ബോധത്തിനും വലിയ പങ്കുണ്ട്. സവിശേഷമായ സങ്കല്പങ്ങൾ പുലർത്തുന്ന, വ്യവഹാരങ്ങളെ പ്രതിഷ്ഠിക്കുന്ന വ്യക്തിത്വങ്ങളെ നിരന്തരം പാഠവിധേയമാക്കുന്നു.

ചരിത്രത്തെ നേരിടാൻ ചരിത്രത്തെ തന്നെ ഉപയോഗിക്കുക എന്നതാണ് ഓർഡർ ഓഫ് തിങ്

സിൽ ചരിത്രസങ്കൽപത്തെ ചോദ്യം ചെയ്തുകൊണ്ട് ഫൂക്കോ പറയുന്നത്.

ചരിത്രമെപ്പോഴും പെരുപ്പിച്ചു കാണിക്കലിന്റെയും ന്യൂനോക്തിയുടേയുമാണ്. സാഹിത്യ ചരിത്രത്തിന് സമാനമായ രാഷ്ട്രീയ ചരിത്രവുമുണ്ട്. കൊളോണിയൽ ചിന്താ സംഭാവനയായിട്ടാണ് ചരിത്രരചന കേരളത്തിലെത്തുന്നത്.

മലയാള സാഹിത്യത്തിന്റെ ചരിത്രം കാലാകാലങ്ങളിൽ പല സാഹിത്യ ചരിത്രങ്ങളിലൂടെയും അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ, സാഹിത്യകാരന്മാർ, സാഹിത്യസംഭവങ്ങൾ, കൃതികൾ എന്നിവയുടെയെല്ലാം ഉൾച്ചേരലുകളാണ് സാഹിത്യചരിത്രങ്ങൾ. മലയാളത്തിലെ ആദ്യ സാഹിത്യചരിത്രമെന്ന് അറിയപ്പെടുന്നത് 1881ൽ രചിക്കപ്പെട്ട പി. ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്ര'മാണ്. രചനാകാലഘട്ടം വരെയുള്ള എല്ലാ സാഹിത്യ കൃതികളെയും പ്രാധാന്യമനുസരിച്ച് ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ധാരാളം സാഹിത്യചരിത്രങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

അറബി-മലയാളം രൂപമെടുത്ത കാലത്തെ കൃത്യമായി നിർണയിക്കാൻ സാധ്യമല്ല. കേരളത്തിലെ മുസ്‌ലിംകൾ ഒരു സമൂഹമായി രൂപപ്പെടുകയും മതപഠനവും അറിവുകളും സാധാരണ മുസ്‌ലിംകൾക്ക് എത്തേണ്ട സാഹചര്യം വരികയും ചെയ്തതു മുതൽ അത് രൂപപ്പെട്ടു എന്നു വേണം മനസിലാക്കാൻ. ഉള്ളൂർ എസ്. പരമേശ്വരൻ പിള്ള, 1953ൽ പ്രസിദ്ധീകരിച്ച തന്റെ 'കേരള സാഹിത്യ ചരിത്ര'ത്തിൽ അറുന്നൂറു വർഷത്തെ പഴക്കമാണ്

അറബി മലയാളത്തിന് കൽപിക്കു ന്നത്. (വാള്യം: 1, 1953:228). ചില വസ്തുതകൾ വെച്ചുനോക്കുമ്പോൾ ഒമ്പതാം നൂറ്റാണ്ടു മുതൽ അറബി മലയാളം ആവിർഭവിച്ചതായി കാണാനാകുമെന്ന് ഒ.അബു (അറബിമലയാള സാഹിത്യ ചരിത്രം,1970:16-17) പറയുന്നു. ക്രിസ്തു വർഷം ഒമ്പതാം നൂറ്റാണ്ടുമുതൽ മുസ്ലിംകൾ ഇവിടെയുണ്ടായിരുന്നതിന് ചരിത്രം സാക്ഷിയുണ്ടെന്നും അത്രയെങ്കിലും പഴക്കം അറബി-മലയാളത്തിന് കൽപിക്കാവുന്നതാണ് എന്നും കെ.അബൂബക്കർ എഴുതുന്നു. (വൈദ്യർ സമ്പൂർണ കൃതികൾ, 2005:26)

**അറബിമലയാള സാഹിത്യചരിത്രം, ഒ. ആബു (1970), മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കെ.കെ. അബ്ദുൽ കരീം, സി.എൻ. അഹ്മദ് മൗലവി (1978) എന്നീ കൃതികൾ അറബിമലയാള സാഹിത്യത്തെ രേഖപ്പെടുത്തിയതിന് ശേഷം രചിക്കപ്പെട്ട മലയാള സാഹിത്യചരിത്രത്തിൽ അറബി മലയാള സാഹിത്യത്തെ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിട്ടില്ല. സംസ്കൃത,തമിഴ്, മണിപ്രവാള സാഹിത്യങ്ങളെ ഖണ്ഡങ്ങളിൽ ചേർക്കുകയും അറബി മലയാള സാഹിത്യത്തെ പാരഗ്രാഫുകളിൽ ഒതുക്കുകയും ചെയ്തതിന്റെ കാരണം രാഷ്ട്രീയ സാംസ്കാരിക ഘടകങ്ങളാണ്.**

എം. ലീലാവതിയുടെ മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ (1980) 'ഉത്തരകേരളത്തിലെ നാടോടിപ്പാട്ടുകളിൽ ബദർ പടപ്പാട്ട് മുതലായ ചില മാപ്പിളപ്പാട്ടുകളും ഉൾപ്പെടും' എന്നേയുള്ളൂ. അവഗണനയോടെയും അശ്രദ്ധയോടെയുമാണ് ലീലാവതി മാപ്പിളപ്പാട്ടുകളെ കൈകാര്യം ചെയ്തത്.

ഉള്ളൂരിന്റെ സാഹിത്യ ചരിത്രത്തിൽ ഒരു ഖണ്ഡിക മാത്രമേ മാപ്പിളപ്പാട്ടുകൾക്കായി നീക്കിവെച്ചിട്ടുള്ളൂ. മാപ്പിളമലയാള കൃതികൾക്ക് അറബി പദങ്ങളുടെ സംക്രമണം മൂലവും മറ്റും ശബ്ദശുദ്ധി കുറയുമെങ്കിലും സംഗീതാത്മകത ധാരാളമുണ്ട് എന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ഡോ. കെ.എം. ജോർജിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'കേരളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ നാടൻപാട്ടുകളെപ്പറ്റി ജി. ശങ്കരപ്പിള്ള എഴുതിയ ഒരു അധ്യായത്തിൽ മാപ്പിളപ്പാട്ടുകളെപ്പറ്റി നാമമാത്രമായി പറയുന്നുണ്ട്. (മാപ്പിളപ്പാട്ടുകൾ, യുവകലാസാഹിതി സുവനീർ, 1982).

The rights of man എന്ന ലേഖനത്തിൽ തോമസ് പൈനിന്റെ നിരീക്ഷണം: 'എങ്ങനെയാണ് ചരിത്രാഖ്യാനത്തിലൂടെ അപരവത്കരണം നടക്കുന്നത്? സമൂഹത്തിലെ ഏതെങ്കിലും ഒരു ശക്തിക്ക്/വിഭാഗത്തിന് പൂർണമായി നിയന്ത്രിക്കാനുള്ള ശേഷിയില്ല. പലപ്പോഴും ഓരോ സമുദായത്തിനും ഭൂതകാലത്തെപ്പറ്റിയുള്ള ഭാവനയെ, ഭാവിയെപ്പറ്റിയുള്ള സങ്കല്പങ്ങളെ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമില്ല എന്നതാണ് എല്ലാ ദുരന്തങ്ങൾക്കും ഹേതു. ചരിത്രം മറ്റുള്ളവരാണ് തീരുമാനിക്കുന്നത്. അപരവത്കരിക്കപ്പെട്ടവർക്ക് ചരിത്രം നിർമിക്കാനുള്ള സ്വാതന്ത്ര്യമില്ല. ഈ ചരിത്രങ്ങൾ രേഖപ്പെടുത്തേണ്ടത്, അന്വേഷിക്കേണ്ടത് അതത് സമൂഹങ്ങൾ തന്നെയാണ്.

ചരിത്ര നിർമിതിയുടെ ഉദ്ദേശ്യം മരിച്ചുപോയവരെ മാത്രം ഉൾക്കൊള്ളിക്കുക എന്നാവരുത്.

ജീവിച്ചിരിക്കുന്നവരെയും ഉൾക്കൊള്ളിക്കണം. അപരവത്കരണമില്ലാതാക്കാൻ പരമാവധി ജീവിക്കുന്നവരുടെ ചരിത്രത്തെ ഉപയോഗിക്കണം. ഇതാണ് നവചരിത്രവാദത്തിന്റെ ധാർമികത.'

ചരിത്ര നിർമിതിയുടെ ധാർമികത (Ethical turn) സാഹിത്യചരിത്രത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്നുണ്ടോ എന്നൊരു ദൃഷ്ടിക്കകത്താണ് നിൽക്കുന്നത്. ചരിത്രത്തിന്റെ അപരവത്കരണം ആഖ്യാനത്തിന്റെ തന്ത്രത്തിലും ചരിത്രനിർമാണത്തിന്റെ ധാർമികത പ്രാതിനിധ്യത്തിന്റെ ചേർക്കലുകളിലും ബന്ധിതമാണ്. ശാസ്ത്രീയ യുക്തിയെ അനുസരിച്ചല്ല, മറിച്ച് ധാർമികമായ സമീപനങ്ങളാണ് എത്തിക്സായിമുന്നോട്ടുവെച്ചത്. സാഹിത്യമേത് എന്നതിൽ മാത്രമല്ല പ്രശ്നമുള്ളത്. ഉത്തമസാഹിത്യത്തെ മാത്രം ഉൾപ്പെടുത്തിയാൽ മതിയോ? പരന്ന് കിടക്കുന്ന കാലത്തെ അല്ലെങ്കിൽ ഏതെങ്കിലും പ്രധാന നിമിഷത്തെ ഉൾക്കൊള്ളിച്ചാലൊക്കുമോ എന്ന പ്രാധിനിത്യ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുന്നത് Lectures Owner The Htsiory Of Literature എന്ന ലേഖനത്തിൽ ഷ്ളഗലാണ്. പുറത്തുനിൽക്കുന്ന സാഹിത്യങ്ങൾക്ക് സാഹിത്യമൂല്യം ഇല്ല എന്ന് പറയുന്നതിന്റെ അർഥം നിങ്ങളത് പരിഗണിക്കുന്നില്ല എന്നതാണ്. അത് പുറംതള്ളപ്പെടലാണ്. പ്രത്യയശാസ്ത്രപരമായ രാഷ്ട്രീയ പ്രശ്നമാണ്. അതുകൊണ്ട് ചരിത്രത്തെക്കുറിച്ച് പറയുമ്പോൾ ഓർക്കേണ്ടത് പ്രാതിനിധ്യത്തെക്കുറിച്ചാണ്.

## അറബി മലയാള സാഹിത്യചരിത്രത്തിന്റെ പ്രാതിനിധ്യവും പ്രതിരോധവും

**അന്റോണിയോ ഗ്രാംഷി ബദൽ പ്രത്യയശാസ്ത്ര പരികല്പന മുന്നോട്ടുവെക്കുന്നത് അധികാരബന്ധിത കേന്ദ്രങ്ങളെ പ്രതിരോധിക്കാനാണ്. സ്വത്വപരമായ സംസ്കാരം, വിദ്യാഭ്യാസം തുടങ്ങി ഡിസ്കോഴ്സുകളെ ഉയർത്തിക്കൊണ്ടുവരികയും സാംസ്കാരികമായി പ്രതിരോധം സൃഷ്ടിക്കുകയും വേണം. അറബി മലയാള സാഹിത്യചരിത്രത്തെ ഗ്രാംഷിയൻ പരികൽപനയിലൂടെ വായിക്കാനാണ് ശ്രമിക്കുന്നത്.**

സാഹിത്യചരിത്രരചനയിൽ അറബിമലയാള കൃതികളെ പരമാവധി മാറ്റിനിർത്തുകയാണുണ്ടായത്. വിമർശനം ഏകമാനമല്ല. കൃതികൾ സ്വീകാര്യപ്പെടുന്നതിൽ തടസമായ കാരണങ്ങളാണ് ഭാഷയും ലിപിയും. കൃതികളുടെ സാംസ്കാരിക-രാഷ്ട്രീയ പ്രാമുഖ്യം തിരിച്ചറിയാതെ നിർവഹിക്കുന്ന സാഹിത്യചരിത്രരചനകൾ വിമർശനത്തിന് വിധേയമാക്കേണ്ടതുണ്ട്.

പ്രമുഖ ഭാഷാശാസ്ത്രകാരനായ വേണുഗോപാലപ്പണിക്കർ വൈദ്യരുടെ പാട്ടുകളിലെ ഭാഷാപരമായ പ്രത്യേകതകളെപ്പറ്റി 1992 ഫെബ്രുവരിയിലെ വിജ്ഞാനകൈരളിയിൽ മാപ്പിളപ്പാട്ടിലെ ഭാഷ എന്ന പേരിൽ എഴുതുന്നുണ്ട്. പാണ്ഡ്യഭാഷാസാരൂപ്യം, ഉണ്ണായിവാര്യരെ പോലുള്ള വെങ്കലഭാഷ തുടങ്ങിയ പ്രത്യേകതകൾ അദ്ദേഹം വൈദ്യർ കൃതികളിൽ കണ്ടെത്തുന്നു. 1990കൾക്കു ശേഷമാണ് മുഖ്യസാഹിത്യപഠനങ്ങളിൽ മാപ്പിളസാഹിത്യം കടന്നുവരുന്നത് എന്ന് സാമാന്യമായി പറയാം. എം.എൻ കാരശ്ശേരി, ഇബ്രാഹീം ബേവിഞ്ച,

എം.എ റഹ്മാൻ തുടങ്ങിയവരുടെ ഗവേഷണ പഠനങ്ങൾ എടുത്തുപറയേണ്ടതാണ്. സ്കൂൾ, കോളേജ് സിലബസുകളിൽ ചെറിയ തോതിലെങ്കിലും മാപ്പിളപ്പാട്ട് പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് 2000ത്തിനു ശേഷമാണ്. 2002ൽ പരിഷ്കരിച്ച് പുറത്തിറക്കിയ എരുമേലി പരമേശ്വരൻ പിള്ളയുടെ 'മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ' എന്ന കൃതിയിൽ മാപ്പിളപ്പാട്ടുകളെ നന്നായി പരിചയപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. വക്കം അബ്ദുൽ ഖാദിർ, ടി. ഉബൈദ് തുടങ്ങിയവർ ആദ്യകാലങ്ങളിൽ പരിചയപ്പെടുത്തിയതിന്റെ ഫലമായാണ് ശൂരനാടിനെ പോലുള്ളവർ മാപ്പിള സാഹിത്യം ശ്രദ്ധിക്കുന്നത്. എന്നാൽ, 1970 കൾക്കു ശേഷം മുസ്‌ലിം എഴുത്തുകാർ വിപുലമായ തോതിൽ മാപ്പിള സാഹിത്യ ചരിത്രങ്ങൾ പുറത്തിറക്കിയതിനാൽ മുഖ്യധാരാ പണ്ഡിതന്മാർ തങ്ങളുടെ സാഹിത്യചരിത്രങ്ങളിൽ അവയെ പരാമർശിക്കാൻ നിർബന്ധിതരാവുകയായിരുന്നു. അത്തരം ധാരാളം കൃതികളുണ്ട്. 1. അറബിമലയാള സാഹിത്യചരിത്രം, ഒ. ആബു (1970). 2. മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കെ.കെ. അബ്ദുൽ കരീം, സി.എൻ. അഹ്മദ് മൗലവി, (1978). 3. മാപ്പിളമലയാളം ഒരു ഭാഷാമിശ്രം, കെ.ഒ. ശംസുദ്ദീൻ (1978). 4. മാപ്പിളപ്പാട്ട് പാഠവും പഠനവും, ബാലകൃഷ്ണൻ വള്ളിക്കുന്ന്. 5. ഇശലുകളുടെ ഉദ്യാനം, ഡോ. ഉമർ തറമേൽ, (2006). 6. മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ, വി.പി. മുഹമ്മദലി (2007). 7. മാപ്പിളപ്പാട്ട് ചരിത്രവും വർത്തമാനവും, വി.എം. കുട്ടി (2007). 8. മാപ്പിളപ്പാട്ടിന്റെ വേരുകൾ തേടി, ഹസൻ നെടിയനാട് (2012). മാപ്പിളസാഹി

ത്യഗവേഷകർ പുറത്തിറക്കിയ സാഹിത്യചരിത്രസ്വഭാവത്തിലുള്ള കൃതികളാണിവയെല്ലാം. മലയാളത്തിലെ മുഖ്യധാരാസാഹിത്യത്തിൽ ചേർക്കാൻ മാത്രം വൈപുല്യമുള്ള ഈ സാഹിത്യത്തെ പരിചയപ്പെടുത്തുകയും അവഗണിക്കുന്നതിൽ പരിതപിക്കുകയും ചെയ്യുന്നു ഈ കൃതികളിൽ മിക്കതും. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സാഹിത്യചരിത്രങ്ങളിൽ നാടൻപാട്ടിന്റെ ഗണത്തിലാണ് മാപ്പിളപ്പാട്ടുകളെ പരിഗണിച്ചിട്ടുള്ളത്. അറബിമലയാളത്തിലെ വിപുലമായ വൈജ്ഞാനിക സാഹിത്യത്തെ വേണ്ടവിധം മുഖ്യധാരാ സാഹിത്യ ചരിത്രം ഇനിയും പരിചയപ്പെട്ടിട്ടില്ല. മാപ്പിള എഴുത്തുകാരുടെ ഇടപെടൽ വഴിയാണ് ഈ നാമമാത്ര ശ്രദ്ധയെങ്കിലും ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത്. ഇവയൊക്കെയും നമ്മുടെ മലയാള ഭാവനയുടെ പരിമിതിയായാണ് ഞാൻ മനസിലാക്കുന്നത്. കൂടുതൽ ജനാധിപത്യപരമായ അവബോധത്തിലേക്ക് വരുമ്പോൾ മാത്രമേ മാപ്പിളസംസ്കാരത്തെയും സാഹിത്യസമ്പത്തിനെയും മനസിലാക്കാൻ മലയാളഭാവനക്ക് സാധിക്കുകയുള്ളൂ.(കടപ്പാട്: ഡോ. ഹുദൈഫ റഹ്മാൻ അറബി മലയാളവും സാഹിത്യ ചരിത്രവും ഡോ. വി ഹിക്മത്തുല്ല)

മാപ്പിള സാഹിത്യത്തിന്റെ ഗദ്യ, പദ്യ ശാഖകൾ വിപുലമാണ്. നിരവധി അറബി മലയാളത്തിലെഴുതിയ സാഹിത്യകാരന്മാരെ മാപ്പിള സാഹിത്യ പാരമ്പര്യം പരിചയപ്പെടുത്തുന്നുണ്ട്. സാഹിത്യ പാരമ്പര്യത്തിന് അറബിമലയാള സാഹിത്യകൃതികളെ ചരിത്രപരമായി രേഖപ്പെടുത്തി വെക്കുന്നതിൽ തികഞ്ഞ രാഷ്ട്രീയ സാംസ്കാരിക ഘടകങ്ങൾ ഉണ്ടായിട്ടുണ്ട്. അധിനിവേശ വിരുദ്ധ പോരാട്ടത്തിൽ

വെള്ളക്കാരെ നേരിടുന്നതിനുള്ള മാധ്യമങ്ങളിൽ ഒന്നായിരുന്നു അറബി-മലയാള രചനകൾ. മാപ്പിള സഹോദരന്മാരുടെമനോവീര്യംഇത്തരംകൃതികൾ ധാരാളമായി സ്വാധീനിച്ചിട്ടുണ്ട്. അധികാര സ്ഥാപനത്തിന് തടസമാകുന്ന കൃതികൾ കണ്ടുകെട്ടുകയും ചെയ്തിരുന്നു. (മുഹിമ്മാത്തുൽ മുഅ്മിനീൻ, ചേറൂർ പടപ്പാട്ട്, മണ്ണാർക്കാട് പട, മഞ്ചേരി പടപ്പാട്ട്, സ്വദേശാഭിമാനി പത്രം, അൽഅമീൻ പത്രം).

രചനയുടെ സ്വീകാര്യതയെ ചർച്ചാ വിധേയമാക്കണം. ഒരു സവിശേഷ വിഭാഗത്തിന്റെ ആഖ്യാനങ്ങളെ പൊതു ഇടം എങ്ങനെ ഉൾക്കൊണ്ടു. പൊതുധാരയിലേക്ക് അഡ്രസ് ചെയ്യുന്നതിലെ പരിമിതികളെയും വീഴ്ചകളെയും പരിശോധിക്കണം. ഇത്തരം ഇടങ്ങളിൽ കിട്ടാതെപോയ പരിഗണനകൾക്ക് രാഷ്ട്രീയ സാംസ്കാരിക കാരണങ്ങളുണ്ട്. ബൃഹത്തായ മാപ്പിള സാഹിത്യ ചരിത്രത്തെ കെ.കെ മുഹമ്മദ് കരീമും സി.എൻ അഹമ്മദ് മൗലവിയും രചിക്കാനുണ്ടായ ഹേതു ഇവിടത്തെ കൊളോണിയൽ അധികാര രചനാ സമ്പ്രദായം പിന്തുടരുന്ന സാഹിത്യ ചരിത്ര രചനകൾ നിർമിക്കപ്പെട്ടത് കൊണ്ടാണ്.

**സമുദായം എങ്ങനെ സാഹിത്യ രചനകളെ സ്വീകരിച്ചു എന്ന് ഗൗരവപൂർവം പരിശോധിക്കപ്പെടേണ്ടതാണ്. അറബിക് കോളേജുകളിൽ സാഹിത്യ, ചരിത്ര കൃതികൾ ചില കേസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? സമുദായത്തിനകത്ത് നിലനിൽക്കുന്ന ബോധ്യങ്ങളെ മാറ്റാതെ തിരുത്തിക്കുറിക്കാതെ മറ്റൊരു സ്വീകാര്യതയെ കുറിച്ച് സംസാരിക്കുന്നത് ന്യായമാണോ? ലിറ്ററേച്ചറിലെ പ്രതിനിധാനത്തിന്റെ രാഷ്ട്രീയമാണ്**

സാംസ്കാരിക നിർമിതിയിലെ യുക്തി. സ്വസമുദായത്തിന്റെ ലിറ്ററേച്ചറുകളെ അന്യനുമേൽ ഏൽപ്പിക്കപ്പെടുന്ന സാഹചര്യവും സന്ദർഭവും മലയാള സംസ്കാര നിർമിതിയിലെ പ്രതിനിധാനത്തിന്റെ പ്രശ്നം. അതിന്റെ ഗൗരവപരമായ ഇടപെടലുകളെക്കുറിച്ച് ചർച്ച ചെയ്യാൻ സമുദായം നിയന്ത്രിക്കുന്ന മണ്ഡലത്തിൽ സാധ്യമാവാതെ പോവുന്നതും അപരവത്കരണമാണെന്ന ബോധ്യത്തിൽ നിന്നാണ് കൺസ്ട്രക്റ്റീവ് ലിറ്ററേച്ചർ രൂപപ്പെടുന്നത്. ഹൈപ്പർ റിയാലിറ്റിയിൽ അപരത്വത്തെ സൗകര്യപ്രദമായി വിതരണം ചെയ്യുന്ന, ഒരു നിശ്ചിത കേന്ദ്രത്തിന് ചുറ്റും കറങ്ങുന്ന ലിറ്ററേച്ചറുകളെ അപകേന്ദ്രീകരിക്കുന്നതിന്റെ സാധുതയെയും സാധ്യതകളെയും പറ്റി അക്കാദമിക തലങ്ങൾ പഠിക്കേണ്ടതുണ്ട് ●

*റഫറൻസ്*

** അറബിമലയാളവും സാഹിത്യവും
ഡോ. വി ഹിക്മത്തുല്ലാഹ്*

**ആധുനികതയുടെ പിന്നാമ്പുറം
പി.പി രവീന്ദ്രൻ*

**താക്കോൽ വാക്കുകൾ
വിചാരമാതൃകകൾ*

**കേരളീയ നോട്ടങ്ങൾ
എഡിറ്റർ അജു നാരായണൻ*

**ജയിൽക്കുറിപ്പുകൾ
അന്റോണിയോ ഗ്രാംഷി*

**മലബാർ ദേശീയതയുടെ ഇടപാടുകൾ
എം.ടി അൻസാരി*

**സമകാല നിരൂപണത്തിന്റെ മുഖങ്ങൾ
പൂർണ പബ്ലിക്കേഷൻസ്*

# ഖുർആൻ
# പാഠവും പഠനവും

**ഉലൂമുൽ ഖുർആൻ എന്ന രീതിശാസ്ത്രം വഴി മാത്രമേ ഖുർആൻ പഠനം ലക്ഷ്യം കാണൂ. തിരുനബിയിൽ നിന്നാണതിന്റെ സമാരംഭം**

**സഫ്‌വാൻ ബി.എം**
safwanbnp@gmail.com



മനുഷ്യ ജീവിതത്തിൽ ദൈവിക ഇടപെടൽ അനിവാര്യമാണ്. എന്നാൽ മാത്രമേ മാനുഷിക ജീവിതത്തിന് ഒരു വിശുദ്ധി കൽപിക്കാനാകൂ. മാത്രമല്ല, ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പോലും

Contents

നിവർത്തിക്കാനാകുന്നത് വിശിഷ്ടമായ ഇടപെടൽ മുഖേനയാണ്. അത്തരമൊരു ഇടപെടൽ മനുഷ്യാനുഭവ ചരിത്രം മുതൽ ഇന്നേവരെ സാധ്യമായ ഒന്നാണ്. നൂറ് എടുകൾ, നാല് വേദ ഗ്രന്ഥങ്ങൾ, ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തിൽ പരം പ്രവാചകന്മാർ, എന്നിങ്ങനെയുള്ള മാധ്യമങ്ങളിലൂടെയാണ് സ്രഷ്ടാവ് തന്റെ വിശിഷ്ട സൃഷ്ടിയുടെ ജീവിതത്തെ നിർവചിക്കുന്നതായ വിശുദ്ധ ഇടപെടൽ നടത്തിയത്.

വിശ്വപ്രവാചകനിലൂടെയാണ് ആ പ്രവാചകഇടപെടലിന് സമാപ്തി കുറിക്കുന്നത്. മനുഷ്യാരംഭഘട്ടത്തിൽ തന്നെ, പ്രവചിതമായ വിശുദ്ധ ഗ്രന്ഥവും പ്രവാചകനും സമാപ്തി കുറിക്കുന്ന വിശിഷ്ട ഇടപെടൽ ലോകാവസാനം വരേക്കുമുള്ളതാണ്. അത് വിശുദ്ധ ഖുർആനും അതിന്റെ വാഹകനായ മുഹമ്മദ് നബിയുമാണ്. വിശുദ്ധ ജീവിതത്തിനാധാരമായി വർത്തിക്കുന്ന ഈ ഇടപെടലിന്റെ നാമമാണ് ഇസ്‌ലാം. അതിനെ പൂർണാർഥത്തിൽ ഹൃദയാവരിക്കുമ്പോൾ മാത്രമേ മനുഷ്യന് തന്റെ വിശുദ്ധിയെ പോലും ആവിഷ്‌ക്കരിക്കാൻ കഴിയൂ. അതിന് ഖുർആനിക പഠനവും ആവിഷ്‌കാരവും അനിവാര്യമാണ്. വിശുദ്ധിയെ തേടിയുള്ള അന്വേഷണത്തിൽ അനിവാര്യമായും അറിയേണ്ടത് ഖുർആനെയാണ്. വേണ്ടതു പോലെ തന്നെ അറിയൽ അനിവാര്യമാണ്.

ഖുർആന്റെ ആദ്യകാല അനുയായികളാണ് വേണ്ടതു പോലെ ഖുർആൻ ഗ്രഹിച്ചവർ, അവർക്ക് ഗ്രഹിക്കേണ്ട രൂപം തിരുനബി(സ്വ) വ്യക്തമാക്കി കൊടുത്തതാണ്. അത് പൂർണാർഥത്തിൽ സ്വീക

രിച്ച് അവർ പിൻതലമുറക്ക് കൈമാറ്റം ചെയ്തു, അവർ അവർക്കു ശേഷമുള്ളവർക്കും പകർന്നു നൽകി, അങ്ങനെ കാലാന്തരത്തിൽ ഖുർആനിക വായനക്ക്, മുൻ തലമുറ പകർന്നു നൽകിയ രീതി ശാസ്ത്രം ഉൾകൊള്ളിച്ചുള്ള ഒരു നിദാനതത്വം പണ്ഡിതർ രൂപ കൽപന ചെയ്തു. ഈ പഠന മൗലിക തത്വങ്ങൾക്ക് ഉലൂമുൽ ഖുർആൻ എന്നത്രെ വിശേഷിപ്പിക്കുന്നത്. ഒട്ടനവധി ജ്ഞാനശാഖകൾ ഉൾക്കൊള്ളുന്ന ഒരു ബൃഹത്തായ ജ്ഞാനശാഖയാണ് ഉലൂമുൽ ഖുർആൻ. ആകയാൽ ഈ രീതി ശാസ്ത്രത്തിന്റെ തുടക്കം പ്രവാചകനിലാണെന്നു തന്നെ പറയാം. പിൽകാലത്താണ് ഇത് ഒരു ക്രോഡീകൃത ജ്ഞാനശാഖയായി പരിവർത്തിച്ചതെന്നു മാത്രം. ഈ വിജ്ഞാന മാപിനി കൊണ്ടുള്ള അന്വേഷണത്തിൽ മാത്രമേ ഖുർആനിന്റെ ആത്മാവറിയാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഖുർആൻ മുഖേന തന്നെ പഠിതാവിന് ലക്ഷ്യം പിഴക്കുകയും ചെയ്യും. നേർ മാർഗത്തിലല്ലാതെ ശാസ്ത്രം സ്വീകരിച്ചവർ ഖുർആൻ മുഖേന തന്നെ വിശ്വാസ വ്യതിചലനത്തിലേക്ക് സഞ്ചരിക്കുമെന്നു ഖുർആൻ സുവ്യക്തമാക്കുന്നുണ്ട്.

ഈ അടിസ്ഥാന തത്വങ്ങൾ മനസിലാക്കിയവർക്ക് പ്രയാസംബോധ്യമാകുന്നഒരുവസ്തുതയുണ്ട്. ഖുർആൻ/ഇസ്‌ലാം/പ്രവാചക വിമർശകരെല്ലാം വഴിപിഴച്ച രീതിശാസ്ത്രത്താൽ വായിക്കുന്നവരാണെന്ന് എന്നത്രെ ഉപര്യുക്ത വസ്തുത. ഏതൊരു പ്രത്യയശാസ്ത്രത്തിനും / അത് വിശദീകരിക്കുന്ന ഗ്രന്ഥത്തിനും മൗലിക തത്വങ്ങൾ ഉണ്ടായിരിക്കെ ഇത്തരമൊരു വിവരണം തീർത്തും വഞ്ചനാത്മകമ

ല്ലേ എന്ന ചോദ്യം പ്രസക്തമായി തന്നെ കാണുന്നു. മിഥ്യയായ മൗലിക തത്വങ്ങളോ വ്യർഥ്യമായ സമീപനങ്ങളോ മനുഷ്യ പ്രകൃതത്തിനോ/ ബുദ്ധിക്കോ ഉൾകൊള്ളാൻ സാധ്യമല്ല. അപ്രകാരം തന്നെയാണ് ഇസ്‌ലാമിക സമീപന രീതി എന്ന യാഥാർഥ്യം ഈ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുന്നത്. മിഥ്യകളെ സത്യവത്കരിക്കാനുള്ള വഞ്ചനാത്മക അടിസ്ഥാനമല്ല. വസ്തുതകളെ സത്യമായി തന്നെ വായിക്കാനും ഗ്രഹിക്കാനുമുള്ള പ്രാഥമിക വഴിത്തിരിവാണ്.


**ഖുർആൻ അവതീർണമായത് അറബി ഭാഷയിലാണ്. അതിനാൽ അറബി ഭാഷ പഠിതാവ് അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതുണ്ട്. കേവലം വ്യാകരണ ശാസ്ത്രം പഠിച്ച ഒരു വ്യക്തിക്ക് ഖുർആനിക പഠനത്തിലേക്ക് പ്രവേശിക്കാൻ സാധ്യമല്ല. അതോടൊപ്പം അറബി സാഹിത്യവും പ്രയോഗ ശാസ്ത്രവുമുൾപ്പെടെ ഒട്ടനവധി വിജ്ഞാന ശാഖകളിൽ അവഗാഹം അനിവാര്യമാണ്.** എന്നാൽ ഖുർആനിക പഠനത്തിലേക്ക് പ്രവേശിക്കുള്ള ഒരു ഘട്ടം താണ്ടിയെന്നു പറയാം. അതിനു ശേഷമുള്ളത് ഖുർആനുമായി ബന്ധപ്പെട്ട സമുദ്ര സമാനമായ ജ്ഞാന മേഖലയാണ്. അവയെ സംക്ഷിപ്തമായി അറിയാൻ മൂന്ന് ഖണ്ഡങ്ങളിലായി വിഭജിക്കാം. ഒന്ന്, ഖുർആനിക ചരിത്രവും ജ്ഞാനങ്ങളും. രണ്ട്, അവതരണ ശൈലിയും രീതിശാസ്ത്രവും. മൂന്ന്, ഖുർആനിക പാഠങ്ങൾ എന്നിവയാണ് ഈ ഖണ്ഡങ്ങൾ.

എന്താണ് ഖുർആൻ, അതിന്റെ അവതരണ രീതി, അവതരിച്ച സ്ഥലം, ക്രോഡീകരണം, ലിപി, വ്യഖ്യാനം, മുഹ്കം, മുതശാബിഹ് എന്നീ സൂക്ത തരംതിരിവിന്റെ അർഥങ്ങൾ തുടങ്ങിയവയാണ്

ഒന്നാം ഖണ്ഡത്തിൽ ഉൾകൊള്ളുന്നത്. നമുക്ക് മുമ്പിൽ രണ്ടു ചട്ടയിലായുള്ള ഖുർആനിന്റെ സവിശേഷത മുതൽ, ഈ രൂപത്തിൽ ക്രോഡീകരിക്കപ്പെട്ടത് വരെയുള്ള ഘട്ടങ്ങളും ഈ അധ്യായത്തിൽ തന്നെ വിശ്രുതരായ പണ്ഡിതർ വിവരിച്ചിട്ടുണ്ട്. അതിൽ പ്രാഥമികമായും അറിയേണ്ടത് ഖുർആന്റെ നിർവചനത്തെയാണ്. അഥവാ നാം ഖുർആനെന്ന് വിശേഷിപ്പിക്കുന്നവയുടേത് മാത്രമായ സവിശേഷതകളാണ്. അവ നാലെണ്ണമാണ്. ഒന്ന്, അമാനുഷികമായ വചനങ്ങൾ. രണ്ട്, ജിബ്‌രീൽ മുഖേന അവതീർണമായവ. മൂന്ന്, പാരായണം ചെയ്യുമ്പോൾ പ്രതിഫലം ലഭിക്കുന്നവ. നാല്, മുതവാതിറായ പരമ്പരയിലൂടെ നമുക്ക് എത്തിച്ചേർന്നത്. ഇവ ഒരോന്നും വിവരണമർഹിക്കുന്നവയാണ്.

## അമാനുഷിക വചനങ്ങൾ

സാഹിത്യകാരന്മാരായിരുന്ന അറബികളെ വെല്ലുവിളിച്ച് അവതീർണമായ വചനങ്ങളാണ് അമാനുഷിക വചനങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. വെല്ലുവിളി ഏറ്റെടുത്തവർ ഖുർആനിക വചനത്തിനത്തിനു സമാനമായ ഒരു ചെറു സൂക്തം പോലും ആവിഷ്ക്കരിക്കാൻ സാധിക്കാതെ നിലംപതിച്ചതാണ് ചരിത്രത്തിലുള്ളത്. അവർ ഉയർത്തിയ വചനങ്ങൾ പോലും ഏറ്റുപിടിക്കാൻ സാഹിത്യകാരന്മാരായ അറബികൾ തയാറായില്ല. മറ്റു ഒട്ടനവധി അമാനുഷികതകൾ ഖുർആനിലുണ്ടെങ്കിലും, നിർവചനത്തിൽ പരിഗണിക്കുന്നത് ഭാഷാപരമായ അമാനുഷികതയാണ്.



## ജിബ്‌രീൽ മുഖേന അവതീർണമായത്

തിരുനബിക്ക് വിവിധ രൂപത്തിൽ ദൈവിക വെളിപാടുണ്ടായിട്ടുണ്ട്. സ്വപ്ന ദർശനം ഇതിനൊരു ഉദാഹരണം മാത്രം. ജീബ്‌രീൽ മാലാഖ മുഖേന അവതീർണമായ ദിവ്യവചനങ്ങളാണ് വിശുദ്ധ ഖുർആൻ. ഈ രൂപത്തിലല്ലാതെ അവതരിച്ച വെളിപാടുകൾ ദൈവിക വചനമാണെങ്കിലും അവ ഖുർആനല്ല. ഈ അവതരണത്തെ ചിലർ നബിയുടെ തോന്നലുകളായും, രോഗാവസ്ഥയെന്നും ചിത്രീക

രിക്കുന്നവരുണ്ട്. ഖുർആനിക അവതരണത്തിന്റെ പ്രാരംഭ ഘട്ടവും വഹ്‌യിനെ പറ്റിയുള്ള തിരുന ബിയുടെ അനുഭവ വിവരണവും ഈ ധാരണയെ പൂർണമായും നിരാകരിക്കുന്നുണ്ട്. വഹ്‌യിന്റ പ്രാരംഭത്തെ പറ്റിയുള്ള വിവരണം തിരു ആക്ഷേ പത്തിന്റെ വസ്തുതയെ കൃത്യമായി ബോധ്യപെ ടുത്തുന്നു. കൃത്യമായി തന്റെ കാതുകൊണ്ട് കേട്ട ശബ്ദമാണ് ഇഖ്റഅ് - എന്നത്. മൂന്ന് തവണ ഇത് ആവർത്തിച്ചു. പിന്നീട് കേൾക്കുന്നത് തിരുനാമ ത്തിൽ തുടങ്ങിയുള്ള ദൈവിക വചനങ്ങളാണ് -ഇ ഖ്റഅ് - ഇത് കേട്ട / കണ്ട തിരുനബി ഭയത്തോടെ, ഓടി ചെന്ന് പ്രിയ പത്നിയോട് പുതപ്പു പുതക്കാൻ ആവശ്യപ്പെടുന്നു. ഇത്തരം അനുഭവങ്ങൾ ഒരു മാ നസികമായ തോന്നലിന്റെ ഭാഗമെന്ന് വിവരിക്കുന്ന ത് എന്തർഥത്തിലാണ്? മാത്രമല്ല പ്രവാചകൻ ഒരു കാര്യം പറഞ്ഞാൽ, ചില സന്ദർഭങ്ങൾ അവ മാറ്റി പറയാറുമുണ്ടല്ലോ എന്ന വിമർശകരുടെ പ്രമാണം പോലും പൂർണമായും പ്രവാചകന്റെ വെളിപാടിന് പ്രമാണമാകുന്നുവെന്നതാണ് വസ്തുത. എന്തെ ന്നാൽ തിരുനബി ഗവേഷണം മുഖേനയാണ് ആ പറഞ്ഞത്. അവിടുന്ന് വീണ്ടും തിരുത്തി പറഞ്ഞത് വഹ്‌യ് മുഖേനയാണ്. പറഞ്ഞത് മാറ്റി പറയുന്ന വനാണോ പ്രവാചകൻ എന്നു ചോദിക്കുന്നവർ ഈ കാര്യം കൂടി മനസിലാക്കേണ്ടതുണ്ട്. മുഹമ്മ ദ് നബിയുടെ പ്രവാചകത്വത്തെ വിമർശിക്കുന്ന ഒരു വലിയ വിഭാഗമാണല്ലോ, ജൂത- ക്രിസ്തീയ മതസ്ഥർ. അവരുടെ വേദ ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെ

ടുത്തിയതാണ് ആ പ്രവാചകന്റെ വരവ്. അതിന് വ്യക്തമായ സാക്ഷ്യമാണ് വറഖത്ബ്നുനൗഫൽ. ഈ വേദപുരോഹിതൻ തിരുനബിക്ക് സംഭവിക്കാനിരിക്കുന്ന വലിയ ചരിത്ര സംഭവത്തെക്കുറിച്ച് ബോധ്യപ്പെടുത്തി, തന്റെ വിശ്വാസത്തെ കൂടി കൃത്യപ്പെടുത്തി. അത് വിശ്വ പ്രവാചകന്റെ ഹിജ്റയാണ്. അതു കൂടി വേദത്തിലുണ്ടെന്ന വറഖതിന്റെ വിസ്താരം പകൽ വെളിച്ചം പോലെ പുലർന്നിരിക്കെ, അവയെ കണ്ണടച്ച് ഇരുട്ടാക്കുന്നവരാണ് ഇവരെന്ന് പറയാതെ വയ്യ. തോറ - ബൈബിൾ വേദവാക്യങ്ങളെ അറബീകരിച്ച, ഹീബ്രു ഭാഷയിൽ ആഴത്തിൽ അറിവുള്ള ജ്ഞാനന്വേഷകനാണ് വറഖത്ത് ബ്നു നൗഫൽ

## അനിഷേധ്യമായ പരമ്പര

ജിബ്രീൽ മുഖേന, പ്രവാചകനിൽ അവതരിച്ചു. അവിടുന്ന് അത് തന്റെ അനുചരന്മാർക്ക് കേൾപ്പിച്ചു. അവർ പിൻ തലമുറക്കും കേൾപ്പിച്ചു. ഇന്ന് നമ്മിലേക്ക് എത്തിച്ചേരുന്നത് വരേക്കും ഒരു വലിയ നിവേദന ശൃംഖലയുണ്ട്. അതു തന്നെ മുതവാതിറായ പരമ്പരയാണ്. അഥവാ അസംഖ്യം ജനത അത് കേൾക്കുകയും, അതേ പ്രകാരം അസംഖ്യം ജനതയെ കേൾപ്പിക്കുകയും ചെയ്തതാണ്. അങ്ങനെ ഈ കാലമത്രയും കൈമാറ്റം ചെയ്യപ്പെട്ടത് ഒരിക്കലും പിഴവോ/ കളവോ കൂടിക്കലരാത്ത വിധമാണ് എന്നർഥം. ഇത്തരം നിവേദന പരമ്പരയിൽ കൈമാറ്റം ചെയ്യപെടുന്നവയെ ആണ് മുതവാതിർ എന്ന സംജ്ഞ അർഥപ്പെടുത്തുന്നത്. ഖുർആനി

ലെ ഒരോ വചനവും അധ്യായവും ഇപ്രകാരമാണ്. തിരുനബി മുതൽ ഇന്നേക്ക് വരെ കൈമാറ്റം ചെയ്യപ്പെട്ടത്.

## പാരായണം, പ്രതിഫലം

കേവലം പാരായണം പോലും ഒരു പ്രത്യേക ആരാധനയായി ഗണിക്കുന്നു എന്നത് വിശുദ്ധ ഖുർആനിന്റേതു മാത്രമായ മറ്റൊരു സവിശേഷതയാണ്.

ഈ നാലു സവിശേഷതകളാണ് ഹദീസുകൾ, ഖുദ്സിയായ ഹദീസുകൾ എന്നിവയിൽ നിന്ന് ഖുർആനിനെ പ്രത്യേകമാക്കുന്നത്. ഖുർആനിന്റെ നിർവചനത്തിൽ പണ്ഡിതർ ഉപര്യുക്ത ചതുർ ഉപാധികളും ഉൾക്കൊള്ളിച്ചാണ് നിർവചിച്ചത്. ഈ വിശുദ്ധ ഇടപെടലിന്റെ പ്രാരംഭം മുതൽ ഇന്നേവരെയുള്ള കൈമാറ്റ രീതി മാനുഷിക ഇടപെടലുകൾക്കോ പിഴവിനോ കളവിനോ സാധ്യതയില്ലാത്ത വിധം ഭദ്രമാണ്. ഇത് ബൗദ്ധിക മതകീയ ഖണ്ഡിത പ്രമാണങ്ങളാൽ സ്ഥിരപ്പെട്ട യാഥാർഥ്യമാണ്. ഇത്തരമൊരു കണിശമായ രീതിശാസ്ത്രത്തിൽ കൈമാറ്റം ചെയ്യപ്പെട്ട വിശുദ്ധ ഗ്രന്ഥത്തെ മനുഷ്യ നിർമിതിയെന്ന വിധികൽപന തീർത്തും ബുദ്ധിശൂന്യമാണ്. ആകയാൽ ഖുർആനിക വചനത്തിലോ വാക്യത്തിലോ അധ്യായത്തിലോ വിമർശനത്തിന്റെയോ നിഷേധനത്തിന്റെയോ സ്വരം ഉയർത്താൻ പാടില്ല. അത്തരക്കാർക്ക് വിശുദ്ധ മതത്തിൽ അംഗത്വമില്ല. എന്തെന്നാൽ യഥാർഥ്യത്തെ തമസ്കരിച്ചവർക്ക് എങ്ങനെയാണ് വിശുദ്ധി കൽപ്പിക്കുക? ●

Contents

# നിർമാണ കലയിലെ മുസ്‌ലിം മുദ്രകൾ

**മുസ്‌ലിം വാസ്തുശിൽപകലയുടെ വരവും നിർമാണ സൗന്ദര്യവും സംബന്ധിച്ച ആലോചനകൾ.**

**ജാബിർ കാരേപറമ്പ്**
jabirkrpmanjeri@gmail.com



അധ്യാത്മികതയും സൗന്ദര്യവും ഇഴചേർന്ന ആവിഷ്കാരമാണ് ഇസ്‌ലാമിക് ആർടിടെക്ചർ. മധ്യകാല മുസ്‌ലിം നാഗരികതയുടെ ഉൾതുടിപ്പുകൾ പേറി നിൽക്കുന്ന ഓരോ ഇസ്‌ലാമിക സൗധവും സമ്പന്നമായ വാസ്തുവിദ്യാ പ്രതാപ

Contents

ത്തിലേക്കാണ് നമ്മെ നയിക്കുന്നത്. **പ്രാദേശിക ശൈലികളോടുള്ള അനുകരണാത്മക സമീപനവും മനുഷ്യമനസുകളെ ആത്മീയവത്കരിക്കുന്ന അമൂർത്തതയുമാണ് ഇസ്‌ലാമിക നിർമാണകലയുടെ കാതൽ. ഇസ്‌ലാമേതര നിർമാണരീതികളിൽ ഉപയോഗിച്ചിരുന്ന ജ്യോമെട്രിക് രൂപങ്ങൾക്കും നേർരേഖകൾക്കും പകരം വളവുകളും കമാനാകൃതികളുമാണ് ഇസ്‌ലാമിക രീതിയിൽ പരീക്ഷിക്കപ്പെട്ടത്. റോമിന്റെയും പേർഷ്യയുടെയും നിർമാണ കലകളെ പുറകിലാക്കിക്കൊണ്ട് ഇസ്‌ലാം അറേബ്യയുടെ നിർമാണാത്മക സ്വത്വം രൂപപ്പെടുത്തുകയും പുഷ്കലമാക്കുകയും ചെയ്തു.** മധ്യകാലത്ത് നിർമിക്കപ്പെട്ട ആരാധനാലയങ്ങളും ഭരണകൊട്ടാരങ്ങളും ശവകുടീരങ്ങളും വാസ്തുകലയുടെ ശൈലിവ്യതിയാനങ്ങളായി ഇന്നും കാണാൻ കഴിയും. സ്പെയിൻ, പേർഷ്യ, ഇറാഖ്, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിൽ ഇസ്‌ലാമിക നിർമാണകല അതിന്റെ സൗന്ദര്യ ജാലകങ്ങൾ തുറന്നുവെക്കുന്നുണ്ട്.

ഇസ്‌ലാമിക വാസ്തു ശില്പകലാ പ്രഥമവും പ്രധാനവുമായ ശ്രദ്ധകേന്ദ്രീകരിച്ചത് പള്ളി നിർമാണത്തിലാണ്. വാസ്തുകല കൂടുതൽ വികാസം നേടിയതും പള്ളി നിർമാണം ഉപയോഗപ്പെടുത്തിതന്നെയാണ്. പ്രാദേശിക രീതികളെ ഇണക്കി ചേർത്തും സാംസ്കാരികാനുകരണത്തിലൂടെയും വിവിധ ദേശങ്ങളിൽ വ്യത്യസ്തങ്ങളായ നിർമാണ രീതികൾ പിറവികൊണ്ടു. അലങ്കാരങ്ങളില്ലാത്ത കളിമൺ കട്ടകൾ കൊണ്ടാണ് മുസ്‌ലിം ലോകത്തെ ആദ്യ മസ്ജിദ് നിർമിക്കപ്പെടുന്നത്. പ്രാർഥനാ ദിശ നിർണയിക്കാനുള്ള മിഹ്റാബ്, ദൂരെ ദിക്കുകളിലേ

ക്ക് വാങ്കൊലി പ്രസരിപ്പിക്കാനുള്ള മിനാരങ്ങൾ, വെള്ളിയാഴ്ച ഖുതുബക്കുള്ള മിമ്പർ തുടങ്ങിയവ പിന്നീടാണ് വാസ്തുകലയുടെ ഭാഗമാകുന്നത്. വ്യത്യസ്തരായ ഭരണാധികാരികളാൽ നടത്തിയ പിടിച്ചടക്കലുകളിലൂടെയാണ് വിവിധ നിർമാണരീതികൾ ഇസ്‌ലാമിന്റെ കലാസാംസ്കാരിക ചരിത്രത്തോട് ചേർത്ത് അറിയപ്പെടാൻ കാരണമായത്.

ഇസ്‌ലാമിന്റെ വളർച്ചക്ക് അനുസൃതമായി തന്നെ അതിന്റെ നിർമാണ കലയും വളർന്നിരുന്നു. മുഹമ്മദ് നബി (സ്വ)യുടെ കാലഘട്ടത്തിൽ നിർമിക്കപ്പെട്ട കളിമണ്ണ്, ഓല തുടങ്ങിയവ കൊണ്ടുള്ള പള്ളികളാണ് ഇസ്‌ലാമിക നിർമാണ കലയുടെ മുൻമാതൃകകൾ. എ ഡി 715ൽ നിർമാണം പൂർത്തിയാക്കിയ ഡമസ്കസ് മസ്ജിദ് ഇസ്‌ലാമിക നിർമാണകല ഒരു നൂറ്റാണ്ടു കൊണ്ട് നേടിയെടുത്ത വളർച്ചയെ സാക്ഷ്യപ്പെടുത്തുന്നു. അവിടെയുള്ള മിമ്പർ, ഹൗള്, ബാങ്ക് വിളിക്കാനുള്ള സൗകര്യം എന്നിവ ഡമസ്കസ് മസ്ജിദിന്റെ പുതുമയുള്ള അവതരണമായിരുന്നു. ഇവിടെയുള്ള നിരനിരയായ തൂണുകൾക്കു മുകളിൽ നിർമിക്കപ്പെട്ട താഴികക്കുടവും പുറത്തെ സ്ഫടിക മൊസൈക്കകളും ഒരാത്മീയ ലോകത്തേക്ക് നമ്മെ നയിക്കുന്നു. മുഹമ്മദ് അൽ അസദ് (the centre for study of the build environment -amman, Jordan) പറയുന്നു: പള്ളിയുടെ അകക്കാഴ്ച്ച തൂണുകളുടെ ഒരു കാട്ടിൽ കയറിയത് പോലെ തോന്നിപ്പിക്കുന്നു. ഇത് സവിശേഷമായൊരു ആത്മീയചിന്ത വളർത്തുകയും ചെയ്യുന്നു.' എട്ടാം നൂറ്റാണ്ടിൽ കൊർദോവയിൽ പണികഴിപ്പിച്ച പള്ളി സുൽത്താൻ അബ്ദുറഹ്മാന്റെ കാർമികത്വത്തിലാ

യിരുന്നു. വിസിഗോത്ത് വംശജരുടെ നിർമാണ രീതി സ്വീകരിച്ചതിലൂടെ ഇസ്‌ലാമിക-സ്പാനിഷ്-റോമൻ സമന്വയമാണ് കൊർദോവ മസ്ജിദ് സാധ്യമാക്കിയത്. **നല്ലതെന്തും സ്വീകരിക്കാനുള്ള കഴിവ് ഇസ്‌ലാമിക കലയുടെ പ്രത്യേകതയാണെന്ന് ബ്ലെയർ നിരീക്ഷിക്കുന്നുണ്ട്. ഹിജ്റ 691ൽ നിർമിക്കപ്പെട്ട ജെറുസലേമിലെ മസ്ജിദ് ഖുബ്ബ അൽ സഖറ (dome of the rock) ചർച്ച് ഓഫ് ഹോളി സപാൽക്കർ എന്ന ക്രിസ്ത്യൻ ദേവാലയത്തിന്റെ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. അലങ്കാരത്തെക്കാൾ ഘടനക്ക് പ്രാധാന്യം നൽകിയ ഉസ്മാനിയ മസ്ജിദുകളും അൽ ഹംബ്ര കൊട്ടാരവും ഇസ്‌ലാമിക വാസ്തുവിദ്യയുടെ വികാസ തലത്തിന്റെ നേർസാക്ഷ്യങ്ങളാണ്.**

പശ്ചിമാഫ്രിക്കൻ നിർമാണ കലയിൽ നിർമിക്കപ്പെട്ട ഡിജെന്നി മസ്ജിദ് ഇസ്‌ലാമിക വാസ്തുവിദ്യയുടെ മറ്റൊരു അനുകരണമാണ്. പതിമൂന്നാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട പള്ളി മണ്ണും വെള്ളവും സമം ചാലിച്ചുണ്ടാക്കിയതാണ്. ഇത് ഒട്ടനവധി കെടുതികളെ അതിജീവിക്കുകയും പലതവണ പുനർനിർമിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പൂർണമായും കളിമണ്ണുകൊണ്ട് നിർമിക്കപ്പെട്ട ഈ സുന്ദര നിർമിതി മസ്ജിദ് എങ്ങനെയായിരിക്കണമെന്ന നമ്മുടെ ധാരണയെ തിരുത്തുന്നതാണ്. പരന്ന മേൽക്കൂരക്ക് കീഴിലുള്ള 99 തൂണുകൾ അല്ലാഹുവിന്റെ 99 നാമങ്ങളെ കുറിക്കുന്നു. ഇവിടെയുള്ള ഓരോ തൂണിനും മൂന്ന് നിലകളുടെ ഉയരമുണ്ട്. ഈ ഉയരം വിശ്വാസികളുടെ ആത്മീയ ചിന്തകളെ വളർത്തുന്നുവെന്ന് റൊഡെറിക് ജെ മെക്ലൂട്ടോഷ് നിരീക്ഷിക്കുന്നു.

ഇസ്‌ലാമികലോകത്തെ പൗരസ്ത്യ-പാശ്ചാത്യ സമന്വയ വാസ്തുകലയുടെ അതിമനോഹരമായ ആവിഷ്കാരമാണ് സ്പെയിനിലെ കോർദോവ പള്ളി. കൊത്തുപണികൾ കൊണ്ടും പെയിന്റിംങ് കൊണ്ടും നീണ്ടുനിൽക്കുന്ന തൂണുകളും മിഹ്റാബും മിനാരവുമെല്ലാം ഒരു കാലത്തെ സമ്പന്നമായ മുസ്‌ലിം വാസ്തുകലാ പൈതൃകത്തെ അടയാളപ്പെടുത്തുന്നു. ഉമവി ഭരണാധികാരി അബ്ദുറഹ്മാൻ ദാഖിലി എഡി 786ലാണ് കോർദോവ പള്ളി നിർമിച്ചത്. എഡി 987ൽ അൽ മൻസൂർ ഇബ്നു അബി ആമിറാണ് പള്ളിയുടെ നിർമാണം പൂർത്തിയാക്കുന്നത്. ഗോമേദകം പതിച്ച വെണ്ണക്കല്ലുകളും ഗ്രാനൈറ്റുകളും ഉപയോഗിച്ച് നിർമിച്ച പള്ളിയുടെ അകത്തളം യൂറോപ്പിന് പുതിയൊരു മാതൃക തന്നെ സമ്മാനിച്ചു. വെളുപ്പും ചുവപ്പും നിറങ്ങളിൽ കുതിരലാട മാതൃകയിൽ നിർമിച്ച ആർച്ചുകളോടെ 850 തൂണുകളും പള്ളിയുടെ ഭദ്രതക്ക് മാറ്റേകുന്നു. 23,400 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ നിർമിച്ച പള്ളിയുടെ ഖുബ്ബ സ്വർണ പാളികളും നീല ഓടുകളും ഉപയോഗിച്ച് ഭംഗിയാക്കിയിരിക്കുന്നു. പള്ളിക്ക് വേണ്ടി മിനാരം പണിതത് ദാഖിൽ രണ്ടാമനും ശേഷം ഭരണത്തിലേറിയ അൽഹകമുമാണ്.

കോർദോവ പള്ളിയുടെ ചുമരുകളിൽ ആലേഖനം ചെയ്യപ്പെട്ട ഖുർആനിക സൂക്തങ്ങൾ കാലിഗ്രഫിയുടെ ആകർഷകമായ ഭാവഭേദങ്ങളെ സാക്ഷ്യപ്പെടുത്തുന്നതാണ്. മധ്യകാല യൂറോപ്പിൽ ഇസ്‌ലാം നടത്തിയ നവോത്ഥാന മുന്നേറ്റങ്ങളുടെ ശ്രദ്ധേയമായ സ്മാരകം കൂടിയാണ് കോർദോവ മസ്ജിദ്. 1236ൽ ക്രിസ്ത്യൻ ഭരണാധികാരി ഫെർഡിനാൻഡ് മൂന്നാമൻ ഈ പള്ളി പിടിച്ചെടുക്കുക

യും ക്രിസ്ത്യൻ ദേവാലയമാക്കി മാറ്റുകയും ചെയ്തു.

ഇങ്ങനെ ചെയ്തതിലൂടെ ഇവിടുത്തെ സമ്പന്നമായ ഇസ്‌ലാമിക വാസ്തുകലയെ തങ്ങളുടെ പേരിലേക്ക് മാറ്റിയെഴുതാനാണ് അവർ ശ്രമം നടത്തിയത്. എഡി 961ൽ പണികഴിപ്പിച്ച മിനാരങ്ങളിലിപ്പോൾ ക്രിസ്ത്യൻ പ്രാർഥനകൾക്കുള്ള മണിനാദമാണ് മുഴങ്ങികൊണ്ടിരിക്കുന്നത്.

പാകിസ്ഥാനിലെ ഇസ്‌ലാമാബാദിൽ നിലകൊള്ളുന്ന ഫൈസൽ മോസ്ക് ഏഷ്യൻ രാജ്യങ്ങളിലും ഇസ്‌ലാമിക വാസ്തുവിദ്യ വെളിച്ചം വിതറിയിട്ടുണ്ടെന്ന വസ്തുതയിലേക്ക് നമ്മെ എത്തിക്കുന്നു. ലോകപ്രശസ്ത ആർക്കിടെക്ചർമാരിൽ നിന്നും തെരഞ്ഞെടുത്ത മാതൃകയാണ് ഇതിന്റെ നിർമാണത്തിന് വേണ്ടി ഉപയോഗിച്ചിരിക്കുന്നത്. ഇസ്‌ലാമാബാദ് എന്ന നഗരത്തിന്റെ നിർമാണം തന്നെ ഈ പള്ളിയുടെ ചുവടുപിടിച്ചുണ്ടായതാണെന്നാണ് ചരിത്ര പണ്ഡിതന്മാരുടെ പക്ഷം. ഖുബ്ബയില്ലാത്ത പള്ളി എന്നതാണ് മറ്റു പാരമ്പര്യ മസ്ജിദുകളിൽ നിന്ന് ഫൈസൽ മോസ്കിനെ വ്യത്യസ്തമാക്കുന്നത്. മുസ്‌ലിം വാസ്തുകലയുടെയും സർഗാവിഷ്കാരത്തിന്റെയും പ്രദർശനമാണ് ഫൈസൽ മോസ്ക്. മുസ്‌ലിം വാസ്തുകല എത്രത്തോളം ആധുനികതയെ പുണരുന്നു എന്നും ഇത് കാണിച്ചുതരുന്നുണ്ട്. ഈ മനോഹരമായ പള്ളിയുടെ നിർമാണത്തിന് ചുക്കാൻ പിടിച്ച കോൺസ്റ്റാൻഡിസ് ഡോക്ഡിയാസിസ് എന്ന ഗ്രീക്ക് ആർക്കിടെക്റ്റ് തന്നെയാണ് ഇസ്‌ലാമാബാദ് എന്ന നഗരവും രൂപകല്പന ചെയ്തത്.

മുഗൾ ഭരണ കാലഘട്ടത്തിൽ ഇന്ത്യൻ നിർമാണകല അതിന്റെ പാരമ്യത്തിലെത്തിയിരുന്നുവെന്ന്, ഇന്നും സമ്പന്നമായ ഇന്ത്യൻ പൈതൃക പാരമ്പര്യത്തെ ദ്യോതിപ്പിക്കുന്ന നിരവധി ചരിത്ര സൗധങ്ങൾ നമുക്ക് പറഞ്ഞു തരുന്നുണ്ട്. കേരളത്തിലെ മിശ്കാൽ പള്ളിയും നിർമാണ കലയുടെ പ്രാദേശികതയെ അടയാളപ്പെടുത്തുന്നു. **അടിസ്ഥാനപരമായി നിർമാണ കലകൾ വ്യത്യാസപ്പെട്ടിട്ടും ഒട്ടനേകം പരിഷ്കാരങ്ങൾ പലയിടത്തും വന്നിരുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ ഖുബ്ബ നിർമിക്കപ്പെടുന്നത് ഉമവി ഖലീഫ അബ്ദുൽ മാലിക് 691ൽ നിർമിച്ച ഡോം ഓഫ് ദി റോക്ക് എന്ന മസ്ജിദു ഖുബ്ബത്തുസ്സഖറയിലാണ്. തീർഥാടക സൗകര്യം എന്ന നിലക്കാണ് ഇത് നിർമിക്കപ്പെട്ടതെങ്കിലും പിന്നീട് നിർമിക്കപ്പെട്ട മസ്ജിദുകളിലെല്ലാം സ്വീകരിക്കപ്പെട്ടതോടെ ഖുബ്ബ ഇസ്‌ലാമിക കലയുടെ ഭാഗമായി മാറുകയായിരുന്നു.** ഒരു ക്രിസ്ത്യൻ ദേവാലയത്തിന്റെ റോട്ടുണ്ടയാണ് ഇതിന് മാതൃകയായി സ്വീകരിച്ചിരുന്നത്. നിർമാണരീതികൾ വ്യത്യസ്തമാണെങ്കിലും ദേശങ്ങൾ മാറിയാലും പള്ളികളുടെ അടിസ്ഥാനലക്ഷ്യം അല്ലാഹുവിനു മുമ്പിലുള്ള സാഷ്ടാംഗ നമസ്കാരം തന്നെയാണ്. പൊതുവേ പള്ളികളിലെല്ലാം കാണുന്ന വിശാലതയും വിസ്തൃതിയും ഇസ്‌ലാമിന്റെ സമഗ്രതയെയാണ് അടയാളപ്പെടുത്തുന്നത്. ഉയർന്നുനിൽക്കുന്ന മിനാരങ്ങൾ ദൈവികാസ്ഥിത്വത്തിന്റെ പ്രഭാവത്തെയും കാണിക്കുന്നു. പള്ളികളുടെ വർണശബളിമയും നിർമാണ രീതികളുമാണ് മതത്തിനു പുറത്തുള്ളവർക്ക് സൗന്ദര്യത്തിന്റെ മാനദണ്ഡങ്ങളായെങ്കിൽ

ചരിത്ര വിന്യാസം, കാലപ്പഴക്കം, ഘടന എന്നിവയാണ് മുസ്‌ലിം ചരിത്രകാരന്മാർക്ക് സൗന്ദര്യത്തിന് അളവ് കോലുകളായത്. ഇസ്‌ലാമിക നിർമാണ കലയിൽ സവിശേഷ പരാമർശമർഹിക്കുന്നതാണ് നഗര നിർമാണങ്ങൾ. ശാസ്ത്രീയവും എക്കോ ഫ്രന്റ്ലിയുമായിരുന്നു മുസ്‌ലിം നാഗരികതിലെ നഗരസംവിധാനങ്ങൾ. ഓരോ ഇസ്‌ലാമിക നഗരവും പകർന്നു നൽകുന്നത് നിർമാണചാതുരി മാത്രമല്ല, ആത്മീയ സുഖാനുഭൂതി കൂടിയാണ്.

മുഹമ്മദ് നബി(സ്വ)യുടെ കാലത്ത് സംസ്കാരി ഔന്നിത്യം കൈവരിച്ച മക്കയും മദീനയും തന്നെയാണ് ഇസ്‌ലാമിക ചരിത്രത്തിലെ നഗര നിർമാണ വികസനത്തിന്റെ പ്രഥമമാതൃകകൾ. ഇതേ രീതി അവലംബിച്ച് ലോകത്തിന്റെ പലയിടങ്ങളിലും മുസ്‌ലിംകളുടെ കാർമികത്വത്തിൽ നിരവധി നഗരങ്ങൾ ഉയർന്നുവന്നു. ലബനാനിലെ അൻജാറിൽ അമവികളും ബഗ്ദാദിൽ അബ്ബാസികളും ഉയർത്തിക്കൊണ്ടുവന്ന നഗര സംവിധാനം ഈ മാതൃകകൾ മുൻനിർത്തിക്കൊണ്ടായിരുന്നു. ഇസ്‌ലമികനഗരങ്ങളിൽ കാണപ്പെട്ടിരുന്ന ശാന്തതക്കും ആത്മീയാന്തരീക്ഷത്തിനും കാരണമായത് അതിന്റെ നിർമാണ ശൈലി തന്നെയായിരുന്നു. പലനഗരത്തിന്റെയും മധ്യഭാഗത്ത് തന്നെയായിരുന്നു പള്ളികൾ ഉണ്ടായിരുന്നത്. ചില നഗരങ്ങളിലെ ആദ്യ നിർമിതി തന്നെ പള്ളിയായിരുന്നു. ഇതുമായി ബന്ധപ്പെട്ടാണ് മറ്റു സൗധങ്ങളും ഔദ്യോഗിക കാര്യാലയങ്ങളും ഉയർന്നുവന്നത്.

മസ്ജിദുകളെ കേന്ദ്രീകരിച്ചുള്ള ഈ നഗര വികസനരീതി മുസ്‌ലിംകളെ പൂർണമായും ദൈവികസ്

മരണകളിലേക്ക് നയിക്കാൻ പര്യാപ്തമായിരുന്നു. കൃത്യവും ശാസ്ത്രീയവുമായ ഗതാഗതസവിധാനവും അതിലുപരി നല്ല പരിസരവൃത്തിയും ഇസ്‌ലാമിക നഗരങ്ങൾ കാത്തുസൂക്ഷിച്ചു. പള്ളികളെ സംരക്ഷിക്കാൻ മുസ്‌ലിംകൾ കടപ്പെട്ടത് പോലെ നഗരങ്ങളും സംരക്ഷിക്കപ്പെട്ട് പോന്നു. കൃത്യമായ ദൂരപരിധിക്കിടയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുകയും ആവിശ്യമായിടത്ത് പൂന്തോപ്പുകൾ നിർമിക്കുകയും ചെയ്തിരുന്ന ഈ നഗരങ്ങൾ വിശ്വാസിഹൃദയങ്ങളിൽ സദാ കുളിരു കോരിയിട്ടു. ഇതോടെ പ്രകൃതിയും ഇസ്‌ലാമിക കലയുടെ ഭാഗമാവുകയായിരുന്നു.

പള്ളികൾക്കു മുമ്പിലുള്ള ജലധാരകളും കെട്ടിടങ്ങളിലെ മുഖപ്പുകളും ഇസ്‌ലാമിക നഗരങ്ങൾക്ക് അവാച്യമായ സൗന്ദര്യം സമ്മാനിക്കുന്നു. അഞ്ചു നേരങ്ങളിലും ഉയർന്ന് കേൾക്കുന്ന ബാങ്കിന്റെ മാറ്റൊലി മുസ്‌ലിം മനസുകളിലും നഗരവാസികളിലും ആത്മീയാനന്ദം പകരുന്നു. അറേബ്യൻ നാഗരികതയിൽ മാത്രമല്ല, ഇന്ത്യയിൽ മുഗൾഭരണകാലത്തും ഇത്തരം നഗരങ്ങൾ ഉയർന്നുവന്നു. ഔറംഗസീബിന്റെ ഔറംഗാബാദ് ഉദാഹരണം. ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിലെ ശ്രദ്ധേയ അടയാളമായ ഫത്തേപൂർ സിക്രി ഇസ്‌ലാമിക നഗരങ്ങളെ മാതൃകയാക്കി നിർമിക്കപ്പെട്ടതാണ്. ചുരുക്കം, പള്ളികളായിരുന്നു ഇസ്‌ലാമിക നഗരങ്ങൾക്ക് വാക്കുകൾ കൊണ്ട് രേഖപ്പെടുത്താനാവാത്ത സൗന്ദര്യം സമ്മാനിച്ചതിൽ പ്രധാന പങ്കുവഹിച്ചത് ●

Contents

# മാതൃത്വത്തിന്റെ ആദ്യാനുഭവങ്ങൾ

**പ്രസവാനന്തരം പെണ്ണുടലും മനസും കടന്നുപോകുന്ന അനുഭവങ്ങളുടെ നേർചിത്രങ്ങൾ.**

സുഹ്റ ഹസ്സൻ



മാതൃത്വം ആരംഭിക്കുന്നത് ഗർഭധാരണത്തിനും മുൻപേ ആണെന്നാണ് അഭിപ്രായം. എനിക്ക് ആദ്യത്തെ മാതൃത്വത്തിന്റെ ആഗ്രഹം, അതിനോടുള്ള ഇഷ്ടം തുടങ്ങിയത് ഡിഗ്രി ക്ലാസിൽ വെച്ചാ

Contents

ണ്. 'കമ്യൂണികേറ്റീവ് ഇംഗ്ലീഷ് ക്ലാസിൽ എന്റെ ടീച്ചർ, അവർ അമ്മയായതിന്റെ അനുഭവം പറയുകയാണ്, ക്ലാസിൽ ഒരു വിദ്യാർഥി പോലും അന്ന് വിവാഹം ചെയ്തിട്ടില്ല. ടീച്ചർ പറഞ്ഞത്, 'ജീവിതത്തിൽ ആദ്യമായിട്ട് ഈ ലോകത്ത് എന്റേതെന്ന് പറയാൻ ഇത്രയും ഭംഗിയുള്ള ഒന്നിനെ കിട്ടിയതു പോലെ തോന്നും എന്നാണ്. ടീച്ചർ അന്ന് കുറേ പറഞ്ഞെങ്കിലും എന്നെ ആകർഷിച്ചത് ഈ വാക്കുകളായിരുന്നു. അത് കഴിഞ്ഞ് കുറച്ച് മാസങ്ങൾക്ക് ശേഷം അതേ ക്ലാസിലെ ഏറ്റവും അടുത്ത സുഹൃത്ത് കല്യാണം കഴിഞ്ഞ് ഗർഭം ധരിച്ചു. ഏറ്റവും ആദ്യം നേരിട്ടറിഞ്ഞ ഒരു ഗർഭാനുഭവം അവളുടേതായിരുന്നു. കോളേജിലേക്ക് ഭർത്താവിന്റെ അനിയൻ കാറിൽ കൊണ്ടുവന്നാക്കുന്നു, ഒരുപാട് ചെറിയ ചെറിയ പാത്രങ്ങളിൽ ഫ്രൂട്സും നട്സും ഒക്കെ കൊടുത്തുവിടുന്നു അമ്മായിഅമ്മ, ക്ലാസ് ഇടവേളകളിൽ റിലാക്സ് ചെയ്യാൻ നോക്കിയ എക്സ്പ്രസ് മ്യൂസിക് ഫോൺ വാങ്ങി ഒരുപാട് പാട്ടുകൾ സെയ്വ് ചെയ്ത് കൊടുത്തിട്ടുണ്ട് ഭർത്താവ്. ഇതൊക്കെ ആയിരുന്നു മാതൃത്വമോഹം മുളപൊട്ടാനുള്ള നിമിത്തങ്ങളായി വർത്തിച്ചത്. അവിടന്ന് ഒമ്പത് വർഷങ്ങൾക്കിപ്പുറം ഞാനാദ്യമായി ഉമ്മയായപ്പോൾ മാതൃത്വം ഇതൊന്നുമല്ലായിരുന്നു എനിക്ക്. മാതൃത്വത്തിന്റെ മഹത്വങ്ങൾ കേട്ട് കേട്ട് പതം വന്ന ഒരു സമൂഹത്തിൽ ഇനി പറയാൻ പോകുന്നത് എത്രമാത്രം സ്വീകാര്യമാണെന്ന് എനിക്കറിയില്ല.

മാതൃത്വം എനിക്ക് പറ്റിയ ഏർപാടല്ല എന്ന് ഉറച്ച് വിശ്വസിച്ച് അമ്മയാകാതെ നിൽക്കുന്ന കൂട്ടുകാരിയുണ്ട് എനിക്ക്. പക്ഷേ, അവളുടെ അത്രയും ഈ

ഉമ്മയാവലിന്റെ ഭാരം മനസിലാക്കി എന്നെ സഹായിച്ച വേറൊരാളില്ലെന്ന് തീർത്ത് പറയാം. ഗർഭാവസ്ഥയിൽ കോളേജിൽ ക്ഷീണിച്ചിരിക്കുമ്പോൾ ഇതൊക്കെ അഭിനയം ആവുമോന്ന് ചോദിച്ച ഒരു വിദ്യാർഥിനിയും ഉണ്ട് എന്റെ തന്നെ അറിവിൽ. ഇവരൊക്കെ കൂടി ചേർന്നതാണ് എന്റെ ഉമ്മയനുഭവങ്ങൾ.

ഗർഭാവസ്ഥയിലുള്ള ആനുകൂല്യങ്ങളുടെ പട്ടികയിൽ ആദ്യത്തേത് ഭർത്താവിന്റെ സമീപ്യമാണ്. ഞാൻ ചോദിച്ച് വാങ്ങിയ ആനുകൂല്യം. രണ്ട് തവണ ബ്ലീഡിംഗ് ഉണ്ടായപ്പോഴും എല്ലാ തിരക്കുകളും മാറ്റി വെച്ച് കൂടെ നിൽക്കണമെന്ന് ആവശ്യപ്പെട്ട് വാങ്ങിയതാണ്. എത്ര പേർക്ക് ഈ ആനുകൂല്യം അനുഭവിക്കാനുള്ള സാഹചര്യം ഉണ്ടെന്നുള്ളത് സംശയമാണ്. പക്ഷേ **ഒരു സ്ത്രീയുടെ ശരീരത്തിൽ തീർത്തും അപരിചിതമായ മാറ്റങ്ങൾ സംഭവിക്കുമ്പോൾ, ഒരു മനുഷ്യജീവനും മറ്റ് രണ്ട് അവയവങ്ങളും (placenta, Umbilical cord) വളർന്ന് കൊണ്ടിരിക്കുമ്പോൾ അതിന്റെ ശാരീരിക ഭാരം പങ്കിടാൻ കഴിയില്ലെങ്കിലും മാനസിക ഭാരം പങ്കിടാനെങ്കിലും ഭർത്താവ് കൂടെ ഉണ്ടായിരിക്കേണ്ടതുണ്ട്.**

സ്വന്തം വീട്ടുകാരും ഭർത്താവിന്റെ വീട്ടുകാരും അതിസാധാരണമായ ശ്രദ്ധയും കരുതലും കാണിക്കുന്ന ഒരു സന്ദർഭമാണ് പൊതുവെ, ഗർഭസമയം. ഈ ശ്രദ്ധയും കരുതലും പക്ഷേ എന്തെങ്കിലും പ്രശ്നം വരുന്നത് വരെ മാത്രമേ കാണാറുള്ളൂ. ബ്ലീഡിംഗ് പോലുള്ളവ സംഭവിച്ച് കഴിഞ്ഞാൽ അത് സ്ത്രീകളുടെ ശ്രദ്ധക്കുറവായി കാണിച്ച്

മാനസിക സമ്മർദത്തിലാക്കുന്ന കുടുംബങ്ങൾ നമുക്ക് ചുറ്റും വിരളമല്ല. ചുരുക്കി പറഞ്ഞാൽ, ഈ ശ്രദ്ധയും കരുതലും വരാനിരിക്കുന്ന കുഞ്ഞിനുള്ളതാണ്. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകളുടെ കൂടെ മാനസികമായി ഐക്യപ്പെട്ട് നിൽക്കേണ്ടത് സ്വന്തം ഇണകളാണ്. ഒരു നിശ്ചിത സമയത്തോടെ (due date) അവസാനിക്കുന്നതാകരുത് സ്ത്രീകൾക്കുള്ള ശ്രദ്ധയും കരുതലും.

ഭൂരിഭാഗം കുടുംബങ്ങളിലും പ്രസവവും ഡോക്ടറും ആശുപത്രിയുമെല്ലാം കുടുംബക്കാർ തീരുമാനിക്കുന്ന വലിയ പ്രക്രിയയാണ്. അത് വരെ കുടുംബത്തിൽ പ്രസവിച്ച സ്ത്രീകളുടെ അനുഭവങ്ങളും സാമ്പത്തികവും മറ്റ് സൗകര്യങ്ങളും കണക്കിലെടുത്ത് തീരുമാനിക്കുന്ന ഈ സന്ദർഭം മുതൽ ഗർഭിണിയായ സ്ത്രീക്ക്, തിരഞ്ഞെടുക്കാൻ പൊതുവേ ആരും അവസരം നൽകാറില്ല. ലേബർ റൂമിൽ നിന്ന് കുട്ടിയെ പുറത്തേക്ക് നൽകുന്നത് മുതൽ ഉമ്മയിൽ നിന്ന് കുഞ്ഞിലേക്കുള്ള ഫോക്കസ് ഷിഫ്റ്റിംഗ് നടക്കുന്നു.

കുഞ്ഞിനെ പുറത്തേക്ക് തരുന്ന നിമിഷം മുതൽ ചടങ്ങുകളുടെ പ്രവാഹമാണ്, മധുരം കൊടുക്കൽ, വെള്ളം കൊടുക്കൽ, കുഞ്ഞ് ആരെപ്പോലെയാണെന്ന് അഭിപ്രായം രേഖപ്പെടുത്തൽ, തുടങ്ങി എല്ലാം അരങ്ങേറുന്നു. സുഖമായിരിക്കുന്നുവെന്ന് നേഴ്സ് വന്നു പറയുന്നു. ഇതിനപ്പുറം ഉമ്മയുടെ സുഖാവസ്ഥയെ പറ്റി തിരക്കാറില്ല ആരും. മിക്കവാറും കുടുംബങ്ങളിൽ ഒരു വയറ്റാട്ടിയെ ഏർപ്പാടാക്കി അവരിലേക്ക് ഉമ്മയുടെ ജീവിതം ചുരുക്കികളയുന്നു.

## പ്രസവാനന്തര മാനസികാരോഗ്യം

പഠനങ്ങൾ പറയുന്നത് പൂർണ തയാറെടുപ്പോടെ, ആത്മവിശ്വാസത്തോടെ പ്രസവത്തെ നേരിടാൻ ഒരുങ്ങുന്ന അമ്മാമാരിൽ പോലും പ്രസവാനന്തരം, ഉത്കണ്ഠ, ആത്മവിശ്വാസിക്കുറവ് എന്നിവ കണ്ട് വരാറുണ്ടെന്നാണ്. രണ്ട് ജീവനുകൾ പരിപോഷിപ്പിക്കപ്പെടാൻ ശരീരത്തിൽ കടന്ന് കയറുന്ന ഹോർമോണുകൾ, അമിതമായ രക്തയോട്ടം എന്നിവ പൊടുന്നനേ ഇല്ലാതാവുന്നു പ്രസവാനന്തരം. ഈ പ്രക്രിയ അമ്മയുടെ ശരീരത്തിലും മാനസിക നിലയിലും കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

പ്രസവാനന്തരം സ്വന്തം ശരീരത്തിലും ജീവിതശൈലിയിലും വന്ന മാറ്റങ്ങൾക്ക് പുറമേ, സമൂഹത്തിന്റെ ചിട്ടകൾക്കും നിബന്ധനകൾക്കും കൂട്ടുനിൽക്കേണ്ടിവരുന്നത് സ്ത്രീകളിൽ സമ്മർദത്തിന് കാരണമാകാറുണ്ട്.

**സിസേറിയൻ/നോർമൽ ചർച്ചകൾ പ്രസവാനന്തരം സ്ത്രീകളെ നിരവധിയായ മാനസിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നത് കാണാം. സിസേറിയൻ നടക്കുന്നത് സ്ത്രീശരീരം അനങ്ങി ജോലി ചെയ്യാത്തത് കൊണ്ടാണെന്ന് വിശ്വസിക്കുന്നവർ ഇന്നും വിരളമല്ല. നോർമൽ ആയത് കൊണ്ട് എല്ലാം എളുപ്പമല്ലേ എന്ന് പറഞ്ഞ് നിസാരവത്കരിക്കുന്നവരും ഉണ്ട്. പറഞ്ഞ് വരുന്നത്, സ്ത്രീയുടെ പ്രസവാനുഭവത്തിനാണ് പ്രാധാന്യം.** എളുപ്പം മുതൽ കഠിനം വരെയുള്ള തുടർച്ചയിൽ ഒരവസ്ഥയിലായിരിക്കും ഓരോ സ്ത്രീയും. അതിനിടയിലെ നിർവചിക്കാൻ കഴിയാത്ത ഒരു സൂചികയായിരിക്കും അവരുടെ പ്രസവാനുഭവം. ഓരോ

സ്ത്രീക്കും ആ അനുഭവം മറക്കാനാവാത്ത വിവരണമായിരിക്കും. ആ വിവരണത്തെ കേൾക്കുക എന്നതും സ്വന്തം പിതൃത്വാനുഭവത്തെ കേൾക്കുക എന്നതും പാരന്റിംഗിന്റെ നാഴികക്കല്ലാണ്.

**Post-partum blue/ depression/ phychosis**

പ്രസവശേഷം കുഞ്ഞിനെ ഉപേക്ഷിക്കുന്ന, കുഞ്ഞിനെ കൊല്ലുന്ന വാർത്തകൾ കാണാറും കേൾക്കാറും ഉണ്ട്. അത്രയും ഭീകരമാണ് പ്രസവാനന്തര മാനസികരോഗങ്ങളുടെ അവസ്ഥ. പക്ഷേ, ഈ ഭീകരത മാത്രമല്ല പ്രസവാനന്തര മാനസിക അനാരോഗ്യം (post partum mental illness). ഇതിനെക്കാൾ ചെറിയ തോതിലുള്ള ഡിപ്രഷൻ, ഉത്കണ്ഠ എന്നിവയും തീരെ കുറവല്ല. നമ്മുടെ ചുറ്റുവട്ടത്തിലുള്ള പലർക്കും, ഗൈനകോളജിസ്റ്റിന് പോലും ഇതിനെ കുറിച്ച് കാര്യമായ അവബോധം ഇല്ല എന്നതാണ് വസ്തുത.

ഒരു സുഹൃത്തിന് പ്രസവാനന്തരം കാര്യമായ ഉറക്കക്കുറവ് സംഭവിക്കുകയും അത് പ്രസവമെടുത്ത ഗൈനക് ഡോക്ടറോട് പറയുകയും ചെയ്തു. ഉടനെ അവർ എഴുതികൊടുത്തത് സൈകോസിസിന് ഉള്ള മരുന്നാണ്. പൂർണ മാനസികാരോഗ്യത്തിന്റെയും സൈകോസിസിന്റെയും അതിരുകൾ മാത്രമല്ല മാനസികാരോഗ്യം.

പ്രസവാനന്തരം ചെറിയ തോതിലുള്ള കരച്ചിലും ഉറക്കമില്ലായ്മയും ഉത്കണ്ഠയും ഒരുപാട് സ്ത്രീകളിൽ ആദ്യത്തെ ഒന്ന് രണ്ട് ആഴ്ചകളിൽ കണ്ട് വരാറുണ്ട്. ഇത് സ്വമേധയാ മാറി സാധാരണ നിലയിലേക്ക് പോവുന്നതുമാണ്. മറ്റ് ചികിത്സ

കളൊന്നുമില്ലാതെ സാധാരണയിലേക്ക് വരുന്ന ഇത്തരം അവസ്തകളാണ് പോസ്റ്റ് പാർട്ടം ബ്ലൂസ്. പോസ്റ്റ് പാർട്ടം ബ്ലൂസ് പോലെ പക്ഷേ നീണ്ടകാലയളവ് നിലനിൽക്കുന്ന മാനസിക പ്രയാസങ്ങളാണ് പ്രസവാനന്തര ഡിപ്രഷൻ (post partum depression). സാധാരണ നിലയിൽ ചികിത്സ ആവശ്യമായി വരുന്ന ഈ അവസ്ഥ, മാനസിക പിന്തുണ ധാരാളമായി ലഭിക്കുന്ന സ്ത്രീകളിൽ വളരെ വേഗം ഭേദപ്പെട്ട് കാണാറുണ്ട്. ഇതിനെക്കാൾ ഗുരുതരമായി ചിന്തയെയും സ്വന്തം ജീവനെയും കുഞ്ഞുമായുള്ള ബന്ധത്തെയും ബാധിക്കുന്ന മാനസികാവസ്ഥയാണ് പോസ്റ്റ് പാർടം സൈകോസിസ്. പൂർണമായും വിദഗ്ധ ചികിത്സ ലിഭിച്ചില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവാൻ സാധ്യത ഏറെയുള്ളതാണിത്. ഏതവസ്ഥയാണെങ്കിലും വീട്ടുകാരുടെ മാനസിക പിന്തുണ അനിവാര്യമാണ്.

**മുലയൂട്ടൽ** (Breast-feeding)

കുഞ്ഞ് ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ സാധാരണയായി ആശുപത്രികളിൽ അമ്മയെയും കുഞ്ഞിനെയും ഒരുമിപ്പിച്ച് മുലയൂട്ടിക്കാറുണ്ട്. പ്രസവാനന്തരം സ്ത്രീകൾ അനുഭവിക്കുന്ന ഒരു പിരിമുറുക്കമാണ് സ്വന്തം ശരീരത്തിലേക്കും സ്വകാര്യതയിലേക്കും മുലയൂട്ടുന്നതിലൂടെയുള്ള കടന്നുകയറ്റം. വയറ്റാടി മുതൽ കുഞ്ഞിനെ കാണാൻ വരുന്നവർ വരെ പാലിന്റെ അളവും ഗുണവും തിട്ടപ്പെടുത്താൻ കാണിക്കുന്ന വ്യഗ്രത അസഹനീയമാണ്. മറ്റുള്ളവരോട് എതിർത്ത് പറയാനോ ബുദ്ധിമുട്ടുകൾ പ്രകടിപ്പിക്കാനോ കഴിയാത്ത ഈ

അവസ്ഥയിൽ കുഞ്ഞിനും അമ്മക്കും വേണ്ടി സംസാരിക്കാനും അനാവശ്യമായ ഇടപെടലുകൾ ഇല്ലാതാക്കാനും ഒരു പരിധി വരെ ഭർത്താക്കൻമാർക്കാണ് സാധിക്കുക. ആറു മാസം കഴിഞ്ഞ് പൂർണമായും മുലപ്പാൽ മാത്രം കൊടുത്ത് പൂർണാരോഗ്യത്തോടെ വളർത്തിയ എന്റെ മകളെ നോക്കി വളരെ വേണ്ടപ്പെട്ടൊരാൾ എനിക്ക് പാല് കൊടുക്കാൻ മടിയാണെന്ന് പറഞ്ഞപ്പോൾ കേട്ടുനിൽക്കാനേ കഴിഞ്ഞുള്ളൂ. മുലയൂട്ടാൻ വേണ്ടി കുഞ്ഞിനെ ഹലീമാ ബീവിയെ ഏൽപിച്ച ആമിന ബീവി ഈ സമൂഹത്തിലായിരുന്നു ജീവിച്ചിരുന്നതെങ്കിലെന്ന് ഭർത്താവിനോട് പറഞ്ഞ് ആശ്ചര്യപ്പെട്ടിട്ടുണ്ട്.

ഈയടുത്ത് ഒരു സുഹൃത്ത് രണ്ടാമത്തെ പ്രസവത്തിന് ആശുപത്രിയിലേക്ക് പോവുമ്പോൾ പറഞ്ഞത് എന്നെ ഒരുപാട് ചിന്തിപ്പിച്ചിട്ടുണ്ട്. ആദ്യത്തെ പ്രസവത്തിന് കേട്ടറിഞ്ഞ വേദനയുടെ പേടി മാത്രമായിരുന്നു. എന്നാൽ ഇന്ന് ഒരിക്കൽ അനുഭവിച്ചറിഞ്ഞ വേദനയോടെയാണ് പോവുന്നതെന്നും ദുആ ചെയ്യണമെന്നും പറഞ്ഞു.

ഓരോ സ്ത്രീയും ഇങ്ങനെയാണ്, തരണം ചെയ്യാൻ ധൈര്യമില്ലാത്ത ഒരവസ്ഥയിലേക്ക് വീണ്ടും വീണ്ടും ഇറങ്ങിച്ചെല്ലുന്നു. മാതൃത്വം അനുഭവിച്ച് മതിവരാതെ തലമുറകളോളം മനുഷ്യരെ അനുകമ്പയുള്ളവരാക്കാനും സ്നേഹം പുതുതായി കൈമാറ്റം ചെയ്യപ്പെടാനും ഓരോ സ്ത്രീയും പറയുന്നുണ്ടാവാം, ഖുർആനിൽ മറിയമിനെകൊണ്ട് അല്ലാഹു പറയിച്ചത് പോലെ, ‘ഇതിന് മുമ്പേ ഞാൻ വിസ്മൃതിയിലായിരുന്നെങ്കിൽ...’ ●

Contents

# ചോരാതെ കരുതാം

**ഒരു തുണ്ട് ആകാശം കാണാനുള്ള കൊതിയെ ആവശ്യകത കൊണ്ട് തടയണകെട്ടി ഒരാൾ ഇവിടെ പുതുലോകം മെനയുകയാണ്.**

റുബീന സിറാജ് റിയാദ്



കുറച്ചു നാളുകളായി പുറത്തേക്കുള്ള ജാലകം തുറക്കാതായിട്ട്. മുഷിഞ്ഞ സായാഹ്നങ്ങളെ മാറ്റിയെഴുതാനായി ഗ്ലാസുകൾ പതുക്കെ നീക്കി കർട്ടന്റെ മറവിൽ കണ്ണുകൾ മാത്രം പുറത്തേക്കിട്ട് പുതു കാഴ്ചകൾ കണ്ടിരുന്ന വിരസ ദിനങ്ങൾ...

ജനൽപടവിൽ ഇടക്കിരുന്നു കിന്നാരം കുറുകിയിരുന്ന ഇണപ്രാവുകളും എങ്ങുപോയി ആവോ? സാഹോദര്യത്തിന്റെ കൊടുക്കൽ വാങ്ങലുകൾ കുഞ്ഞുകിണ്ണങ്ങളിലായി കൈ മാറിയിരുന്ന അയൽമുറികളും അനക്കമില്ലാതെയാണ്.

ദൃഷ്ടികളിൽ പോലും അന്യമായ കുഞ്ഞു വൈറസിനെ പേടിച്ചു അകത്തിരിക്കാൻ തുടങ്ങിയിട്ട് മാസം രണ്ട് കഴിഞ്ഞിരിക്കുന്നു.

അതിവേഗതയുടെ പുതു ലോകത്തിൽ കൂടുതൽ ക്ഷതം പറ്റാതെ അവനവൻ സൂക്ഷിക്കണമെന്ന ജഗന്നിയന്താവിന്റെ മുന്നറിയിപ്പാവണം ഒരു പക്ഷേ ഈ പരീക്ഷണം.

**നാട്ടിലേത് പോലെ കല്യാണവും സൽക്കാരങ്ങളും ഒന്നും കൂടിക്കഴിക്കാൻ ഇല്ലെങ്കിലും ആഴ്ചയിലൊരിക്കലെങ്കിലും പുറത്തിറങ്ങാത്ത ദിവസങ്ങൾ ഈ പ്രവാസ ജീവിതത്തിലുണ്ടാവുമെന്ന് കരുതിയതേ ഇല്ല.**

മാസങ്ങൾക്ക് മുന്നേ വെഡ്ഡിംഗ് ആനിവേഴ്സറിക്ക് സമ്മാനം എന്ത് വേണമെന്ന സ്നേഹ ചോദ്യത്തിന് ഒരേ ഒരു ദിവസം തിരക്കുകൾ ഒന്നും ഇല്ലാതെ ഒരുമിച്ചൊന്ന് ഉണ്ടായാൽ മതിയെന്ന് പറഞ്ഞപ്പോൾ അതിപ്പോ എങ്ങനെയെന്ന് കൈമലർത്തിയ ആളുണ്ട്. ഇവിടെ പള്ളിയിൽ പോലും പോകാൻ കഴിയാതെ നിർവികാര മൂകനായി ദീർഘനിശ്വാസം വിടുന്നു.

ഇന്നെങ്കിലും പാർക്കിൽ കൊണ്ടോവോ? പതിവ് ചോദ്യവുമായി ഉപ്പയുടെ പകൽക്കിനാവ് മുറിക്കുന്ന കുസൃതി കലിപ്പിലാണ്. പേപ്പറുകൾ എല്ലാം വലിച്ചു കീറി തോണിയും പൂവും ഉണ്ടാക്കിയും വാതിലിന്റെ ലോക്കുകളിൽ തൊട്ടിൽ കെട്ടി പാവയെ താരാട്ടിയും അവൾക്കും മടുത്തിരിക്കുന്നു.

ഒരു തുണ്ട് ആകാശം കാണാനുള്ള കൊതിയെ, ആഗ്രഹങ്ങളെ ആവശ്യകത കൊണ്ട് തടയണ കെട്ടാൻ പ്രത്യേകം പരിശ്രമം നടത്തുന്ന ഞാനും നിറമിഴികളോടെ ഇക്കയെ ഒന്ന് നോക്കി. നിസഹായതയുടെ നിഴൽ വീണ കണ്ണുകളിലും മൗനം.

വെട്ടിയൊതുക്കിയ പച്ചിലമരങ്ങൾക്ക് താഴെ നനുത്ത പുല്ലിൽ അല്പം ശുദ്ധവായു ശ്വസിക്കാൻ ഇരുന്നതും ഇളംചൂടുള്ള മരുക്കാറ്റിൽ ഓരംപറ്റി വന്ന മണൽ തരികളെ കണ്ണുകൾ പകുതിയടച്ചു പ്രതിരോധിച്ചതുമെല്ലാം ഓർമകളിലെ ഗദ്ഗദങ്ങളായി മാറിയിരിക്കുന്നു. തണുപ്പിന്റെ പുതപ്പ് നീട്ടിത്തന്ന മാളുകളും നിര തെറ്റാതെ നിത്യവസ്തുക്കൾ അടുക്കിപെറുക്കി വെച്ചിരുന്ന സൂപ്പർ മാർക്കറ്റുകളും എല്ലാം അടുത്തുണ്ടായിട്ടും അന്യമായത് പോലെ.

ആളും ആരവങ്ങളും ഒഴിഞ്ഞ തെരുവു വീഥികൾ അത്തറിൻ മണത്തെ കാത്തു അക്ഷമരായിട്ടുണ്ടാകണം.

ഒഴിവില്ലാത്തൊഴിവ് ദിനങ്ങളെയും ഒറ്റപ്പെട്ടു എന്ന പെണ്ണുകങ്ങളുടെ കുറ്റംപറച്ചിലുകളുടെയും രണ്ടറ്റങ്ങൾ കൂട്ടി മുട്ടിക്കാനുള്ള ഓട്ടപാച്ചിലുകളെയും ലോക്കാക്കികൊണ്ടാണ് ഇവിടെയും ലോക്ഡോൺ വന്നത്. അങ്ങ് ദൂരെ വുഹാനിൽ പൊട്ടി

പ്പുറപ്പെട്ട ഇത്തിരിക്കുഞ്ഞൻ വൈറസ് നമ്മുടെയും ജീവിതങ്ങളെ  ബാധിക്കുമെന്ന് ഒട്ടും കരുതിയതേ ഇല്ല.

ഒരുമിക്കലിന്റെയും ഒത്തുകൂടലിന്റെയും സന്തോഷം ഒരുക്കൂടുമ്പോഴേക്കും ഇനിയെത്ര നാൾ ഈ ഇരുത്തം? എന്താകും ഭാവി? തുടങ്ങിയ ആശങ്കകൾ അർഥമില്ലാതെ പല്ലിളിക്കുന്നു.

ഇളകിയാടുന്ന ചില്ലകളിൽ തന്റെ കൂട് നിലം പൊത്തുമോ എന്ന ഭയത്താൽ ചിറകുകളൊതുക്കി കാതും കണ്ണും കൂർപ്പിച്ചിരിക്കുന്ന തള്ളക്കിളികളെ പോലെയാണ് ജോലി നഷ്ടപ്പെടുന്നതിന്റെയും ശമ്പളം വെട്ടിക്കുറക്കലിന്റെയും ഭീഷണിയിൽ ഭീതിയോടെ ഇരിക്കുന്ന ഓരോ വീട്ടുകാരന്റെയും അവസ്ഥ.

പ്രവാസി കുടുംബിനിയായതിന് ശേഷം തിരക്കുള്ള കുടുംബ ജീവിതം നയിക്കുന്നത് ഇപ്പോഴാണെന്ന് തോന്നിയിട്ടുണ്ട്. വെറുതെ ഇരിക്കുമ്പോൾ വിശപ്പിന്റെ അസുഖം കൂടുന്ന കുട്ടിക്കുറുമ്പുകളുടെ മനസും വയറും നിറക്കൽ ഒരു ടാസ്ക് തന്നെയാണെന്ന് പറയുമ്പോൾ അഞ്ചും പത്തും മക്കളെ അല്ലലും അലട്ടലും ഇല്ലാതെ ഉഷാറാക്കി വളർത്തിയ മുൻ തലമുറക്കാരിൽ നിന്ന് പഴി കേൾക്കുമോ എന്ന ഭയം.

ഓർഡർ ചെയ്തു കിട്ടിയ സാധനങ്ങൾ സാനിറ്റൈസ് ചെയ്തു മാറ്റിവെക്കാൻ മക്കളുറങ്ങുന്നതും കാത്തിരിക്കുമ്പോൾ പക്വത കുറവൊക്കെ പാകമായി തുടങ്ങിയെന്നു ആത്മനിർവൃതി കൊണ്ടു.

ഒരേ സമയം ജഡ്ജിയായും വക്കീലായും ഡോക്ടറായും നാട്യങ്ങളില്ലാത്ത ഏതെല്ലാം വേഷപ്പകർച്ചകൾ...

ഇനിയൊന്നിരിക്കാൻ സമയമായെന്ന് സന്ധികൾ ഓർമപ്പെടുത്തുന്ന നേരത്ത് നാട്ടിലെ ഉമ്മറക്കോലായിലൊരു കസേര വലിച്ചിടാൻ മനസറിയാതെ വെമ്പുന്നു.

ആദ്യമാദ്യം ജിജ്ഞാസയോടെ നോക്കികണ്ടിരുന്ന ആക്റ്റീവ് കേസുകളുടെ എണ്ണങ്ങൾ കുത്തനെ മേൽപോട്ടുയരുന്നത് കണ്ട് അന്ധാളിച്ചു നിന്ന് പോകുന്നു. അകലങ്ങളിൽ ആരോ പറഞ്ഞു കേട്ടിരുന്ന ആളുകളെ കൂടാതെ അടുത്തും സുഹൃദ് വലയങ്ങളിലും പോസിറ്റീവ് ആണെന്ന വാർത്ത അറിയാതെ മനസിൽ നെഗറ്റീവ് ചിന്തകൾ വിതറാൻ ശ്രമിക്കുന്നുണ്ട്. ആർക്കും തടുക്കാനാവാതെ കോവിഡ് ലോകം മുഴുവൻ സംഹാരതാണ്ഡവം ആടുമ്പോൾ പടിവാതിൽക്കൽ എത്തിയോ എന്നൊരാളൽ തലച്ചോറിലൂടെ പുളിച്ചു കയറുന്നു.

ഉണർന്നിരിക്കുന്ന നേരമൊക്കെയും ഒതുക്കലും ഒരുക്കലും ഒക്കെയായി തിരക്കിലാണെങ്കിലും ഒപ്പമുള്ളവരെ ഒറ്റപ്പെടുത്താതെ ഒരാൽമരമായി ഉയർന്നു നിൽക്കണം ഓരോ പെണ്ണകങ്ങളും. **മാറുന്ന കാലത്തെയോർത്ത് മാനസികമായി തകർന്നിരിക്കുന്ന നാഥന്മാർക്ക് സമാശ്വാസം പകരാനും മക്കളെ മാറോട് ചേർത്ത് ഈ മഹാമാരി ഇല്ലാതാകുന്ന ഒരു കാലത്തിലേക്ക് സ്വപ്നങ്ങളാൽ നൂൽപാലം കെട്ടാനും വീട്ടുകാരി ഒരുങ്ങി ഇറങ്ങുക തന്നെ വേണം. വ്യക്തി ശുചിത്വത്തിന്റെയും മാനസിക ഇഴയടുപ്പങ്ങളുടെയും ബാലപാഠങ്ങൾ ആ കുഞ്ഞു മനസുകളിലേക്ക് നൽകി ഒരിത്തിരി സമയം എങ്കിലും അവരിലൊരാളായി നിൽക്കണം.**

ഓട്ടപാത്രമാണെങ്കിലും ചോരാതെ കരുതാ

നുള്ള കഴിവ് ഒരു പെണ്ണിനുണ്ടായാൽ ആ കുടുംബം തന്നെ വിജയിച്ചു. ആവശ്യത്തിൽ കൂടുതൽ ആശങ്കകളിലേക്ക് വീഴാതെ അല്ലാഹുവിൽ ഭരമേല്പിച്ചു അവരെ ആശ്വാസ തീരങ്ങളിലേക്ക് കൈപിടിച്ചുയർത്തേണ്ടത് നാമോരോരുത്തരുടേയും കർത്തവ്യമാണ്.

സ്രഷ്ടാവ് ഒരിക്കലും അവന്റെ സൃഷ്ടികളെ ബുദ്ധിമുട്ടിക്കില്ലെന്നത് എത്ര ശരിയാണ്. ഗാഡ്ജറ്റുകളും ഇന്റർനെറ്റും ഒന്നും ഇല്ലാതിരുന്ന ഒരു കാലത്തായിരുന്നു ഈ മഹാമാരി എങ്കിൽ?

ഓൺലൈൻ വിദ്യാഭ്യാസവും പർച്ചേസിംഗും എന്തിനേറെ പണമിടപാടുകൾ വരെ കൈവിരൽത്തുമ്പിൽ ഒരുക്കാവുന്ന ഈ ആധുനിക യുഗത്തിൽ ഒരിത്തിരി ക്ഷമയോടെ അകത്തളങ്ങളിൽ ഇരുന്നാലും റബ്ബിന്റെ തൃപ്തിയേറെയാണ്.

പലതും ഇല്ലാതെയും ജീവിക്കാം എന്ന് നമ്മെ ഈ കാലം പഠിപ്പിച്ചില്ലേ...

പഴമയിലെ പങ്കുവെക്കലിന്റെ പകിട്ടുകൾ മനസിലായില്ലേ. പരിധി വിട്ടായിരുന്നു ജീവിതം എന്ന തിരിച്ചറിവും ഉണ്ടായില്ലേ.

അന്നാ കൊറോണക്കാലത്ത് എന്ന് പറഞ്ഞു തുടങ്ങാനുള്ള നല്ലോർമകൾക്കുള്ള നടവഴികളാകണം നമ്മൾ.

പ്രപഞ്ച നാഥന്റെ ഈ പരീക്ഷണത്തിന് നാമോരോരുത്തരും കാരണക്കാർ ആണെന്ന വേദത്തോടെ, കണ്ണീരിൽ പൊതിഞ്ഞ കരങ്ങൾ ആകാശത്തേക്കുയർത്താം. അല്ലാഹു സ്വീകരിക്കുമെന്ന ആത്മവിശ്വാസത്തോടെ പുതിയ പുലരിയിലേക്കുള്ള പൊൻവെളിച്ചങ്ങൾ ആകാം ●

Contents


Strong Lite®
LED EMERGENCY LIGHT
SGL535LED
New Weight Less
24 PCS
TRIPLE EZAKE LED
WICE LED
HIGH POWER Lithium Battery
Strong Lite®
STRONG LITE GROUP OF COMPANIES
www.strongliteglobal.com info@stronglite.ae
/strongliteglobal
UAE +9716 5342955
SAUDI +966 114080457
BAHRAIN +973 36238898
QATAR +974 30583000
OMAN +968 95635626
KUWAIT +965 69632565
INDIA +91 494 2585412
BANGLADESH +01 827920812

# ഒഴുക്കു നിന്ന കാഴ്ചകൾ

**ഭക്ഷണാനുഭവം മുതലുള്ള ആസ്വാദനങ്ങളെല്ലാം നിലക്കുന്ന പ്രവാസ കാഴ്ചകൾ**

സൈനബ് അബ്ദുറഹിമാൻ റിയാദ്



കൊറോണയെന്ന മഹാമാരി ചൈനയിൽ പടർന്നുപിടിക്കുന്ന സമയത്ത് പ്രവാസലോകത്ത് വലിയ ആശങ്കയൊന്നും ഉണ്ടായിരുന്നില്ല. അവിടം കൊണ്ട് അവസാനിക്കുമെന്ന് തന്നെയാണ് കരുതിയത്. പിന്നെ പാത്തുമ്മയുടെ ആടും ഖസാക്കിന്റെ ഇതിഹാസവും കമലയുടെ നെയ്പായസ

വുമൊക്കെ ലോക്ഡൗണിൽ ഓടിക്കൊണ്ടിരിക്കുമ്പോൾ നമുക്കും ഒന്ന് ആസ്വദിച്ചു നോക്കാമല്ലോ എന്ന് സമാധാനിച്ചിരിക്കുമ്പോഴാണ് ഈ മഹാമാരി ഗൾഫിലും വില്ലനാകുന്നത്.

മാർച്ച് രണ്ടിനാണ് സഊദി അറേബ്യയിൽ ആദ്യമായി കോവിഡ് 19 സ്ഥിരീകരിച്ച വാർത്ത പുറത്തുവരുന്നത്. ഇറാനായിരുന്നു അതിന്റെ സ്രോതസ്. ആദ്യമൊക്കെ ചെറിയ കണക്കുകളായിരുന്നുവെങ്കിൽ പിന്നീടത് വലിയ സംഖ്യകളിലേക്ക് നീണ്ടുപോകുന്നത് കണ്ടപ്പോൾ മനസിന്റെ താളം മാറിത്തുടങ്ങി. സാധാരണ വൈറൽ പനി വന്നാൽ പോലും കൊറോണയാണോ എന്ന പേടി. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഖത്തറിലുള്ള ഒരു കൂട്ടുകാരി പങ്കുവെച്ച ആശങ്ക അതിലേക്ക് എളുപ്പം കൂട്ടുകയും ചെയ്തു. കോവിഡിന്റെ ലക്ഷണങ്ങളിൽ ശ്വാസതടസം നേരിടുമെന്ന് കേട്ടപ്പോൾ തുടങ്ങിയതാണ് ശ്വാസം കിട്ടാതിരിക്കുന്നോ എന്നൊരു ഭയം. എങ്ങനെയെങ്കിലും ഒന്ന് നാട്ടിലെത്തിയാൽ മതിയായിരുന്നു എന്നാണ് കക്ഷിയുടെ ആവലാതി. സാധാരണയായി ചെറിയൊരു അസുഖം വരുമ്പോഴേക്ക് നാടിനെ ഓർക്കുന്ന പ്രവാസി ഈ മഹാമാരിയുടെ കാലത്ത് എങ്ങനെയെങ്കിലും ഒന്ന് നാടണയാൻ കഴിഞ്ഞെങ്കിൽ എന്ന് ചിന്തിക്കുന്നതിൽ അദ്ഭുതമൊന്നുമില്ല. പ്രവാസലോകത്ത് എത്ര സൗകര്യങ്ങളിൽ ജീവിക്കാൻ സാധിച്ചാലും പ്രവാസിയുടെ സ്വപ്നം നാടുതന്നെയാണ്. ഇടിവെട്ടിയവനെ പാമ്പു കടിച്ചപോലെയാണ് ഇപ്പോഴത്തെ അവസ്ഥ. ഇവിടെ നിന്നാൽ രോഗം ബാധിക്കുമോ, നാട്ടിൽ പോകാൻ ഒരവസരം ഒത്തുവന്നാൽ തന്നെ തിരിച്ചുവരാൻ



സാധിക്കുമോ? തിരിച്ചു വന്നാൽ ജോലി തിരിച്ചുകിട്ടുമോ ഇങ്ങനെ പോകുന്നു ആശങ്കകൾ.

പതിനഞ്ചു വർഷത്തിലധികമായി ഗൾഫിന്റെ ചൂടുംചൂരും അറിയാൻ തുടങ്ങിയിട്ട്. ആദ്യമായിട്ടാണ് നിശ്ചലമായ റോഡുകളും അടഞ്ഞുകിടക്കുന്ന വ്യാപാരസ്ഥാപനങ്ങളും കണ്മുന്നിൽ കാണുന്നത്. പള്ളികളിൽ ബാങ്കുവിളികളില്ല. ഖുർആൻ പാരായണങ്ങളില്ല. എല്ലാം നിശ്ചലം. **ആത്മീയ അനുഭൂതിയുടെ മധുരത്തിനൊപ്പം ബാച്ചിലേഴ്സിന് കൊശിയുടെ കാലവും കൂടിയാണ് ഗൾഫിലെ റമളാൻ മാസം. മുക്കിലും മൂലയിലുമുള്ള ഏത് പള്ളിയിലും മഗ്‌രിബ് ബാങ്ക് വിളിക്കുന്നതിന് മുമ്പ് തന്നെ വിഭവ സമൃദ്ധമായ ഭക്ഷണങ്ങൾ അണിനിരന്നിരിക്കും. വയർ നിറയെ കഴിക്കുന്നതിനൊപ്പം ബാക്കിവരുന്നത് പൊതിയാക്കി കൊണ്ടുപോകുകയും ചെയ്യാം. എന്നാൽ ഈ വ്രതകാലം പ്രവാസിക്ക് സമ്മാനിക്കുന്നത് വറുതിയാണ്.** പല സന്നദ്ധ സംഘടനകളുടെയും

ഭക്ഷണ കിറ്റ് കൊണ്ടാണ് പലരും ചെറിയരീതിയിൽ കഴിഞ്ഞുകൂടുന്നത്. സമ്പൽ സമൃദ്ധിയുടെ മടിത്തട്ടിൽ കഴിഞ്ഞിരുന്ന പല പ്രവാസി കുടുംബങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വിശേഷങ്ങൾ തിരക്കുന്ന കൂട്ടത്തിൽ ഒരു കൂട്ടുകാരിയുടെ സങ്കടം അറിയാതെ പുറത്ത് വന്നുപോയതാണ്. റമളാൻ എങ്ങനെയെങ്കിലും തട്ടിമുട്ടി മുന്നോട്ട് പോകും. അതുകഴിഞ്ഞാൽ എങ്ങനെ കഴിയും! ഷോപ്പ് അടച്ചിട്ടിരിക്കുകയല്ലേ, വാടക കൊടുക്കണ്ടേ!?

ലോക്ഡൗൺ പ്രതിസന്ധികൾക്കിടയിൽ തീൻമേശകളിൽ വിഭവങ്ങൾ കുറവാണെങ്കിലും ഭർത്താവിനിപ്പോൾ മനസ് തുറന്ന് സംസാരിക്കാൻ സമയം കിട്ടുന്നുണ്ട്. കുട്ടികളെ ചേർത്ത് പിടിച്ച് ഉമ്മ വെക്കുമ്പോൾ ലഭിക്കുന്ന അനുഭൂതി മക്കളിപ്പോൾ നന്നായിആസ്വദിക്കുന്നുമുണ്ട്.കുടുംബിനികൾക്ക് നിന്ന് തിരയാൻ സമയമില്ലെന്ന പരാതിയാണെവിടെയും. മൊബൈൽഫോണുകളുടെയും ലാപ്ടോപ്പുകളുടെയും അവസ്ഥ തഥൈവ. അതെങ്ങനെയാണ് അവറ്റകൾക്ക് വല്ലപ്പോഴും റെസ്റ്റ് കൊടുക്കാൻ പറ്റുന്നുണ്ടോ? കുട്ടികൾക്കാണെങ്കിൽ ഓൺലൈൻ ക്ലാസ്, ഭാര്യ-ഭർത്താക്കന്മാർക്ക് ആത്മീയ-സംഘടന ക്ലാസ്സ്, സാമൂഹിക ഉദ്ബോധന ക്ലാസുകൾ ഇങ്ങനെ സൂം ക്ലാസുകൾ നിറയുന്നു. ഇതിനുപുറമേയാണ് ഓൺലൈൻ മത്സര പരിപാടികൾ. ഇതൽപ്പം അതിരുകടക്കുന്നില്ലേ. അതുകൊണ്ടല്ലേ ഖസാക്കിന്റെ ഇതിഹാസവും കമലയുടെ നെയ്പായസവുമൊക്കെ ലോക്ഡൗൺ വെള്ളത്തിൽ പകുതിവായിച്ചപ്പോൾ തന്നെ മുങ്ങിപ്പോയത്. റമളാൻ രാവുകളിൽ ഇത്തരം പരിപാടികൾ ഇബാദത്തിന്

ഭംഗം വരുത്തിയുട്ടുണ്ടോ എന്നും കുടുംബിനികൾ ആലോചിക്കേണ്ടതുണ്ട്.

ഒരു സൂക്ഷ്മാണുവിന് മുന്നിൽ നിസാരനായി പോയ മനുഷ്യന് ലോക് ഡൗൺ വലിയൊരു പാഠമാണ് നൽകുന്നത്. ഇടക്കിടക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ കയറിയിറങ്ങിയിരുന്നത്, മാളുകളിൽ നിന്ന് ഷോപ്പിംഗ് കാർട്ടിൽ നിറച്ചിരുന്നത്, ഓഫറുകളിൽ കണ്ണ് മഞ്ഞളിച്ചുപോയത്, ബ്രോസ്റ്റും ഷവർമ്മയും പിസ്സയുമൊക്കെ ഇടതടവില്ലാതെ കഴിച്ചിരുന്നത്, ഇ തിനൊക്കെ പുറമെ നാളേക്ക് ഒരു കരുതിവെപ്പ് അത്യാവശ്യമാണെന്ന് ലോക്ഡൗൺ നമ്മെ പഠിപ്പിച്ചുകഴിഞ്ഞു.

എന്റെ പിതാവ് പകർന്നുതന്ന ഒരു അനുഭവം ഈ മഹാമാരികാലത്ത് പ്രചോദനമാണ്. വർഷങ്ങൾക്കപ്പുറം നാട്ടിൽ പടർന്നുപിടിച്ച വസൂരി എന്റെ പിതാവിനെയും പിടികൂടി. ഇന്നത്തെ ആശുപത്രികളോ ആധുനിക മാർഗങ്ങളോ ഇല്ലാത്ത അന്ന് എന്റെ ഉമ്മതന്നെയായിരുന്നു മുൻകരുതലുകളെടുത്തു രോഗം സുഖപ്പെടുന്നതുവരെ അവരെ പരിചരിച്ചത്. വസൂരി വന്നാൽ മരണം മുന്നിൽ കണ്ടിരുന്ന കാലത്ത് അതൊരു അദ്ഭുതമായിരുന്നെന്ന് അവർ ഓർത്തെടുക്കുന്നു. ഇന്നത്തെ ക്വാറന്റൈൻ സംവിധാനം തന്നെയായിരുന്നു അന്നും അനുവർത്തിച്ചത്. മറ്റുള്ളവരിലേക്ക് രോഗം പടരാതിരിക്കാനും സ്വയം രോഗത്തിൽ ചെന്ന് ചാടാതിരിക്കാനും അത് അത്യാവശ്യമാണ്. മരണത്തെ മുഖാമുഖം കാണുമ്പോഴും കർമനിഷ്ഠ മുറുകെ പിടിക്കുകയായിരുന്നു. കൊവിഡ് കാല ഓർമകൾ നമ്മെ നയിക്കട്ടെ! ●

Contents

# ഓർത്തില്ലാതാവുന്ന ദൂരങ്ങൾ

**പ്രവാസനോവിന് ഇരട്ടിവേദനയാണ് കോവിഡ്കാലത്ത്. ഇരുധ്രുവങ്ങളിൽ ഒറ്റപ്പെട്ടവരുടെ കൂടിച്ചേരൽകിനാവുകൾ**

**മുംതാസ് ഹമീദ് പള്ളപ്പാടി**



ഒരു ശരാശരി മനുഷ്യൻ ഓർത്തെടുക്കാൻ ഏറ്റവും ഇഷ്ടപ്പെടുക അവന്റെ നല്ല ഓർമകളായിരിക്കും. നല്ല അനുഭവങ്ങളാണ് നല്ല ഓർമകളായി സൂക്ഷിക്കുക. ഇനി അടുത്ത കാലത്തൊന്നും ഈ കോവിഡ് കാലത്തെ അനുഭവങ്ങളെപ്പോലെ ഓർത്തെടുക്കാൻ മറ്റൊന്ന് ഉണ്ടാവില്ല.

സോഷ്യൽ മീഡിയകളിൽ ധാരാളമായി വന്നുപോയതാണ് ഈ ലോക്ഡൗൺ കാലത്തെ ജീവിത കഥകൾ.

ജീവിതത്തിന്റെ നല്ലൊരു ഒഴിവ് സമയമായി നല്ല രീതിയിൽ ചെലവഴിക്കാനായവൻ ഭാഗ്യവാൻ എന്നു പറയാം. പല കുടുംബ ജീവിതത്തിലും തെറ്റിദ്ധാരണകൾ മാറ്റി തമ്മിൽ മനസിലാക്കാനും നല്ലൊരു ദാമ്പത്യ ജീവിതത്തിന്നും ഈ കോവിഡ് കാലം ഉപകാരപ്പെട്ടിട്ടുണ്ടാവാം.ജോലികളുംപ്രാരാബ്ധങ്ങളുമായി അകന്ന് കഴിയേണ്ടി വന്നവർക്കും കുടുംബമൊന്നിച്ച് ജീവിതമാസ്വദിക്കാനും നല്ലൊരു അവസരവും ലഭിച്ചു. പക്ഷേ കുടുംബത്തിന്റെ അന്നം തേടി കടലിന്നക്കര കഴിയുന്ന പ്രവാസികളും അവരുടെ കുടുംബവും പ്രതിസന്ധികൾ താണ്ടികൊണ്ടിരിക്കുന്നു. കുടുംബവുമായി അകന്ന് കഴിയേണ്ടി വന്നതിന്റെ മാനസിക സമ്മർദം ഊഹിക്കാവുന്നതിലും അപ്പുറത്താണ്. കോവിഡ് ഭീതിയിലിരിക്കെയും എല്ലാ വിഷമങ്ങളും മനസിലൊതുക്കി അവർ കുടുംബവുമായി ബന്ധപ്പെടുന്നുണ്ടായിരുന്നുവെങ്കിലും അവരുടെ വിങ്ങലുകൾ സമൂഹ മാധ്യമങ്ങളിൽ പതിവുകാഴ്ചകളായിരുന്നല്ലോ. ഒരു നേരത്തെ അന്നത്തിനു വേണ്ടി പോലും ഉള്ള പ്രവാസിദുരിത

ങ്ങളുടെ നേർക്കാഴ്ചകളെത്രയാണ് നാം കണ്ടത്! മനസിലെ വിഷമങ്ങൾക്ക് പരിഹാരം റബ്ബിന്റെ മുന്നിൽ തേടാൻ മാത്രമാണ് വിധി.

തന്റെ പ്രിയതമന് പ്രാർഥിക്കുന്ന ഭാര്യ, ഉപ്പക്ക് വേണ്ടി പ്രാർഥിക്കുന്ന മക്കൾ, മക്കൾക്കായി പ്രാർഥിക്കുന്ന മാതാപിതാക്കൾ, കൂടപ്പിറപ്പുകൾക്കായി പ്രാർഥിക്കുന്ന സഹോദരങ്ങൾ, ഇതൊക്കെയേ ഏതൊരു പ്രവാസി വീട്ടുകാർക്കും കോവിഡ് കാലത്തെ അനുഭവക്കുറിപ്പുകളിൽ ചേർക്കാനുണ്ടാവുക.

ഇതിന്നിടയിലും മക്കളുമൊത്ത് കൂട്ട് കൂടാനും അവരിലെ കലാവാസനകൾക്ക് ജീവൻ നൽകാനും ഈ കോവിഡ് കാലം ഉപയോഗപ്പെടുത്താൻ സാധിച്ചു.

**അനുഭവത്താളുകളിൽ ചേർക്കപ്പെടേണ്ട ഒന്നാണ് ഈ വർഷത്തെ നോമ്പ് കാലം. പുരുഷന്മാർക്ക് പള്ളികളും ഇഅ്തികാഫുകളും നഷ്ടപ്പെട്ടെങ്കിലും സ്ത്രീകൾക്ക് നല്ല നിലയിൽ ഉപയോകപ്പെടുത്താൻ ഈ ലോക്ഡൗൺ കാരണമായി.** ജമാഅത്തായുള്ള നിസ്കാരങ്ങളും മൗലിദ്, ദുആ മജ്‌ലിസുകളും ലൈവുകളിലൂടെയുള്ള പ്രാർഥനാ മജ്‌ലിസുകളും എല്ലാം കൊണ്ടും റമളാൻ ധന്യമായി.

ഈ കോവിഡ് കാലം ഒരുപാട് നല്ലപാഠങ്ങൾ നൽകിയതോടൊപ്പം നല്ല ഓർമകളും സമ്മാനിച്ചു. പക്ഷേ എങ്കിലും പ്രിയരെ ഓർത്തുള്ള സങ്കടങ്ങളുമായി അവരുടെ വരവും കാത്തിരിപ്പാണിപ്പോൾ കടലിനിക്കരെയുള്ള ഓരോ പ്രവാസിഭാര്യയും ●

Contents

# തള്ളുമ്പോൾ സംഭവിക്കുന്നത്

നവമാധ്യമങ്ങൾ വ്യവഹാര മലയാളത്തിന് സമ്മാനിച്ച 'തള്ളി'ന്റെ പരിസരം

അബ്ദുല്ല വടകര



'അഞ്ചു മണിത്തള്ള്' എന്നായിരുന്നു മുഖ്യമന്ത്രിയുടെ കോവിഡ് വാർത്താ സമ്മേളനങ്ങളെ പറ്റി

Contents

പ്രതിപക്ഷത്തെ യുവ എംഎൽഎമാർ 'തള്ളിയത്'. ആ വാർത്താ സമ്മേളനങ്ങൾ തള്ളായിരുന്നോ എന്നതല്ല ഇവിടെ ചർച്ച. തള്ള് എന്ന പ്രയോഗത്തെ പറ്റിയാണ്.

വ്യവഹാര മലയാളത്തിലേക്ക് നവ മാധ്യമങ്ങളും അവയിലെ ബ്രോസും ചേർന്ന് സംഭാവന ചെയ്ത പുതിയ വാക്കുകളിലൊന്നാണ് 'തള്ള്'.

**ലാത്തിയടി, പുളുവടി, ബഡായി, കത്തി എന്നീ സംഭവങ്ങളുടെ ഒരു വകഭേദമെന്ന നിലയിലാണ് തള്ള് അവതരിച്ചിരിക്കുന്നത്. പുതുതായി പ്രയോഗത്തിൽ വന്ന വാക്കുകളിൽ, ആശയത്തോട് ഇത്രയേറെ ചേർന്ന് നിൽക്കുന്ന വാക്ക് തള്ള് പോലെ അധികമില്ലെന്ന് തോന്നുന്നു.**

ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ കാര്യങ്ങളെ സംബന്ധിച്ച വീമ്പ് പറച്ചിൽ, സാമാന്യ ബുദ്ധിക്ക് താങ്ങാവുന്ന പരിധി വിടുകയോ അപ്രായോഗികമെന്ന് പ്രഥമ നിരീക്ഷണത്തിൽ തോന്നുകയോ ചെയ്യുമ്പോഴാണ് അവയെ തള്ള് ഗണത്തിൽ പെടുത്തുക. ഓരോ ഇന്ത്യക്കാരന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് 15 ലക്ഷം രൂപ വീതം തള്ളിത്തരുമെന്ന മോദിജിയുടെ വീമ്പിളക്കൽ തള്ള് ഇനത്തിൽ വന്നത് ഇതിനൊരു ഉദാഹരണം.

സമൂഹത്തിൽ ഒരാൾക്കുള്ള സ്ഥാനം, സ്വാധീനം എന്നിവയെക്കുറിച്ച് സ്വന്തമായോ ഏൽപിക്കപ്പെട്ട മറ്റാരെങ്കിലുമോ നടത്തുന്ന വിടൽസാണ് തള്ളുകളിലെ മറ്റൊരു പ്രധാന ഇനം. കഴിഞ്ഞ മോദി സർകാരിൽ ടൂറിസം മന്ത്രിയായിരുന്ന കണ്ണന്താനം നടത്തിയ തള്ളുകളധികവും ഈയിനത്തിൽ പെട്ടവയായിരുന്നു. പ്രധാനമന്ത്രിയുമായി തന്റെ ഭർത്താ

വിനുള്ള അടുപ്പം കാണിക്കാൻ, കണ്ണന്താനത്തിന്റെ ഭാര്യ നടത്തിയ പരാമർശങ്ങൾ, ട്രോളന്മാർക്ക് വിരുന്നായി മാറിയ ഒരുഗ്രൻ തള്ളായിരുന്നല്ലോ, ല്ലേ?!

അറിവില്ലാത്ത വിഷയങ്ങളിൽ ഇടപെട്ട്, അജ്ഞതയും, അജ്ഞത എഴുന്നള്ളിക്കാനുള്ള ഉളുപ്പില്ലായ്മയും സമംചേർത്ത് തള്ളുന്നവരും ഇഷ്ടം മാതിരിയുണ്ട്. നോട്ടു നിരോധനകാലത്തു സാമ്പത്തിക വിദഗ്ധർ ചമഞ്ഞ് ചാനലുകളിൽ വന്ന് തള്ളിയവരിലധികവും ഈ ഗണത്തിൽ പെട്ടവരായിരുന്നു. അവതരണം കേട്ടാൽ സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനത്തിനർഹതയുണ്ടെന്ന് തോന്നിപ്പിക്കും ഇക്കൂട്ടർ. കാൽകാശിനു വകയില്ലാത്ത അറിവേ ഇവർക്കുള്ളൂ എന്ന് തെളിയിക്കൽ പിന്നെ കാലത്തിന്റെ പണിയായി മാറും. സംഘ്പരിവാർ തള്ളുകാരധികവും ഈ ഗണത്തിൽ വരുന്നതായാണ് കാണുന്നത്! നമ്മുടെ സുരേന്ദ്രനും ഗോപാലകൃഷ്ണനുമൊക്കെ ചേർന്ന് തള്ളിയത് ഒന്നൊന്നര തള്ളുകളായിരുന്നെന്ന് പിന്നീട് തെളിയുകയുണ്ടായല്ലോ.

ആശ്രിതരും സിൽബന്ധികളുമായ ഒരുകൂട്ടത്തെ ചുറ്റുമിരുത്തി ബഡായി വിട്ട് ചിരിപ്പിക്കുകയും അതിൽ ആനന്ദം കൊള്ളുകയും ചെയ്യുന്ന രീതി രാജാക്കന്മാർക്കും ഉന്നതന്മാർക്കും പണ്ടേയുണ്ട്. എന്നാൽ, ഇത്തരം തള്ളുകൾ കേട്ട് സഹിക്കാൻ കഴിയാതെ സ്ഥലം വിട്ടു കളയും പലരും. കേട്ട്, അർഥമറിയാതെ ചിരിക്കുന്ന വിഡ്ഢികളും ഇഷ്ടം പോലെ. ഇത്തരം റാൻമൂളികൾക്കും ബ്രോസ് പുതിയ വാക്ക് കണ്ടു പിടിക്കുമായിരിക്കും ●

Contents

# മാട്ടൂൽ തങ്ങൾ: ശ്രേഷ്ഠ ഗുരു

**അറിവും അനുഭവവും കൊണ്ട് ജീവിതം അത്രമേൽ ധന്യമാക്കിയ മാട്ടൂൽ തങ്ങളെ ഓർക്കുന്നു.**

അശ്റഫ് മന്ന
ashrafmanna@gmail.com



മാട്ടൂൽ തങ്ങൾ എന്ന ചുരുക്കപ്പേരിൽ, സ്നേഹജനങ്ങളുടെ ഖൽബകത്ത് കൂടു കെട്ടിയ ശ്രേഷ്ഠ ഗുരുവാണ് സയ്യിദ് ഹാമിദ് കോയമ്മ തങ്ങൾ.

ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ വിഹായസിൽ ആഴ്ന്നിറങ്ങിയും വ്യക്തിവിശുദ്ധിയുടെ പാരമ്യം എത്തിപ്പിടിച്ചും സമാനതകളില്ലാതെ ജീവിതം ഫലഭൂയിഷ്ഠമാക്കിയ അസാമാന്യ പ്രതിഭ.

ഒരിക്കൽ പരിചയപ്പെട്ട ആർക്കും ആ മുഖം മറക്കാൻ കഴിയില്ല; അത്രമേൽ ജ്വലിക്കുന്ന വ്യക്തി പ്രഭാവം. സൗഹൃദങ്ങൾക്കു ഉയർന്ന മൂല്യം കൽപിക്കുകയും അത് തകരാതെ കാത്തുസൂക്ഷിക്കുകയും ചെയ്യുമായിരുന്നു.

എൺപതുകളുടെ ആദ്യത്തിൽ അഥവാ മുപ്പത്തിയഞ്ച് വർഷങ്ങൾക്കു മുമ്പാണ് ബഹുമാനപ്പെട്ട തങ്ങളുമായുള്ള ആ നല്ല ബന്ധം തുടങ്ങുന്നത്.

കണ്ണൂരിന്റെ മലയോര പ്രദേശമായ പുളിങ്ങോം മഖാമിനോട് അനുബന്ധിച്ചുള്ള പള്ളിയിൽ ബഹുമാനപ്പെട്ട തങ്ങൾ മുദരിസ് ആയിരുന്നപ്പോൾ അവിടുത്തെ എളിയ ശിഷ്യനാവാൻ അവസരം ലഭിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യമാണ്. അന്ന് തുടങ്ങിയ ആ നല്ല ബന്ധം ഇന്ന് വരെ ഇടതടവില്ലാതെ സൂക്ഷിക്കാനായത്, മഹാനായ തങ്ങൾ ശിഷ്യഗണങ്ങളോട് കാണിച്ച കരുതലുകളുടെ സാക്ഷ്യമാണ്.

**എല്ലാവരോടും വലിയ ഗുണകാംക്ഷയായിരുന്നു. ആർഭാടങ്ങളില്ലാത്ത ജീവിതം. എളിമയുടെ പാരമ്യം. സൂക്ഷ്മതയുടെ അങ്ങേയറ്റം. വിശുദ്ധി**

**യുടെ നേർവര. വിശ്വാസ ദാർഢ്യം. ഏതു പ്രതിസന്ധിയിലും പതറാത്ത മനസ്. അനന്യമായ നേതൃപാടവം. ആരെയും വിശ്വാസത്തിലെടുക്കുന്ന ഹൃദയം. ബഹുമാനപ്പെട്ട തങ്ങളെ വിശേഷിപ്പിക്കാൻ വാക്കുകൾക്കു കഴിയില്ല.**

മാട്ടൂലിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന മൻശഅ് സ്ഥാപന സമുച്ചയങ്ങൾ മഹാനായ തങ്ങളുടെ ഇച്ഛാശക്തിയുടെയും അധികാര വികേന്ദ്രീകരണത്തിന്റെയും നേതൃപാടവത്തിന്റെയും ഉദാഹരണമാണ്.

ഈ സ്ഥാപനങ്ങളുടെ പ്രചാരണത്തിനു വേണ്ടി യുഎഇ, ഒമാൻ, ഖത്തർ, സഊദി ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിൽ തങ്ങൾ നടത്തിയ യാത്രകൾ, വിവിധങ്ങളായ പ്രശ്നങ്ങളിൽ നെഞ്ചുരുകുന്ന ഒട്ടേറെ പ്രവാസികൾക്ക് ആശ്വാസത്തിന്റെ തെളിനീർ നൽകിയിട്ടുണ്ട്. പ്രാസ്ഥാനിക ബൗണ്ടറിക്കപ്പുറത്തും മഹാനായ തങ്ങളുമായി സ്വകാര്യ അനുഭവങ്ങൾ കാത്തുസൂക്ഷിക്കുന്ന പലരെയും കണ്ടിട്ടുണ്ട്. ആത്മീയ ശിക്ഷണത്തിന്റെ നൂറു നൂറ് അനുഭവങ്ങൾ അവർ പങ്കുവെക്കുന്നുണ്ട്.

ഏതായാലും ജീവിത കാലത്തു കെട്ടിപ്പടുത്ത ആത്മീയ വിശുദ്ധിയുടെ നിറവിൽ, നരക വാതിലുകൾ കൊട്ടിയടക്കപ്പെടുകയും സ്വർഗ കവാടങ്ങൾ മലർക്കെ തുറക്കപ്പെടുകയും ചെയ്തിട്ടുള്ള പവിത്ര റമളാന്റെ പകലിൽ ആ പുണ്യ ദേഹം യാത്രയായിരിക്കുന്നു. അല്ലാഹു അവിടുത്തെ ദറജ ഉയർത്തട്ടെ ●

Contents

# പൊട്ടിപ്പോകുന്ന പ്രണയനൂൽ

**വിവാഹ മനോഹാരിതയെ കെടുത്തിക്കളയുന്ന പ്രണയ വിവാഹത്തിന്റെ കെട്ടുനൂലഴിക്കുന്നു.**

ഇ.വി അബ്ദുറഹ്മാൻ
evrahman@gmail.com



ഇന്ന് കാണുന്ന പ്രണയ വിവാഹങ്ങളുടെ കാതൽ മറ്റൊരാളുടെ വിഭവങ്ങളെ സമ്മതമില്ലാതെ തട്ടിയെടുക്കുക, അധീനതയിലാക്കുക എന്നതാണ്. കുറ്റകൃത്യങ്ങൾക്ക് അല്ലാഹുവിന്റടുക്കൽ

ശിക്ഷ ലഭിക്കുന്നു. അന്യന്റെ സ്വത്ത് അപഹരിക്കുക, അന്യന്റെ തോട്ടത്തിൽ അനുമതിയില്ലാതെ പ്രവേശിക്കുക, അന്യന്റെ മക്കൾക്കുമേൽ സമ്മതമില്ലാതെ ആധിപത്യം സ്ഥാപിക്കുക തുടങ്ങിയവ അതിൽ ചിലതാണ്. പ്രത്യേകിച്ച്, പെൺകുട്ടികളുടെ പിതാക്കൾക്ക് വലിയ്യ് എന്ന സ്ഥാനമാണ് ഇസ്‌ലാം നൽകുന്നത്. അവരുടെ സുരക്ഷക്കായി അല്ലാഹു ഒരുക്കിക്കൊടുത്ത ഏറ്റവും നല്ല മാർഗമാണത്. ഈ മാർഗത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ ഉത്തരവാദിത്വ ബോധവും അനന്തര ബോധ്യവും പിതാവിൽ കൂടുതൽ അടിയുറച്ചു നിർത്തുന്നു.

ഒരു വിവാഹാലോചന വരുമ്പോൾ സാധാരണഗതിയിൽ കുടുംബമാണ് ആദ്യം ചെന്നു കാണുക. അവർ അവരുടെ സമൂഹത്തിൽ ജീവിച്ചു വരുന്ന അവരുടേതായ ഒരു സ്റ്റാറ്റസ്‌കോ നിലനിർത്താൻ മറ്റുള്ളവർക്കും സാധിക്കുമോ എന്ന അന്വേഷണമാണ് നടക്കുക. വിശ്വാസ, കർമ, ചിന്താപരമായും സാമ്പത്തികമായുമുള്ള ഈ തുലനാവസ്ഥ വളരെ പ്രധാനമാണ്. സാമ്പത്തികമായി ഉയർന്ന ജീവിതം നയിക്കുന്ന ഒരു പെൺകുട്ടിയെ താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ജീവിക്കുന്ന ഒരു കുടുംബത്തിലേക്ക് കൂട്ടിക്കൊണ്ടു വരുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നമുക്കൂഹിക്കാം. ഇതിന്റെ ഏത് രൂപവും സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതുകൊണ്ട് സാമൂഹിക തുലനവും നിലവാരവും വിവാഹത്തിൽ ഏറെ പ്രധാനമാണ്. വിശ്വാസ തുലനമാണ് ഏറ്റവും പ്രധാനം. ബിദ്അത്തുകാരും സുന്നികളും തമ്മിലുള്ള വിവാഹമാണ് ഏറ്റവും അപകടകരമായത്. വിശ്വാസമാണ് മനുഷ്യനെ എല്ലാ

നിലക്കും വഴിനടത്തുന്നത്. ബിദഈ പ്രസ്ഥാനവും അഹ്ലുസ്സുന്നയും ഒരിക്കലും ചേരില്ല. അവിശ്വാസികളും അവിശ്വാസിനികളും നിങ്ങളെ ക്ഷണിക്കുന്നത് നരകത്തിലേക്കാണ് എന്നത് പോലെയുള്ള ഒരർഥ കല്പന അവിടെയുമുണ്ട്. വിശ്വാസം പിഴച്ചവരിലേക്ക് നിങ്ങൾ ചേരുകയോ അവരെ നിങ്ങൾ ക്ഷണിച്ചുവരുത്തുകയോ ചെയ്താൽ അത് പരസ്പര നാശത്തിന്റെ ഹേതുവാകുമെന്നതിൽ സംശയമില്ലല്ലോ.

**സാമൂഹിക സന്തുലിതാവസ്ഥ മറികടന്നുകൊണ്ടുള്ള ആദ്യ ആക്രമണമാണ് പ്രണയ വിവാഹം. അഞ്ചംഗങ്ങളുള്ള കുടുംബത്തിലേക്ക് നാലംഗങ്ങളുടെ സമ്മതമില്ലാതെ കടന്നുവരുമ്പോൾ അല്ലെങ്കിൽ തീരെ താത്പര്യമില്ലാത്ത ഒരു കുടുംബത്തിലേക്ക് ഒരു ചെറുക്കൻ വന്നുകയറുമ്പോഴുള്ള ദുരവസ്ഥ ഒന്നാലോചിച്ചു നോക്കൂ.** ആ ദുരന്തങ്ങളെ തൃണവത്ഗണിച്ചു കൊണ്ടുള്ള ധിക്കാരഭാവം എത്രമേൽ അപകടകമാണ്. ഭക്ഷണം, ശരീരം, കിടപ്പാടം എന്നിവയെല്ലാം തനിക്കിഷ്ടമില്ലാത്തയിടത്ത് അഥവാ, സമൂഹികമായി വകവെച്ചു നൽകാത്ത ഒരു കേന്ദ്രത്തിൽ പോയി ഒരു ആണും പെണ്ണും ഒരുമിച്ചു ജീവിക്കേണ്ടി വരുന്ന സാഹചര്യം എന്തിന്റെ പേരിലായിരുന്നാലും അപകടകരമായിരിക്കും. സാമൂഹിക തുലനാവസ്ഥയും സന്തോഷാവസ്ഥയും കാലക്രമേണ ഒരുപക്ഷേ, കൈവരിക്കാൻ സാധിച്ചെന്നിരിക്കാം. അതിനെക്കാൾ ഗുരുതരമായ മറ്റൊരു പ്രശ്നം മാതാപിതാക്കളുടെ ശാപമാണ്.

ഒരു പെൺകുട്ടി മറ്റൊരാളോട് പ്രണയത്തിലാണെന്നറിഞ്ഞാൽ ആ ഉമ്മ മറ്റൊന്നും ചിന്തി



ക്കുന്നില്ല, നാഥനിലേക്ക് കൈയും ഉയർത്തി പ്രാർഥിക്കുന്നു, 'റബ്ബേ, എന്റെ മകളെ ഉപദ്രവിക്കാൻ, തട്ടിക്കൊണ്ടു പോകാൻ ശ്രമിക്കുന്നവരെ നീ നശിപ്പിക്കേണമേ.' ഒരു കാലത്ത് കാമുകൻ ഈ പെൺകുട്ടിയെ മറ്റൊരു തരത്തിൽ സ്വന്തമാക്കിയാൽ പോലും ഈ ശാപത്തിന്റെ പ്രതിഫലനം ജീവിതത്തിലുണ്ടാകും. ശാപത്തിന്റെ ശക്തി വലുതാണ്. ഉഗ്രശാപം ആർക്കും തടയാനാകാത്ത വജ്രായുധമാണ്.

കണ്ണേറും കരിനാവുമെല്ലാം അതിൽ പെട്ടതാണ്. മനുഷ്യനെ സൃഷ്ടിക്കുമ്പോൾ അല്ലാഹു നൽകുന്ന ചില കഴിവുകളാണിവ. മറ്റുള്ളവർക്ക് ഉപകാരമോ ഉപദ്രവമോ ആകാമിതിന്റെ പ്രയോഗഫലം. അതുകൊണ്ടാണ് അതിൽ നിന്ന് കാവൽ ചോദിക്കാൻ അല്ലാഹു ഉൽബോധിപ്പിക്കുന്നത്.

തന്റെ മകൾ അന്യനൊരുത്തനുമായി പ്രണയത്തിലാണെന്നറിയുമ്പോൾ മാതാപിതാക്കളിൽ നിന്നുണ്ടാക്കുന്നത് ഈ ശാപമാണ്. അത് ആർക്കും തടയാനാവില്ല.

മാതൃ പുത്ര ബന്ധത്തിന്റെ അതിസുന്ദരമായ ആവിഷ്കാരമാണ് ഇടശ്ശേരിയുടെ പൂതപ്പാട്ട്. ഉണ്ണിയെ തട്ടിയെടുത്ത് ഭൂതം അമ്മയോട് പറഞ്ഞു, രണ്ട് കണ്ണുകൾ തന്നാൽ ഉണ്ണിയെ നൽകാം. നൊന്തുപെറ്റ ആ അമ്മ, അകക്കണ്ണു കൊണ്ട് മകനെ തിരിച്ചറിയാവുന്നതുകൊണ്ട് ഭൂതത്തിന് കണ്ണുകൾ നൽകി. രണ്ടു കണ്ണുകളുമില്ലാത്ത അമ്മക്കെന്തിന് ഉണ്ണിയെ കൊടുക്കണം? അമ്മക്ക് ഒരു ഡ്യൂപ്ലിക്കേറ്റ് ഉണ്ണിയെ നൽകാമെന്ന് ഭൂതം വിചാരിച്ചു. മൂർധാവു മുതൽ കാല്പാദം വരെ തഴുകി ആ അമ്മ ഉഗ്രശാപത്തിനായി കൈകൾ ഉയർത്തി. 'ഇതെന്റെ കുഞ്ഞല്ല! ഞാനിതാ നിന്നെ ശപിക്കാൻ പോകുന്നു.'

**പ്രണയത്തിന് ആൺകുട്ടികൾ പറയുന്ന ഒരു ന്യായം, പെണ്ണ് ഇങ്ങോട്ട് തേടി വന്നതെന്നാണ്. ഒരുപക്ഷേ ആവാം. നിങ്ങളുടെ അഴകിലും ആവിഷ്കാരത്തിലും മനസുടക്കി മൃദുമനസാലെ പെൺകുട്ടി നിങ്ങളെ തേടിവന്നേക്കാം. പക്ഷേ അതൊരു ന്യായമായെടുക്കരുത്. പകരം പെണ്ണിന്റെ നിഷ്കളങ്കതയും മൃദുലചിത്തവും പറഞ്ഞു ബോധ്യപ്പെടുത്തി 'സ്നേഹത്തോടെ' നിരസിക്കുന്ന ആൺകുട്ടികളാണ് നമുക്ക് വേണ്ടത്.** പിന്നീട് നമ്മുടെ പെൺമക്കളും സമാന അനുഭവത്തിനിരയായാലോ എന്നാരും ആലോചിക്കുന്നില്ല. ക്ലിനികൽ കൗൺസിലിംഗോ മറ്റോ ഉപയോഗപ്പെടുത്തി കൗമാരപ്രായത്തിലേ മക്കളെ പാകപ്പെടുത്താൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കണം ●

Contents

# ഹലോ, ഇത് എന്റെ മൊബൈലാണോ?

**നാട്ടുകിനാവിന്റെയും പ്രവാസയിടവേളയുടെയും വഴിമധ്യേ സ്തബ്ദനായി നിന്ന അൽപനേരം**

ഷാനവാസ് ഹംസ



തുടരെ അവധി ദിവസങ്ങളായതിനാൽ റോഡിലും മറ്റും തിരക്ക് ഉണ്ടാകും. അതുകൊണ്ട് കുറച്ചു നേരത്തേ തന്നെ ഇറങ്ങിയിരുന്നു. പെട്ടിയൊക്കെ ഇന്നലെ തന്നെ സുഹൃത്തുക്കൾ കെട്ടി വെച്ചത് കൊണ്ട് ഒരുങ്ങിയാൽ മാത്രം മതി.

സാധാരണ ഞങ്ങൾ അൽഖൂസിലെ സുഹൃത്തു

Contents

ക്കളുടെ വണ്ടിയിലാണ് എയർപോർട്ടിൽ പോകുക. സഹപ്രവർത്തകരുടെ ദുആയും കിട്ടുമല്ലോ. കമ്പനി വണ്ടികളിൽ പോകുമ്പോൾ ഡ്രൈവർമാരുടെ സൗകര്യത്തിന് വേണം റൂമിൽ നിന്നും ഇറങ്ങാൻ, ഇനി അദ്ദേഹത്തിന് വല്ല ജോലിയും ഉണ്ടെങ്കിൽ നേരത്തെ തന്നെ എയർപോർട്ടിൽ തട്ടിയിട്ട് അയാൾ പോകുകയും ചെയ്യും.

ഡ്യൂട്ടി കഴിഞ്ഞ സമയമായതിനാൽ എന്നെ യാത്രയാക്കാൻ പെട്ടികെട്ടാൻ വന്ന ഹബീബുമാരും ഉണ്ടായിരുന്നു.

യാത്ര തുടങ്ങി. കൂടെ റാസിഖും റഹീമും എയർപോർട്ടിലേക്ക് വരുന്നുണ്ട്. നാട്ടിലേക്ക് പോകുമ്പോൾ സാധാരണ പറയാറുള്ള തമാശകളൊക്കെ പറഞ്ഞ് വണ്ടി എയർപോർട്ട് ലക്ഷ്യമാക്കി നീങ്ങി. കൂടുതൽ തിരക്കുണ്ടായിരുന്നു റോഡിൽ. ട്രാഫിക്കിൽ കുറെ നേരം കുടുങ്ങിയെങ്കിലും കൃത്യസമയത്തു തന്നെ എത്താൻ സാധിച്ചു.

ഡിപാർചർ ഏരിയയിൽ യാത്രക്കാരെ ഇറക്കാൻ വാഹനങ്ങളുടെ നീണ്ട നിര തന്നെ ഉണ്ട്. ഉരുണ്ടുരുണ്ടു ഞങ്ങളുടെ വണ്ടിയുടെ ഊഴം എത്തി. കൂടുതൽ നേരം അവിടെ വണ്ടി നിർത്തിയാൽ വണ്ടിയുടെ നമ്പർ പോലീസുകാരന്റെ പേപ്പറിൽ പതിയുമെന്ന് അറിയുന്നത് കൊണ്ട് കൂട്ടുകാർ പെട്ടെന്ന് തന്നെ ലഗേജ് ട്രോളിയിൽ കയറ്റി തന്നു. ധൃതിയിൽ ഞാനും ഇറങ്ങി. തിരക്കിനിടയിൽ ആടൊയോട്ട മുന്നോട്ട് നീങ്ങുന്നതും നോക്കി തോളിൽ കിടന്ന ബാഗെടുത്ത് ട്രോളിയിൽ കിടത്തി.

ഏറെ നാളത്തെ പ്രവാസ ജീവിതത്തിനു ശേഷം പ്രിയപ്പെട്ടവരെ കാണാൻ പോകുന്നതിന്റെ

സന്തോഷത്തിൽ ഞാൻ ട്രോളി പതുക്കെ തള്ളി. മുൻപ് യാത്ര ചെയ്ത് കുറെ പരിചയമുണ്ടെങ്കിലും എയർപോർട്ടിൽ എത്തുമ്പോൾ നൂലാമാലകൾ കഴിഞ്ഞ് ഫ്ളൈറ്റിൽ കയറുന്നത് വരെ ഒരാന്തലാണ്. പാസ്പോർട്ട് ബാഗിൽ നിന്നും പുറത്തെടുത്തു. ടിക്കറ്റ് ഓൺലൈൻ ബുക്കിംഗ് ചെയ്തത് കൊണ്ട് അത് മൊബൈലിലാണ്. ഫ്ളൈറ്റ് ടൈം, ടെർമിനൽ ഒന്നും കൂടി കൺഫേം ആക്കാൻ വേണ്ടി മൊബൈൽ പോക്കറ്റിൽ പരതി, ഒരു നിമിഷം സ്തബ്ധനായി. ധൃതിയിൽ വണ്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ മടിയിലിരുന്ന മൊബൈൽ താഴെ വീണുകാണും.

വണ്ടിയിറങ്ങിയ സ്ഥലത്ത് ചെന്നു. അവിടെയില്ല. ഒന്നുകിൽ വണ്ടിയിൽ വീണു, അല്ലെങ്കിൽ ഇവിടെ വീണുകിടന്നത് ആരെങ്കിലും എടുത്തുകാണും! ഇനി എന്ത് ചെയ്യും? ടിക്കറ്റിന്റെ പിഎൻആർ നമ്പർ പോലും ഓർമയില്ല. ഫ്ളൈറ്റ് മിസ്സ് ആകും. നാട്ടിൽ പോക്ക് മുടങ്ങും... മനസ് എന്തൊക്കെയോ മന്ത്രിച്ചു. ആരുടേയും നമ്പർ മനഃപാഠമില്ല എന്നൊന്നും ഓർക്കാതെ ഞാൻ ഒരാളോട് ഫോൺ തരുമോ എന്ന് ചോദിച്ചു. ഒരു ദയാദാക്ഷിണ്യവും ഇല്ലാതെ അയാൾ ‘നോ’ പറഞ്ഞു. ലോകത്തിലെ വലിയ ക്രൂരൻ! പ്രതീക്ഷയോടെ വേറെ ഒരു ഹിന്ദിക്കാരനോട് വിവരം പറഞ്ഞു. അയാൾ മൊബൈൽ നീട്ടി. പക്ഷേ ആരെ വിളിക്കും? നമ്പറില്ലല്ലോ. കണ്ണുകളിൽ ഇരുട്ട് കയറി. പൊടുന്നനേ മനസിൽ കുളിർത്തു, എന്റെ നമ്പറിൽ തന്നെ വിളിച്ചു നോക്കാം...

നമ്പർ ഡയൽ ചെയ്തു റിംഗ് ആകുന്നുണ്ട്. ആരും എടുക്കുന്നില്ല. നെഞ്ചിടിപ്പ് കൂടി. രണ്ടാമ



തും ഡയൽ ചെയ്തു. മറു തലക്കൽ റസാഖിന്റെ ഒരു ഹലോ. നല്ല തിരക്കാണ്, ഞങ്ങൾ വരാം. ഇറങ്ങിയിടത്ത് തന്നെ നിൽക്കൂ...

മഹാന്മാരെ സ്മരിച്ച് ദൂരെ നിന്നും വരുന്ന ഓരോ വണ്ടികളെയും നോക്കിനിന്നു. എല്ലാ വണ്ടികളും അതിലുള്ള ആൾക്കാരും എന്നെയാണ് തിരയുന്നതെന്നും തോന്നി. ഒടുവിൽ അവർ വന്നു. കണ്ടു. ഒരിക്കൽകൂടി യാത്ര പറഞ്ഞ് ഞാൻ തിരിച്ചു നടന്നു.

ചെക്ക് ഇൻ കൗണ്ടറിലെത്തി. ബോർഡിംഗ് പാസ് കിട്ടി. വലിയ ചിറകുള്ള യന്ത്രപ്പക്ഷി മേഘങ്ങളേ കീറി മുറിച്ച് മാമലകൾക്കപ്പുറമുള്ള മരതക പച്ചയിലേക്ക് പറനിറങ്ങുന്നതും സ്വപ്നം കണ്ട് സീറ്റിലിരുന്ന് പതിയെ കണ്ണുകളടച്ചു ●

# പന്തലായനിയും പാറപ്പള്ളിയും

**പന്തലായനി, പാറപ്പള്ളി ചരിത്രയിടങ്ങളെ വാമൊഴിവഴക്കങ്ങളിൽ നിന്നും വരമൊഴികളിൽ നിന്നും വായിച്ചെടുക്കുന്നു**

**ഹാഫിസ് മുബഷിർ ചാലിയം**




കേരള മുസ്‌ലിം ചരിത്രത്തിൽ ഒഴിച്ചുകൂടാനാവാത്ത നാമമാണ് പന്തലായനി. കൊയിലാണ്ടി

യിൽ നിന്ന് അരനാഴിക അകലെയുള്ള പന്തലായനി കോഴിക്കോട് ജില്ലയിലെ ലോക പ്രശസ്ത വാണിജ്യ സാംസ്കാരിക കേന്ദ്രങ്ങളിൽ ഒന്നായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ പ്രശസ്ത ഭൂമിശാസ്ത്രജ്ഞനായ അൽ ഇദ്‌രീസിയുടെ 'നുഹ്സത്തുൽ മുഷ്താഖ് ഫീ ഇഖ്തിറാക്കുൽ ആഫാഖ്' എന്ന ഗ്രന്ഥത്തിൽ പന്തലായനി കൊല്ലത്തെക്കുറിച്ച് പരാമർശമുണ്ട്. അദ്ദേഹം പന്തലായനി കൊല്ലത്തെ ഫന്ററൈന എന്ന് വിശേഷിപ്പിച്ചു. ഇബ്നുബത്തൂത്ത ഫന്തറീന, പോർച്ചുഗീസുകാർ പണ്ടാരാണി, ചൈനക്കാർ ഫന്റലൈന എന്നും വിളിച്ചത് പന്തലായനി കൊല്ലത്തെയാണ്. വിവിധ കാലയളവിൽ മലബാറിൽ എത്തിയ സഞ്ചാരികളുടെ വിവരണങ്ങളിൽ നിന്ന്, പന്തലായനി കൊല്ലം അറബികളുടെയും ചൈനക്കാരുടെയും ജൂതന്മാരുടെയും വ്യാപാര താവളമായിരുന്നുവെന്നും കുരുമുളക്, ഏലം മുതലയാവ കയറ്റി അയച്ചിരുന്ന തിരക്കേറിയ ഒരു തുറമുഖ നഗരമായിരുന്നുവെന്നും മനസിലാക്കാം. ചൈനക്കാരുടെയും അറബികളുടെയും ചരിത്ര ശേഷിപ്പുകൾ ഇന്നും കൊല്ലത്ത് കാണാവുന്നതാണ്. ചൈനക്കാരുടെ ചരിത്ര ശേഷിപ്പായി ചീനപള്ളികൾ കോളം കടപ്പുറത്തിനടുത്തും, അവിടെ നിന്ന് രണ്ട് കിലോമീറ്റർ മാറിയും കാണാം. അത് കൂടാതെ പന്തലായനി കൊല്ലത്ത് നടത്തിയ ചരിത്ര ഗവേഷണ ഖനനത്തിൽ നാഗേശ്വര ക്ഷേത്രത്തിനും - ജുമുഅ മസ്ജിദിനും ഇടയിലുള്ള പ്രദേശത്തു നിന്നും ചീന പാത്രങ്ങൾ ശേഖരിക്കുകയുണ്ടായി. കൊല്ലത്തെ പാറപള്ളി ഇന്ത്യയിലെ തന്നെ പ്രാചീന മുസ്‌ലിം പള്ളികളിൽ ഒന്നാണ്. വിദേശ വ്യാപാരികളുടെ പ്രതാപ കാലത്ത് ഇവി

ടത്തെ ഖാസിയും മറ്റു പ്രധാനികളും ഒമാനികൾ ആയിരുന്നു. ഒട്ടേറെ ഐതിഹ്യങ്ങൾ ഇവിടെ കെട്ടുപിണഞ്ഞു കിടക്കുന്നുണ്ട്. മയ്യിത്ത് കുന്ന്, കൗലമല എന്ന പേരിലും പാറപ്പള്ളി അറിയപ്പെടുന്നുണ്ട്. പാറപ്പള്ളിയുടെ ചരിത്രം പന്തലായനി കോളം കടപ്പുറത്തിന്റെയുംകൂടി ചരിത്രമാണ്. പുരാതന കാലത്ത് പ്രസിദ്ധമായ കച്ചവട കേന്ദ്രമെന്നറിയപ്പെട്ട പന്തലായനിയും കോളം കടപ്പുറവും വിദേശ ചരിത്രരേഖകളിൽ ഇടംപിടിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽ പത്തേമാരികൾ വാണിജ്യാർഥം ഇവിടെ വന്നിരുന്നു.

പന്തലായനി കൊല്ലം ഉൾപ്പെട്ട കോളം കടപ്പുറത്തിന്റെ പ്രകൃതിഭംഗിയാണ് ഇവിടുത്തേക്ക് സന്ദർശകരെ ആകർഷിക്കുന്നത്. ഉള്ളോട്ട് വളഞ്ഞ് ശാന്തമായ കോളം കടപ്പുറം സഞ്ചാരികൾക്ക് ഏറെ പ്രിയമാണ്. അറബികളും ചൈനക്കാരും പറങ്കികളും പന്തലായനിയുടെ തീരങ്ങളിൽ കച്ചവടം നടത്തിയിരുന്നു. **പ്രസിദ്ധ സഞ്ചാരികളായ ഇബ്നുബത്തൂത്തയും ഇബ്നു ഖുർദ്ദാദ്ബെയും പന്തലായനി തുറമുഖത്തെ പരാമർശിച്ചിട്ടുണ്ട്. ഹിജ്റരണ്ടാംനൂറ്റാണ്ടിൽതന്നെഇവിടംഇസ്‌ലാം എത്തിയിട്ടുണ്ടന്നാണ് ചരിത്രം. മാലിക് ദീനാറിന്റെ നേതൃത്വത്തിൽ കേരളത്തിന്റെവിവിധ ഇടങ്ങളിൽ നിർമിക്കപ്പെട്ട പത്ത് പള്ളികളിൽ ഒരു പള്ളി പന്തലായനിലാണ്. ചില ചരിത്ര വിവരണങ്ങളിൽ വാസ്കോഡഗാമ സാമൂതിയിരുടെ നിർദേശ പ്രകാരം കപ്പൽ നങ്കൂരമിട്ടത് കാപ്പടല്ല, പന്തലായനി കൊല്ലത്താണെന്ന് രേഖപ്പെടുത്തുന്നു.** ഹെർമൻ ഗുണ്ടർട്ട്, വില്ല്യം ലോഗൻ, ചരിത്ര

കാരൻ ഡോ. എം ആർ രാഗവ വാര്യർ, ഡോ. എൻ എം നമ്പൂതിരി എന്നിവർ ഈ അഭിപ്രായക്കാരാണ്. 'ഗാമ തന്റെ കപ്പലുകളെ കുറച്ചുനാഴികകൾ വട ക്കോട്ട് നീക്കി പന്തലായനി കൊല്ലത്തിനടുത്ത് കട ലിലേക്ക് തള്ളി കിടക്കുന്ന ചേറ്റുകരയിൽ നങ്കൂര മിട്ടു' എന്ന ഗാമയുടെ യാത്രയുമായി ബന്ധപ്പെട്ട കോറിയയുടെ വിവരണങ്ങൾ സൂക്ഷ്മമായി പരി ശോധിച്ചാണ് ലോഗൻ ഇങ്ങനെ രേഖപ്പെടുത്തു ന്നത്. കുഞ്ഞാലി മരക്കാൻമാർ പന്തലായനി കൊ ല്ലത്തുകാർ ആയിരുന്നെന്നും പോർച്ചുഗീസ്കാർ പന്തലായനി കൊല്ലം ആക്രമിച്ചു നശിപ്പിച്ചപ്പോൾ അവർ കോട്ടക്കലിലേക്ക് താമസം മാറ്റിയതായും പറയപ്പെടുന്നു. പോർച്ചുഗീസുകാരുടെ നിരന്തര ആക്രമണവും കൊള്ളയുമാണ് പന്തലായനി കൊ ല്ലത്തിന്റെ തകർച്ചക്ക് കാരണമായതന്നാണ് ചരി ത്രം.

18 ഏക്കർ വിസ്താരമുള്ള കുന്നിന് മുകളിലാണ് പള്ളി. കുന്നിന് മുകളിലെ 14 മഖ്ബറകൾ സ്വഹാ ബാത്തുകളുടെതാണെന്നാണ് വിശ്വാസം.

മഖ്ബറകളിൽ ഒന്ന് 'ഒരു കെട്ടിടത്തിനുള്ളിലാ ണ്. ഇത് ഇസ്‌ലാം മത പ്രചാരണത്തിന് ഇവിടെ എത്തിച്ചേർന്ന മതപണ്ഡിതനും പ്രബോധകനു മായ തമീമുൽ അൻസാരിയുടെതാണെന്ന് പറയ പ്പെടുന്നു.

പന്തലായനികൊല്ലത്തെ കടൽതീരത്ത് മാലിക് ഇബ്നുദീനാറിന്റെ കാർമികത്വത്തിലാണ് പാറപ ള്ളി പണിതത്. വലിയൊരു പാറക്കു മുകളിൽ ആയ തുകൊണ്ടാണ് പാറപ്പള്ളി എന്ന പേര് ലഭിച്ചത്. പ്രസിദ്ധ സഞ്ചാരിയായ ഇബ്നു ബത്തൂത്ത ഈ

പള്ളിയിൽ 40 ദിവസം താമസിച്ചിട്ടുണ്ടെന്നാണ് ചരിത്രം. അദ്ദേഹത്തിന്റെ യാത്രാരേഖകൾ ഇങ്ങനെ കാണാം. 'പന്തലായനിയിലെ വലിയ ജുമാഅത്ത് പള്ളി കടലോരത്താണ്. അത് വളരെ ആശ്ചര്യകമായതാണ്. കാഴ്ച കാണാം പള്ളിയുടെ മുൻവശത്ത് ഉല്ലാസസ്ഥലങ്ങളും ഇരിപ്പിടവും വലിയ പ്രാർഥനാഹാളും ചുറ്റിലും കോലായയും. കെട്ടിപ്പൊക്കിയപതിനാലോളം മഖ്ബറകൾ പാറപള്ളിയിൽ നമുക്കു കാണാനാവുന്നതാണ്. അതിൽ ഒന്ന് ബദർ പോരാളികളിൽ പെട്ട തമീമുൽ അൻസാരിയുടേതാണന്ന് പറയപ്പെടുന്നു.' പാറപ്പള്ളിക്കു പുറമേ കുന്നിൻമുകളിൽ പഴക്കംചെന്ന മറ്റു രണ്ടു പള്ളികൾ കൂടെയുണ്ട്. ഔലിയാപള്ളിയും ഖിള്ർ പള്ളിയും.

പ്രധാന പള്ളിയുടെ മുറ്റത്ത് പാറയിൽ ഒരു കാലടയാളം കാണപ്പെടുന്നുണ്ട്. അത് ആദം നബിയുടെതാണന്നാണ് കേൾവി. മറ്റൊന്ന് ഔലിയാ വെള്ളമാണ്. ഔലിയാപള്ളിയുടെ താഴെ ഒരു പാറ പൊത്തിൽ നിന്നാണ് ഈ വെള്ളത്തിന്റെ ഉത്ഭവം. ഏത് കാലാവസ്ഥയിലും ഒഴുകിക്കൊണ്ടിരിക്കുന്ന ഈ ശുദ്ധജലത്തിന് കടൽത്തീരത്തായിട്ടും ഉപ്പുരസം ഇല്ല എന്നതാണ് അദ്ഭുതം.

അവിടെ അവർ പള്ളികൾ നിർമിച്ചു. കൊല്ലത്തെ കടൽക്കരയിൽ അവർ നിർമിച്ച പള്ളി ഇന്നും ചീനംപള്ളി എന്നാണ് അറിയപ്പെടുന്നത്. ചൈനയിൽ നിന്നും വന്ന മുസ്‌ലിം കച്ചവടക്കാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയത് ഇവിടത്തെ മുസ്‌ലിംകളായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ സാധനങ്ങളുടെയും മറ്റും അവശിഷ്ടങ്ങൾ ഇവിടുത്തെ ചില ഭാഗങ്ങളിൽ കണ്ടെത്തിയിരുന്നു.

പച്ചപുതച്ച കുന്നിൻ ചെരുവുകളും ചെറു വൃക്ഷങ്ങളും ആകാശ പരപ്പും പാറക്കൂട്ടങ്ങൾ തിങ്ങിയ കടൽത്തീരവും ലാസ്യമായ പ്രകൃതി ഭംഗിയും അതിലേറെ ചരിത്ര പ്രധാന്യവുമുള്ള പാറപ്പള്ളി ഇന്ന് തീർഥാടന കേന്ദ്രത്തിനു പുറമേ ഒരു വിനോദ സഞ്ചാര കേന്ദ്രവുമാണ്. അനേകം വിനോദ സഞ്ചാരികൾ ദിനേനെ പാറപ്പള്ളി സന്ദർശിക്കാൻ എത്തുന്നു. പാറപള്ളിയുടെ ചരിത്രത്തിന്റെ പിന്തുടർച്ച എന്നോണം ധാരാളം മത ഭൗതിക സ്ഥാപനങ്ങൾ പാറപ്പള്ളിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രധാന പ്പെട്ടതാണ് ജാമിഅ മർക്കസിന് കീഴിലുള്ള മർകസ് മാലിക് ദീനാറും നന്തി ദാറുസ്സലാമിനു കീഴിലുള്ള ദഅ്‌വാ കോളേജും ഹിഫ്ളുൽ ഖുർആൻ കോളേജും .

നിരവധി മഹത്തുക്കളെ കാലത്തിന് സമർപ്പിച്ച മണ്ണാണ് കൊയിലാണ്ടിയുടേത്.കുഞ്ഞാലി മരക്കാർ ഒന്നാമനെ പോലുള്ള ചരിത്ര പുരുഷന്മാരും കേളപ്പജി, അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ, ഹാഷിം ബാഫഖി തുടങ്ങിയ രാഷ്ട്രീയ നായകരും ജനിച്ചതും ജീവിച്ചതും ഈ മണ്ണിലാണ്. മലയാളത്തിലെ ആദ്യ നോവലിസ്റ്റ് ചന്തുമേനോന്റെ ബാല്യകാലം ഈ നാട്ടിലായിരുന്നു . ചരിത്രം വികലമാക്കപ്പെടുകയും ചരിത്ര പുരുഷൻമാരുടെ പേരുകൾ ബോധപൂർവം മറക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്വന്തംവേരുകളെ കുറിച്ച് വ്യക്തമായ ബോധം ഉണ്ടാവുകയും ഇന്നലകളെ കുറിച്ച് ശരിയായ ധാരണ ഉണ്ടാവുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് ●

Contents

# സത്യത്തിന്റെ സദ്ഫലം

**സാധ്യമായിരിന്നിട്ടും തബൂക്ക് യുദ്ധത്തിൽ പങ്കാളിയാകാതിരുന്ന കഅ്ബ് (റ) ന്റെ ഖൽബിലെ തീയും തണുപ്പും**

സഅദ് ഇബ്റാഹീം അഞ്ചരക്കണ്ടി





Contents

കഅ്ബ് (റ), തിരുനബിയുടെ അരുമശിഷ്യൻ. എങ്കിലും ഒരു കയ്പേറിയ അനുഭവം കഅബിനുണ്ട്. തബൂക് യുദ്ധം നടക്കുന്ന കാലം. തിരുനബിയും അനുയായികളും യുദ്ധത്തിന് വേണ്ടി പുറപ്പെട്ടു. അസഹ്യമായ ചൂട്, ചുട്ടുപൊള്ളുന്ന മണൽ, മരുഭൂമിയിലൂടെയുള്ള യാത്ര, ശത്രുക്കളാണെങ്കിൽ എണ്ണത്തിൽ വളരെ കൂടുതൽ, വേണ്ടത്ര സാധനസാമഗ്രികളില്ലാത്ത ദീർഘയാത്ര. അതിസങ്കീർണമായിരുന്നു കാര്യങ്ങൾ. തിരുനബി(സ്വ) തന്റെ അനുയായികളെ നേരത്തെ തന്നെ എല്ലാം വ്യക്തമായി അറിയിച്ചിരുന്നു. അവിടുത്തെ സാന്നിധ്യം അവരെ ആവേശഭരിതരാക്കി. കഷ്ടപ്പെട്ടിട്ടാണെങ്കിലും ആ ചെറുസംഘം തബൂക്ക് ലക്ഷ്യമാക്കി നീങ്ങി.

ശാരീരികമായും സാമ്പത്തികമായും നല്ല കഴിവുണ്ടായിരുന്ന കഅ്ബ്(റ) പക്ഷേ, യാതൊരു സജ്ജീകരണവും നടത്തിയില്ല. കഅ്ബ്(റ) താൽപര്യക്കുറവ് നിമിത്തം തബൂക് യുദ്ധത്തിന് കുറച്ചു കഴിഞ്ഞ് പോകാമെന്ന് വെച്ചു. മദീനയിൽ മറ്റാരും ബാക്കിയുണ്ടായിരുന്നില്ല. സ്ത്രീകൾ, കുട്ടികൾ, യാത്രക്ക് പ്രതിബന്ധമുള്ള രോഗികൾ, വൃദ്ധർ, മുനാഫിഖുകൾ മുതലായവർ മാത്രമേ നബിയുടെയും അനുയായികളുടെയും യാത്രാനന്തരം മദീനയിൽ ഉണ്ടായിരുന്നുള്ളൂ.

**യുദ്ധത്തിന് പോകാത്തതിൽ കഅബിന് അതീവ ദുഃഖം തോന്നി. കുറച്ചു ബലഹീനർക്കും കപടവിശ്വാസികൾക്കുമൊപ്പം മദീനയിൽ നിൽക്കുന്നത് ആലോചിക്കാൻ വയ്യ. പക്ഷേ എന്തു ചെയ്യാൻ. ഇനി പോയിട്ട് ഒരു കാര്യവുമില്ല. അദ്ദേഹം ആകെ അങ്കലാപ്പിലായി.**

സുദീർഘയാത്രക്കൊടുവിൽ തിരുനബിയും, കൂട്ടരും തബൂക്കിൽ എത്തി. അപ്പോഴാണ് കഅ ബ്(റ) ഇല്ലാത്തത് അവിടുത്തെ ശ്രദ്ധയിൽ പെട്ടത്. നബി(സ്വ) കഅബിനെപ്പറ്റി അന്വേഷിച്ചു. സുഖസ ന്തോഷങ്ങൾക്ക് വേണ്ടിയാണ് യുദ്ധം ഉപേക്ഷിച്ച തെന്ന് ആരോ ഒരാൾ മറുപടി പറഞ്ഞു. ഇത് കേട്ട മു ആദ് ബിന് ജബൽ ഇങ്ങനെ പറഞ്ഞു: 'നീ പറഞ്ഞത് തീരെ ശരിയല്ല. ഒരുത്തമ മനുഷ്യനായിട്ടാണ് അദ്ദേ ഹത്തെ ഞാൻ മനസിലാക്കുന്നത്.' കഅ്ബിനെ കു റ്റപ്പെടുത്തിയും ന്യായീകരിച്ചും അവർക്കിടയിൽ ചർച്ച നടന്നു. നബി (സ്വ) ഇതെല്ലാം കേട്ടു. പക്ഷേ ഒന്നും മിണ്ടിയതേയില്ല.

ദിവസങ്ങൾ കഴിഞ്ഞു. അതിനിടക്ക് യുദ്ധം കഴി ഞ്ഞു.

നബി(സ്വ)യും അനുയായികളും മദീനയി ലേക്ക് മടങ്ങാനൊരുങ്ങി. ഇതറിഞ്ഞ കഅ്ബ് (റ) ആകെ പരിഭ്രാന്തനായി. തിരുനബിയുടെ കോപ ത്തിൽ നിന്ന് രക്ഷനേടാനുള്ള പോംവഴി കണ്ടെത്ത ണമല്ലോ. എന്താണു ചെയ്യുക? എന്താണ് നബി(സ്വ) യോട് പറയുക? കഅ്ബ്(റ) തല പുകഞ്ഞാലോചി ക്കാൻ തുടങ്ങി. ഓരോ നിമിഷം കഴിയുംതോറും ദുഖവും ഭയവും ഏറിയേറി വന്നു.

തിരുനബിയും അനുയായികളും മദീനയിലെ ത്താൻ ഇനി അധികം ദൂരമില്ല. ഇതറിഞ്ഞപ്പോൾ കഅ്ബിന്റെ നെഞ്ചിടിപ്പ് കൂടിക്കൂടി വന്നു. എന്നിരു ന്നാലും കളവ് പറയില്ലെന്നും വ്യാജതന്ത്രം ഉപയോ ഗിക്കുകയില്ലെന്നും എന്ത് സംഭവിച്ചാലും സത്യം മാത്രം പറയുമെന്നും കഅബ് (റ) തീരുമാനിച്ചു.

തിരുനബിയും സ്വഹാബത്തും മദീനയിൽ എത്തി. പതിവ് പോലെ നബി(സ്വ) പള്ളിയിൽ കയറി. രണ്ട് റകഅത്ത് നിസ്കരിച്ചു. ജനങ്ങൾക്ക് അഭിമുഖമായി ഇരുന്നു. അവിടെ യുദ്ധത്തിന് പങ്കെടുക്കാത്ത നിരവധി മുനാഫിഖുകൾ ഉണ്ടായിരുന്നു. അവർ യുദ്ധത്തിന് പങ്കെടുക്കാത്തതിൽ തിരുനബിയോട് ക്ഷമ ചോദിച്ചു. കള്ളസത്യം മുഖേന തങ്ങളുടെ നിരപരാധിത്വം ബോധിപ്പിക്കുകയും ചെയ്തു. തിരുനബി അവരുടെ ബാഹ്യവശം പരിഗണിക്കുകയും മറ്റു രഹസ്യകാര്യങ്ങൾ അല്ലാഹുവിങ്കലേൽപിക്കുകയും ചെയ്തു. ഒരു നടപടിയും കൈകൊണ്ടതേയില്ല.

കഅ്ബ് (റ) ആ സദസ്സിൽ ഉണ്ടായിരുന്നു.

അദ്ദേഹം സദസ്സിൽ നിന്നെണീറ്റുചെന്നു. മടിച്ചു മടിച്ചു സലാം പറഞ്ഞു. ഇതു കേട്ട തിരുനബി കോപിതനായി. പിന്നീട് ദേഷ്യത്തോടെ ചോദിച്ചു, 'താങ്കൾ എന്തുകൊണ്ട് യുദ്ധത്തിൽ പങ്കെടുത്തില്ല?'

'അല്ലയോ പ്രവാചകരെ, ഞാൻ അതിസമർഥനും വാക്സാമർഥ്യനും തന്ത്രശാലിയുമാണ്. എന്നാൽ അതൊന്നും അവിടുത്തെ സന്നിധിയിൽ നടക്കുകയില്ലെന്ന് എനിക്കറിയാം. താത്കാലികമായ ഒരു രക്ഷക്ക് വേണ്ടി ഞാൻ വ്യാജം പറഞ്ഞാൽ യഥാർഥയവസ്ഥ അല്ലാഹു അവിടുത്തേക്ക് അറിയിച്ച് തരുകയും ഇഹത്തിലും പരത്തിലും ഞാൻ പരാജിതനായി തീരുകയും ചെയ്യും. സത്യം തുറന്ന് പറഞ്ഞാൽ ക്ഷണനേരത്ത് ചില ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുമെങ്കിലും നല്ല ഒരു ഭാവി ഞാൻ പ്രതീക്ഷിക്കുന്നു. യുദ്ധത്തിൽ പങ്കെടുക്കൽ

തടസപ്പെടുത്തുന്ന ഒരു കുഴപ്പവും എനിക്കുണ്ടായിരുന്നില്ല. മറിച്ച് പൂർവോപരി സാമ്പത്തികവും ശാരീരികവുമായ എല്ലാ കഴിവുകളുണ്ടായിട്ടും യുദ്ധത്തിന് പങ്കെടുക്കാത്തത് എന്റെ തെറ്റാണെന്ന് ഞാൻ സമ്മതിക്കുന്നു.' കഅബ് ഒരു വിധം പറഞ്ഞൊപ്പിച്ചു. നബി (സ്വ) അൽപ നേരം മൗനമവലംബിച്ചു.

'അല്ലാഹുവിന്റെ വ്യക്തമായ തീരുമാനം അറിഞ്ഞു കഴിഞ്ഞാൽ അതനുസരിച്ച് പ്രവർത്തിക്കും, അത് വരെ മാറിനിൽക്കണം.' ഇതായിരുന്നു തിരുനബിയുടെ കൽപന.

മറ്റുള്ളവർ ചെയ്ത പോലെ കുതന്ത്രങ്ങൾ പ്രയോഗിച്ച് തിരുനബിയുടെ കോപത്തിൽ നിന്ന് മുക്തി നേടാത്തതിന്റെ പേരിൽ കുടുംബങ്ങളിൽ പലരും കഅ്ബ്(റ)നെ ആക്ഷേപിച്ചു. അവരുടെ പ്രേരണ കേട്ട കഅ്ബ് തിരുനബിയുടെ അടുക്കൽ പോയികളവ് പറഞ്ഞാലോ എന്ന് പോലും ചിന്തിച്ചു പോയി. ഹിലാലുബ്നു ഉമയ്യത്തിനും മറാറബ്നു റബീഇന്നും ഇതേ അവസ്ഥ ഉണ്ടായി എന്നറിഞ്ഞപ്പോഴാണ് കഅ്ബ് (റ) ന് സമാധാനം തോന്നിയത്. അവരും യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. ബദ്റിൽ പങ്കെടുത്ത രണ്ട് പ്രസ്തുത മഹാന്മാർക്ക് ഈ ദുരവസ്ഥ സഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ തന്റെ വിഷയത്തിൽ ആശ്ചര്യപ്പെടാനില്ലെന്ന് കഅബ് സ്വയം സമാധാനിച്ചു.

ജനങ്ങളാരും ഇവർ മൂന്ന് പേരോടും ഒരു കാരണവശാലും സംസാരിച്ച് പോകരുത് എന്ന് തിരുനബി(സ്വ) ആജ്ഞയിറക്കി. അതോടെ ഒരാളും അവരോട് മിണ്ടിയതേയില്ല. കണ്ടാൽ തിരിഞ്ഞു നടക്കും.

വാതിലടക്കും. വിദേശത്ത് താമസിക്കുന്നതിന് തുല്യമായിരുന്നു ഈ മൂന്നു പേർക്കും അവിടെ. ഹിലാലും മുറാറയും (റ) കണ്ണീരൊലിപ്പിച്ച് വീട്ടിൽ തന്നെ ഒതുങ്ങിക്കൂടി. പുറത്തിറങ്ങിയതേയില്ല. എന്നാൽ കഅബ്(റ) നാട്ടിലിറങ്ങി നടക്കും അങ്ങാടിയിൽ പോകും. സമയമായാൽ ജമാഅത്തിന് പള്ളിയിൽ പോവുകയും ചെയ്തിരുന്നു. എന്നിരുന്നാലും ആരും ഒരക്ഷരം പോലും മിണ്ടുന്നുണ്ടായിരുന്നില്ല.

കഅ്ബ്(റ) തിരുനബി (സ്വ)യുടെ അടുക്കൽ പോയി നിസ്കരിക്കും. നബി(സ്വ)യെ നോക്കും. അപ്പോഴൊക്കെ തിരുനബി മുഖം തിരിക്കുകയും കഅ്ബ്(റ)ന്റെ നോട്ടം തെറ്റിയാൽ അങ്ങോട്ടേക്ക് നോക്കുകയും ചെയ്യുമായിരുന്നു. കഅ്ബിന് വല്ലാത്ത വേദന തോന്നി. തിരുനബിയും മുഖം തിരിച്ചാൽ എന്തു ചെയ്യും? റബ്ബേ..

ഒരു ദിവസം കഅ്ബ്(റ) തന്റെ സുഹൃത്തും പിതൃവ്യപുത്രനുമായ അബൂഖതാദ(റ)യുടെ അടുക്കൽ പോയി സലാം പറഞ്ഞു. അദ്ദേഹം സലാം മടക്കിയില്ല.' ഞാൻ അല്ലാഹുവിനെയും റസൂലിനേയും സ്നേഹിക്കുന്ന ആളാ എന്ന് നിനക്കറിയില്ലേ' എന്ന് കഅ്ബ്(റ) അല്ലാഹുവിനെ സത്യം ചെയ്ത് ചോദിച്ചു. ചോദ്യം രണ്ട് പ്രാവശ്യം ആവർത്തിച്ചിട്ടും മറുപടി ഉണ്ടായിരുന്നില്ല. മൂന്നാമതായി ചോദിച്ചപ്പോൾ 'ആവോ, അല്ലാഹു അഅ്ലം' എന്നായിരുന്നു ഖതാദയുടെ മറുപടി. ഇതു കേട്ട കഅ്ബ് (റ) ന് ദുഃഖം സഹിക്കാനായില്ല. അദ്ദേഹം നിരാശയോടെ അവിടെ നിന്നും ഇറങ്ങി നടന്നു. ഭൂമി അതിന്റെ വിശാലതയിൽ എത്രയോ ഇടുങ്ങിയതായി കഅ്ബിനു തോന്നിത്തുടങ്ങിയ ദിനങ്ങളായിരുന്നു അത്.

ഇതിനിടയിൽ സംഭവം എല്ലാവരും അറിഞ്ഞു. ശത്രുക്കൾ അവസരം മുതലെടുക്കാൻ തുടങ്ങി.

ധാന്യവിൽപനക്കു വേണ്ടി സിറിയയിൽ നിന്നും മദീനയിൽ ഒരു കർഷകൻ വരികയുണ്ടായി. അയാൾ കഅ്ബിനെ കുറിച്ച് അങ്ങാടിയിലുള്ള ചിലരോട് അന്വേഷിച്ചു നടക്കുകയായിരുന്നു.അവർ കഅ്ബ്(റ)ന്റെ നേരെ വിരൽ ചൂണ്ടിക്കാണിച്ചു കൊടുത്തു. ഗസ്സാൻ വംശജനായ ഒരു ക്രിസ്ത്യാനിയായ രാജാവിന്റെ കത്തുമായായാണ് അദ്ദേഹം വന്നത്. അയാൾ കത്ത് കഅ്ബിന് കൈമാറി. കഅ്ബ് (റ) കത്ത് വാങ്ങി വായിച്ചു നോക്കി. അതിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്നു. 'നിന്റെ നേതാവ് മുഹമ്മദ്(സ്വ) നിന്നോട് വഴകിട്ടടിച്ച് നിൽക്കുകയാന്നെന്ന് ഞങ്ങളറിഞ്ഞു. നീ വിഷമിക്കേണ്ടതില്ല, ഇങ്ങ് വരൂ, എല്ലാ സഹായ സൗകര്യങ്ങളും ഞങ്ങൾ സജ്ജമാക്കിത്തരാം. കഅ്ബ് ഇതു വായിച്ചു. വല്ലാതെ വേദനിച്ചു.

ഇതൊരു വിപത്തിന്റെ സൂചനയാണെന്നു അദ്ദേഹം മനസിലാക്കി. അദ്ദേഹം അത് ദേഷ്യത്തോടെ കത്തിച്ച് കളഞ്ഞു.

ദിവസങ്ങൾ ഇഴഞ്ഞു നീങ്ങി. കഅ്ബിന്റെ നെഞ്ചിൽ നീറ്റലിനറുതിയില്ലായിരുന്നു. അങ്ങനെയിരിക്കെ

ഒരു ദിവസം ഒരു ദൂതൻ വന്ന് തന്റെ ഭാര്യയുമായി നാൽപത് ദിവസം മാറി നിൽക്കാൻ തിരുനബിയുടെ ആജ്ഞയുണ്ടെന്ന് കഅ്ബിനെ അറിയിച്ചു. യുദ്ധത്തിൽ പങ്കെടുക്കാത്ത മൂന്ന് പേർക്കും ഈ നിരോധനാജ്ഞ വന്നിട്ടുണ്ട്. തന്റെ വിഷയത്തിൽ

അല്ലാഹുവിൽ നിന്ന് വ്യക്തമായ തീരുമാനം വരുന്നത് വരെ സ്വന്തം വീട്ടിൽ പോയി താമസിക്കാൻ കഅ്ബ്(റ) തന്റെ ഭാര്യയോട് കൽപിച്ചു. അവർ അപ്രകാരം തന്നെ പ്രവർത്തിക്കുകയും ചെയ്തു.

വൃദ്ധനും അബലനുമായ ഹിലാൽ(റ)വിനെ ശുശ്രൂഷ നടത്തുന്നതിന് അനുമതി നൽകാൻ തന്റെ ഭാര്യ തിരുനബിയോട് കേണപേക്ഷിച്ചതിന്റെ ഫലമായി ദാമ്പത്യ സുഖ സന്തോഷങ്ങൾ അനുവദിക്കാത്ത വിധം ശുശ്രൂഷക്ക് മാത്രം തിരുനബി അനുവാദം കൊടുക്കുകയുണ്ടായി. ഈ വിധത്തിലുള്ള അനുമതി വാങ്ങാൻ വേണ്ടി കുടുംബങ്ങളിൽ പലരും കഅ്ബ് (റ)നെ പ്രേരിപ്പിച്ചു. കഅ്ബ്(റ) അതിന് മുതിർന്നില്ല. ദിവസങ്ങളോളം ജീവിതം ഈ നിലക്ക് നീങ്ങി.

ഇന്നേക്ക് ദിവസം നാൽപത്തൊമ്പത് തികഞ്ഞു.

അൻപതാം ദിനത്തിന്റെ സുബ്ഹി നമസ്കാരവും കഴിഞ്ഞു. അപ്പോഴാണ് ഒരു പർവതത്തിന്റ മുകളിൽ നിന്ന് ആരോ വിളിച്ച് പറയുന്നത് കേട്ടത്

'കഅ്ബേ നീ സന്തോഷിക്കുക.'

ഈ സന്തോഷ വാർത്ത കേട്ട ഉടനെ കഅ്ബ് (റ) സുജൂദിൽ വീണു. അവർ മൂന്ന് പേരുടേയും തൗബ അല്ലാഹു സ്വീകരിച്ച വിവരം നബി(സ്വ) അനുയായികളെ അറിയിച്ചിരുന്നു. അവരെ ആശിർവദിക്കാനായി ജനങ്ങൾ സംഘം സംഘമായി പുറപ്പെട്ടു.

പർവതത്തിൽ കയറി വിളിച്ച് പറഞ്ഞ വ്യക്തി അടുത്തെത്തി. അദ്ദേഹം കഅ്ബിന്റെ പശ്ചാതാപം സ്വീകരിച്ച വിവരം അറിയിച്ചു. അയാൾ അടുത്തെത്തിയതും സന്തോഷം കൊണ്ട് കഅ്ബ് (റ) തന്റെ

ശരീരത്തിലുള്ള വിലപിടിപ്പുള്ള രണ്ട് വസ്ത്രങ്ങൾ ഊരി അയാൾക്ക് കൊടുത്തു. പകരം മറ്റൊരാളുടെ പക്കൽ നിന്നും വസ്ത്രങ്ങൾ വായ്പ വാങ്ങി ധരിക്കുകയും ചെയ്തു.

കഅ്ബ് (റ) പെട്ടെന്ന് പള്ളിയിലേക്ക് നടന്നു. നബി(സ്വ)യും കൂട്ടരും അവിടെ ഇരിക്കുകയാണ്. കഅ്ബ്(റ)ന്റെ വരവ് കണ്ട ത്വൽഹത്തു ബ്നുഉബൈദില്ലാഹ്(റ) കഅ്ബിന്റെ അടുക്കലെത്തി. ഹസ്തദാനം ചെയ്യുകയും ആശിർവദിക്കുകയും ചെയ്തു.

തിരുനബിയും സന്തോഷത്തോട് കൂടി കഅ്ബിനെ സ്വീകരിച്ചു. തന്റെ പശ്ചാതാപം സ്വീകരിച്ചത്തിന് നന്ദിയായി സ്വത്തുകൾ മുഴുവനും അല്ലാഹുവിനും റസൂലിനും വേണ്ടി ദാനം ചെയ്യാൻ കഅ്ബ് തീരുമാനിച്ചു. തിരുനബി(സ്വ)യുടെ സന്നിധിയിൽ വെച്ച് ഇത് അറിയിച്ചപ്പോൾ അൽപം സൂക്ഷിച്ചു വെച്ച് ബാക്കി ഭാഗം കൊടുക്കുന്നതാണ് നല്ലതെന്ന് തിരുനബി ഉപദേശിച്ചു. അത് കഅബ് (റ) സ്വീകരിക്കുകയും ചെയ്തു. തന്റെ ആയുഷ്കാലം മുഴുവനും സത്യമേ പറയുകയുള്ളൂ എന്ന് അവിടം വെച്ച് കഅ്ബ്(റ) ദൃഢനിശ്ചയം എടുത്തു.' സത്യം പറഞ്ഞത് കൊണ്ട് എന്നെ പോലെയുള്ള നേട്ടം കൈവന്ന മറ്റാരെയും ഞാൻ കണ്ടിട്ടില്ല. ഇസ്‌ലാം സ്വീകരിച്ചത് കഴിച്ചാൽ നബി(സ്വ)യോടു സത്യം പറയാനുള്ള ഭാഗ്യം കൈവന്നതിനെക്കാൾ വമ്പിച്ചൊരനുഗ്രഹം അല്ലാഹു എനിക്ക് ചെയ്തിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല.' എന്നിങ്ങനെ പിന്നീട് കഅ്ബ്(റ) സന്തോഷപൂർവം പറയാറുണ്ടായിരുന്നു ●

Contents

# കലാലയം

പ്രവാസി എഴുത്തുകൾക്കുള്ള തുറന്ന താളുകളാണ് കലാലയം.
ചെറിയ സൃഷ്ടികൾ mailtokalalayam@gmail.com
എന്ന ഇ മെയിൽ വിലാസത്തിൽ അയക്കുക.

## വിവർത്തനം

മലയാളത്തിലേക്ക് വിരുന്നെത്തിയ വസന്തമാണ് 'ഏകാന്തതയുടെ നൂറു വർഷങ്ങൾ'. ഗബ്രിയേൽ മാർകേസ് സ്പാനിഷ് ഭാഷയിൽ തയാറാക്കിയ കൃതിയെ അത്യന്തം കൈയടക്കത്തോടെ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റിയത് ഗ്രിഗറി റബാസയാണ്. മലയാള ഭാഷാന്തര നോവലുകളുടെ മൈൽകുറ്റിയായി അറിയപ്പെടുന്ന കൃതിയാണ് നാലപ്പാട്ട് നാരായണ മേനോൻ തർജമ ചെയ്ത 'പാവങ്ങൾ'. വിക്ടർ ഹ്യൂഗോ ഫ്രഞ്ച് ഭാഷയിലെഴുതിയ നോവലാണ് ഇംഗ്ലീഷ് വഴി മലയാളത്തിലെത്തിയത്.

വിവർത്തനം വലിയ സാധ്യതയാണ്. മലയാളേതര ഭാഷകളിലെ ചെറു രചനകൾ മാതൃഭാഷയിലേക്കും തിരിച്ചും ചെയ്ത് പരീക്ഷിച്ച് നോക്കൂ. ഒഴിവുവേളകളിൽ നിന്ന് പുതുവഴി കിളിർത്തുവരും ●

Contents

# ശിലകൾ

മുസ്തഫ മുക്കൂട്



പങ്കുവെക്കാത്ത
സ്നേഹം
പകരാനാവാത്ത
ജ്ഞാനം
മുഴുമിക്കാത്ത
വാക്കുകൾ
പെയ്തൊഴിയാത്ത
കണ്ണുനീർ
കത്തിപ്പടരാത്ത
തീ
ലക്ഷ്യം തൊടാത്ത
ബീജം
ചങ്കിൽ കുരുങ്ങിയ
മുദ്രാവാക്യം
എല്ലാംഘനീഭവിച്ചു
പെയ്യുന്നതെവിടെയാവും? ●

# മഴ വിശേഷങ്ങൾ

**റിയാസ് കളമശ്ശേരി**

നല്ല മഴയുണ്ട്
മണ്ണും മനസും
നനഞ്ഞെന്ന്
സ്റ്റാറ്റസ് ഇട്ടു.
വ്യൂവേഴ്സിന്റെ എണ്ണം
നോക്കിയിരിക്കുമ്പോൾ
എ സി ഓഫാക്കി
ജനാല തുറന്നതാണ്.
തൊട്ടപ്പുറത്തെ
പാത്തൂത്താന്റെ
പൊരേലെ ഷീറ്റ്
പാറിപ്പോകുന്നുണ്ട്
ഉമ്മുമ്മ നനയുന്നുണ്ട്.
അയ്യപ്പേട്ടന്റെ
പീടികത്തിണ്ണയിലിരുന്ന്
ഒരു കിളവി പറയുന്നുണ്ട്
ശരീരവും ജീവിതവുമാകെ
നനഞ്ഞുകുതിർന്നെന്ന്.
സ്കൂൾ വിട്ട് വരുമ്പോൾ
കുടയൊന്നും വേണ്ട,
മഴ നനയാനിഷ്ടമെന്ന്
പറഞ്ഞ കൂട്ടുകാരനെ
ഓർമ വന്നു,
അവനപ്പോഴുമെന്റെ
ചോറ്റുപാത്രത്തിലേക്ക്
ഇടക്കണ്ണിട്ട്

നോക്കുമ്പോൾ
മിഴി നനഞ്ഞതെനിക്കിപ്പോ
ഓർമ വരുന്നുണ്ട്.
അന്നവൻ പറഞ്ഞതൊക്കെ
കള്ളമാണെന്നോർത്ത്
എന്റെ കവിളുകളിപ്പോൾ
നനയുന്നുണ്ട്.
വിശപ്പ് തിന്ന്
മരിച്ചത്രെ,
അവനും അമ്മയും! ●

---

## നേര്

### റഷീദ് കക്കോവ്

നേരമില്ലായിരുന്നു മനുഷ്യന്
നേരും നെറിയും തിരിച്ചറിയാൻ,
ഓട്ടമായിരുന്നെല്ലാം പിടിച്ചടക്കാൻ.
മനുഷ്യൻ അകത്ത്  അകത്തുള്ളവർ പുറത്ത്.
മുഖം മിനുക്കി നടന്നവർ
മുഖം മറക്കുന്നു.
പണം നോക്കി
കൈകൊടുത്തവരിപ്പോൾ
കൈ കഴുകുന്നു ●

# ലോക്ഡൗൺ

**എം.കെ സൽമാൻ കൈനിക്കര**

മരണമെന്ന
ലോക്ഡൗണിന്
മുമ്പേ,
ആത്മനിയന്ത്രണത്തിൻ
ക്വാറന്റയ്നിൽ
പോകണം.


ഹൃത്തിൽ
കുമിഞ്ഞ
പാപത്തിൻ
വൈറസുകൾ
വിമലീകരിക്കണം.

ആത്മീയതയുടെ
സാനിറ്റൈസറിൽ
അകം കഴുകണം.

സുകൃതങ്ങളുടെ
കരുതലിൽ
സ്ഖലിതങ്ങളോട്
അകലം പാലിക്കണം.

ഒടുക്കനാളിൽ
ഉടയോന്റെ കരുണയിൽ
അതിജയിക്കണം ●

Contents




# മീറ്റിങ് മിനിറ്റ്സ്

ഒരു മീറ്റിങിന്റെ അവശ്യ ഘടകമാണ് മീറ്റിങ് മിനിറ്റ്സ്. പ്രധാനമായും നിർവഹണങ്ങളുടെ ചുമതല ആര്, എപ്പോൾ, എങ്ങനെ എന്നതാണ് അതിൽ പ്രതിഫലിക്കേണ്ടത്. മീറ്റിങിൽ എന്ത് നടന്നു എന്നതിന്റെയും അടുത്ത മീറ്റിങിനിടയിൽ പൂർത്തിയാക്കാൻ എന്ത് ആസൂത്രണം ചെയ്തു എന്നതിന്റെയും ഔദ്യോഗിക രേഖയാണ് മീറ്റിങ് മിനിറ്റ്സ്. അജണ്ട, പങ്കെടുത്തവരുടെ വിവരങ്ങൾ, പദ്ധതി കലണ്ടർ/കാലാവധി, പ്രവർത്തനങ്ങളും ചുമതലകളും, ചർച്ചയിലെ പ്രധാന പോയിന്റുകൾ, തീരുമാനങ്ങൾ, ഭാവി ആസൂത്രണങ്ങൾ, സപ്പോർട്ടിങ് ഡോക്യുമെന്റ്സ് എന്നിവ പ്രധാനമാണ് ഒരു മിനിറ്റ്സ് തയാറാക്കുമ്പോൾ. മീറ്റിങിന് മുമ്പേ മിനിറ്റ്സ് തയാറാക്കാനുള്ള കരുതൽ വേണം. അജണ്ടകളും

വിഷയങ്ങളും മുൻകൂർ ധാരണയാവുകയും ചർച്ചയുടെ മുൻഗണനകൾ നിശ്ചയിക്കുകയും ചുമതലകൾ നൽകേണ്ടതിന്റെ കരടും സമയ ക്രമത്തെ കുറിച്ചുള്ള കൃത്യമായ പട്ടികയും ഉണ്ടാകുന്നത് ഒരു മീറ്റിങ് സുഗമമാക്കുമെന്നത് പോലെ മീറ്റിങ് മിനിറ്റ്സ് തയാറാക്കുന്നതിനും എളുപ്പമാകും. മിനിറ്റ്സ് എഴുതുക എന്നല്ല, തയാറാക്കുക എന്നാണ് പറയുക. മീറ്റിങിന് മുമ്പ്, മീറ്റിങിൽ, മീറ്റിങിന് ശേഷം എന്നിങ്ങനെ ഈ തയാറെടുപ്പുകൾ ക്രമീകരിക്കുകയും മുൻകൂർ ആസൂത്രണങ്ങൾ ഉണ്ടാകുകയും വേണം. മീറ്റിങിനെ അങ്ങനെ തന്നെ പകർത്തി വെക്കാം. തീരുമാനങ്ങൾ കുറഞ്ഞ വാക്കുകളിൽ ടെംപ്ലേറ്റ്സ് രൂപത്തിൽ കുറിച്ചിടുന്നത് കേവല ഔപചാരിക രേഖയാകും. എന്നാൽ ചർച്ചയും അതിന്മേൽ നടന്ന സംവാദവും അവ ഉയർത്തിയ വ്യക്തികളും പശ്ചാത്തല വിവരങ്ങളോടെ രേഖപ്പെടുത്തുന്നത് ചരിത്ര പരമാകും. മാത്രമല്ല ഇത് അംഗങ്ങളിൽ ഗൗരവ സ്വഭാവം വരുത്തും. ഒരംഗത്തിന് മീറ്റിങിൽ നൽകുന്ന അംഗീകാരവും പരിഗണനയും കൂടിയാകും ഈ രേഖ. ഡയറി വായന പോലെ മിനിറ്റ്സ് വായന സംഘടനാ വിദ്യാഭ്യാസത്തിന്റെയും സാംസ്കാരിക കൈമാറ്റത്തിന്റെയും പ്രധാന ഉപായവും മാർഗവുമായി മാറുന്നു. നന്നായി ആശയ സംഭാവന അർപ്പിക്കുന്ന ആളുകളുടെ സാന്നിധ്യവും ചർച്ചയിലെ പങ്കാളിത്തവുമാണ് ഒരു മീറ്റിങിനെ ഫലപ്രദമാക്കുന്നത് എന്നത് പോലെ തന്നെ അതിന്റെ നിർവഹണവും കൈമാറ്റവും പിന്തുടർച്ചയും തുടർ ചലനവും ആശ്രയിക്കുക മിനിറ്റ്സ് രേഖയെ ചുറ്റിപ്പറ്റിയാണ്. നിയമ സാധുതയും ഈ രേഖക്കുണ്ട്. അജണ്ടയും സമയവും എഴുതി തയാറാക്കി

അംഗങ്ങൾക്കിടയിൽ നേരത്തേ വിതരണം ചെയ്യുന്നത് ചർച്ചകളുടെ കാര്യക്ഷമത വർധിക്കാനും അവ ക്രോഡീകരിക്കാനും എളുപ്പമാകും. ഇത് മീറ്റിങ്ങിനിടയിൽ മിനിറ്റ്സ് തയാറാക്കാൻ വേണ്ടി വരുന്ന സമയ പ്രശ്നത്തെ ലഘൂകരിക്കും. മുൻകൂർ ആസൂത്രണം ഇല്ലാത്ത മീറ്റിങ്ങുകളുടെ മിനിറ്റ്സുകൾ, പിരിയുന്നതിന് മുമ്പ് വായിച്ച് കേൾക്കുന്നതിനോ ഏൽപ്പിക്കപ്പെട്ട ചുമതലകൾ ഓർമപ്പെടുത്തുന്നതിനോ ഉറപ്പിക്കുന്നതിനോ കഴിയാതെ വരും. ഇത് എത്ര ചർച്ചയും തീരുമാനങ്ങളും നടന്നാൽ കൂടി ഇഫക്ടീവ് മീറ്റിങ് എന്ന തലം നഷ്ടപ്പെടുത്തും എന്ന് മാത്രമല്ല, മീറ്റിങ് ഇഫക്ടുകൾ കൂടി ഇല്ലാതാക്കുന്നു. കാല/സമയ ക്രമം അനുസരിച്ചോ ചർച്ച ചെയ്ത ഓർഡർ അനുസരിച്ചോ തന്നെ രേഖപ്പെടുത്തണം എന്നില്ല. നിർവഹണത്തിന് ആക്കം കൂട്ടുകയും വേഗം മനസിലാകുകയും ചെയ്യുന്ന രീതിയിൽ യുക്തി സഹമായ രേഖപ്പെടുത്തലാണ് അഭികാമ്യം. chronological രീതിയെക്കാൾ logic ന് ആണ് മുൻതൂക്കം നൽകേണ്ടത് എന്നർഥം. ഇത് ഒരു പരിധിവരെ ആഫ്റ്റർ മീറ്റിങ് ടാസ്ക് ആണ്. ഇങ്ങനെ ചിട്ടപ്പെടുത്തിയ ചാർട്ടുകൾ പൊതുവായും, ചുമതലപ്പെടുത്തപ്പെട്ടവർക്ക് പ്രത്യേകമായും അയച്ചു നൽകുക എന്നത് മീറ്റിങ് മിനിറ്റ്സിന്റെ ഭാഗമാണ്. ഈ കൈമാറ്റം തൽക്ഷണം നടക്കുമ്പോൾ മാത്രമാണ് കൂടുതൽ ഫലം നേടാനാകുക. അംഗങ്ങളെ കൂടുതൽ അക്കൗണ്ടബ്ൾ ആക്കുന്നു എന്നതിന് പുറമെ പിന്തുടർച്ചക്കും വിലയിരുത്തലിനും ഏറെ ഉപകാരപ്രദമാണ് ഇത്തരം 'after meeting bit circulation'. മീറ്റിങ് സ്വഭാവവും സ്ഥലവും, തിയ്യതിയും സമയവും ഓരോ മിനിറ്റ്സിലും പ്രധാനമാണ്. മീറ്റി

ങിന്റെ പ്രധാന അജണ്ടകൾ, പങ്കെടുത്തവരുടെ വിവരങ്ങൾ എന്നിവയും നിർബന്ധം. ഓരോ അജണ്ടയുടെയും ചർച്ച, തീരുമാനം, ചുമതല, നിർവഹണ രീതി, കാലാവധി എന്നിവ കൃത്യമായി രേഖപ്പെടുത്തണം. എടുത്ത തീരുമാനങ്ങൾ പിന്നെയും തീരുമാനിക്കാതിരിക്കുന്നതിനും പിന്തുടർച്ചക്ക് കോട്ട് ചെയ്യാനുള്ള എളുപ്പത്തിനും ചരിത്ര പരമായ പ്രാധാന്യം കണക്കിലെടുത്തും ഓരോ തീരുമാനത്തിനും ഒരു യുനീക് നമ്പർ നൽകുന്നത് പ്രൊഫഷനലിസത്തിന്റെ ഭാഗമാണ്. ഈ നമ്പറിനെ വർഷം, മീറ്റിങ് നമ്പർ, വിഭാഗം, പ്രാധാന്യം, പദ്ധതി എന്നിവയെ സൂചിപ്പിക്കുന്ന ചുരുക്ക അക്ഷരങ്ങളും അക്കങ്ങളും നൽകി സ്റ്റാൻഡൈസ് ചെയ്യാം. ചർച്ചകളും ധാരണകളും തീരുമാനങ്ങളും ആശയങ്ങളും തമ്മിൽ ആശയക്കുഴപ്പം വരാത്ത രീതിയിൽ വ്യക്തതയോടെ രേഖപ്പെടുത്തണം. ഔപചാരികമായും അല്ലാതെയും പ്രത്യേകമായും അടിയന്തരമായും കൂടുന്ന മീറ്റിങ്ങുകൾക്കും വേണം മിനിറ്റ്സ്. തീരുമാനങ്ങൾക്ക് താഴെ എല്ലാ അംഗങ്ങളും ഒപ്പ് വെക്കുന്ന രീതിയോ, പങ്കെടുത്തവരെ പ്രത്യേക ഭാഗത്ത് പട്ടികപ്പെടുത്തി നേരത്തെ ഒപ്പുവെക്കുന്നുവെങ്കിൽ തീരുമാനങ്ങൾക്ക് താഴെ അധ്യക്ഷൻ ഒപ്പ് വെക്കുന്ന രീതിയോ തുടരാം. അതിഥികളെയും ഉപരി ഘടക പ്രതിനിധികളെയും പദവിയോടൊപ്പം രേഖപ്പെടുത്തുകയും അംഗങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടെ പ്രയോഗങ്ങളിൽ നിലവാരവും പൂർണതയും പുലർത്തുകയും വേണം. ആർ എസ് സി സംഘടനാപോർട്ടലിലെ M-o-m മൊഡ്യൂൾ ഒരു തികഞ്ഞ മീറ്റിങ് മിനിറ്റ്സ് ലഭ്യമാക്കാൻ പര്യാപ്തമാണ്. •




പ്രവാസി രിസാല
ഉള്ളടക്കത്തെക്കുറിച്ചുള്ള
അഭിപ്രായങ്ങൾ എഴുതുക
inbox@risalaonline.com
+919562383222

# Letters
# എഴുത്തുകൾ

---

## മൗനസ്വരങ്ങൾ

'വിരഹാർത്ത മൗനങ്ങൾ' എന്ന സബീന എം സാലിയുടെ ലേഖനം അവസരോചിതമായി.

സ്നേഹം, വിരഹം, ഗൃഹാതുരത്വം തുടങ്ങിയ വികാരങ്ങൾക്ക് സ്വാനുഭവത്തിന്റെ തീച്ചൂളയിൽ നിന്നും നിർവചനം നൽകാൻ ശ്രമിക്കുകയാണ് ലേഖിക. തന്റെ കൊച്ചുനാളിലേ അനുഭവപ്പെട്ടു തുടങ്ങിയ വിരഹവേദനകൾ പലരിലൂടെയായി പല ഇടവേളകളിലായി തന്നെ സദാ പിന്തുടരുന്നതായി ലേഖനത്തിൽ വിവരിക്കുന്നു.

കൂടുതൽ ഉപമകളോ അതിശയോക്തിയോ കലർത്താതെ, എന്നാൽ അനുവാചകരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങും വിധം ആശയങ്ങൾ സമർപ്പിക്കാൻ ലേഖനത്തിലൂടെ സാധിച്ചിട്ടുണ്ട്.

വാർത്താ വിനിമയ സംവിധാനങ്ങൾ വളരെ കുറവായിരുന്ന പഴയ കാലത്ത് വിരഹത്തിൽ ചാലിച്ചെഴുതുന്ന കത്തുകളായിരുന്നല്ലോ പരസ്പര വിവരങ്ങൾ കൈമാറിയിരുന്നത്. ആഴ്ചകളുടെയും മാസങ്ങളുടെയും കാത്തിരിപ്പിനൊടുവിൽ ലഭിക്കുന്ന പ്രിയപ്പെട്ടവരുടെ എഴുത്തുകൾ ഒരു നിധി പോലെ കാത്തു സൂക്ഷിക്കുന്നവരായിരുന്നു പ്രവാസികളിൽ അധികവും. എന്നാൽ ഇന്ന് ശാസ്

Contents

ത്രം പുരോഗമിച്ചപ്പോൾ ഇന്റർനെറ്റും സോഷ്യൽ മീഡിയകളും വിവര കൈമാറ്റം എളുപ്പമാക്കിയപ്പോൾ, നിമിഷങ്ങൾ കൊണ്ട് വിവരങ്ങൾ പരസ്പരം കൈമാറാനും, കണ്ണെത്താ ദൂരത്താണെങ്കിലും, എപ്പോഴും അടുത്തുണ്ടെന്ന പ്രതീതി ഉളവാക്കാനും സാധിച്ചു എങ്കിലും പഴയ കാലത്തെ ആ ഊഷ്മള ആത്മബന്ധം ഇന്ന് സാധ്യമാണോ എന്ന് സംശയമാണ്.

**അബ്ദുൽ റഷീദ് മോങ്ങം**

---

## എന്റെ കോവിഡ് കാലം

കോവിഡ് കാലത്ത് എനിക്ക് വിധിക്കപ്പെട്ടത് പ്രവാസത്തിൽ ഫാമിലിക്കൊപ്പം നിൽക്കാനാണ്. പ്രിയതമയുടെ ദിനചര്യയുടെ ശ്രമകരമായ ദൗത്യങ്ങൾ അനുഭവിച്ചറിയാനും പല ദൗത്യങ്ങളിലും സഹകാരിയാകാനും കഴിഞ്ഞത് പുതുമയാണ്. ഖുർആൻ പാരായണ ശാസ്ത്രം, ഇംഗ്ലീഷ് ഭാഷാ പഠനം പോലെയുള്ള അവളുടെ സ്വപ്നങ്ങൾക്ക് ജീവൻ കൊടുക്കാനുള്ള ശ്രമത്തിലാണ്.

കഥകൾ കേൾക്കാൻ മകന്റെ ആവേശം വായനയുടെ വസന്തകാലത്തിലേക്ക് എന്നെ തിരിച്ചുവിട്ടു. മകൾ നിർമിച്ച് കൊണ്ടിരിക്കുന്ന കര കൗശല വസ്തുക്കൾ എന്റെ പഴയ കാലത്തെ തൊട്ടുണർത്തി.

ചുമരുകൾക്കുള്ളിലെ കുട്ടികളുടെ ജീവിതത്തിനു കളിക്കോപ്പുകൾ മതിയാകുന്നില്ല. അവരെ 'നിയ

ന്ത്രിക്കൽ' എത്രത്തോളം പ്രയാസകരമാണെന്നു അനുഭവിച്ചറിഞ്ഞു. ചുറ്റും കെട്ടിടങ്ങളാണെങ്കിലും കുഞ്ഞു ബാൽക്കണിയിലെ കാറ്റും വെളിച്ചവും ആശ്വാസം തന്നെയാണ്.

കുട്ടികൾക്ക് ജീവിതത്തിന്റെ പാഠങ്ങൾ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും കഴിയുമെന്ന് തീർച്ച.

പ്രാർഥനകളിലെ ഒന്നിക്കൽ ഗുണകരമായി. അറിവുകളിലെ പങ്കു വെപ്പ് അതിൽ പ്രധാനമാണ്. സമയക്കുറവ് കോവിഡ് പരിഹരിച്ചു!

ജോലി കഴിഞ്ഞു മാസ്കും ഗ്ലൗസുമിട്ടവേഷം, നേരെ കുളിമുറിപ്രവേശം, ചിലതൊഴിച്ചാൽ എല്ലാം മംഗളം. പക്ഷേ

നാട്ടിലുള്ളവരെ അസ്വസ്ഥപ്പെടുത്തുന്നുണ്ടെന്നു അവരുടെ വിളികളിൽ വ്യക്തം.

ഭാവിയിലേക്കുള്ള കരുതലിനെ സംബന്ധിച്ചു ചർച്ച സജീവമാകുന്നു.

**സലീം കൊച്ചനൂർ**

---

## ഇസ്‌ലാംപേടിയുടെ വർത്തമാനം

കാലങ്ങളായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന ഇസ്‌ലാം വിരുദ്ധതയുടെ തുടർ ചിത്രങ്ങളാണ് 'പകർച്ചവ്യാധി തടയാം, ഇസ്‌ലാം ഭീതിയോ' എന്ന ലേഖനത്തിൽ വിശദീകരിക്കുന്നത്. ഹിന്ദുത്വ രാഷ്ട്ര പൂർത്തീകരണത്തിന് കണ്ടെ എളുപ്പവഴിയാണ് ഹൈന്ദവേതര വിരോധം വളർ

Contents

ത്തുക എന്നത്. നിഷ്കളങ്കരായ ഹൈന്ദവ വിശ്വാസികൾ പോലും തെറ്റിദ്ധാരണകളിൽ അകപ്പെട്ടു പോവുന്നുവെന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. ഇസ്‌ലാമോഫോബിയ പരത്താനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുമ്പോൾ അതിനു വളമാവുകയാണ് തബ്‌ലീഗ് ജമാഅത്ത്. ദീർഘവീക്ഷണമില്ലാത്ത ഇത്തരം ഇടപെടലുകൾ ഇല്ലാതിരിക്കാനുള്ള കരുതലുകളും അനിവാര്യമാണ്. ന്യൂനപക്ഷങ്ങളെ ചേർത്തുപിടിച്ചുള്ള മതേതര സമൂഹത്തിന്റെ ശക്തമായ ഇടപെടലുകളും ഉണ്ടാകണം. അണിയറ പ്രവർത്തർക്ക് മംഗളം.

**ശിഹാബ് പയ്യോളി, ഒമാൻ**

പത്ര പ്രവർത്തക പ്രിയ രമണിയുടെ ലേഖനം വായിച്ചു. ഇസ്‌ലാംപേടി ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ അവസ്ഥകൾ വിശദമാക്കുന്നു. ഇസ്‌ലാം രാജ്യത്തിന് ആപത്താണെന്ന് കുപ്രാചരണം അഴിച്ച് വിടുകയാണ് ഇന്ത്യൻ ഫാഷിസം. പ്രധാന മന്ത്രിയുടെ ആഹ്വാന പ്രകാരമുള്ള ദീപം തെളിയിക്കൽ പരിപാടി പലയിടങ്ങളിലും തങ്ങളുടെ ശക്തി പ്രകടിപ്പിക്കാനുള്ള അവസരമായാണവർ എടുത്തത്. പൗരത്വഭേദഗതിക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ മുസ്‌ലിംകളെ തിരഞ്ഞുപിടിച്ച് ഇപ്പോൾ തടവിലിടുകയാണ് സർക്കാർ. 'കൊറോണ ജിഹാദ്' ഇസ്‌ലാം ഭീതിയുടെ മറ്റൊരു എപ്പിസോഡാണ്!

**റഷീദ് തെന്നല, ബഹ്റൈൻ**

Pravasi Risala Monthly, Students' Centre
Calicut-4 RNI No : KERMAL/2010/32004

